(൨൬) "വകുപ്പ്" എന്നു പറഞ്ഞാൽ ഈ റെഗുലേഷന്റെ ഒരു വകുപ്പ് എന്നു അർത്ഥം ആകുന്നു.

വീഥി.

(൨൭) "വീഥി" എന്നതിന്നു ഒരു പൊതുവഴിയായാലും അല്ലാത്തതായാലും, ബഹുജനങ്ങൾക്കു കടന്നുപോവാൻ അവകാശമുള്ള യാതൊരു വഴിയും വീഥിയും ചത്വരസ്ഥലവും മുറ്റവും ഇടവഴിയും നടവഴിയും ഉൾപ്പെടുന്നതു കൂടാതെ ഓരോ വശമായും വല്ല കൽത്തളത്തിനാലോ വരാന്തയിനാലോ മറ്റു എടുപ്പിനാലോ മൂടപ്പെട്ടതോ അല്ലാത്തതോ ആയ വഴിയുടെ ഓരോ വശത്തു റോഡു തൊട്ടുള്ള മുതൽ വല്ലവരുടെയും സ്വന്തം മുതലായാലും ഗവൺമെന്റു മാറു ആവശ്യത്തിന്നായി കരുതി വെച്ചതായാലും ആ മുതലിന്റെ അതിരുകൾ വരെ കിടക്കുന്ന ചാലുകളും നിലവും അതിന്നു പുറമെ പബ്ലിക്കായ വല്ല പാലത്തിന്മേൽ കൂടിയോ പുഴവരമ്പിന്മേൽ കൂടിയോ ഉള്ള വഴിയും ഉൾപ്പെടുകയും ചെയ്യും.

പരസ്യ വീഥി

(൨൮) "പരസ്യ വീഥി" എന്നതിന്റെ അർത്ഥം ഇപ്പോൾ പട്ടണപരിഷ്കാരകമ്മിറ്റിയിൽ ഉൾപ്പെട്ടതോ മേലിൽ മുനിസിപ്പൽ ദ്രവ്യം ചിലവു ചെയ്തു ഉണ്ടാക്കുന്നതോ അല്ലെങ്കിൽ പരസ്യമായ ഒരു വീഥിയായി മേലിൽ ഈ റെഗുലേഷൻ പ്രകാരം അറിയിക്കപ്പെടുന്നതോ ആയ വല്ല വീഥിയും എന്നാകുന്നു.

(൧൮) "വസൂരിദയം തീരാത്ത കുട്ടി" എന്നാൽ സ്വാഭാവികമായൊ വസൂരിപ്പുഴുപ്പു കീറിവെച്ചിട്ടൊ വസൂരിദീനം ഉണ്ടായിട്ടില്ലെങ്കിലും ഫലിതമായി ഗോവസൂരി കീറിവെച്ചിട്ടെങ്കിലും വസൂരിദയം തീർന്നിട്ടില്ലാത്തതും കീറിവെച്ചാൽ പറ്റുകയില്ലെന്നു ഇതിന്നു വഴിയെ നിയമിച്ചപോലെ സാക്ഷ്യലിഖിതം കിട്ടീട്ടില്ലാത്തതും ആയ ഒരു കുട്ടി എന്നു അർത്ഥം ആകുന്നു.

വസൂരിദയം തീരാത്ത കുട്ടി.

൧൯. "വാക്സിനേറ്റർ" (ഗോവസൂരി കീറുന്നവൻ) എന്നതിനു ഒരു പബ്ലിക് വാക്സിനേറ്റർ എന്നൊ ഒരു പ്രൈവറ്റ് വാക്സിനേറ്റർ എന്നൊ അർത്ഥം ആകുന്നു.

വാക്സിനേറ്റർ.

൨൦. "പബ്ലിക് വാക്സിനേറ്റർ" എന്നാൽ ഒരു മുൻസിപ്പൽ സഭ ഈ റെഗുലെഷൻപ്രകാരം നിയമിച്ചിരിക്കുന്ന വല്ല വാക്സിനേറ്ററും എന്നു അർത്ഥം ആകുന്നു.

പബ്ലിക് വാക്സിനേറ്റർ.

൨൧. "പ്രൈവറ്റ് വാക്സിനേറ്റർ" എന്നാൽ ഗോവസൂരി കീറിവെപ്പാൻ നമ്മുടെ ഗവർമെന്റു അനുവാദപത്രം കൊടുത്തിരിക്കുന്ന വല്ല ആളും എന്നു അർത്ഥം ആകുന്നു.

പ്രൈവറ്റ വാക്സിനേറ്റർ.

൨൨. "വെള്ളച്ചാൽ" എന്നതിൽ സ്വാഭാവികമായൊ ഉണ്ടാക്കിയതൊ ആയ യാതൊരു പുഴയൊ അരുവിയൊ തോടൊ ഉൾപ്പെടും.

വെള്ളച്ചാൽ

൨൩. "പരസ്യമായ വെള്ളച്ചാലുകളും കുളങ്ങളും കിണറുകളും മറ്റും" എന്നതിൽ പൊതുജനങ്ങൾ ഉപയോഗിച്ചു അനുഭവപ്രകാരമായുള്ള ഒരു അവകാശം ഉണ്ടാകുവാൻ വേണ്ടുന്നെടത്തോളം ഉപയോഗിച്ചുവരുന്നവയും ഉൾപ്പെടും.

പരസ്യമായ വെള്ളച്ചാലുകൾ മുതലായവ.

൩. (1) വല്ല നഗരമൊ ഗ്രാമമൊ അംശമൊ ദേശമൊ അങ്ങാടിയൊ സ്ഥലമൊ മറ്റു പ്രദേശമൊ അല്ലെങ്കിൽ അന്യോന്യം വളരെ അടുത്തുള്ള അതിൽ ഏതെങ്കിലും കൂട്ടമൊ ഒരു മുൻസിപ്പാലിറ്റിയാക്കുവാൻ നാം വിചാരിക്കുന്ന വിവരത്തെ ദിവാൻ നമ്മുടെ മുൻപിൽ കൂട്ടിയുള്ള അനുവാദത്തോടുകൂടി പരസ്യംമൂലം അറിയിക്കാം.

ഈ റെഗുലെഷനെ സംബന്ധിപ്പിപ്പാൻ പോകുന്ന വിവരത്തിനു അറിയിപ്പു.

(2) അവക എല്ലാപരസ്യത്തിലും ആ പരസ്യം സംബന്ധിക്കുന്ന പ്രദേശത്തിലെ അതിരുകളെ വിവരിക്കുകയും വേണം.

പരസ്യത്തിൽ പ്രദേശം വിവരിക്കണം

(3) ഏതു പ്രദേശത്തെപ്പറ്റി (1)-ാം ഉപവകുപ്പുപ്രകാരം ഒരു പരസ്യം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നുവൊ ആ പ്രദേശത്തിലെ യാതൊരു നിവാസിയും ആ പരസ്യത്തിൽ അടങ്ങിയ വല്ലതിനെപ്പറ്റിയും താൻ ആക്ഷേപിപ്പാൻ ആഗ്രഹിക്കുന്നപക്ഷം പരസ്യം പ്രസിദ്ധപ്പെടുത്തിയതുമുതൽ ആറു ആഴ്ചവട്ടത്തിനുള്ളിൽ തന്റെ വിരോധാക്ഷേപം നമ്മുടെ ദിവാന്നു എഴുത്തുമൂലം അറിയിക്കാവുന്നതും നമ്മുടെ ഗവർമെന്റു അവക എല്ലാ ആക്ഷേപങ്ങളെപ്പറ്റിയും ആലോചിക്കേണ്ടതും ആകുന്നു.

നിവാസികൾ വിരോധാക്ഷേപങ്ങൾ ബോധിപ്പിക്കാം.

(4) പരസ്യം പ്രസിദ്ധപ്പെടുത്തിയ തീയതിമുതൽ ആറു ആഴ്ചവട്ടം കഴിഞ്ഞിരിക്കയും നമ്മുടെ ഗവർമെന്റു അയക്കപ്പെട്ട വിരോധാക്ഷേപങ്ങളെപ്പറ്റി ആലോചിച്ചു ഉത്തരവുകൾ നിശ്ചയിച്ചിരിക്കയും ചെയ്യുമ്പോൾ ദിവാൻ മുമ്പിൽകൂട്ടി നമ്മുടെ അനുവാദത്തോടുകൂടി പരസ്യംമൂലം ആ പ്രദേശമൊ അതിന്റെ വല്ല ഭാഗമൊ ഒരു മുൻസിപ്പാലിറ്റിയാണെന്നു അറിയിക്കാം.

റെഗുലെഷൻ സംബന്ധിപ്പിക്കൽ.

൪. (1) ദിവാൻ മുമ്പിൽകൂട്ടി നമ്മുടെ അനുവാദത്തോടുകൂടി പരസ്യംമൂലം —

മുൻസിപ്പാലിട്ടിയുടെ അതിരുകൾ ഭേദപ്പെടുത്തുവാൻ പോകുന്ന വിവരം അറിയിപ്പു.

(a) ഒരു മുൻസിപ്പാലിട്ടിയിൽ ഉൾപ്പെട്ടതും ആ പരസ്യത്തിൽ വിവരിച്ചതുമായ വല്ല പ്രദേശവും ആ മുൻസിപ്പാലിട്ടിയിൽനിന്നു ഒഴിക്കുവാനൊ,

(b) ഒരു മുൻസിപ്പാലിട്ടിയുടെ അടുത്തുള്ളതും ആ പരസ്യത്തിൽ വിവരിച്ചതുമായ വല്ല പ്രദേശവും ആ മുൻസിപ്പാലിട്ടിയിൽ ചേർക്കാനൊ,

നാം വിചാരിക്കുന്ന വിവരം അറിയിക്കാം.

നികുതി അടയ്ക്കുന്നവരും നിവാസികളും വിരോധാക്ഷേപങ്ങൾ ബോധിപ്പിക്കാം.

(2) ഏതു മുൻസിപ്പാലിട്ടിയെയോ പ്രദേശത്തെയോ പററി (1)-ാം ഉപവകുപ്പുപ്രകാരം ഒരു പരസ്യം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നുവോ ആ മുൻസിപ്പാലിട്ടിയിൽ വല്ല നികുതിയും അടക്കുന്നവനോ ആ പ്രദേശത്തിലെ വല്ല നിവാസിയോ തനിക്ക് ആലോചിച്ചിരിക്കുന്ന ഏർപ്പാടിനെപ്പററി ആക്ഷേപമുണ്ടെങ്കിൽ ആ പരസ്യം പ്രസിദ്ധപ്പെടുത്തിയതുമുതൽ ആറു ആഴ്ചവട്ടത്തിനുള്ളിൽ തന്റെ ആക്ഷേപത്തെ നമ്മുടെ ദിവാനെ എഴുത്തുമൂലം അറിയിക്കാവുന്നതും നമ്മുടെ ഗവർമ്മെണ്ടു ആ ആക്ഷേപത്തെപ്പററി ആലോചിക്കേണ്ടതും ആകുന്നു.

അതിരുകൾ ഭേദപ്പെടുത്തുന്ന പരസ്യം.

(3) പരസ്യം പ്രസിദ്ധപ്പെട്ട തീയതിൽ പിന്നെ ആറു ആഴ്ചവട്ടം കഴിഞ്ഞിരിക്കയും (2)-ാം ഉപവകുപ്പുപ്രകാരം ബോധിപ്പിച്ച വിരോധാക്ഷേപങ്ങൾ വല്ലതുമുണ്ടെങ്കിൽ അതിനെപ്പററി നമ്മുടെ ഗവർമ്മെണ്ടു ആലോചിച്ചിരിക്കയും ചെയ്തശേഷം നമ്മുടെ ഗവർമ്മെണ്ടു പരസ്യമൂലം ആ പ്രദേശത്തെയോ അതിൽ വല്ല ഭാഗത്തെയോ ആ [illegible] സംഗതിപോലെ ആ മുൻസിപ്പാലിട്ടിയിൽ നിന്നു ഒഴിക്കയോ അല്ലെങ്കിൽ അതു മുഴുവനുമോ അതിൽ വല്ല ഭാഗമോ അതിൽ [illegible] ചേർക്കയോ ചെയ്യാം.

൬. (1) നമ്മുടെ ഗവർമ്മെണ്ടു ആ ആജ്ഞ ആജ്ഞാപിപ്പാൻ ഉള്ള ന്യായങ്ങളുടെ ഒരു വിവരത്തോടുകൂടി പ്രസിദ്ധപ്പെടുത്തുന്ന എഴുത്തുമൂലമായ ഒരു ആജ്ഞയാൽ —

4 (4) വകുപ്പുപ്രകാരമുള്ള പരസ്യം ഭേദപ്പെടുത്തുകയോ ദുർബലപ്പെടുത്തുകയോ ചെയ്യാം.

(a) ൪-ാം വകുപ്പു (൪)ാം ഉപവകുപ്പുപ്രകാരം പ്രസിദ്ധപ്പെടുത്തിയ വല്ല പരസ്യത്തെയും ഭേദപ്പെടുത്തുകയോ ദുർബലപ്പെടുത്തുകയോ ചെയ്തു മുൻസിപ്പാൽ സഭയെ പിരിക്കുകയാകട്ടെ, അല്ലെങ്കിൽ

മുൻസിപ്പൽ സഭയെ നിർത്തിവെക്കാവുന്നതു എപ്പോൾ.

(b) തന്റെ അഭിപ്രായത്തിൽ വല്ല മുൻസിപ്പൽ സഭയും ആ സഭയിന്മേൽ നിയമാനുസരണം ചുമത്തിയ പ്രവൃത്തികൾ ചെയ്യുക പോരാതിരിക്കയോ ആ പ്രവൃത്തികൾ ചെയ്യുന്നതിൽ തുടച്ചയായി വീഴ്ച ചെയ്കയോ അല്ലെങ്കിൽ അതിന്റെ അധികാരങ്ങൾ കവിഞ്ഞു നടക്കുകയോ അവയെ [illegible] ദുരുപയോഗപ്പെടുത്തുകയോ ചെയ്യുന്നപക്ഷം ആ സഭയെ ഇന്ന വല്ല കാലത്തേക്കു നിർത്തി വെക്കുകയാകട്ടെ,

ചെയ്യാം.

[illegible] കണവും.

എന്നാൽ ആ വക യാതൊരു ആജ്ഞയും ആ ആലോചനക്കു ആസ്പദമായ ന്യായങ്ങൾ മുമ്പായി മുൻസിപ്പൽ സഭക്കു അറിവു കൊടുക്കാതെയും മുൻസിപ്പൽ സഭയുടെ സമാധാനങ്ങളും വിരോധാക്ഷേപങ്ങളും ഉണ്ടെങ്കിൽ അവയെപ്പററി ആലോചിക്കാതെയും ആജ്ഞാപിച്ചുകൂടുന്നതുമല്ല.

ഒരു മുൻസിപ്പൽ സഭ പിരിക്കാലത്തെ ഫലങ്ങൾ.

(2) (എ) ാം ഉപവകുപ്പു (എ) ഖണ്ഡപ്രകാരം ഒരു മുൻസിപ്പൽ സഭ പിരിഞ്ഞാൽ ആ മുൻസിപ്പൽ സഭ അതിനു മുമ്പു ഉണ്ടായിരുന്ന മുതൽകൊണ്ടു പ്രവർത്തിക്കേണ്ടതിനെപ്പററി നമ്മുടെ ഗവർമ്മെണ്ടു യുക്തമായി തോന്നുന്ന ആജ്ഞകൾ ആജ്ഞാപിക്കാം.

ഒരു മുൻസിപ്പൽ സഭ നിർത്തിവെച്ചാലത്തെ ഫലങ്ങൾ.

(൩) (൧) (എ)ാം ഉപവകുപ്പു (ബി) ഖണ്ഡപ്രകാരം ഒരു മുൻസിപ്പൽ സഭ നിർത്തിവെക്കുമ്പോൾ താഴെ പറയുന്ന ഫലങ്ങൾ ഉണ്ടാകും —

(എ) മുൻസിപ്പൽ സഭയിലെ എല്ലാ സാമാജികന്മാരും ഉടനെ ആ നിലയിൽ അവരുടെ ഉദ്യോഗത്തിൽനിന്നു ഒഴിയേണം.

(ബി) സഭയുടെ എല്ലാ അധികാരങ്ങളും പ്രവൃത്തികളും ആ നിർത്തിവെക്കുന്ന കാലത്തു നമ്മുടെ ഗവർമ്മെണ്ടു അതിലേക്കായി നിയമിക്കുന്ന ആളോ ആളുകളോ നടത്തുകയും ചെയ്കയും വേണം.

(സി) സഭക്കു സിദ്ധിച്ച എല്ലാ മുതലും ആ നിർത്തിവെച്ച കാലത്തു നമ്മുടെ ഗവർമ്മെണ്ടിലേക്കു സിദ്ധിക്കുകയും ചെയ്യും.

(ബി) നിർത്തിവെക്കാൻ ആജ്ഞാപിച്ച കാലം കഴിയുമ്പോൾ മുൻസിപ്പൽ സഭ [illegible] ഏഴാം പടിപ്പിൻ [illegible] നിർത്തിവെച്ചു പൊഴുവാൻ ഉദ്യോഗം ഒഴിഞ്ഞ സാമാജികന്മാരെ [illegible] മത്സരം തെരിഞ്ഞെടുക്കുന്നതിനോ വീണ്ടും നിയമിക്കാനോ അവർക്കു യോഗ്യത ഇല്ലാത്തതായി വിചാരിച്ചുകൂടാത്തതും ആകുന്നു.

(BLANK PAGE-NO CONTENTS)

൧. (ബി)ാം വകുപ്പ് (ഡ)ാം ഉപവകുപ്പിലോ (ഇ)ാം വകുപ്പ് (ബ)ാം ഉപവകുപ്പിലോ ൭ാം വകുപ്പ് (ഫ)ാം ഉപവകുപ്പ് (ഐ) പ്രമാണത്തിലോ ഒരു പരസ്യത്തിൽ പറയുന്ന തീയതി മുതൽ ഈ റെഗുലേഷൻ ഒരു സംഗതിയിൽ വല്ല മുൻസിപ്പാലിറ്റിയിലോ ഒരു മുൻസിപ്പാലിറ്റിയിൽ വല്ല ഭാഗത്തോ നടപ്പായി വരികയോ അല്ലെങ്കിൽ വല്ല മുൻസിപ്പാലിറ്റിക്കോ ഒരു മുൻസിപ്പാലിറ്റിയിൽ വല്ല ഭാഗത്തിനോ സംബന്ധിക്കാതെ നിന്നുപോകയോ ചെയ്യുന്നതാകുന്നു.

നടപ്പാക്കൽ നിൽപ്പാക്കൽ.

൨ ാം അദ്ധ്യായം.

൧. മുൻസിപ്പൽസഭകളും അവയുടെ ഘടനയും.

൨. ഓരോ മുൻസിപ്പാലിറ്റിയിലേക്കു ആ മുൻസിപ്പാലിറ്റിയിൽ അധികാരം ഉണ്ടായിട്ടും മുൻസിപ്പൽ സഭ സാമാജികന്മാർ എന്നു പറയപ്പെടേണ്ടവരായി പന്ത്രണ്ടിൽ കുറയാതെയും ഇരുപത്തിനാലിൽ കവിയാതെയും സാമാജികന്മാർ ഉണ്ടായിട്ടും ഒരു മുൻസിപ്പൽ സഭ സ്ഥാപിക്കണം.

ഒരു മുൻസിപ്പൽ സഭ സ്ഥാപിക്കൽ.

൩. വല്ല മുൻസിപ്പാലിറ്റിയും കിടക്കുന്ന ഡിസ്ത്രിക്റ്റിലെ ഡിവിഷന്റെ മേലധികാരം വഹിച്ചിരിക്കുന്ന റെവന്യൂ ഉദ്യോഗസ്ഥൻ അതുകൂടാതെ അങ്ങിനെയുള്ള ഡിവിഷനൽ ആഫീസർ ഇല്ലാതിരുന്നാൽ താലൂക്കു തഹസീൽദാർ അതുകൂടാതെ ഉദ്യോഗമൂലം ആ മുൻസിപ്പാലിറ്റിയിലെ ഒരു മുൻസിപ്പാൽ സഭക്കാരനായിരിക്കയും ചെയ്യും.

ഓരോ ഡിവിഷൻ അധികാരം വഹിച്ചിരിക്കുന്ന റെവന്യൂ ഉദ്യോഗസ്ഥൻ ഉദ്യോഗമൂലം മുൻസിപ്പൽ സാമാജികനായിരിക്കും

൧൦. ൨ ാം വകുപ്പിൽ അടങ്ങിയ നിശ്ചയങ്ങൾക്കും നമ്മുടെ ഗവൎമ്മെണ്ടു നിയമിക്കുന്ന ചട്ടങ്ങൾക്കും മറ്റു നിശ്ചയങ്ങൾക്കും അനുസരിച്ചു മറ്റു മുൻസിപ്പൽ സഭക്കാരിൽ ഏതാനും പേരെ നമ്മുടെ ഗവൎമ്മെണ്ടു നിശ്ചയിക്കുകയും ഏതാനും പേരെ ആ മുൻസിപ്പാലിറ്റിയിലെയോ അതിൽ ഏതാനും ഭാഗത്തെയോ നികുതി കൊടുക്കുന്നവരും നിവാസികളും തെരഞ്ഞെടുത്തു നിശ്ചയിക്കയും വേണം.

ഒരു മുൻസിപ്പൽ സഭക്കാരെ നിശ്ചയിക്കൽ.

എന്നാൽ ഒരു മുൻസിപ്പാലിറ്റി ഏൎപ്പെടുത്തിയ തീയതി മുതൽ മൂന്നു കൊല്ലത്തിൽ കവിയാത്ത ഒരു കാലംവരെക്കു ആ വക എല്ലാ മുൻസിപ്പൽ സഭക്കാരെയും നമ്മുടെ ഗവൎമ്മെണ്ടു നിശ്ചയിക്കയും ചെയ്യും.

൧൧. (൧) ഒരാൾ ഒരു മുൻസിപ്പൽ സഭക്കാരനായി നിശ്ചയിക്കപ്പെടുവാൻ യോഗ്യൻ ആകണമെങ്കിൽ:—

മുൻസിപ്പൽ സഭക്കാരനായി നിശ്ചയിക്കപ്പെടുവാൻ വേണ്ടും യോഗ്യതകൾ.

(എ) അയാൾ ഒരു പുരുഷ പ്രജയായിരിക്കണം;

(ബി) ആയാൾക്കു ഇരുപത്തഞ്ചു വയസ്സു തികഞ്ഞിരിക്കണം;

(സി) ആയാൾ മുൻസിപ്പാലിറ്റിക്കുള്ളിലൊ മുൻസിപ്പൽ അതിരുകളിൽനിന്നു രണ്ടു മൈൽസിന്നുള്ളിലോ വസിക്കുന്നവൻ ആയിരിക്കണം.

(ഡി) ആയാൾ ഒരു മുൻസിപ്പാൽ സഭക്കാരനൊ ഈ റെഗുലേഷൻപ്രകാരം ഉദ്യോഗം വഹിക്കുന്ന ഒരു ഉദ്യോഗസ്ഥനൊ ഒരു പണിക്കാരനൊ ആ മുൻസിപ്പൽ നഗരത്തിലെ ഒരു ആണരറി മാജിസ്ത്രേട്ടൊ ആയിരിക്കരുതു, എന്നാൽ ഒരു ആണരറി മാജിസ്ത്രേട്ടാണെങ്കിൽ നമ്മുടെ ഗവൎമ്മെണ്ടു ഈ അയുക്തതയിൽനിന്നു ആയാളെ ഒഴിവാക്കിയിരിക്കണം,

(ഇ) നമ്മുടെ ഗവൎമ്മെണ്ടിന്റെ അഭിപ്രായത്തിൽ ഒരു മുൻസിപ്പൽ സഭക്കാരനായിരിക്കാൻ ആയാളെ അയോഗ്യനാക്കുന്ന ഒരു സദാചാരദോഷം സൂചിപ്പിക്കുന്നതായ വല്ല കുറ്റവും ആയാളുടെ മേൽ സ്ഥാപിക്കപ്പെടുകയൊ അങ്ങിനെയുള്ള വല്ല ഉത്തരവിനും ആയാളെ ഒരു ക്രിമിനൽ കോട്ടു ഉൾപ്പെടുത്തുകയൊ ചെയ്തിട്ടുണ്ടായിരിക്കരുതു;

(എഫ്) ആയാൾ സാക്ഷ്യലിഖിതം ലഭിക്കാത്ത ദീവാളിയൊ മൊചിക്കപ്പെടാത്ത ദീവാളിയൊ ആയിരിക്കരുതു;

(ജി) ആയാൾ മുൻസിപ്പാൽ സഭയുമായി ചെയ്ത വല്ല കരാറിലൊ ആ സഭക്കു വെണ്ടി ചെയ്ത പണിയിലൊ സംബന്ധപ്പെട്ടവനായിരിക്കരുതു; എന്നാൽ ഒരു കൂട്ടുധന സംഘത്തിൽ ഒരു പങ്കുകാരന്റെ നിലയിൽ സംബന്ധപ്പെട്ടിരിക്കുന്നതിലേക്കു വിരോധമുള്ളതല്ല.

(൨) യാതൊരുത്തനും തന്റെ പണിക്കാരിൽ വല്ലവൻ എങ്കിലും താൻ അവരുടെ ഉദ്യോഗത്തിൽ ഇരിക്കുമ്പോൾ ആ ആളെങ്കിലും മുൻസിപ്പാൽ സഭയിലെ ഒരു സാമാജികനായിരി

ക്കുന്നപക്ഷം ഒരു മുൻസിപ്പൽ സഭക്കാരനായി നിശ്ചയിക്കപ്പെടുവാൻ യോഗ്യനായിരിക്കുന്നതും അല്ല.

൧൨. (എ) ഈ റെഗുലെഷൻപ്രകാരമുള്ള വല്ല തെരിഞ്ഞെടുപ്പിലും സമ്മതവചനം കൊടുക്കാൻ യോഗ്യനായിരിക്കുകയൊ അപ്രകാരം യോഗ്യനാണെന്നു പറകയൊ ചെയ്യുന്ന വല്ല ആളും ആ വക വല്ല തെരിഞ്ഞെടുപ്പിലും തന്റെ സമ്മതവചനം കൊടുക്കാനൊ കൊടുക്കാതെ ഒഴിഞ്ഞുകളവാനൊ ഹേതുഭൂതമായിട്ടെങ്കിലും സമ്മാനമായിട്ടെങ്കിലും വല്ല ഉപകാരവും തനിക്കുതന്നെ പണമായൊ മറ്റു വല്ല തരത്തിലൊ വെണ്ടിയൊ കൈക്കൊള്ളുകയാകട്ടെ വാങ്ങുകയാകട്ടെ കൈക്കൊള്ളാമെന്നു ഒരുക്കയാകട്ടെ വാങ്ങുവാനായി ശ്രമിക്കുകയാകട്ടെ ചെയ്യുന്ന ആളും ആ വക ഓരോ കുറ്റത്തിന്നു നൂറു രൂപായിൽ കവിയാത്ത ഒരു പിഴക്കു പാത്രം ആയി വരികയും ചെയ്യും.

മുൻസിപ്പാൽ തെരിഞ്ഞെടുപ്പിൽ കൈക്കൂലി വാങ്ങുന്നതിനും മറ്റും ശിക്ഷകൾ.

(ബി) ഈ റെഗുലെഷൻപ്രകാരമുള്ള വല്ല തെരിഞ്ഞെടുപ്പിലും വല്ല ആളുടെയും സമ്മതവചനം കൊടുക്കാനൊ കൊടുക്കാതെ ഒഴിഞ്ഞു കളവാനൊ വല്ല ഉപകാരമൊ സമ്മാനമൊ കൊടുത്തിട്ടെങ്കിലും കൊടുക്കാമെന്നു വാഗ്ദത്തം ചെയ്തിട്ടൊ ഭയപ്പെടുത്തിയിട്ടൊ ഉപദ്രവിച്ചിട്ടൊ എങ്കിലും അവനെ കൈവശപ്പെടുത്തുകയാകട്ടെ വശീകരിക്കുകയാകട്ടെ അല്ലെങ്കിൽ കൈവശപ്പെടുത്താമെന്നൊ വശീകരിക്കാമെന്നൊ പാടുകയാകട്ടെ ചെയ്യുന്ന ആളും ആ വക ഓരൊ കുറ്റത്തിന്നു ഇരുനൂറുറുപ്പികയിൽ കവിയാത്ത ഒരു പിഴക്കു പാത്രം ആയി വരികയും ചെയ്യും.

(സി) മുൻ ഉപവകുപ്പുകളിൽ ഏതെങ്കിലും പ്രകാരം കുറ്റം സ്ഥാപനമാകുന്ന യാതൊരാളും ഏഴു കൊല്ലം കാലത്തേക്കു ആ വക വല്ല തെരിഞ്ഞെടുപ്പിലും സമ്മത വചനം കൊടുക്കാനും ഒരു മുൻസിപ്പൽ സഭക്കാരനായി തെരിഞ്ഞെടുക്കപ്പെടുവാനും അയോഗ്യനായി വരുന്നതും ആകുന്നു.

൧൩. ൧൧ാം വകുപ്പു ൧ാം ഉപവകുപ്പു (സി) ഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഗവൺമെന്റിൻ കീഴിൽ ശമ്പളമുള്ള ഒരു ഉദ്യോഗം വഹിക്കുന്ന യാതൊരാളെയും നമ്മുടെ ഗവൺമെന്റു ഒരു മുൻസിപ്പൽ സഭക്കാരനായി നിശ്ചയിക്കാം.

സർക്കാർ ഉദ്യോഗസ്ഥന്മാരെ മുൻസിപ്പൽ കൌൺസിലർമാരായി നിയമിക്കൽ

എന്നാൽ വല്ല മുൻസിപ്പാലിട്ടിയിലെയും മുൻസിപ്പാൽ സഭക്കാരായി നമ്മുടെ ഗവൺമെന്റു നിശ്ചയിക്കുന്ന അവക ആളുകളുടെ എണ്ണം ഉദ്യോഗമൂലം ഉള്ള മുൻസിപ്പൽ സഭക്കാരൻ ഉൾപ്പെടെ ആ മുൻസിപ്പാലിട്ടിയിലെ മുൻസിപ്പൽ സഭക്കാരുടെ ഒട്ടുക്കുള്ള എണ്ണത്തിന്റെ നാലിൽ ഒന്നിൽ കവിയാതെ ഇരിക്കയും വേണ്ടതു.

൧൪. ഈ റെഗുലെഷൻ വല്ല മുൻസിപ്പാലിറ്റിയിലും നടപ്പിൽ വരുമ്പോൾ നമ്മുടെ ഗവൺമെന്റു

മുൻസിപ്പൽ സഭക്കാരുടെ എണ്ണം ഏറ്റവും ക്രമമായാൽ എത്ര എന്നു ഗവൺമെന്റു പരസ്യത്താൽ തീർച്ചപ്പെടുത്തണം.

(എ) ആ മുൻസിപ്പാലിറ്റിക്കു തൽക്കാലം നിയമിക്കേണ്ട മുൻസിപ്പൽ സഭക്കാരുടെ എത്രയും കൂടുതൽ എണ്ണം എന്താകുന്നു എന്നും

(ബി) ആ മുൻസിപ്പാലിറ്റിയിലൊ അതിൽ വല്ല ഭാഗത്തൊ നിയമിക്കേണ്ട മുൻസിപ്പൽ സഭക്കാരിൽ വല്ല എണ്ണം പെരെ അല്ലെങ്കിൽ വല്ല അംശത്തെ ജനങ്ങൾ തിരഞ്ഞു എടുത്തു നിയമിക്കണം എന്നും അങ്ങിനെ ആയാൽ എത്ര പെർ അല്ലെങ്കിൽ എത്ര അംശം എന്നും

(സി) അഗ്രാസനാധിപതിയെ നമ്മുടെ ഗവൺമെന്റൊ ജനങ്ങൾ തിരഞ്ഞെടുത്തൊ നിയമിക്കണം എന്നും പരസ്യത്താൽ ആജ്ഞാപിക്കേണ്ടതാകുന്നു.

എന്നാൽ നമ്മുടെ ഗവൺമെന്റു അങ്ങിനെ ചെയ്യാൻ ഉള്ള ന്യായങ്ങളുടെ വിവരത്തോടു കൂടിയ പരസ്യംമൂലം ആ അറിയിപ്പിനെ ഭേദപ്പെടുത്തുകയൊ ചെയ്യാം; എന്നാൽ ഈ വകുപ്പു പ്രകാരം പ്രസിദ്ധപ്പെടുത്തിയ ഒരു അറിയിപ്പു ഭേദപ്പെടുത്തുകയൊ ചെയ്യുന്ന അവക യാതൊരു പരസ്യവും ആ വക പരസ്യം പ്രസിദ്ധപ്പെടുത്തുമ്പോൾ നമ്മുടെ ഗവൺമെന്റു ആലോചിച്ചിരുന്ന വിവരത്തെയും

നമ്മുടെ ഗവൺമെന്റു ആ അറിയിപ്പിനെ ഭേദപ്പെടുത്തുകയൊ ചെയ്യാം.

അതിന്നുള്ള ന്യായങ്ങളെയും പറ്റി മുമ്പായി മുൻസിപ്പൽ സഭക്കു അറിവു കൊടുക്കാതെയാകട്ടെ അല്ലെങ്കിൽ മുൻസിപ്പാൽ സഭക്കൊ അഗ്രാസനാധിപതിക്കൊ വല്ല സമാധാനവും

(BLANK PAGE-NO CONTENTS)

രൊധാക്ഷെപവും പറയാനുണ്ടെങ്കിൽ അതിനെപ്പറ്റി നമ്മുടെ ഗവമ്മെണ്ടു ആലൊചിക്കാതെയാകട്ടെ പ്രസിദ്ധപ്പെടുത്തി കൂടുന്നതും അല്ല ; അവക യാതൊരു വ്യാഖ്യാനമൊ ഭെദപ്പെടുത്തലൊ അതു പ്രസിദ്ധപ്പെടുത്തി മൂന്നു മാസം കഴിയുന്നതുവരക്കും പ്രബലപ്പെട്ടു വരുന്നതും അല്ല.

തെരിഞ്ഞു നിശ്ചയിക്കപ്പെടുന്ന മുൻസിപ്പാൽ സഭക്കാരുടെ വിതം.

൧൭. മുൻസിപ്പൽ സഭക്കാരിൽ ഏതാനും പെരെ തെരിഞ്ഞെടുത്തു നിശ്ചയിക്കുന്നതായ വല്ല മുൻസിപ്പാലിട്ടിയിലും അങ്ങിനെ നിശ്ചയിക്കപ്പെടുന്ന ആളുകളുടെ എണ്ണം, നമ്മുടെ ഗവമ്മെണ്ടു വെറെ പ്രകാരം ആജ്ഞാപിക്കാത്ത പക്ഷം, ആ മുൻസിപ്പാൽ സഭക്കാരുടെ ആക എണ്ണത്തിന്റെ മുക്കാൽ അംശം ആയിരിക്കെണ്ടതും ആകുന്നു.

നമ്മുടെ ഗവമ്മെണ്ടു അഗ്രാസനാധിപതിയെ നിശ്ചയിക്കുകയൊ അഗ്രാസനാധിപതിയെ തെരിഞ്ഞെടുക്കാൻ അധികാരപ്പെടുത്തുകയൊ ചെയ്യാം.

൧൮. (എ) നമ്മുടെ ഗവമ്മെണ്ടു

(എ) മുൻസിപ്പൽ സഭയിലെ അഗ്രാസനാധിപതിയായിരിക്കാൻ താൻ തന്നെ വല്ല ആളെയും നിശ്ചയിക്കുകയൊ, അല്ലെങ്കിൽ

(ബി) നമ്മുടെ അംഗീകാരത്തിന്നധീനപ്പെട്ടും നമ്മുടെ ഗവമ്മെണ്ടു നിശ്ചയിക്കുന്ന ചട്ടങ്ങൾക്കും നിശ്ചയങ്ങൾക്കും അനുസരിച്ചും മുൻസിപ്പൽ സഭക്കാരൊടു അവരുടെ അഗ്രാസനനെ തെരിഞ്ഞെടുത്തു നിശ്ചയിക്കാൻ ആജ്ഞാപിക്കുകയൊ, ചെയ്യാം.

എന്നാൽ.

(i) നമ്മുടെ ഗവമ്മെണ്ടു പ്രത്യെകം ഒഴിവാക്കീട്ടില്ലാത്ത പക്ഷം അപ്രകാരം നിശ്ചയിക്കപ്പെടുന്ന യാതൊരാളും ൧൩ാം വകുപ്പുപ്രകാരം ഒരു മുൻസിപ്പൽ സഭക്കാരനായിരിക്കാൻ യൊഗ്യനായിരിക്കണം.

(ii) അഗ്രാസനനായി നിശ്ചയിക്കപ്പെട്ട ആൾ ഒരു മുൻസിപ്പൽ സഭക്കാരൻ അല്ലെങ്കിൽ ആയാൾ താൻ അഗ്രാസനനായിരിക്കുന്ന രണ്ടു കൊല്ലങ്ങൾ കാലത്തു ഉദ്യൊഗമൂലം ഒരു മുൻസിപ്പാൽ സഭക്കാരനായിരിക്കും ; ഈ സംഗതിയിൽ ൧൬ാം വകുപ്പു പ്രകാരം സഭക്കാരായി നിശ്ചയിക്കപ്പെട്ട ആക എണ്ണം നൊക്കെണ്ടതില്ല ; ൧൬ ൧൭ വകുപ്പുകൾ പ്രകാരമുള്ള മുൻസിപ്പൽ സഭക്കാരുടെ എണ്ണത്തിനു വീതങ്ങൾ കണക്കാക്കുന്നതിനു ഇയ്യാളെ കണക്കു കൂട്ടെണ്ടതുമല്ല

മുൻസിപ്പൽസഭ വല്ല ആളെയും തെരിഞ്ഞെടുക്കാനൊ തക്കതായ ഒരാളെ തെരിഞ്ഞെടുക്കാനൊ വീഴ്ചചെയ്യുന്നസംഗതിയിൽ നടപടി.

(൨) മുൻസിപ്പൽ സഭക്കാർ തങ്ങളുടെ അഗ്രാസനനെ തെരിഞ്ഞെടുത്തു നിശ്ചയിക്കാൻ നമ്മുടെ ഗവമ്മെണ്ടു അവരൊടു ആജ്ഞാപിച്ചിരിക്കുകയും ആ ആജ്ഞാപനം കിട്ടിയ മുതൽ രണ്ടു മാസത്തിന്നുള്ളിൽ ഒരു നിശ്ചയം ചെയ്വാൻ മുൻസിപ്പൽ സഭക്കാർ വീഴ്ച ചെയ്കയും ചെയ്യുന്നു എങ്കിലൊ അല്ലെങ്കിൽ മുൻസിപ്പാൽ സഭക്കാർ വഴിക്കു വഴിയായി രണ്ടു പ്രാവശ്യം ഒരൊരുത്തരെ നിശ്ചയിക്കുകയും ഈ നിശ്ചയത്തെ അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നു എങ്കിലൊ നമ്മുടെ ഗവമ്മെണ്ടുതന്നെ ഒരു അഗ്രാസനനെ നിശ്ചയിക്കണം.

ഒരു (വൈസ് ചെയർമൻ) രണ്ടാം അഗ്രാസനനെ തെരിഞ്ഞെടുക്കുക

(൩) മുമ്പിൽകൂട്ടി നമ്മുടെ അനുവാദത്തൊടു കൂടിയും നമ്മുടെ ഗവമ്മെണ്ടു നിയമിക്കുന്ന വിധത്തിലും മുൻസിപ്പാൽ സഭ തങ്ങളുടെ കൂട്ടത്തിൽ ഒരാളെ തെരിഞ്ഞെടുത്തു രണ്ടാം അഗ്രാസനനായി നിശ്ചയിക്കാം

അഗ്രാസനന്റെ ഉദ്യൊഗം ഒഴിയുമ്പൊൾ ആ ഉദ്യൊഗം രണ്ടാം അഗ്രാസനനൊ ആധികാരം വഹിച്ചിരിക്കുന്ന വെന്യൂ ഉദ്യൊഗസ്ഥനൊ എൽക്കുന്നു.

൧൯. (എ) അഗ്രാസനന്റെ ഉദ്യൊഗം ഒഴിവാകുന്ന വല്ല മുൻസിപ്പാലിട്ടിയിലും രണ്ടാം അഗ്രാസനനൊ അല്ലെങ്കിൽ രണ്ടാം അഗ്രാസനൻ ഇല്ലെങ്കിൽ ആ ഡിസ്ത്രിക്കിൽ ആ മുൻസിപ്പാലിട്ടി കിടക്കുന്ന ഖണ്ഡം വഹിച്ചിരിക്കുന്ന വെന്യൂ ഉദ്യൊഗസ്ഥനൊ അങ്ങനെയുള്ള വെന്യൂ ഉദ്യൊഗസ്ഥൻ ഇല്ലാതിരിക്കുമ്പൊൾ താലൂക്കിലെ തഹശീൽദാരൊ അഗ്രാസനന്റെ ഉദ്യൊഗം ഏറ്റെടുത്തു ഒരു അഗ്രാസനനെ ക്രമമായി നിയമിക്കുന്നതുവരക്കും ആ വക പ്രവൃത്തികൾ ചെയ്കയും വെണം.

അഗ്രാസനൻതന്റെ ചുമതലകളെ ഉപാദ്ധ്യക്ഷനെ അഗ്രാസനന്റെ പ്രവൃത്തികൾ നടത്തുകയും അധികാരങ്ങൾ ഉപയോഗിക്കുകയും ചെയ്യും.

(൨) അഗ്രാസനൻ മുൻസിപ്പാലിറ്റിയിൽ നിന്നു താൽക്കാലികമായി പോയിരിക്കുമ്പോൾ അഗ്രാസനന്റെ പ്രവൃത്തികളും അധികാരങ്ങളും രണ്ടാം അഗ്രാസനൻ ഉണ്ടെങ്കിൽ ആയാൾക്ക് ഉപയോഗിക്കുകയും ചെയ്യും.

അഗ്രാസനൻ മാത്രം പ്രതിഫലം വാങ്ങാം.

൧൭. (൧) അഗ്രാസനൻ അല്ലാതെ മറ്റു യാതൊരു മുൻസിപ്പാൽ സഭക്കാരനും മുൻസിപ്പാൽ ഫണ്ടിൽ നിന്നു യാതൊരു ശമ്പളം എങ്കിലും മറ്റു പ്രതിഫലം എങ്കിലും വാങ്ങിക്കൂടുന്നതും അല്ല. ആവക വല്ല ശമ്പളമോ പ്രതിഫലമോ കൊടുക്കുന്നതിന് നമ്മുടെ ഗവർമ്മെണ്ടിന്റെ അംഗീകാരത്തോടുകൂടി മുൻസിപ്പാൽ സഭ തീരുമാനിക്കാത്ത പക്ഷം യാതൊരു അഗ്രാസനനും അതു വാങ്ങിക്കൂടുന്നതും അല്ല.

മുൻസിപ്പാൽ സഭ ശമ്പളമുള്ള അഗ്രാസനനെ നിയമിക്കാം.

(൨) അഗ്രാസനന്റെ ഉദ്യോഗത്തിനു ശമ്പളം കൊടുക്കേണ്ടതാണെന്നു നമ്മുടെ ഗവർമ്മെണ്ടു നിശ്ചയിക്കുന്ന ചട്ടങ്ങൾക്കും കല്പനകൾക്കും അനുസരിച്ചു നമ്മുടെ ഗവർമ്മെണ്ടിന്റെ അംഗീകാരത്തിന്നായി ആ അഗ്രാസനനെ നിയമിപ്പാൻ മുൻസിപ്പാൽ സഭക്ക് അവകാശം ഉണ്ട്.

കല്പനം

എന്നാൽ ആ അഗ്രാസനനെ നിയമിച്ചു എന്നാൽ മുൻസിപ്പാൽ സഭയുടെ അതു [illegible] നമ്മുടെ ഗവർമ്മെണ്ടിന്റെ ഒരു ഉത്തരവു കിട്ടിയതിനു ശേഷം രണ്ടു മാസത്തിനുള്ളിൽ വേറെ നിയമിച്ചു എന്നാൽ മുൻസിപ്പാൽ സഭ തീർപ്പു ചെയ്യുന്ന എങ്കിലോ അല്ലെങ്കിൽ മുൻസിപ്പാൽ സഭ വഴിക്കു വഴിയായി രണ്ടു പ്രാവശ്യം നിശ്ചയിച്ചതു രണ്ടു നമ്മുടെ ഗവർമ്മെണ്ടു അംഗീകരിക്കുന്നില്ലെങ്കിലോ നമ്മുടെ ഗവർമ്മെണ്ടു തന്നെ ആ അഗ്രാസനനെ നിയമിക്കുന്നതു [illegible]മായിരിക്കുകയും ചെയ്യും.

മുൻസിപ്പാൽ സഭക്കാരുടെ ഉദ്യോഗകാലം

൧൮. (൧) മുൻസിപ്പാൽ സഭക്കാരായി മേൽപ്രകാരം നിയമിക്കപ്പെട്ട യാതൊരുത്തനെ നിയമിച്ചതു ഉടമ്പടിപ്രകാരം പ്രസിദ്ധപ്പെടുത്തിയ ഗവർമ്മെണ്ടു ഗസറ്റിന്റെ തീയതി മുതൽ മൂന്നു കൊല്ലത്തേക്കു [illegible] ഉടമ്പടിയിലെ വ്യവസ്ഥകൾക്കു ഒപ്പിട്ട ഉദ്യോഗത്തിൽ ഇരിക്കുന്നതും ആ തീയതി മുതൽ അയാൾ ഒരു മുൻസിപ്പാൽ സഭക്കാരനായിരിക്കുന്നതു നിന്നുപോകുന്നതും ആകുന്നു. അഗ്രാസനനോ രണ്ടാം അഗ്രാസനനോ ആയി നിയമിക്കപ്പെട്ട വല്ല മുൻസിപ്പാൽ സഭക്കാരനും തന്നെ അല്ലും മുൻസിപ്പാൽ സഭക്കാരനായി നിയമിച്ചതു ഇല്ലാതെ ആയിരിക്കയോ താൻ ഒരു മുൻസിപ്പാൽ സഭക്കാരനായിരിക്കുന്നതു മേൽ പ്രകാരം നിന്നുപോകയോ ചെയ്താൽ അഗ്രാസനനായിരിക്കുന്ന സംഗതിയിൽ അഗ്രാസനനെ നിയമിക്കുന്ന വിഷയത്തിൽ ൧൭ (iii) വകുപ്പുപ്രകാരം പ്രസിദ്ധപ്പെടുത്തിയ [illegible] ഉദ്യോഗമൊഴിഞ്ഞു ചെല്ലേണ്ടതിന്നു ആ സ്ഥാനം ഒഴിവായി വിചാരിക്കപ്പെടുകയും ചെയ്യും.

* എന്നാൽ ൧൦ റെഗുലേഷൻ നടപ്പായതിൽ പിന്നെ ഒന്നാമതായി [illegible] മുതൽ തൊട്ടു നിയമിക്കപ്പെട്ട എല്ലാ മുൻസിപ്പാൽ സഭക്കാരും ഇന്ന തീയതി വരെ ഉദ്യോഗം വഹിക്കേണ്ടതെന്നു നമ്മുടെ ഗവർമ്മെണ്ടു പ്രസ്താവിച്ചു നിശ്ചയിക്കാം.

മുൻസിപ്പാൽ സഭക്കാരെ വീണ്ടും നിയമിക്കാം.

(൨) എങ്കിലും ഒഴിഞ്ഞുപോകുന്ന വല്ല അഗ്രാസനനോ രണ്ടാം അഗ്രാസനനോ മുൻസിപ്പാൽ സഭക്കാരനോ വേറെ പ്രകാരത്തിൽ യോഗ്യതയുള്ളവനായിരുന്നാൽ വീണ്ടും നിയമിക്കപ്പെടുവാൻ തക്കവണ്ണം യോഗ്യനായിരിക്കയും ചെയ്യും.

മുൻസിപ്പാൽ സഭക്കാരൻ ഉദ്യോഗം രാജി കൊടുക്കൽ

൨൦. (൧) അഗ്രാസനനോ രണ്ടാം അഗ്രാസനനോ മുൻസിപ്പാൽ സഭക്കാരനോ മേൽപ്പറഞ്ഞ പ്രകാരം നിയമിക്കപ്പെട്ട വല്ല ആളും തന്റെ സ്ഥാനം ഒഴിവാക്കുന്നതായി നമ്മുടെ ഗവർമ്മെണ്ടിലേക്ക് എഴുതി ബോധിപ്പിക്കാം. ആ എഴുത്തു സ്വീകരിച്ചാൽ അയാളുടെ ഉദ്യോഗം ഒഴിഞ്ഞതായി വിചാരിക്കപ്പെടുകയും ചെയ്യും.

മുൻസിപ്പാൽ സഭക്കാരെ ഗവർമ്മെണ്ടു ഉദ്യോഗത്തിൽ നിന്നു നീക്കം ചെയ്യൽ.

(൨) ഗവർമ്മെണ്ടിന്റെ അഭിപ്രായത്തിൽ ഒരു ഉദ്യോഗം വഹിക്കുന്നതിനു വല്ല മുൻസിപ്പാലിറ്റിയിലെയും ഒരു മുൻസിപ്പാൽ സഭക്കാരനായ വല്ല ആളും, ആ മുൻസിപ്പാലിറ്റി കിടക്കുന്ന ഡിസ്ത്രിക്റ്റിൽ നിന്നോ ഗ്രാമത്തിൽ നിന്നോ താലൂക്കിൽ നിന്നോ സ്ഥിരമായോ താൽക്കാലമായോ സ്ഥലമാറ്റം ചെയ്യുകയോ, മൂന്നു മാസത്തിൽ അധികം കാലത്തേക്ക

മടങ്ങി വരാതിരിക്കാനുള്ള വിചാരത്തോടുകൂടി അയാൾ ആ ഡിസ്ട്രിക്ടോ ഖണ്ഡമൊ താലൂക്കൊ വിട്ടുപോകയൊ ചെയ്താൽ ആയാൾ തനിക്കുള്ള മുൻസിപ്പാൽസഹകാരന്റെ സ്ഥാനം ഒഴിഞ്ഞതായി വിചാരിക്കപ്പെടുകയും ചെയ്യും.

൨൧. ഇപ്രകാരമുള്ള അഗ്രാസനനോ മുൻസിപ്പൽ സഹകാരനൊ ഒഴിയുന്നവർ അല്ലാതെ മറ്റു പ്രകാരം അഗ്രാസനനെയൊ രണ്ടാം അഗ്രാസനനെയൊ മുൻസിപ്പാൽ സഹകാരനെയൊ

മുൻസിപ്പാൽ സഹകാരനെ നീക്കൽ

(i) ആയാളെ നിശ്ചയിച്ചു കാലത്തു ആയാൾ ഒരു മുൻസിപ്പൽ സഹകാരനായി നിശ്ചയിക്കപ്പെടുവാൻ ൧൦-ാം വകുപ്പു പ്രകാരം യോഗ്യനല്ലായിരുന്നു എന്ന കാരണത്തിന്മേൽ ആകട്ടെ;

(ii) ആയാൾ കാര്യം നടത്തുവാൻ കൂട്ടാക്കാതിരിക്കയൊ, കാര്യം നടത്തുവാൻ അശക്തനായി വരികയൊ, നിർധനനാണെന്നു വിധിക്കപ്പെടുകയൊ, നമ്മുടെ ഗവര്‍മ്മെന്റിന്റെ അഭിപ്രായത്തിൽ ഒരു അഗ്രാസനനായൊ രണ്ടാം അഗ്രാസനനായൊ മുൻസിപ്പാൽ സഹകാരനായൊ ഇരിപ്പാൻ ആയാളെ അയോഗ്യനാക്കുന്ന ഒരു ദുഷ്പ്രവൃത്തി ദോഷം സൂചിപ്പിക്കുന്നതായ വല്ല കാര്യവും അയാളുടെ മേൽ സ്ഥാപിക്കപ്പെടുകയൊ, തടവിനെയുള്ള വല്ല വിധിക്കും ആയാളെ ഒരു ക്രിമിനൽ കോട്ടു ഉൾപ്പെടുത്തുകയൊ ചെയ്യുന്ന എങ്കിലാകട്ടെ;

(iii) ആയാൾ, നമ്മുടെ ഗവര്‍മ്മെന്റിന്റെ അഭിപ്രായത്തിൽ മതിയെന്നു തോന്നുന്ന ഒരു ഒഴികഴിവു കൂടാതെ, മുൻസിപ്പാൽ സഭ കൂട്ടത്തിൽ ഹാജരാകാതെ തുടർച്ചയായി മൂന്നു മാസത്തിൽ അധികം കാലത്തേക്ക വരാതിരിക്കുന്നു എങ്കിലാകട്ടെ,

(iv) ആയാൾ ഉദ്യോഗം വെച്ചുകൊണ്ടിരിക്കുന്നതു, നമ്മുടെ ഗവർമ്മെന്റിന്റെ അഭിപ്രായത്തിൽ, പൊതുജന സൈ്വരത്തിന്നൊ ക്രമത്തിന്നൊ അപായമുള്ളതൊ, മുൻസിപ്പൽ കാര്യവിചാരം നിഷ്പ്രയോജനമായി തീരുവാൻ ഇടയുള്ളതൊ ആകുന്നു എങ്കിലാകട്ടെ,

എന്നാൽ ഈ ഖണ്ഡം അനുസരിച്ചു നടപടി ചെയ്യാൻ നമ്മുടെ ഗവർമ്മെന്റു വിചാരിക്കുമ്പോൾ സംഗതിയിലുൾപ്പെട്ട അഗ്രാസനനെന്നൊ രണ്ടാം അഗ്രാസനനൊ മുനിസിപ്പൽ സഹകാരനൊ സമാധാനം പറയുന്നതിനു ഒരു സൌകര്യം കൊടുക്കാതെ, താഴെ പറയുന്ന പ്രകാരം ആജ്ഞാപിക്കരുതു. അങ്ങനെ നടപടി ചെയ്യുന്നതിലേക്കുള്ള കാരണങ്ങളെ ഗവർമ്മെന്റു റിക്കാർഡു ചെയ്കയും വേണം.)

(v) ഒരു അഗ്രാസനന്റെ സംഗതിയിൽ ആയാൾ നമ്മുടെ ഗവര്‍മ്മെന്റിന്റെ അഭിപ്രായത്തിൽ മതിയായി തോന്നുന്ന ഒഴികഴിവു കൂടാതെ സാധാരണ വല്ല നിശ്ചയവും നടത്തിപ്പാൻ വീഴ്ച വരുത്തുകയൊ കൂട്ടാക്കാതിരിക്കയൊ ചെയ്യുന്നു എങ്കിൽ ആകട്ടെ, നമ്മുടെ ഗവർമ്മെന്റു എപ്പോൾ എങ്കിലും പരസ്യം മൂലം മാറ്റാം.

(൨) അങ്ങിനെ നീക്കപ്പെട്ട ആ അഗ്രാസനനൊ, രണ്ടാം അഗ്രാസനനൊ, മുൻസിപ്പൽ സഹകാരനൊ, ഇന്ന ഒരു കാലം കഴിയുന്നതുവരെക്കും, വീണ്ടും നിശ്ചയിക്കപ്പെടുവാനൊ, തെരിഞ്ഞെടുക്കപ്പെടുവാനൊ, യോഗ്യനായിരിക്കയില്ലെന്നു നമ്മുടെ ഗവർമ്മെന്റു ആജ്ഞാപിക്കയും ആവാം.

൨൨. (൧) ൨൦-ാം സെക്ഷൻ നിയമിക്കപ്പെട്ട ഒരു അഗ്രാസനന്റെ യൊ മുൻസിപ്പൽ സഹകാരന്റെ യൊ സ്ഥാനം, ഒഴിവാകുമ്പോൾ, ഗവർമ്മെന്റു ൧൦-ാം വകുപ്പു പ്രകാരം സിദ്ധിച്ച അധികാരങ്ങൾകൊണ്ടു വേറെ പ്രകാരം ആജ്ഞാപിക്കാത്ത പക്ഷം ഒരു പുതിയ അഗ്രാസനനെയൊ മുൻസിപ്പൽ സഹകാരനെയൊ ആ സ്ഥാനത്തിൽ മുമ്പെ ഇരുന്നവനെ നിശ്ചയിച്ച പ്രകാരം തന്നെ, നിശ്ചയിക്കേണ്ടതാകുന്നു.

ആകസ്മികമായ ഒഴിവിനെ നികത്തൽ

(൨) ൧൧-ാം വകുപ്പു ൧-ാം ഉപവകുപ്പു (ii) ാം ഖണ്ഡത്തിലേക്ക അനുസരിച്ചു, അപ്രകാരം നിശ്ചയിക്കപ്പെട്ട ആൾ മറ്റു പ്രകാരമായിരുന്നാൽ തന്റെ മുൻഗാമി ഉദ്യോഗത്തിൽ ഇരിക്കുമായിരുന്ന കാലത്തിൽ കഴിയാതെ ബാക്കിയുള്ള കാലത്തേക്ക തന്റെ സ്ഥാനം വെച്ചുകൊണ്ടിരിക്കേണ്ടതും എന്നാൽ ആയാൾ മറ്റു പ്രകാരം യോഗ്യതയുള്ളവനാണെങ്കിൽ രണ്ടാമതും നിശ്ചയിക്കപ്പെടുവാൻ യോഗ്യനായിരിക്കുന്നതും ആകുന്നു.

൫൩. ഓരോ മുൻസിപ്പൽ സഭ, അതാതു മുൻസിപ്പാലിട്ടിയിലെ മുൻസിപ്പൽ സഭ എന്ന പേർ പറയുന്ന ഏകീകൃതസമുദായമായി ഒരു സ്ഥാപനമായിരിക്കുന്നതും, ആ സഭക്കു ശാശ്വത പിന്തുടർച്ചയും പൊതുവായ ഒരു മുദ്രയും, ഉണ്ടായിരിക്കുന്നതും [illegible] സമ്പാദിപ്പാനും തങ്ങളുടെ കൈവശത്തിലുള്ള വല്ല മുതലും ഇതിൽ വഴിയെ പറയുന്ന ചട്ടങ്ങൾക്കു അനുസരിച്ചു കൈമാറ്റം ചെയ്വാനും ഉടമ്പടികൾ ചെയ്വാനും തന്നെ നിശ്ചയിച്ചിട്ടുള്ള ആവശ്യങ്ങൾക്കു വേണ്ടുന്ന മറ്റെല്ലാ കാര്യങ്ങളും ചെയ്വാനും അധികാരവും, ഉണ്ടായിരിക്കുന്നതും ആ സഭ തങ്ങളുടെ ഏകീകൃതസമുദായപ്പേരിൽ അന്യായക്കാരായും പ്രതിക്കാരായും വ്യവഹാരം നടത്താവുന്നതും ആകുന്നു.

മുൻസിപ്പൽ സഭകൾ ഏകീകൃത സമുദായങ്ങൾ

൫൪. മുൻസിപ്പൽ സഭകളിലെ അഗ്രാസനന്മാരെയും ഉപാഗ്രാസനന്മാരെയും സാമാജികന്മാരെയും തെരഞ്ഞെടുത്തും മറ്റു പ്രകാരവും നിശ്ചയിക്കുന്നതെല്ലാം ഗവമ്മെണ്ടു ഗസറ്റിൽ പ്രസിദ്ധപ്പെടുത്തണം.

നിശ്ചയങ്ങൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തണം.

൫. മുൻസിപ്പൽ മുതലും മുൻസിപ്പൽ ഫണ്ടും.

൫൫. വല്ല മുൻസിപ്പാലിട്ടിയിലും ഉള്ള എല്ലാ പൊതുവീഥികളും, അതുകളിലുള്ള പടവുകളും, കല്ലുകളും, മറ്റു സാമാനങ്ങളും, ആ വീഥികൾക്കായി കെട്ടി ഉണ്ടാക്കിയിരിക്കുന്ന എടുപ്പുകളും അതുകൾക്കായി സംഭരിച്ചിരിക്കുന്ന എല്ലാ സാമാനങ്ങളും, പണിക്കോപ്പുകളും, മറ്റു സാധനങ്ങളും, ആ മുൻസിപ്പാൽ സഭയുടെ കീഴിൽ വരികയും, ആ സഭക്കുള്ളതായിരിക്കയും ചെയ്യും. എന്നാൽ വല്ല വീഥിയും ഈ റെഗുലേഷന്റെ വ്യാപ്തിയിൽ നിന്നു അതാതു സമയം പരസ്യമൂലം ഒഴിച്ചുവെക്കുകയും, ആ പരസ്യത്തെ ഭേദപ്പെടുത്തുകയോ ദുർബലമാക്കുകയോ ചെയ്കയും ചെയ്വാൻ നമ്മുടെ ഗവർമ്മെണ്ടിനു അധികാരമുള്ളതും ആകുന്നു.

പരസ്യവീഥികളും മറ്റും മുൻസിപ്പാൽ സഭക്കുള്ളതായിരിക്കും

൫൬. (൧) വല്ല മുൻസിപ്പാലിട്ടിയിലെയും വീഥികളിലോ, അതുകളുടെ മുകളിലോ അടിയിലോ, ആ മുൻസിപ്പാൽ സഭയുടെ ചിലവിന്മേലാകട്ടെ, അല്ലാതെയാകട്ടെ, ഉണ്ടാക്കിയ സകല ഓടകളും, ചാലുകളും, നിർഗ്ഗമപ്പണികളും, തുരങ്കങ്ങളും, ഓവുകളും, അതുകളോടു ചേർന്നിരിക്കുന്ന എല്ലാ പണികളും സാമാനങ്ങളും, സാധനങ്ങളും; ആ മുൻസിപ്പാൽ സഭയിൻ കീഴിൽ വരികയും ആ സഭക്കുള്ളതായിരിക്കയും ചെയ്യും.

ഓടകൾ ചാലുകൾ മുതലായതു മുൻസിപ്പാൽ സഭയുടെ വശമാകും

(൨) ഈ റെഗുലേഷൻ പ്രകാരം അടിച്ചുകൂട്ടുന്ന എല്ലാ ചവറുകളും, ചളിയും, അഴുക്കുകളും, മറ്റു കുപ്പകളും, മുൻസിപ്പാൽ സഭയുടെ വശം വരികയും, ആ സഭക്കുള്ളതായിരിക്കയും ചെയ്യും.

കുപ്പകളും മറ്റും മുൻസിപ്പാൽ സഭക്കുള്ളതായിരിക്കും

(൩) എന്നാൽ വല്ല ഓടയും, ചാലും, നിർഗ്ഗമപ്പണിയും, തുരങ്കവും, ഓവും, ഈ റെഗുലേഷന്റെ വ്യാപ്തിയിൽ നിന്നു അതാതുസമയം പരസ്യംമൂലം ഒഴിവാക്കുകയും, ആ പരസ്യത്തെ ഭേദപ്പെടുത്തുകയോ ദുർബലമാക്കുകയോ ചെയ്കയും ചെയ്വാൻ നമ്മുടെ ഗവർമ്മെണ്ടിനു അധികാരമുണ്ടായിരിക്കയും ചെയ്യും.

ഗവർമ്മെണ്ടു വല്ല ഓടയും മറ്റും ഇതു സംബന്ധിക്കയില്ലെന്നു ആജ്ഞാപിക്കാം

൫൭. ഈ റെഗുലേഷൻ പ്രകാരമോ മറ്റു വല്ല റെഗുലേഷൻ പ്രകാരമോ വല്ല മുൻസിപ്പാലിട്ടിയിലെയും മുൻസിപ്പാൽ സഭ വാങ്ങുന്ന എല്ലാ പണങ്ങളും പലിശകളും ആദായങ്ങളും, ഈ റെഗുലേഷൻ പ്രകാരം അടക്കപ്പെടുന്നതോ ചുമത്തപ്പെടുന്നതോ ആയ എല്ലാ പിഴകളും ഫീസുകളും പ്രായശ്ചിത്തങ്ങളും നമ്മുടെ ഗവർമ്മെണ്ടിന്റെ അനുവാദപ്രകാരം ആ സഭ കൈമാറ്റം ചെയ്തു കിട്ടുന്ന എല്ലാ പണങ്ങളും കൂടി, ആ മുൻസിപ്പാലിട്ടിയിലെ മുൻസിപ്പൽ ഫണ്ട് എന്ന പേർ പറയപ്പെടുന്ന ഒരു മുതൽ ആകുന്നതും അതിലേക്കു വരവുചേർക്കപ്പെടുന്നതും, ആ മുൻസിപ്പാൽ സഭയുടെ കൈവശം വരുന്ന എല്ലാ വക മുതലുകളും കൂടി അവരുടെ അധീനത്തിലാകുന്നതും, ഈ റെഗുലേഷനിലെ ആവശ്യങ്ങൾക്കു വേണ്ടി [illegible] ആ മുതലുകൾ അവർ കൈവശം വെക്കുന്നതും ആകുന്നു.

മുൻസിപ്പാൽ ഫണ്ട് എന്തെല്ലാം കൂടിയതായിരിക്കും.

൫൮. (൧) മുൻസിപ്പാൽ സഭ വാങ്ങുന്നതായ, മുൻസിപ്പാൽ ഫണ്ടിന്റെ ഏതാനും ഭാഗമാകുന്നതായ എല്ലാ പണങ്ങളും [illegible] ഉള്ള ഗവർമ്മെണ്ടു ഖജനാവിൽ സൂക്ഷിക്കയും വേണം.

മുൻസിപ്പാൽ ഫണ്ടു സൂക്ഷിക്കൽ.

എന്നാൽ തൽക്കാലം [illegible] പ്രയോഗത്തിന്ന ആവശ്യമില്ലാത്ത വല്ല സംഖ്യകളും, നമ്മുടെ ഗവർമ്മെണ്ടിന്റെ അനുവാദത്തോടുകൂടി ഇന്ത്യാ ഗവർമ്മെന്റു പത്രങ്ങളിലൊ നമ്മുടെ ഗവർമ്മെണ്ടു [illegible] മറ്റു [illegible] വല്ല ഉറപ്പിന്മെലൊ പലിശക്കിട്ടു പണം മുനിസിപ്പാൽസഭക്കു എപ്പോഴും [illegible] ചെയ്യാം.

(൨) മുനിസിപ്പാൽ ഫണ്ടിൽ നിന്ന പണം എടുപ്പാൻ എടുക്കുന്ന എല്ലാ [illegible] അധികാര പത്രങ്ങളും, അഗ്രാസനനൊ, [illegible] ഇല്ലാത്തപക്ഷം [illegible] അധികാരം കൊടുത്ത മുനിസിപ്പാൽ സഭക്കാരിൽ ഏതെങ്കിലും [illegible] രണ്ടാളെ [illegible] ഒപ്പിട്ടിട്ടുള്ളതും [illegible] ആ ഫണ്ടിൽ നിന്ന കൊടുക്കാനായി അനുവദിച്ചിരിക്കുന്ന [illegible] ക്ലിപ്തം പ്രകാരം കൊടുക്കെണ്ടുന്ന സംഖ്യകളെല്ലാം, ആ മുനിസിപ്പാലിറ്റിപെരിൽ ഇരിപ്പുള്ള [illegible] കൊടുപ്പാൻ [illegible] കൊടുക്കെണ്ടതും ആകുന്നു.

മുനിസിപ്പാൽ ഫണ്ടിൽ നിന്ന പണം വാങ്ങുന്നവിധം.

എന്നാൽ മുനിസിപ്പാൽസഭ [illegible] രെഖാമൂലം അധികാരം കൊടുത്തിരിക്കുന്നപക്ഷം ആ [illegible] ആ വക ഉത്തരവു കൂടാതെ തന്നെ മുനിസിപ്പാൽ സഭക്കായി നമ്മുടെ ഗവർമ്മെണ്ട് [illegible] വല്ല ചിലവും ആ ഫണ്ടിൽ നിന്ന കൂടക്കൂടെ കൊടുക്കുകയും ചെയ്യാം.

൩. കാര്യം നടത്തെണ്ടും വിധം.

൯. (൧) മുനിസിപ്പാൽസഭ ഒരു കമ്മറ്റി വെക്കുകയും, [illegible] [illegible] മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും, അവർ നിശ്ചയിക്കുന്ന ദിവസങ്ങളിലും സമയങ്ങളിലും, [illegible] അഗ്രാസനൻ ആവശ്യപ്പെട്ട [illegible] കാര്യം നടത്താനായി സഭായോഗം കൂടുകയും വെണം.

മുനിസിപ്പാൽ സഭ ഒരു കമ്മറ്റി വെക്കണം മാസത്തിൽ [illegible] കുമെങ്കിലു. സഭായോഗം കൂടണം.

(൨) മുനിസിപ്പാൽ സഭയിൽ അപ്പോൾ ഉള്ള സഭക്കാരിൽ നാലിൽ ഒന്നിൽ [illegible] തെ ആളുകൾ എഴുത്തു മൂലം ആവശ്യപ്പെട്ടാൽ അഗ്രാസനൻ ആ മുനിസിപ്പാൽ സഭയുടെ യൊഗം കൂട്ടുകയും വെണം; എന്നാൽ ആവശ്യപ്പാടിൽ സഭായോഗം കൂട്ടെണ്ടുന്നതായ ദിവസവും ആവശ്യവും പറകയും ആ സഭായോഗ ദിവസത്തിന്ന ഏഴു ദിവസമെങ്കിലും മുമ്പായി ആവശ്യപ്പെടുകയും വെണം.

ആവശ്യപ്പെട്ടാൽ അഗ്രാസനൻ സഭ കൂട്ടണം,

(൩) അടിയന്തിര കാര്യങ്ങളിൽ അല്ലാതെ മറ്റു വിഷയത്തിൽ സഭ കൂടെണ്ടുന്ന ദിവസവും സമയവും ആ സഭയിൽ വെച്ചു നടത്താൻ പൊകുന്ന കാര്യവും കാട്ടി ഒരു അറിയിപ്പു സഭായോഗം കൂട്ടുവാൻ നിശ്ചയിച്ചിരിക്കുന്ന ദിവസത്തിന്നു കുറഞ്ഞതു മൂന്ന ദിവസം മുമ്പെ കൊടുത്തിട്ടില്ലാത്ത പക്ഷം സഭായോഗം കൂടെണ്ടതും അല്ല.

സഭായോഗത്തെയും കാര്യത്തെയും പററി അറിയിപ്പു കൊടുക്കണം.

(൪) മുനിസിപ്പാൽ സഭ കൂടുന്ന എല്ലാ സഭകളിലും സാധാരണ ജനങ്ങൾ ചെല്ലാകുന്നതാകുന്നു.

എന്നാൽ നാഥനായിരിക്കുന്ന സഭ്യൻ ൩൫ാം വകുപ്പു പ്രകാരം വെക്കുന്ന മിനിട്ടു പുസ്തകത്തിൽ എഴുതി വെക്കെണ്ടുന്നതായ കാരണങ്ങളിന്മെൽ വല്ല പ്രത്യെക സംഗതിയിലും ആവക ജനങ്ങൾ എല്ലാവരുമൊ വല്ല പ്രത്യെക ആളൊ സഭയിൽ നിന്ന പൊകെണമെന്ന ആജ്ഞാപിക്കയും ചെയ്യാം.

സഭ കൂടുന്നതു പരസ്യമായിരിക്കണം

൧൦. (൧) മുനിസിപ്പാൽ സഭ കൂടുമ്പോൾ ഒക്കെയും അഗ്രാസനനൊ [illegible] ഇല്ലാത്തപ്പോൾ രണ്ടാം അഗ്രാസനനൊ നാഥനായിരിക്കണം. വല്ല സമയത്തും സഭായോഗം കൂടുമ്പോൾ അഗ്രാസനനും രണ്ടാം അഗ്രാസനനും വരാതിരുന്നാൽ ആ യൊഗത്തിൽ ഹാജരുള്ള മുനിസിപ്പാൽ സഭക്കാർ തങ്ങളുടെ കൂട്ടത്തിൽ നിന്ന ആരെയെങ്കിലും ഒരാളെ ആ യൊഗത്തിൽ നാഥനായിരിപ്പാൻ തെരിഞ്ഞു നിശ്ചയിക്കുകയും വെണം.

സഭകൂടുമ്പോൾ ആരു നാഥനായിരിക്കണം.

(൨) വല്ല സമയത്തും മുനിസിപ്പാൽ സഭ കൂടുമ്പോൾ ആ സഭായൊഗത്തിന്റെ മുമ്പാകെ വരുന്ന സകല കാര്യങ്ങളും ഹാജരുള്ളവരുടെ അഭിപ്രായ പ്രകാരം തീർച്ചയാക്കെണ്ടതാകുന്നു. അഭിപ്രായം [illegible] [illegible] വും [illegible] ഒപ്പമായി വരുമ്പൊഴൊക്കെയും നാഥനായിരിക്കുന്ന മുനിസിപ്പാൽ സഭക്കാരൻ പിന്നെ ഒരു [illegible] പ്രയോഗിക്കുകയും ചെയ്യും.

അധികം പെരുടെ തീർച്ച അഭിപ്രായ പ്രകാരം.

(൩) മുൻസിപ്പാലിട്ടികളുടെ ഉദ്യോഗസ്ഥന്മാരെ [illegible] സംബന്ധിക്കുന്ന വിധത്തിൽ അല്ലാതെ ൨൦൫ പ്രകാരം [illegible] ഉദ്യോഗ [illegible] ആയി ഒരു സഭ കൂടുമ്പോൾ ആലോചിപ്പാൻ [illegible] യാതൊരു [illegible] യാതൊരു മുൻസിപ്പാൽ സഭക്കാരനും [illegible] യം പറകയും അരുതു.

ഒരാളെയുള്ള സഭക്കാരൻ അഭിപ്രായം പറയരുതു

(൪) സാനിട്ടരി കമ്മീഷണരൊ സാനിട്ടരി എഞ്ചിനീയരൊ ഡിസ്ട്രിക്ട് [illegible] സർജനൊ, [illegible] എഞ്ചിനീയരൊ [illegible] ഇൻസ്പെക്ടരൊ ഒരു മുൻസിപ്പാൽ സഭക്കാരനല്ലാതെയിരുന്നാലും, [illegible] അഗ്രാസനന്റെ [illegible] കൂടി [illegible] ങ്ങളെപ്പറ്റി [illegible] വല്ല [illegible] യും പറകയും ആ സഭയിൽ പ്രസംഗിക്കുകയും ചെയ്യാം.

ചില ഉദ്യോഗസ്ഥന്മാർ സഭയിൽ പ്രസംഗിക്കാം.

(൫) ചട്ടങ്ങൾ [illegible] മുൻസിപ്പാൽ സഭക്കാരൊ അല്ലെങ്കിൽ മുൻസിപ്പാൽ സഭ [illegible] സഭക്കാരുടെ [illegible] യാൾ [illegible] ഹാജർ ഇല്ലാത്ത [illegible] ഒരു സഭയിൽ [illegible] യാതൊരു കാര്യവും നടത്തിക്കൂടുന്നതും അല്ല.

കാര്യം നടത്തുവാൻ എത്ര ആളുകൾ വേണം

ഒരു സഭക്കു നിശ്ചയിച്ചു സമയം കഴിഞ്ഞ [illegible] കാര്യം നടത്തുവാൻ വേണ്ടത്തോളം ആളുകൾ വന്നിട്ടില്ലെങ്കിൽ സഭ [illegible] എന്നാൽ [illegible] ഹാജരുള്ള എല്ലാവരും പിന്നെയും [illegible] സമ്മതിക്കുന്ന പക്ഷം [illegible] കേണ്ടതുമില്ല.

(൬) മുൻസിപ്പാൽ സഭയുടെ യാതൊരു തീർപ്പു നിശ്ചയവും [illegible] കൂടിയ ഒരു സഭയിൽ വച്ചും [illegible] പാർട്ടിയിൽ [illegible] ആളുകൾ അഭിപ്രായ [illegible] ആ സഭ ചെയ്യുന്ന ഒരു തീർപ്പു നിശ്ചയത്താലും അല്ലാതെ, ആയതു ചെയ്തതിന്റെ [illegible] മൂന്നു മാസത്തിനുള്ളിൽ, ഭേദപ്പെടുത്തുകയൊ ദുർബലപ്പെടുത്തുകയൊ ചെയ്യാൻ പാടുള്ളതും അല്ല.

തീർപ്പു നിശ്ചയങ്ങൾ ഭേദപ്പെടുത്തുകയുംമറവും

൩൪. (൧) മുൻസിപ്പാൽ സഭ ഓരോരിക്കൽ സഭകൂടുമ്പോൾ നടന്നതിയ പ്രൊസിഡിങ്ങിന്റെ വിവരം മിനുട്ടുകൾ എഴുതി അതിന്നായിട്ടു വെക്കുന്ന ഒരു പുസ്തകത്തിൽ വെടിപ്പായി ചേർത്തുവെക്കുകയും അഗ്രാസനനൊ ആ സഭയിൽ നാഥനായിരുന്ന മുൻസിപ്പാൽ സഭക്കാരനൊ അവരുടെ ആ യാൾ ഇല്ലാതെ പൊയാൽ ആ സഭയിൽ ഹാജരുണ്ടായിരുന്ന മുൻസിപ്പാൽ സഭക്കാരിൽ ഏതെങ്കിലും ഒരാളാകട്ടെ അതിൽ കയ്യൊപ്പിടുകയും വേണം. ആവക മിനുട്ടുകൾ ആ മുൻസിപ്പാലിട്ടിയിൽ ൩൦-ം റെഗുലെഷൻ പ്രകാരം വല്ല നികുതിയും കൊടുക്കുന്ന യാതൊരു ആളും യാതൊന്നും കൊടുക്കാതെ ന്യായമായ എല്ലാ സമയത്തും ചെന്നു നോക്കേണ്ടതിലെക്കായി ആ മുൻസിപ്പാൽ കച്ചേരിയിൽ വെക്കേണ്ടതും ആകുന്നു.

കാര്യങ്ങളുടെ വിവരത്തിനു മിനുട്ടുകൾ വെക്കുകയും ചെന്നു നോക്കുകയും.

(൨) ഓരോരിക്കൽ സഭ കൂടുമ്പോൾ ചെയ്തു നടത്തിയ പ്രൊസിഡിങ്ങിന്റെ മിനിട്ടുകളുടെ ഒരു പകൎപ്പു ആ സഭ കൂടിയ തിയതി മുതൽ മൂന്നുദിവസങ്ങൾക്കുള്ളിൽ അഗ്രാസനൻ ആ മുൻസിപ്പാലിട്ടി കിടക്കുന്ന ഖണ്ഡം വഹിച്ചിരിക്കുന്ന ഡിസ്ട്രിക്ടിലെ ദിവാൻ പെഷ്കാർക്കു നമ്മുടെ ഗവൎമ്മെണ്ടു ഗസറ്റിൽ ഇംഗ്ലീഷിലും മലയാളത്തിലും ആ മുൻസിപ്പാൽ സഭയുടെ ചിലവിന്മെൽ പ്രസിദ്ധപ്പെടുത്തുവാനായി കൊടുത്തയക്കണം.

മിനുട്ടുകൾ പ്രസിദ്ധപ്പെടുത്തുവാൻ ഡിവിഷൻ പെഷ്കാർക്കു അയക്കണം.

എന്നാൽ സഭ കഴിഞ്ഞതിൽ പിന്നെ നാല്പതെട്ടു മണിക്കൂറിനുള്ളിൽ വല്ല സഭക്കാരനും അഗ്രാസനന്നു എഴുതി കൊടുക്കുന്ന വല്ല വിസമ്മതങ്ങളുണ്ടെങ്കിൽ ആയതും ഉടനെ മെപ്പടി ഡിവിഷൻ പെഷ്കാർക്കു അയച്ചു കൊടുക്കുകയും വേണം.

(൩) അഗ്രാസനൻ മുൻസിപ്പാൽ സഭയുടെ പ്രൊസീഡിങ്ങും മിനുട്ടുകളും [illegible] കഴിക്കേണ്ടതും [illegible] കല്പനയാലൊ [illegible] മുൻസിപ്പാൽ സഭ നിശ്ചയിക്കുന്ന ഫീസ്സു [illegible] പ്രൊസീഡിങ്ങുകളുടെയും മിനുട്ടുകളുടെയും പകൎപ്പുകൾ [illegible] [illegible] പകൎപ്പുകൾ [illegible] അഗ്രാസനൻ സാക്ഷ്യപ്പെടുത്തേണ്ടതാകുന്നു.

പ്രൊസീഡിങ്ങുകളുടെയും മിനുട്ടുകളുടെയും സാക്ഷ്യപ്പെടുത്തിയ പകൎപ്പുകൾ.

മുൻസിപ്പാൽ സഭയിലെ തീർപ്പു നിശ്ചയങ്ങൾ അഗ്രാസനൻ നടത്തിക്കണം.

൩൨. (൧) മുൻസിപ്പാൽ സഭയിലെ തീർപ്പു നിശ്ചയങ്ങൾ അഗ്രാസനൻ നടത്തിക്കണം. ആ സഭയിലെ സകല കാര്യങ്ങളും നടത്തിപ്പാനുള്ള അധികാരം അഗ്രാസനന്നു ഉണ്ടു. ഈ റെഗുലേഷനിലെ ആവശ്യങ്ങൾ ശരിയായ പ്രകാരം സാധിപ്പിക്കുന്നതിലേക്ക് അവൻ ആളാംവണ്ണം ഉത്തരവാദിയായിരിക്കുന്നതും ആകുന്നു.

അഗ്രാസനൻ പ്രതിമാസ റിപ്പോർട്ടു അയക്കണം.

(൨) മുൻസിപ്പാൽ സഭയുടെ തീർപ്പു നിശ്ചയങ്ങൾ നടത്തുന്നതിലും നികുതികൾ പിരിക്കുന്നതിലും ഉണ്ടാകുന്ന അഭിവൃദ്ധിയെക്കുറിച്ചു മാസന്തോറും അഗ്രാസനൻ ആ സഭ നിശ്ചയിക്കുന്ന റിപ്പോർട്ടുകൾ ആ സഭക്കു അയച്ചു കൊടുക്കുകയും വേണം.

അഗ്രാസനൻ രണ്ടാം അഗ്രാസനന്നു അധികാരങ്ങൾ ഏല്പിക്കൽ.

(൩) ഈ റെഗുലേഷനാൽ അഗ്രാസനന്നു നൽകപ്പെട്ട അധികാരങ്ങളിൽ വല്ലതും നടത്തുവാനോ അഗ്രാസനൻ ചെയ്യേണ്ടതായ വല്ല പ്രവൃത്തികളും ചെയ്യുവാനോ അഗ്രാസനൻ അപ്പോഴപ്പോൾ എഴുത്തുമൂലമായ ആജ്ഞയാൽ രണ്ടാം അഗ്രാസനനെ അധികാരപ്പെടുത്തുകയും എപ്പോഴെങ്കിലും അപ്രകാരം തന്നെ ആ ആജ്ഞയെ ഭേദപ്പെടുത്തുകയോ ദുർബലപ്പെടുത്തുകയോ ചെയ്കയും ചെയ്യാം.

"എന്നാൽ—

(i) ഏല്പിക്കരുതെന്നു മുൻസിപ്പാൽ സഭ പ്രത്യേകമായി വിരോധിക്കുന്ന വല്ല അധികാരങ്ങളോ പ്രവൃത്തികളോ ആയാൾ രണ്ടാം അഗ്രാസനന്നു ഏല്പിക്കരുതു.

(ii) ഈ ഉപവകുപ്പുപ്രകാരം അധികാരങ്ങളോ പ്രവൃത്തികളോ ഏല്പിക്കുന്നതു കൊണ്ടു അഗ്രാസനൻ ഈ റെഗുലേഷനാൽ ആയാളിൽ ചുമത്തപ്പെട്ട വല്ല ബാദ്ധ്യതയിൽനിന്നും ഒഴിവാകുന്നതുമല്ല.

അഗ്രാസനൻ മുൻസിപ്പാൽ സഭക്കാരന്നു അധികാരങ്ങൾ ഏല്പിക്കൽ.

(൪) രണ്ടാം അഗ്രാസനൻ ഇല്ലാത്തപ്പോൾ മുൻസിപ്പാൽ സഭയുടെ മുമ്പായ അനുവാദത്തോടു കൂടി അഗ്രാസനൻ ഈ റെഗുലേഷനാൽ തനിക്കു നല്കപ്പെട്ടിരിക്കുന്ന അധികാരങ്ങളിൽ വല്ലതും നടത്തുവാനും അപ്രകാരം തന്നിൽ ചുമത്തപ്പെട്ടിരിക്കുന്ന പ്രവൃത്തികളിൽ വല്ലതും ചെയ്യുവാനും താൻ തെരിഞ്ഞെടുക്കുന്ന വല്ല മുൻസിപ്പാൽ സഭക്കാരനെയും അതാതു സമയം എഴുത്തുമൂലമായ ഒരു ആജ്ഞയാൽ അധികാരപ്പെടുത്തുകയും ആ ആജ്ഞ എപ്പോഴെങ്കിലും അതെ പ്രകാരം തന്നെ ഭേദപ്പെടുത്തുകയോ ദുർബലമാക്കുകയോ ചെയ്കയും ആവാം.

"എന്നാൽ—

(i) ഏതെങ്കിലും ഒരു കണക്കു വർഷത്തിൽ അടുപ്പിച്ചു മൂന്നു മാസത്തിൽ കവിയുന്ന ഒരു കാലത്തേക്കോ കാലങ്ങൾക്കോ അഗ്രാസനൻ തന്റെ അധികാരങ്ങളും പ്രവൃത്തികളും ഈ ഉപവകുപ്പു പ്രകാരം ഏല്പിച്ചു കൊടുക്കാവുന്നതും അല്ല.

(ii) അധികാരങ്ങളും പ്രവൃത്തികളും ഈ ഉപവകുപ്പു പ്രകാരം ഏല്പിച്ചു കൊടുത്തതുകൊണ്ടു ഈ റെഗുലേഷനാൽ തന്നിൽ ചുമത്തപ്പെട്ടിരിക്കുന്ന യാതൊരു ഉത്തരവാദത്തിൽ നിന്നും അഗ്രാസനൻ മോചിക്കപ്പെടുന്നതും അല്ല.

(iii) ഈ ഉപവകുപ്പു പ്രകാരം അഗ്രാസനൻ കൊടുത്ത യാതൊരു ആജ്ഞയും ഉടനെ ഡിവിഷൻ പേഷ്കാരെ അറിയിക്കുകയും വേണം.

"അഗ്രാസനന്റെ അധികാരങ്ങളിൽ വല്ലതും നടത്തുവാനോ പ്രവൃത്തികളിൽ വല്ലതും ചെയ്യാനോ ഈ ഉപവകുപ്പു പ്രകാരം അധികാരപ്പെടുത്തിയ ഒരു മുൻസിപ്പാൽ സഭക്കാരൻ ആ അധികാരങ്ങൾ നടത്തുകയോ പ്രവൃത്തികൾ ചെയ്കയോ ചെയ്യുന്ന കാലത്തോളം ആയാളെ 'അഗ്രാസന പ്രതിനിധി' എന്നു പറകയും ചെയ്യും."

വ്യത്യാസം.

(൫) എന്നാൽ ഈ റെഗുലേഷൻ പ്രകാരം മുൻസിപ്പാൽ സഭയുടെ ഒരു യോഗം കൂടുന്നതിനു വച്ചു നടത്തേണ്ടതായ യാതൊരു അധികാരവും അഗ്രാസനൻ നടത്തുന്നതു ന്യായമായിരിക്കയും ഇല്ല.

അടിയന്തിരകാര്യങ്ങളിൽ അഗ്രാസനന്റെ അധികാരങ്ങൾ.

൩൩. ൩൨-ാം വകുപ്പു (൫)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും മുൻസിപ്പാൽ സഭക്കു നടത്തുവാനോ ചെയ്യാനോ അധികാരമുള്ളതും ജനങ്ങളുടെ ഉപകാരത്തിനോ രക്ഷക്കോ ആയി ഉടനെ നടത്തുകയോ ചെയ്കയോ വേണമെന്നു അഗ്രാസനന്റെ അഭിപ്രായത്തിൽ തോന്നുന്നതുമായ വല്ല പണിയും നടത്തുവാനോ വല്ല പ്രവൃത്തിയും ചെയ്യുവാനോ

ഒടുവിലത്തെ കാര്യങ്ങളിൽ ആക്ഷേപിക്കുന്നതും കാട്ടിയതിലേക്കായി [illegible] ലെ ആ പണി നടത്തുവാനോ പ്രവൃത്തി ചെയ്യുവാനോ നേരിട്ട ചെലവു മുൻസിപ്പാൽ ദ്രവ്യത്തിൽ നിന്നു കൊടുക്കേണ്ടതാണെന്നു അജ്ഞാപിക്കുന്നതും അഗ്രാസനന്നു ന്യായമായിരിക്കും.

"എന്നാൽ—

(i) വല്ല പ്രത്യേക പണിയും നടത്തുന്നതോ വല്ല പ്രത്യേക പ്രവൃത്തിയും ചെയ്യുന്നതോ [illegible]ധികാരം തന്ന മുൻസിപ്പാൽ സഭയുടെ വല്ല ഉത്തരവിനും എതിരായി ആയാൽ ഈ വകുപ്പു പ്രകാരം പ്രവൃത്തിക്കരുതു;

(ii) ഈ വകുപ്പു പ്രകാരം കൊടുത്ത യാതൊരു ഉത്തരവിനെയും പററി മുൻസിപ്പാൽ സഭ പിന്നെ ഒന്നാമതു കൂടുമ്പോൾ വിവരം അറിയിക്കുകയും വേണം."

൬൪ (൧) മുൻസിപ്പാൽ സഭയിലെ വല്ല തീർപ്പു നിശ്ചയവും നടത്തിപ്പാൻ അഗ്രാസനൻ വീഴ്ചയാക്കിയിരിക്കുന്നു എന്നു ആ ഡിവിഷനിലെ പെഷ്കാർക്കു എപ്പോഴെങ്കിലും തോന്നിയാൽ, അഗ്രാസനന്നു സമാധാനം പറയാൻ ന്യായമായ ഒരു അവസരം കൊടുത്ത ശേഷം ന്യായമായ ഇന്ന ഒരു സമയത്തിനുള്ളിൽ ആ തീർപ്പു നിശ്ചയം നടത്തിപ്പാൻ ആവശ്യപ്പെട്ടുകൊണ്ടു ഒരു അറിയിപ്പിനാൽ ആ പെഷ്കാർ അഗ്രാസനനോടു ആവശ്യപ്പെടുകയും, അഗ്രാസനൻ ആ അറിയിപ്പു പ്രകാരം നടപ്പാൻ വീഴ്ച വരുത്തിയാൽ ആ തീർപ്പു നിശ്ചയം നടത്തിക്കുന്നതിന് [illegible]വാറിക്കുകയും അതിലേക്കു വേണ്ടുന്ന എല്ലാ ഉത്തരവുകളും കൊടുക്കുകയും ചെയ്യാം.

(൨) ഈ വകുപ്പു പ്രകാരം പ്രവൃത്തിക്കുന്ന വല്ല ഡിവിഷൻ പെഷ്കാരും അങ്ങനെ പ്രവൃത്തിപ്പാൻ തനിക്കുള്ള ന്യായങ്ങൾ ഒരു മെമ്മോറാണ്ടം എഴുതി ആ മെമ്മോറാണ്ടത്തെ ഉടനെ ആ മുൻസിപ്പാൽ സഭയിലേക്കു അവരുടെ അറിവിനായി അയയ്ക്കേണ്ടതിന്നു പുറമെ അഗ്രാസനന്റെ സമാധാനം ഉണ്ടെങ്കിൽ അതു സഹിതം അതിന്റെ ഒരു പകർപ്പു അപ്പോൾതന്നെ നമ്മുടെ ഗവർമ്മേണ്ടിലേക്കു അയയ്ക്കുകയും വേണം. ഗവർമ്മേണ്ടു അതിന്മേൽ തനിക്കു യുക്തമെന്നു തോന്നുന്ന ഉത്തരവുകൾ കൊടുക്കുകയും ചെയ്യും.

ഡിവിഷൻ പെഷ്കാരുടെ മേലന്വേഷണം

൬൫. (൧) വല്ല മുൻസിപ്പാലിറ്റിയും കിടക്കുന്ന ഡിവിഷനിലെ ഡിവിഷൻ പെഷ്കാർ

(i) ആ മുൻസിപ്പാൽ സഭയുടെ അധികാരത്തിൻകീഴുള്ള ഇളകാത്ത വല്ല മുതലുകളെ നടന്നുകൊണ്ടിരിക്കുന്ന വല്ല പണിയാകട്ടെ ചെന്നു നോക്കുകയോ നോക്കിക്കുകയോ ചെയ്യുകയും;

(ii) ആ മുൻസിപ്പാൽ സഭയുടെ കൈവശത്തിലോ അധീനത്തിലോ ഉള്ള വല്ല രേഖയും വരുത്തി നോക്കുകയും;

(iii) ആ സഭ നടത്തുന്ന കാര്യങ്ങളെയോ പ്രവൃത്തികളെയോ സംബന്ധിച്ചതും വരുത്തുവാൻ തനിക്കു യുക്തമെന്നു തോന്നുന്നതും ആയ വിവരങ്ങളും കണക്കുകളും റിപ്പോർട്ടുകളും ആധാര പകർപ്പുകളും അയപ്പാൻ ആ സഭയോടു ആവശ്യപ്പെടുകയും;

(iv) ആ സഭ നടത്തുന്ന കാര്യങ്ങളെയോ അവരുടെ പ്രവൃത്തികളെയോ സംബന്ധിച്ചു തനിക്കു യുക്തമെന്നു തോന്നുന്ന വല്ല കുറിപ്പുകളും അവരുടെ ആലോചനക്കായി എഴുതി വെക്കുകയും, ചെയ്യാം.

വല്ല സർക്കാർ ഉദ്യോഗസ്ഥനും ഡിവിഷൻ പെഷ്കാരുടെ അധികാരങ്ങൾ കൊടുക്കൽ

(൨) [illegible] ഉപവകുപ്പു പ്രകാരം ഒരു ഡിവിഷൻ പെഷ്കാർക്കുള്ള അധികാരങ്ങളിൽ ഏതെങ്കിലും ഒന്നോ അധികമോ നടത്തുവാൻ വല്ല സർക്കാരുദ്യോഗസ്ഥനെയും നമ്മുടെ ഗവർമ്മേണ്ടു അതാതു സമയം പരസ്യമൂലം അധികാരപ്പെടുത്തുകയും ആ അധികാരം വല്ല സമയത്തും അല്ലാതെയും തന്നെ ഭേദപ്പെടുത്തുകയോ പിൻവലിക്കുകയോ ചെയ്യുകയും ചെയ്യാം. [illegible] ഉപവകുപ്പിലെ (i) (ii) (iii) (iv) ക്ലാസുകളിൽ പ്രസ്താവിച്ച അധികാരങ്ങളിൽ വല്ലതും നടത്തുവാൻ അതാതു ഖണ്ഡം വഹിച്ചിരിക്കുന്ന വേറെ ഉദ്യോഗസ്ഥനോടോ വല്ല അസിസ്റ്റന്റു പെഷ്കാരോടോ ഡിവിഷൻ പെഷ്കാരും അതാതു സംഗതിയിൽ എഴുത്തുമൂലമായ ഒരു പ്രത്യേക ഉത്തരവിനാൽ ആജ്ഞാപിക്കുകയും ചെയ്യാം.

൬൬. (൧) വല്ല മുൻസിപ്പാൽ സഭയുടെയും വല്ല തീർപ്പു നിശ്ചയവും നിവാരണം ചെയ്തിട്ടില്ലെന്നാകട്ടെ ആ തീർപ്പു നിശ്ചയമോ അല്ലെങ്കിൽ വല്ല മുൻസിപ്പാൽ സഭയിലും അഗ്രാസനനെങ്കിലും കൊടുത്ത വല്ല ഉത്തരവോ അല്ലെങ്കിൽ ഈ റെഗുലേഷൻ

പ്രകാരമൊ ഒരു റെഗുലെഷൻ പ്രകാരമെന്നു [illegible] ചെയ്യാൻ പൊകുന്നതൊ ചെയ്തു വരുന്നതൊ ആയ [illegible] പ്രവൃത്തിയൊ [illegible] വല്ല മുൻസിപ്പാൽ സഭയെങ്കിലും അഗ്രാസനനെങ്കിലും വല്ല അനുവാദ പത്രമൊ സമ്മതമൊ കൊടുത്തതൊ നിയമത്താൽ നൽകപ്പെട്ട അധികാരങ്ങളിൽ കവിഞ്ഞിട്ടാണെന്നാകട്ടെ ആ തീർപ്പു നിശ്ചയമൊ ഉത്തരവൊ നടത്തുകയൊ ആ പ്രവൃത്തി ചെയ്കയൊ ആ അനുവാദ പത്രമൊ സമ്മതമൊ പ്രബലപ്പെട്ടിരിക്കയൊ ചെയ്യുന്നതുകൊണ്ടു നിയമാനുസരണം പണിക്കാരപ്പെട്ട വല്ല ആളുകൾക്കു തടസ്ഥമൊ ഉപദ്രവമൊ അല്ലെങ്കിൽ മനുഷ്യപ്രാണനൊ ദെഹസുഖത്തിനൊ രക്ഷക്കൊ [illegible] ഉണ്ടാകുന്നിടയുണ്ടെന്നാകട്ടെ അതിൽ നിന്നു ഒരു ലഹളയൊ [illegible] ഉണ്ടായിട്ടുണ്ടാകുമെന്നാകട്ടെ നമ്മുടെ ഗവർമ്മെണ്ടിനൊ ഡിവിഷൻ പെഷ്കാരുടെയൊ അഭിപ്രായത്തിൽ തൊന്നിയാൽ [illegible] എഴുത്തു മൂലമായ ഉത്തരവിനാൽ ആ തീർപ്പു നിശ്ചയമൊ ഉത്തരവൊ നടത്തുന്നതു നിൎത്തിവെക്കയൊ കൂടാതെ ആ തീർപ്പു നിശ്ചയമൊ ഉത്തരവൊ [illegible] കയൊ ആ അനുവാദ പത്രമൊ സമ്മതമൊ നിൎത്തിവെക്കയൊ റദ്ദാക്കുകയൊ ആകട്ടെ ചെയ്കയും ആ പ്രവൃത്തി ചെയ്യുന്നതു വിരൊധിക്കുകയും ചെയ്യാം.

(൨) ഈ വകുപ്പു പ്രകാരം ഡിവിഷൻ പെഷ്കാർ വല്ല ഉത്തരവും കൊടുക്കുമ്പൊൾ ആയതിന്റെ ഒരു പകൎപ്പും അതിനുള്ള [illegible] ന്യായങ്ങളുടെ ഒരു വിവരവും ഉടനെ നമ്മുടെ ഗവർമ്മെണ്ടിലെക്കു മുൻസിപ്പാൽ സഭയിലെക്കും അയക്കെണ്ടതും. നമ്മുടെ ഗവർമ്മെണ്ടു മുൻസിപ്പാൽ സഭക്കു സമാധാനത്തിനു ന്യായമായ ഒരു അവസരം കൊടുത്ത ശെഷം എന്നാലപ്പൊൾ ആ ഉത്തരവിനെ റദ്ദാക്കുകയെങ്കിലും ഭെദഗതിയൊടു കൂടിയൊ കൂടാതെയൊ അതു സ്ഥിരമായിട്ടാകട്ടെ തനിക്കു യുക്തമായിതൊന്നുന്ന കാലത്തെക്കാകട്ടെ പ്രബലമായി തന്നെ ഇരിക്കുമെന്നു ആജ്ഞാപിക്കുക എങ്കിലും ചെയ്യാം.

[illegible]

നമ്മുടെ ഗവർണ്മെണ്ടിലെക്കു മുൻസിപ്പാൽ സഭയിലെക്കും ഡിവിഷൻ പെഷ്കാർ ഉത്തരവിന്റെ പകൎപ്പു അയക്കണം

൭൬. (൧) അടിയന്തിര കാൎയ്യങ്ങളിൽ, ഡിവിഷൻ പെഷ്കാരൊ ഇതിലെക്കായി നമ്മുടെ ഗവർമ്മെണ്ടിനാൽ അധികൃതനായ ഉദ്യൊഗസ്ഥനൊ ആ മുൻസിപ്പാൽ സഭക്കു എങ്കിലു അഗ്രാസനനു എങ്കിലും നടത്തുവാനൊ ചെയ്യാനൊ അധികാരമുള്ളതും, [illegible] നടത്തുകയൊ ചെയ്കയൊ ചെയ്യുന്നതു ബഹുജനങ്ങളുടെ ഉപകാരത്തിനും രക്ഷക്കും ആവശ്യമാണെന്നു തന്റെ അഭിപ്രായത്തിൽ തൊന്നുന്നതും ആയ വല്ല പണിയും നടത്തുവാനാകട്ടെ വല്ല പ്രവൃത്തിയും ചെയ്വാനാകട്ടെ വെണ്ടുന്ന ചട്ടം കെട്ടുകയും ആ പണി നടത്തുവാനൊ പ്രവൃത്തി ചെയ്വാനൊ ഉണ്ടാകുന്ന ചിലവു ആ മുൻസിപ്പാൽ സഭ കൊടുക്കണമെന്നു ആജ്ഞാപിക്കുകയും ആവാം.

അടിയന്തിര കാൎയ്യങ്ങളിൽ ഡിവിഷൻ പെഷ്കാൎക്കൊ വിശെഷാൽ അധികൃതനായ ഉദ്യൊഗസ്ഥനൊ വിശെഷാൽ ഉള്ള അധികാരം.

(൨) ആ ചിലവു അതുപ്രകാരം കൊടുക്കാഞ്ഞാൽ ആ ദിവാൻ പെഷ്കാരൊ പ്രത്യെകമായി അധികൃതനായ ആ മുൻസിപ്പാൽ ഫണ്ടു [illegible] അതൊടു അതിന്മെൽ ബാധകമുള്ള മറ്റു വല്ല കടങ്ങളും കൊടുത്തു തീൎക്കുമ്പെ ആ ചിലവു ആ ഫണ്ടിൽ നിന്നു [illegible] ആജ്ഞാപിക്കുന്ന ഒരു ഉത്തരവു കൊടുക്കാം. ആ ആൾ അപ്പൊൾ ആ മുൻസിപ്പാൽ ഫണ്ടുകൾ കൊണ്ടു പാട്ടമുള്ള ആളൊ [illegible] ആ ഉത്തരവിൻ പ്രകാരം [illegible] ബാദ്ധ്യസ്ഥനായിരിക്കുകയും ചെയ്യും.

ചിലവുകൾ മുൻസിപ്പാൽ വക ഫണ്ടിൽ നിന്നു വസൂലാക്കൽ,

(൩) ഈ വകുപ്പിനാൽ നൽകപ്പെട്ടിരിക്കുന്ന അധികാരങ്ങൾ [illegible] എല്ലാ കാൎയ്യവും ഉടനെ ആ അധികാരങ്ങൾ നടത്തുവാനുള്ള ന്യായങ്ങൾ തികച്ചും കാട്ടി നമ്മുടെ ഗവർമ്മെണ്ടിലെക്കു അതാതു സംഗതി പൊലെ ദിവാൻ പെഷ്കാരൊ അല്ലെങ്കിൽ ദിവാൻ പെഷ്കാർ മുഖാന്തരം പ്രത്യെകം അധികൃതനായ ഉദ്യൊഗസ്ഥനൊ റിപ്പൊർട്ടു ചെയ്യുകയും ആ റിപ്പൊർട്ടിന്റെ ഒരു പകൎപ്പു മുൻസിപ്പാൽ സഭക്കു അതെ സമയം അയക്കുകയും വെണം.

ഡിവിഷൻ പെഷ്കാർ പ്രവൃത്തിച്ചതിനെ ഗവർമ്മെണ്ടിലെക്കു റിപ്പൊർട്ടു ചെയ്യണം.

൭൭. (൧) ഈ റെഗുലെഷനാലൊ ഈ റെഗുലെഷൻ പ്രകാരമൊ എങ്കിലും, മറ്റു വല്ല റെഗുലെഷനാലൊ റെഗുലെഷൻ പ്രകാരമൊ എങ്കിലും, ചുമത്തപ്പെട്ടിരിക്കുന്ന വല്ല പ്രവൃത്തിയും ചെയ്വാൻ മുൻസിപ്പാൽ സഭയൊ അഗ്രാസനനൊ വീഴ്ച വരുത്തിയിരിക്കുന്നു എന്നു നമ്മുടെ ഗവർമ്മെണ്ടിനു എപ്പൊഴെങ്കിലും തൊന്നിയാൽ, ആ പ്രവൃത്തി ചെയ്യാൻ നമ്മുടെ ഗവർമ്മെണ്ടു എഴുത്തുമൂലമായ ഒരു ആജ്ഞയാൽ ഒരു അവധി നിശ്ചയിക്കാം.

മുൻസിപ്പാൽ സഭയൊ അഗ്രാസനനൊ വീഴ്ചവരുത്തിയാൽ ഗവർമ്മെണ്ടിനുള്ള അധികാരങ്ങൾ,

(ഥ) അങ്ങിനെ നിശ്ചയിച്ച അവധികളിൽ ആ പ്രവൃത്തി ചെയ്യാത്തപക്ഷം, ആയതു ചെയ്യുന്നതിനായി നമ്മുടെ ഗവർമെന്റു വല്ല ആളെയും നിശ്ചയിക്കയും ആയതു ചെയ്യുന്നതിനുള്ള ചിലവു നമ്മുടെ ഗവർമെന്റു നിശ്ചയിക്കുന്ന അവധികളിൽ മുൻസിപ്പൽ സഭ അവരവർക്കു കൊടുക്കണമെന്നു ആജ്ഞാപിക്കയും ആവാം.

ഗവർമെന്റു ആ പ്രവൃത്തി ചെയ്യുന്നതിനു ആളെ നിശ്ചയിക്കാം

(ന) ആ ചിലവു അപ്രകാരം കൊടുക്കാത്താൻ മുമ്പിൽകൂടി നമ്മുടെ ഗവർമെന്റിന്റെ അനുവാദത്തോടുകൂടി ആ ഡിവിഷൻ പേഷ്കാർ ആ മുൻസിപ്പൽ ഫണ്ടു സൂക്ഷിക്കുന്ന ആളോടു അധികാരപ്പെട്ടതിയ കടങ്ങളുടെ ആ പലിശയും ചിലവുകളും കൂടാതെ അതിന്മേൽ ബാധ്യമുള്ള മറ്റു വല്ല കടങ്ങളും കൊടുത്തു തീർന്നശേഷം ആ ചിലവു ആ ഫണ്ടിൽനിന്നു കൊടുപ്പാനായി ആജ്ഞാപിക്കാം. ആ ആൾ ഉടനെ ആ മുൻസിപ്പാലിറ്റിയുടെ ഇരിപ്പുള്ള മുതൽകൊണ്ടു പാട്ടാളിടത്തോളം ആ ആജ്ഞാപ്രകാരം നടപ്പാൻ ബാദ്ധ്യസ്ഥനായിരിക്കയും ചെയ്യും.

ചിലവുകൾ മുൻസിപ്പൽ സഭയിൽനിന്നു വസൂലാക്കൽ

൨൯. (ഫ) എല്ലാ മുൻസിപ്പാൽ സഭയും ഓരോ സഭ കൂടുമ്പോൾ അവർ ചെയ്യേണ്ട കാര്യങ്ങളെപ്പറ്റി ഈ റെഗുലേഷൻ നമ്മുടെ ഗവർമെന്റു ഉണ്ടാക്കിയ വല്ല ചട്ടങ്ങൾക്കും യോജിപ്പായി താതാനുസമയം ചട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യും:—

കാര്യം നടത്തിന്റെ പറ്റിയുള്ള ചട്ടങ്ങൾ

(i) അങ്ങൾ സഭ കൂടേണ്ടുന്ന സമയവും സ്ഥലവും,
(ii) ആ വിവരത്തിനു അറിയിപ്പു കൊടുക്കേണ്ടു വിധവും,
(iii) കൂടുന്ന സഭകളിൽ പ്രവൃത്തി നടത്തലും;
(iv) മുൻസിപ്പൽ സഭക്കാരുടെ ഇടയിൽ പ്രവൃത്തികൾ വിഭജിക്കലും,
(v) മുൻസിപ്പൽ സഭയാൽ നടത്തപ്പെട്ടുവരുന്ന വിദ്യാശാലകളുടെയും ആസ്പത്രികളുടെയും ഡിസ്പെൻസറികളുടെയും സത്രങ്ങളുടെയും മറ്റു ശാലകളുടെയും മേൽവിചാരിപ്പിന്നും കൈകാര്യത്തിന്നും ഒന്നോ മൂന്നോ പേർ ആ മുൻസിപ്പൽ സഭയിലെ ചില സഭക്കാർ തന്നെ ആയിട്ടോ ഏതാനുംപേർ ആ മുൻസിപ്പൽ സഭയിലെ ചില സഭക്കാരായും മറ്റു ഏതാനും പേർ ആ മുൻസിപ്പാലിറ്റിയിലെ മറ്റു നിവാസികളും ആയിട്ടോ ഉള്ള ഉപസഭകളെ നിയമിക്കലും അവരുടെ നടവടിയും;
(vi) മുൻസിപ്പൽ സഭയിലേക്കു അടയ്ക്കുന്ന പണത്തിനു രസിതുകൾ കൊടുക്കാവുന്ന ആളുകളും;
(vii) തൽ സമമായ മറ്റു സകല കാര്യങ്ങളും;

(ഥ) ഈ വകുപ്പുപ്രകാരം ഉണ്ടാക്കുന്ന യാതൊരു ചട്ടവും നമ്മുടെ ഗവർമെന്റു നിയമിക്കുന്ന വിധത്തിൽ പ്രസിദ്ധപ്പെടുന്നതുവരെക്കും പ്രബലപ്പെടുന്നതും അല്ല.

൭. മുൻസിപ്പൽ ഉദ്യോഗസ്ഥന്മാർ.

൩൦. ഈ റെഗുലേഷന്റെ ആവശ്യങ്ങൾ നടത്തിക്കുന്നതിൽ സഹായിക്കേണ്ടതു ആവശ്യമെന്നും ശരിയെന്നും ഒരു മുൻസിപ്പൽസഭക്കു തോന്നുന്ന ശമ്പളമുള്ള എല്ലാ ഉദ്യോഗസ്ഥന്മാരുടെയും എണ്ണവും ശമ്പളവും ആ മുൻസിപ്പൽസഭ തങ്ങൾ ഒന്നായി കൂടുന്ന സഭയിൽവെച്ചു നിശ്ചയിക്കേണ്ടതും, പിന്നെ അതാതുസമയം തങ്ങൾ ഓരോ സഭ കൂടുമ്പോൾ ആ എണ്ണവും ശമ്പളവും നിശ്ചയിക്കാവുന്നതും എങ്ങിനെ തങ്ങൾ ആലോചിച്ചിരിക്കുന്ന നിശ്ചയങ്ങളും ഒരു പട്ടിക നമ്മുടെ ഗവർമെന്റു അതാതുസമയം ആജ്ഞാപിക്കുന്ന മാതിരിയിൽ ഗവർമെന്റിലേക്കു അയച്ചുകൊടുക്കേണ്ടതും ഗവർമെന്റു അതിന്മേൽ തീർച്ചയാക്കുകയാണെന്നു തോന്നുന്ന ആജ്ഞകൾ ആജ്ഞാപിക്കേണ്ടതും ആകുന്നു.

നമ്മുടെ ഗവർമെന്റിന്റെ അനുവാദത്തോടുകൂടി മുൻസിപ്പൽ സഭ തങ്ങളുടെ സ്ഥിരമായ ഉദ്യോഗസ്ഥന്മാരുടെ എണ്ണവും ശമ്പളവും നിശ്ചയിക്കണം

൩൧. (ഫ) നമ്മുടെ ഗവർമെന്റിന്റെ അംഗീകാരത്തിന്നുൾപ്പെട്ടു എല്ലാ മുൻസിപ്പൽ സഭയും അതിലേക്കായി പ്രത്യേകം കൂടുന്ന ഒരു സഭയിൽ വെച്ചു ഒരു ആളെ അവരുടെ സെക്രട്ടറിയായി നിശ്ചയിക്കയും അപ്രകാരം അങ്ങിനെയുള്ള ഒരു സഭയിൽവെച്ചും അപ്രകാരം തന്നെയുള്ള അംഗീകാരത്തിന്നുൾപ്പെട്ടും അങ്ങിനെ നിശ്ചയിക്കപ്പെട്ട വല്ല ആളെയും നീക്കുകയും ചെയ്യും. ആ വക ആളെ നീക്കണമെന്നു നമ്മുടെ ഗവർമെന്റു വല്ലപ്പോഴും ആവശ്യപ്പെട്ടാൽ അങ്ങിനെ ചെയ്കയും വേണം.

നമ്മുടെ ഗവർമെന്റിന്റെ അംഗീകാരത്തിന്നുൾപ്പെട്ടു മുൻസിപ്പൽസഭക്കു ഒരു സെക്രട്ടറിയെ നിശ്ചയിക്കാം

(൨) വരിക്കവെടിയായി ശ്രന്ന കണക്ക വർഷത്തിൽ വിചാരിച്ചാൽ ഒപ്പം ചെയ്തെ കൊല്ലത്തിൽ ശരാശരി ൧൦,൦൦൦ ഉറുപ്പിക വരവുണ്ടായിട്ടുള്ള എല്ലാ മുൻസിപ്പാലിറ്റിയേയും നമ്മുടെ ഗവർമ്മെണ്ടു ഉത്തരവുപ്രകാരം തീരുമാനിക്കുന്ന പക്ഷം അടുത്ത പിന്നത്തെ കണക്ക വർഷത്തിൽ ഒരു സെക്രട്ടരിയെ നിശ്ചയിക്കണം. ഈ വകുപ്പിലെ ആവശ്യങ്ങൾക്ക വിശേഷാവയവങ്ങൾ ഇന്നതെല്ലാമാണെന്നു നമ്മുടെ ഗവർമ്മെണ്ടു അറിയിക്കാം.

നമ്മുടെ ഗവർമ്മെണ്ടിന്റെ ഉത്തരവുപ്രകാരം ചില മുൻസിപ്പാൽ സഭകൾ സെക്രട്ടരിയെ നിശ്ചയിക്കണം

(൩) (എ) അപ്രകാരം നിശ്ചയിക്കപ്പെട്ട ആൾ അങ്ങനെ നിശ്ചയിച്ച സമയത്തു മുൻസിപ്പൽ സഭയിലെ ഒരു അംഗമാണെങ്കിൽ അയാൾ ഉദ്യോഗം സ്വീകരിച്ചു ആ സെക്രട്ടരിയായി തനിക്കുള്ള പ്രവൃത്തികളിൽ പ്രവേശിക്കുമ്പോൾ ആ അംഗമായിരിക്കുന്നതു നിന്നുപോകയും ചെയ്യും.

സെക്രട്ടരിയുടെ പ്രവൃത്തികളും അധികാരങ്ങളും

(ബി) നമ്മുടെ മുൻപിൽകൂട്ടി ഗവർമ്മെണ്ടിന്റെ അനുവാദത്തോടുകൂടി സെക്രട്ടരിക്ക മുൻസിപ്പൽ സഭ തങ്ങൾക്ക യുക്തമായി തോന്നുന്ന ശമ്പളം നിശ്ചയിക്കണം.

(സി) ഈ വകുപ്പുപ്രകാരം നിശ്ചയിക്കപ്പെടുന്ന എല്ലാ സെക്രട്ടരിയും തന്റെ സമയം മുഴുവനും മുൻസിപ്പൽ സഭവക പ്രവൃത്തിക്ക വിനിയോഗിക്കേണ്ടതും വല്ല കച്ചവടത്തിലൊ മറ്റു പ്രവൃത്തിയിലൊ പ്രവേശിച്ചു കൂടാത്തതും ആകുന്നു.

(ഡി) മുൻസിപ്പൽ ആപ്പീസിലും മുൻസിപ്പൽ നികുതി പിരിക്കുന്നതിലും ആക്കപ്പെട്ട മുൻസിപ്പൽ സഭവക ഉദ്യോഗസ്ഥന്മാരുടെ കാൎയ്യത്തിൽ ൧൪ാം വകുപ്പുപ്രകാരം തനിക്കുള്ള അധികാരങ്ങളും തന്റെ മറ്റു അധികാരങ്ങളിൽ സഭകളിൽ നടവടി നടത്തുന്നതിനെ സംബന്ധിച്ചവയൊഴികെ മുൻസിപ്പൽ സഭ തീൎച്ചപ്പെടുത്തുന്നവയും നമ്മുടെ ഗവർമ്മെണ്ടിന്റെ അംഗീകാരത്തിനു വിധേയമായി അഗ്രാസനൻ സെക്രട്ടരിക്ക ഏല്പിക്കണം.

എന്നാൽ —

(i) അഗ്രാസനൻ തന്റെ അധികാരങ്ങൾ വല്ലതുമൊ എല്ലാമൊ അങ്ങനെ ഏല്പിച്ചിരിക്കുമ്പോൾ താൻ അവ നടത്തുകയും അരുതു;

(ii) അധികാരങ്ങൾ ഒരിക്കൽ സെക്രട്ടരിക്ക ഏല്പിച്ചുപോയാൽ പിന്നെ അവ ഗവർമ്മെണ്ടു അനുവാദംകൂടാതെ മടക്കി എടുത്തു കൂടുന്നതുമല്ല.

൧൨. (൧) നമ്മുടെ ഗവർമ്മെണ്ടു വല്ല മുൻസിപ്പൽ സഭയുടെയും അപേക്ഷയിന്മേൽ വല്ല ഗവർമ്മെണ്ടു ഉദ്യോഗസ്ഥനെയും ൧൩ാം റെഗുലേഷനിലെ ആവശ്യങ്ങൾക്ക വേണ്ടി അവരുടെ കീഴിൽ പണി എടുക്കാനായി അവൎക്ക കൊടുക്കാം. ഇങ്ങിനെ പണിക്കാക്കപ്പെടുന്ന വല്ല ഗവർമ്മെണ്ടു ഉദ്യോഗസ്ഥനും ഗവർമ്മെണ്ടിന്റെ കീഴിൽ ഏതു ബ്രാഞ്ചിൽ പണി എടുത്തിരുന്നുവൊ ആ ബ്രാഞ്ചിലെ ചട്ടങ്ങൾപ്രകാരം പെൻഷൻ കിട്ടുവാൻ അൎഹതയുള്ള പക്ഷം ആ മുൻസിപ്പൽ സഭ അവൻ കൊടുക്കേണ്ടതു കൂടാതെ ആ ഉദ്യോഗസ്ഥന്റെ പെൻഷൻ വകക്ക തൽക്കാലം അതിലേക്കായി നടപ്പുള്ള ചട്ടങ്ങൾപ്രകാരം കൊടുക്കേണ്ടുന്ന വീതപ്പടി നമ്മുടെ ഗവർമ്മെണ്ടിലേക്ക അംശം കൊടുക്കുകയും വേണം.

മുൻസിപ്പൽ സഭയുടെ കീഴിൽ പണി എടുക്കുന്ന ഗവർമ്മെണ്ടു ഉദ്യോഗസ്ഥന്മാർ.

(൨) മുൻസിപ്പൽ സഭയുടെ കീഴിൽ ഉദ്യോഗത്തിൽ ഇരിക്കെ, ആ വക ഉദ്യോഗസ്ഥൻ എങ്കിലും ആ മുൻസിപ്പൽ സഭയുടെ മറ്റു യാതൊരു ഉദ്യോഗസ്ഥൻ എങ്കിലും ഗവർമ്മെണ്ടിന്നു വേണ്ടി വല്ല പണിയും ചെയ്യുന്നു എങ്കിൽ, നമ്മുടെ ഗവർമ്മെണ്ടു ആ ഉദ്യോഗസ്ഥന്റെ ശമ്പളത്തിൽ ആ പണിയുടെ അവസ്ഥക്ക ശരിയായിട്ടുള്ളതെന്നു താൻ വിചാരിക്കുന്നേടത്തോളം സംഖ്യ ആ മുൻസിപ്പൽ സഭയിലേക്ക അംശം കൊടുക്കുകയും വേണം.

ആ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വകക്ക അംശം കൊടുക്കൽ.

(൩) മുൻസിപ്പൽ സഭയാൽ ൧൨ാം വകുപ്പിൻപടി ഉദ്യോഗത്തിന്നാക്കപ്പെടുന്ന യാതൊരു ഗവർമ്മെണ്ടു ഉദ്യോഗസ്ഥനെയും, നമ്മുടെ ഗവർമ്മെണ്ടിന്റെ സമ്മതം കൂടാതെയോ, അല്ലെങ്കിൽ ആയാളെ മാറ്റുവാൻ പോകുന്ന വിവരത്തിന്നു ഗവർമ്മെണ്ടിന്റെ കീഴിൽ ആ ഉദ്യോഗസ്ഥൻ ചേൎന്നിരിക്കുന്ന ബ്രാഞ്ചിലെ പ്രധാന മേലന്വേഷണാധികാരസ്ഥലേക്ക എഴുത്തുമൂലമായി മുൻകൂട്ടി മൂന്നു മാസത്തെ അറിയിപ്പു കൊടുക്കാതെയൊ, ആ പണിയിൽ നിന്നു മാറ്റുവാൻ പാടുള്ളതും അല്ല

ആ വക ഉദ്യോഗസ്ഥന്മാരെ നീക്കൽ.

ആവക ഉദ്യോഗസ്ഥന്മാരെ മടക്കി വിളിക്കൽ.

(൩) മുൻസിപ്പൽ സഭയുടെ കീഴിൽ പണിക്കാക്കപ്പെട്ടിരിക്കുന്ന യാതൊരു ഗവർമ്മെണ്ട ഉദ്യോഗസ്ഥനെയും, അയാളെ മടക്കി വിളിക്കാൻ പോകുന്ന വിവരത്തിനു നമ്മുടെ ഗവർമ്മെണ്ട ആ മുൻസിപ്പൽ സഭയിലേക്ക എഴുത്തുമൂലമായി മൂന്നു മാസത്തെ അറിയിപ്പു കൊടുക്കാത്ത പക്ഷമൊ കൊടുക്കും മുമ്പായൊ അല്ലെങ്കിൽ മടക്കി വിളിക്കപ്പെടുവാൻ പോകുന്ന ഉദ്യോഗസ്ഥനു പകരം വല്ല ഗവർമ്മെണ്ട ഉദ്യോഗസ്ഥനെയും നിയമിക്കാത്ത പക്ഷമൊ (അടിയന്തിര കാര്യങ്ങളിൽ അല്ലാതെ) ആ സഭയുടെ ഉദ്യോഗത്തിൽ നിന്നു അവരുടെ സമ്മതം കൂടാതെ മടക്കി വിളിക്കാൻ പാടുള്ളതും അല്ല.

മുൻസിപ്പാൽ ഉദ്യോഗത്തിലുള്ള ഗവർമ്മെണ്ട ഉദ്യോഗസ്ഥന്മാരുടെ അവകാശങ്ങൾ.

(൪) മുൻസിപ്പാൽ സഭകളുടെ കീഴിൽ പണിക്കാക്കപ്പെട്ടിരിക്കുന്ന ഗവർമ്മെണ്ട ഉദ്യോഗസ്ഥന്മാർക്ക തങ്ങൾ ജനാൽ അഡ്മിനിസ്ത്രേഷൻ വക ഏതു ഡിപ്പാർട്ടുമെണ്ടിൽ ഉൾപ്പെട്ടുന്നുവൊ ആ ഡിപ്പാർട്ടുമെണ്ടിനെ സംബന്ധിക്കുന്ന റെഗുലെഷൻ പ്രകാരം അവധിക്കും മറ്റു അവകാശങ്ങൾക്കും അർഹതയുള്ളതാകുന്നു.

മുൻസിപ്പാൽ ഉദ്യോഗസ്ഥന്മാരും മറ്റും തിരുവിതാംകോട്ടു ശിക്ഷാനിയമപ്രകാരം സർക്കാരുദ്യോഗസ്ഥന്മാരായിരിക്കും.

൪൨. എല്ലാ മുൻസിപ്പൽ ഉദ്യോഗസ്ഥനെയും, മുൻസിപ്പൽ സഭയിലേക്ക അടയ്ക്കേണ്ടതായ വല്ല നികുതിയൊ ചുങ്കമൊ മറ്റു സംഖ്യയൊ പിരിക്കുന്നതു ഏല്പിക്കപ്പെട്ട എല്ലാ കരാറുകാരനെയും, കാര്യസ്ഥനെയും, ആ നികുതിയൊ ചുങ്കമൊ മറ്റു സംഖ്യയൊ പിരിക്കുന്ന പണിയിൽ ആക്കിയിരിക്കുന്ന എല്ലാ ആളെയും, തിരുവിതാംകോട്ടു ശിക്ഷാനിയമത്തിലെ അർത്ഥത്തിൽപെട്ട ഒരു സർക്കാരുദ്യോഗസ്ഥനായി വിചാരിക്കേണ്ടതും ആകുന്നു.

അഗ്രാസനാൻ നമ്മുടെ ഗവർമ്മെണ്ട നിശ്ചയിച്ച ചട്ടങ്ങൾക്കനുസരിച്ചു ഉദ്യോഗസ്ഥന്മാരെ നിശ്ചയിക്കുന്നമെന്നു.

൪൩. (൧) അഗ്രാസനാൻ, നമ്മുടെ ഗവർമ്മെണ്ട നിയമിക്കുന്ന ചട്ടങ്ങൾക്കനുസരിച്ചു മെൽപറഞ്ഞ പൊലെ ചട്ടംകെട്ടിയിരിക്കുന്ന സ്ഥിര ഉദ്യോഗസ്ഥന്മാരെ നിശ്ചയിക്കേണ്ടതും, ആവക സ്ഥിര ഉദ്യോഗസ്ഥന്മാർക്ക മെൽപറഞ്ഞ പൊലെ നിശ്ചയിക്കുന്ന ശമ്പളങ്ങൾ മുനസിപ്പാൽ ഫണ്ടിൽ നിന്നു കൊടുക്കേണ്ടതും ആകുന്നു.

അടിയന്തിര കാര്യങ്ങളിൽ തൽക്കാല ഉദ്യോഗസ്ഥന്മാരെ നിശ്ചയിക്കൽ.

(൨) അടിയന്തിര കാര്യങ്ങളിൽ അഗ്രാസനാൻ തന്റെ അഭിപ്രായത്തിൽ ഈ റെഗുലെഷനിലെ ആവശ്യങ്ങൾക്ക വെണമെന്നു വിചാരിക്കുന്ന തൽകാല ഉദ്യോഗസ്ഥന്മാരെ കൂടി നിശ്ചയിക്കാവുന്നതും അടിയന്തിര കാര്യത്തിനു വെണ്ടി വരുമ്പൊലെ നിശ്ചയിച്ച ആവക തൽകാല ഉദ്യോഗസ്ഥന്മാരുടെ ശമ്പളങ്ങൾ മുൻസിപ്പാൽ ഫണ്ടിൽ നിന്നു കൊടുക്കേണമെന്നു ആജ്ഞാപിക്കാവുന്നതും ആകുന്നു.

എന്നാൽ—

(i) വല്ല പ്രത്യെക പ്രവൃത്തിക്കും തൽക്കാല ഉദ്യോഗസ്ഥന്മാരെ വെക്കുന്നതു വിരോധിക്കുന്നതായി മുൻസിപ്പാൽ സഭയുടെ വല്ല ആജ്ഞക്കും എതിരായി അയാൾ ഈ വകുപ്പു പ്രകാരം പ്രവർത്തിക്കരുതു;

(ii) ഈ ഉപവകുപ്പു പ്രകാരം ചെയ്യുന്ന എല്ലാ നിശ്ചയത്തെയും പറ്റി മുൻസിപ്പൽ സഭ പിന്നെ ഒന്നാമതു കൂടുമ്പോൾ അതിൽ വെച്ചു വിവരം അറിയിക്കുകയും വെണം;

അഗ്രാസനാൻ ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കാം.

(൩) അഗ്രാസനാൻ, ൩൬-ാം വകുപ്പു ൩-ാം ഉപവകുപ്പിലെ നിബന്ധനക്കും നമ്മുടെ ഗവർമ്മെണ്ട അതാതു സമയം നിയമിക്കുന്ന മെലധികാരത്തിനും അനുസരിച്ചു, ആവക ഉദ്യോഗസ്ഥന്മാരിൽ വല്ലവർക്കും പിഴ വിധിക്കുകയും വല്ലവരെയും സസ്പെണ്ട ചെയ്യുകയും നീക്കുകയും മാറ്റുകയും അവർക്ക പകരം വെറെ ആളുകളെ വെക്കുകയും ആകാം.

ഉദ്യോഗങ്ങൾ, ശമ്പളങ്ങൾ മുതലായവയുടെ കാര്യത്തിൽ ചട്ടങ്ങൾ.

൪൪. മുൻസിപ്പൽ സഭ ഓരൊ സമയം നടക്കുമ്പോൾ ആ സഭയുടെ ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ താഴെ പറയുന്ന സംഗതികളെ പറ്റി ഈ റെഗുലെഷനും നമ്മുടെ ഗവർമ്മെണ്ട ഉണ്ടാക്കുന്ന വല്ല ചട്ടങ്ങൾക്കും യോജിപ്പായി അതാതു സമയം ചട്ടങ്ങൾ ഉണ്ടാക്കാം—

(i) തങ്ങളുടെ പ്രവൃത്തികൾ ശരിയായി ചെയ്യുമെന്നുള്ള ഉറപ്പിലെക്ക ജാമ്യം കൊടുക്കെണ്ടുന്ന ഉദ്യോഗസ്ഥന്മാരെയും;

(ii) ആ ജാമ്യ സംഖ്യയെയും;

(iii) ഉദ്യോഗസ്ഥന്മാൎക്ക അവധി കൊടുക്കലിനെയും അവൎക്ക പകരം പണിനൊക്കുന്നവൎക്ക കൊടുക്കെണ്ടും ശമ്പളങ്ങളെയും;

(iv) എല്ലാ ഉദ്യോഗസ്ഥന്മാൎക്കും ഉദ്യോഗം ചെയ്യെണ്ടുന്ന കാലത്തെയും;

(v) ആ ഉദ്യോഗസ്ഥന്മാൎക്കൊ അവരിൽ ആൎക്കെങ്കിലുമൊ പിരിയുമ്പൊൾ അടുത്തുണൊ ഇനാമൊ ദയാന്യായ സംഖ്യയൊ കിട്ടെണ്ടതിന്നുള്ള നിശ്ചയങ്ങളെയും;

(vi) ആവക വല്ല അടുത്തൂണൊ ഇനാമൊ ദയാന്യായ സംഖ്യയൊ വല്ലതും ഉണ്ടെങ്കിൽ അതിന്റെ സംഖ്യയെയും;

(vii) ആ വക ഉദ്യോഗസ്ഥന്മാർ പെൻഷ്യൻ നിധിയൊ മുൻജാഗ്രത നിധിയൊ സ്ഥാപിക്കലിനെയും;

(viii) ആ പെൻഷ്യൻ നിധിക്കൊ മുൻജാഗ്രത നിധിക്കൊ ആയി മുൻസിപ്പാൽ ഫണ്ടിൽ നിന്ന അംശം കൊടുക്കാനുള്ള നിരക്കുകളെയും നിശ്ചയങ്ങളെയും പററി.

എന്നാൽ (iii) (v) (vi) (vii) (viii) ഈ ഖണ്ഡങ്ങളിൽ പറഞ്ഞ സംഗതികളെപ്പററിയുള്ള യാതൊരു ചട്ടങ്ങളും നമ്മുടെ ഗവൎമ്മെണ്ട സ്ഥിരപ്പെടുത്തുന്നതുവരെ പ്രബലപ്പെടുന്നതും അല്ല.

൭. മുൻസിപ്പൽ കരാറുകൾ.

കരാർ ചെയ്യാനുള്ള അധികാരം

൬൩. (൧) ഒരു മുൻസിപ്പാൽ സഭ, ൨൦൦ ഉറുപ്പികയിൽ കവിയാത്ത വിലക്കൊ സംഖ്യക്കൊ ഉള്ള വല്ല കരാറും തങ്ങൾക്ക വെണ്ടി ചെയ്യാനുള്ള അധികാരം അഗ്രാസനന്നൊ തങ്ങളുടെ ഇടയിൽ ഒന്നൊ അധികമൊ സഭക്കാർ ചെൎന്ന ഉപസഭയ്ക്കൊ കൊടുക്കാം.

ഒരു സഭക്കൂട്ടത്തിങ്കൽ വെച്ചു അനുവാദം വാങ്ങെണ്ടുന്ന ചില കരാറുകൾ.

(൨) ൨൦൦ ഉറുപ്പികയിൽ കവിഞ്ഞ വിലക്കൊ സംഖ്യക്കൊ ഉള്ള ഒരു കരാറിന്റെ കാൎയ്യത്തിൽ, ആയതു ചെയ്യുംമുമ്പെ അതിന്ന മുൻസിപ്പൽ സഭയുടെ അനുവാദം ഒരു സഭായൊഗത്തിൽ വെച്ചു വാങ്ങുകയും വെണം.

ഗവൎമ്മെണ്ട നിശ്ചയിച്ച ആളുകൾ കരാറുകൾ ചെയ്യാനുള്ള അധികാരങ്ങൾ.

(൩) മുമ്പിലത്തെ രണ്ടു ഉപവകുപ്പുകളിൽ എന്തുതന്നെ പറഞ്ഞിരുന്നാലും ഒരു മുൻസിപ്പൽ സഭക്കവെണ്ടി വല്ല പണിയും ചെയ്യിക്കാൻ നമ്മുടെ ഗവൎമ്മെണ്ട നിശ്ചയിച്ച വല്ല ആളും ആ പണിക്ക നിക്കിവെച്ച സംഖ്യവരെ ആ പണി ചെയ്യിക്കാൻ ആവശ്യമുള്ള കരാറുകൾ നമ്മുടെ ഗവൎമ്മെണ്ട നിൎണ്ണയിക്കുന്ന മെൽവിചാരണകൾക്കുൾപ്പെട്ട ചെയ്യാകുന്നതും അപ്രകാരം നിശ്ചയിക്കപ്പെട്ട ആൾക്ക മെല്പടി കാൎയ്യത്തിന്ന വെണ്ടി വരുന്ന സംഖ്യകൾ മെല്പറഞ്ഞതുവരെ മുൻസിപ്പൽ സഭ കൊടുക്കെണ്ടതും ആകുന്നു.

കരാറുകൾ ചെയ്യെണ്ടുന്ന വിധം.

൬൪. (൧) ൫൦ ഉറുപ്പികയിൽ കവിഞ്ഞ വിലക്കൊ സംഖ്യക്കൊ ഒരു മുൻസിപ്പൽ സഭയാകട്ടെ ആ സഭക്കവെണ്ടിയാകട്ടെ ചെയ്യുന്ന എല്ലാ കരാറും എഴുത്തുമൂലമായിരിക്കെണ്ടതും, അതിൽ ൬൩-ാം വകുപ്പു ൩-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ചെയ്ത കരാറുകൾ അല്ലാത്ത പക്ഷം രണ്ടു മുൻസിപ്പൽ സഭക്കാർ ഒപ്പിട്ടിരിക്കെണ്ടതും അവരിൽ ഒരാൾ അഗ്രാസനനൊ രണ്ടാം അഗ്രാസനനൊ ആയിരിക്കെണ്ടതും ആകുന്നു.

വെറെ പ്രകാരം ചെയ്യുന്ന കരാർ ബാധകമല്ല

(൨) ഈ വകുപ്പിലെയും ഇതിന്നുടനെ മുമ്പത്തെ വകുപ്പിലെയും നിബന്ധനകൾക്ക യൊജിപ്പില്ലാതെ എഴുതി കൊടുക്കുന്നെയൊ ചെയ്യുന്നെയൊ ഒരു കരാർ മുൻസിപ്പൽ സഭയുടെ മെൽ ബാധകമായിരിക്കുന്നതും അല്ല.

കരാറുകൾക്ക യാതൊരു മുൻസിപ്പൽ സഭക്കാരനും താൻ തന്നെ ബാദ്ധ്യസ്ഥനാകയില്ല.

൬൫. മുൻസിപ്പൽ സഭയാകട്ടെ ആ സഭക്കവെണ്ടിയാകട്ടെ ചെയ്യുന്ന കരാറിന്റെ കാൎയ്യത്തിലെങ്കിലും ചിലവിന്നെങ്കിലും, യാതൊരു മുൻസിപ്പൽ സഭക്കാരനും താൻ തന്നെ ഉത്തരവാദിയായിരിക്കയില്ല, എന്നാൽ മെൽപ്രകാരം ന്യായമായി ചെയ്ത എല്ലാ കരാറുകൾക്കും ചിലവുകൾക്കും അപ്പപ്പൊൾ മുൻസിപ്പൽ സഭയുടെ കൈവശമുള്ള ഫണ്ടിൽ നിന്ന പണം കൊടുത്തു ചിലവു എഴുതുകയും വെണം.

൩ാം അദ്ധ്യായം.

നികുതികളും ചുങ്കങ്ങളും അതുകളും പിരിക്കേണ്ടും വിധവും.

നികുതികളും ചുങ്കങ്ങളും വസൂൽ.

൩൬. ഈ റെഗുലേഷന്റെ ആവശ്യങ്ങൾക്കു വേണ്ടി വസൂലാക്കുന്ന നികുതികളും ചുങ്കങ്ങളും ഏതെല്ലാം എന്നാൽ—

(i) എ പട്ടികയിൽ പറഞ്ഞിരിക്കുന്ന നിരക്കുകൾ പ്രകാരം സ്വത്തുടമസ്ഥന്മാരും, തൊഴിലുകൾ, വ്യാപാരങ്ങൾ, വേലകൾ, ഇവകളിന്മേലും ഉദ്യോഗങ്ങൾ, പണികൾ, ഇവകളിന്മേലും കൊല്ലന്തോറും ഒരു നികുതി;

(ii) കൊല്ലന്തോറും പുരകളിന്മേലൊ നിലങ്ങളിന്മേലൊ രണ്ടിന്മേലും കൂടിയൊ ഇതിന്നു വഴിയെ നിയമിച്ച പ്രകാരം കണക്കാക്കുന്ന ഒരു നികുതി;

(iii) കൊല്ലന്തോറും പുരകളിന്മേലൊ നിലങ്ങളിന്മേലൊ രണ്ടിന്മേലും കൂടിയൊ ഇതിന്നു വഴിയെ നിശ്ചയിച്ച പ്രകാരം കണക്കാക്കുന്ന ജലനികുതിയും നീരൊഴുക്കു നികുതിയും;

(iv) യാതൊരു സംഗതിയിലും ബി പട്ടികയിൽ പറഞ്ഞിരിക്കുന്നതിൽ കവിയാത്ത നിരക്കുകൾ പ്രകാരം വില്ലുള്ള വണ്ടികളിന്മേലും പല്ലക്കുകളിന്മേലും മൃഗങ്ങളിന്മേലും ആറാറു മാസം കൂടുമ്പോൾ ഒരു നികുതി;

(v) കട്ടവണ്ടി മുതലായ വില്ലില്ലാത്ത വണ്ടികൾക്കു, വണ്ടി ഒന്നുക്കു ഓരൊ ആറു മാസത്തിന്നു രണ്ടുറുപ്പികയിൽ കവിയാത്ത ഒരു നിരക്കു പ്രകാരം, ആറാറു മാസം കൂടുമ്പോൾ ഒരു നികുതി;

(vi) മുൻസിപ്പൽ അതിരുകൾക്കുള്ളിൽ കടക്കുന്ന വണ്ടികളിന്മേലും മൃഗങ്ങളിന്മേലും യാതൊരു സംഗതിയിലും (ഡി) പട്ടികയിൽ പറഞ്ഞിരിക്കുന്നതിൽ കവിയാത്ത നിരക്കുകൾ പ്രകാരം ചുങ്കങ്ങൾ;

(vii) വല്ല ആളുടെയും സ്വന്തം വക സ്വത്തു ശമ്പളക്കാരും ഗൃഹവൃത്തി ചെയ്യുന്ന പുരുഷന്മാരായുള്ള പണിക്കാർക്കു, ആളുക ഓരൊ പണിക്കാരന്നു മാസം രണ്ടുറുപ്പികയിൽ കവിയാത്ത ഒരു നിരക്കു പ്രകാരം, മാസന്തോറും ഒരു നികുതി.

ജല നികുതിയും നീരൊഴുക്കു നികുതിയും പിരിക്കുന്ന കാര്യത്തിൽ കണക്കും.

എന്നാൽ ജല നികുതിയും നീരൊഴുക്കു നികുതിയും ഇതിന്നു മുമ്പെ ഉണ്ടാക്കിയതൊ മേലിൽ ഉണ്ടാക്കുന്നതൊ ആയ ജലശേഖരിപ്പു പണികൾ എങ്കിലും നീരൊഴുക്കു പണികൾ എങ്കിലും ഉണ്ടാക്കുന്നതൊ രക്ഷിക്കുന്നതൊ കെട്ടി ഇടുക്കുന്നതൊ വലുതാക്കുന്നതൊ ഭംഗി വരുത്തുന്നതൊ സംബന്ധമായുള്ള ചിലവുകൾക്കു മുൻസിപ്പൽ സഭക്കു മുതൽ ഉണ്ടാക്കുവാൻ കഴിയുന്നതിന്നായിക്കൊണ്ടു മാത്രം പിരിക്കേണ്ടതും ആവക നികുതിയിൽ നിന്നുള്ള വരവു മെല്ലടി ചിലവുകൾ കൊടുത്തു തീർപ്പാൻ മാത്രം ഉപയോഗിക്കേണ്ടതും ആകുന്നു

പണിക്കാർക്കുള്ള നികുതി പിരിക്കുന്ന കാര്യത്തിൽ കണക്കും.

അത്രയുമല്ല, പണിക്കാർക്കുള്ള നികുതി മുൻസിപ്പാലിട്ടികളായ സ്ഥലപ്രദേശങ്ങളിൽ മാത്രമെ പിരിപ്പാൻ പാടുള്ളു.

മുൻസിപ്പൽസഭ മെല്പറഞ്ഞ വല്ല വകയിലും നിന്നു മുതൽ ഉണ്ടാക്കാം.

൩൭. മുൻസിപ്പൽ സഭ ഈ റെഗുലേഷന്റെ ആവശ്യങ്ങൾക്കു വേണ്ടുന്ന പ്രകാരം ഈ റെഗുലേഷനിൽ കാണിച്ചതിൽ കവിയാത്ത ഒരു നിരക്കപ്രകാരമൊ നിരക്കുകൾ പ്രകാരമൊ മെല്പറഞ്ഞ എല്ലാ മാർഗ്ഗങ്ങളിൽ നിന്നാകട്ടെ അതുകളിൽ ഏതെങ്കിലും ഒന്നൊ അധികമൊ മാർഗ്ഗങ്ങളിൽ നിന്നാകട്ടെ ശേഖരിക്കാൻ, തങ്ങൾ കൂടുന്ന ഒരു സഭയിങ്കൽ വെച്ചു നമ്മുടെ ഗവൎമ്മെണ്ടിന്റെ അംഗീകാരത്തോടുകൂടി, അതാതു സമയം നിശ്ചയിക്കാം.

നമ്മുടെ ഗവൎമ്മെണ്ടു നികുതികൾ പിരിപ്പാൻ വിധിക്കാം.

൩൮. ഈ റെഗുലേഷന്റെ ആവശ്യങ്ങൾക്കു വേണ്ടുന്ന മുതലുകൾ മെല്പറഞ്ഞ എല്ലാ മാർഗ്ഗങ്ങളിൽ നിന്നൊ, അതുകളിൽ ഏതെങ്കിലും ഒന്നൊ അധികമൊ മാർഗ്ഗങ്ങളിൽ നിന്നൊ, വല്ല മുൻസിപ്പാലിട്ടിയിലും ശേഖരിച്ചുണ്ടാക്കുന്നതു യുക്തമെന്നു നമ്മുടെ ഗവൎമ്മെണ്ടിന്നു എപ്പോഴെങ്കിലും തോന്നിയാൽ അപ്രകാരം പിരിപ്പാൻ ആജ്ഞാപിക്കുന്ന ഒരു ഉത്തരവു കിട്ടിയതിന്റെ ശേഷം ഒരു മാസത്തിന്നുള്ളിൽ ആ മുൻസിപ്പൽ സഭ അതിന്നു വിപരീതമായുള്ള കാരണം കാണിക്കാത്ത പക്ഷം, നമ്മുടെ ഗവൎമ്മെണ്ടു ഈ റെഗുലേഷനാൽ അധികാരപ്പെടുത്തിയിരിക്കുന്ന നിരക്കുകളിൽ കവിയാത്ത വല്ല നിരക്കു

പ്രകാരമൊ നിരക്കകം പ്രകാരമൊ ആ നികുതികളൊ ചുങ്കങ്ങളൊ വസൂലാക്കുവാനായി ആ മുൻസിപ്പാലിട്ടിയിലെ മുൻസിപ്പൽ സഭയൊട്ട ആജ്ഞാപിക്കാം. ആ മുൻസിപ്പൽ സഭ നമ്മുടെ ഗവൎമ്മെണ്ടിന്റെ ബൊദ്ധ്യമാകത്തക്കവണ്ണം മെല്പറഞ്ഞ അവധിക്കുള്ളിൽ കാരണം കാണിക്കാഞ്ഞാൽ, ആ മുൻസിപ്പാലിട്ടിയിൽ അപ്രകാരം വസൂലാക്കുവാൻ ആജ്ഞാപിക്കപ്പെട്ട നികുതികളും ചുങ്കങ്ങളും, അതുകൾ വസൂലാക്കുവാൻ നമ്മുടെ ഗവൎമ്മെണ്ടിന്റെ അംഗീകാരത്തൊടുകൂടി ആ മുൻസിപ്പാൽ സഭ തന്നെ നിശ്ചയിച്ചതായിരുന്നാൽ ഏതു പ്രകാരമൊ, അപ്രകാരം വസൂലാക്കെണ്ടതും ആകുന്നു.

ആജ്ഞയെ ഭെദപ്പെടുത്തുകയൊ ദുൎബ്ബലമാക്കുകയൊ ചെയ്യാം.

എന്നാൽ ആ ആജ്ഞയെ അതാതു സമയം ദുൎബ്ബലപ്പെടുത്തുകയൊ ഭെദപ്പെടുത്തുകയൊ ചെയ്യുന്നതു നമ്മുടെ ഗവൎമ്മെണ്ടിന്റെ ന്യായമായിരിക്കുകയും ചെയ്യും.

മുൻസിപ്പാൽസഭ നികുതിയും മററും പിരിക്കുമെന്നു അറിയിക്കുന്ന പരസ്യംതയാക്കണം.

൩൨. നമ്മുടെ ഗവൎമ്മെണ്ടിന്റെ അംഗീകാരത്തൊടുകൂടി മുൻസിപ്പൽ സഭ വല്ല നികുതിയൊ ചുങ്കങ്ങളൊ പിരിക്കാൻ നിശ്ചയിക്കുമ്പൊൾ, ആ നികുതിയൊ ചുങ്കങ്ങളൊ പിരിക്കുന്ന നിരക്കു കാട്ടിയും, ആ നികുതിയൊ ചുങ്കങ്ങളൊ ഇന്ന ഒരു തീയതി മുതൽക്കു പിരിക്കുമെന്നു ആ മുൻസിപ്പാലിട്ടിയിലെ നിവാസികളെ അറിയിച്ചും; ആ സഭ ഉടനെ ഒരു പരസ്യം ഗവൎമ്മെണ്ടു ഗസെററിൽ പ്രസിദ്ധപ്പെടുത്തുകയും അതു തമുക്കടിച്ചു അറിയിക്കുകയും വെണം. അതിന്റെ ശെഷം ആ നികുതിയൊ ചുങ്കങ്ങളൊ, ആ പരസ്യം ഭെദപ്പെടുത്തുകയൊ ദുൎബ്ബലമാക്കുകയൊ ചെയ്യുന്ന കാലം വരെക്കും, ഇതിനു വഴിയെ നിയമിച്ച വിധത്തിൽ പിരിക്കുകയും വെണം.

പരസ്യം ദുൎബ്ബലപ്പെടുത്തുന്നതുവരെ നികുതിയും മററും പിരിക്കണം.

നികുതി അടയ്ക്കാൻ കഴിയാത്തവരെ ഒഴിവാക്കൽ.

൩൩. ഈ റെഗുലെഷൻപ്രകാരം ഉള്ള വല്ല നികുതിയും ദാരിദ്ര്യം ഹെതുവാൽ അടയ്ക്കാൻ കഴിയാത്തവരാണെന്നു മുൻസിപ്പൽ സഭയുടെ അഭിപ്രായത്തിൽ കാണപ്പെടുന്ന യാതൊരാളെയും ആ സഭ തങ്ങൾ കൂടുന്ന ഒരു സഭയിൽവെച്ചു ആ നികുതി അടയ്ക്കുന്നതിൽ നിന്നു മുഴുവനമായൊ ഏതാനുമായൊ ഒഴിച്ചുവിടുകയും ആ സഭ നമ്മുടെ ഗവൎമ്മെണ്ടിന്റെ അംഗീകാരത്തൊടുകൂടി അതുപൊലെതന്നെ വല്ല ഇനം ജനങ്ങളെയും ഒഴിച്ചുകളകയും ചെയ്യാം.

അഗ്രാസനൻ നികുതി പുസ്തകങ്ങൾ ഉണ്ടാക്കി വെക്കണമെന്നു.

൩൪. (ക) ഈ റെഗുലെഷൻപ്രകാരം നികുതിക്കുൾപ്പെടുന്ന ആളുകളുടെയും മുതലുകളുടെയും വിവരം കാണിക്കുന്ന നികുതിപുസ്തകങ്ങൾ അഗ്രാസനൻ വെവ്വെറെ ഉണ്ടാക്കി വെക്കണം.

സൎക്കാർ നികുതിപുസ്തകങ്ങളെ ഭെദപ്പെടുത്തുവാൻ അഗ്രാസനനൊടു ആജ്ഞാപിക്കാം.

(ഖ) വല്ല ആൾക്കൊ മുതലിന്നൊ നികുതി തെറ്റികെട്ടിയിരിക്കുന്നു എന്നൊ അല്ലെങ്കിൽ വല്ല ആളെയൊ മുതലിനെയൊ അവിഹിതമായി നികുതിപുസ്തകങ്ങളിൽ നിന്നു വിട്ടുകളഞ്ഞിരിക്കുന്നു എന്നൊ എപ്പൊൾ എങ്കിലും മുൻസിപ്പൽ സഭക്കു തൊന്നിയാൽ അവർ തങ്ങൾക്കു നീതി എന്നു തൊന്നും പ്രകാരം ആ പുസ്തകങ്ങൾ ഭെദപ്പെടുത്തുവാൻ അഗ്രാസനനൊടു ആജ്ഞാപിക്കയും;

എന്നാൽ അപ്രകാരം നികുതിപുസ്തകങ്ങൾ ഭെദപ്പെടുത്തെണ്ടതല്ലെന്നു മുൻസിപ്പൽ സഭക്കു കാരണം കാണിക്കാൻ ഒരതാതു ആൾക്കു ന്യായമായ ഒരു അവസരം കൊടുക്കാത്ത പക്ഷം അങ്ങിനെ യാതൊരു ഉത്തരവും കൊടുക്കുന്നതും അല്ല.

നികുതിപുസ്തകങ്ങളെ പരിശൊധിപ്പാൻ കമ്മിററിയെ നിയമിക്കൽ.

(ഗ) ൨ാം ഉപവകുപ്പുപ്രകാരം പ്രവൃത്തിക്കെണമൊ എന്നു തീൎച്ചയാക്കുവാനാണെങ്കിൽ മുൻസിപ്പൽ സഭ എപ്പൊഴെങ്കിലും നികുതിപുസ്തകങ്ങൾ പരിശൊധിക്കാനായിട്ടു അഗ്രാസനനും രണ്ടിൽ എറാതെ മെമ്പർമാരും കൂടിയ ഒരു കമ്മിററിയെ നിശ്ചയിക്കയും ചെയ്യാം.

അഗ്രാസനൻ തൊട്ടെണ്ടും നികുതി നിശ്ചയിക്കൽ.

൩൫. ഒരു മുൻസിപ്പൽ സഭയിലെ അഗ്രാസനൻ അടയ്ക്കെണ്ടുന്ന നികുതിയുടെ കാൎയ്യത്തിൽ മാത്രം ആ നികുതി മുൻസിപ്പാലിട്ടി കിടക്കുന്ന താലൂക്കിലെ തഹശീൽദാർ നിശ്ചയിക്കെണ്ടതും ആ നികുതി കെട്ടിയതിന്മെലുള്ള അപ്പീൽ മുൻസിപ്പൽ സഭയിൽ കൊടുക്കെണ്ടതും ആകുന്നു.

നികുതിയടച്ചതിന്നു രസീതു കൊടുക്ക

൫൩. (൧) ഒരു നികുതി അടച്ച എല്ലാ ആൾക്കും ആ അടച്ച സംഖ്യക്ക അഗ്രാസനാധിപൻ താൻ തന്നെയോ അതിലേക്കായി താൻ ക്രമപ്രകാരം അധികാരം കൊടുത്ത വല്ല ആളോ ഒപ്പിട്ട ഒരു രസീതു കൊടുക്കുകയും വേണം.

(൨) ആ രസീതിൽ—

(൧) അടയതു കൊടുത്ത തീയതിയും;

(൨) ആൎക്ക കൊടുത്തുവോ ആയാളുടെ പേരും;

(൩) അടച്ചതു ഏതു നികുതിക്കോ ആ നികുതിയും;

(൪) അടച്ചതു ഏതു കാലത്തെക്കോ ആ കാലവും,

(൫) അടയതു കൊടുത്തതു ഏതു സംഖ്യയോ ആ സംഖ്യയും വിവരമായി കാണിക്കുകയും വേണം.

൫. സൂത്രപ്പണികളിന്മേലും പ്രവൃത്തികളിന്മേലും വ്യാപാരങ്ങളിന്മേലും തൊഴിലുകളിന്മേലും നികുതി.

തൊഴിൽ നികുതി കൊടുക്കൽ.

൫൪. സൂത്രപ്പണികളിന്മേലും, പ്രവൃത്തികളിന്മേലും, വ്യാപാരങ്ങളിന്മേലും, തൊഴിലുകളിന്മേലും, ഉദ്യോഗങ്ങളിന്മേലും, പണികളിന്മേലും ഒരു നികുതി പിരിക്കുമെന്ന മുനിസിപ്പൽ സഭ ൭൨-ാം വകുപ്പുപ്രകാരം [illegible] ചെയ്യുന്നു ആ [illegible] നിശ്ചയിച്ച തീയതിക്കു ശേഷം ആ മുനിസിപ്പാലിറ്റിയിൽ [illegible] പട്ടികയിൽ വിവരിച്ചിരിക്കുന്ന സൂത്രപ്പണികളിലും പ്രവൃത്തി വ്യാപാരങ്ങളിലും തൊഴിലുകളിലും ഏതെങ്കിലും ഒന്നോ അധികമോ നടത്തുകയാകട്ടെ അതിൽ പറഞ്ഞിരിക്കുന്ന ഉദ്യോഗങ്ങളിലും പണികളിലും ഏതെങ്കിലും ഒന്നോ അധികമോ വെച്ചുകൊണ്ടിരിക്കുകയാകട്ടെ ചെയ്യുന്ന എല്ലാ ആളും അതിലേക്കായി തന്നെ ഏതു തരത്തിൽ [illegible] ആ തരക്കാർ കൊടുക്കേണ്ടതായി മേല്പറഞ്ഞ പട്ടികയിൽ കാണിച്ചിരിക്കുന്ന സംഖ്യ [illegible] ലെ നിബന്ധനകൾ അനുസരിച്ചു, അടെക്കുകയും വേണം.

അടുക്കുന്നവർ തൊഴിൽ നികുതിക്ക ഉൾപ്പെടും.

വിവരണം.— [illegible] കൊടുക്കുന്ന [illegible] ന്നെ [illegible] വകുപ്പിന്റെ അൎത്ഥപ്രകാരം ഒരു ഉദ്യോഗമോ പണി യോ വെച്ചുകൊണ്ടിരിക്കുന്ന ഒരാളായി വിചാരിക്കപ്പെടുകയും ചെയ്യും.

അഗ്രാസനാധിപൻ തരം നിശ്ചയിക്കേണ്ടതു.

൫൫. (൧) അങ്ങിനെയുള്ള ആളെ ഏതേതു തരങ്ങളിൽ ചേൎക്കണമെന്നു അഗ്രാസനാധിപൻ നിശ്ചയിക്കുകയും വേണം.

അഗ്രാസനാധിപൻ പുനരാലോചന ചെയ്യാം.

(൨) അങ്ങിനെ തരം തിരിക്കുന്നതു അഗ്രാസനാധിപൻ [illegible] പുനരാലോചന ചെയ്തു നന്നാക്കുകയും ചെയ്യാം.

നികുതി അറാ മാസം കൂടുമ്പോൾ അടെക്കണം.

൫൬. [illegible] പ്രകാരം [illegible] സംഖ്യ [illegible] മാസത്തെക്ക [illegible] അടെക്കണം. [illegible] ആറു മാസത്തിൽ [illegible] മുനിസിപ്പാലിറ്റിയിൽ ആ സൂത്രപ്പണിയോ പ്രവൃത്തിയോ വ്യാപാരമോ തൊഴിലോ നടത്തുകയാകട്ടെ, ആ ഉദ്യോഗമോ പണിയോ വെച്ചുകൊണ്ടിരിക്കുകയാകട്ടെ ചെയ്യുന്ന [illegible] അടെക്കണം.

നികുതി [illegible].

൫൭. വല്ല ആറു മാസത്തിലെ [illegible] ആറു മാസത്തെക്ക ചെല്ലേണ്ടതായ സംഖ്യ [illegible] വല്ല സൂത്രപ്പണിയോ പ്രവൃത്തിയോ [illegible] നടത്തുകയാകട്ടെ, ആ [illegible] വല്ല ഉദ്യോഗമോ പണിയോ വെച്ചുകൊണ്ടിരിക്കുകയാകട്ടെ ചെയ്യുന്ന [illegible] [illegible] ആ സംഖ്യ [illegible] അഗ്രാസനാധിപൻ [illegible] ഒരു [illegible] കൊടുക്കേണ്ടതാകുന്നു.

[illegible]

൫൮. ഒരു [illegible] ഒരു [illegible] [illegible] നികുതിക്ക [illegible] [illegible] ചെയ്യും.

പലവകകളിലും ഉൾപ്പെടുന്ന ആളുകൾക്ക ഒന്നിൽ മാത്രമെ നികുതി കെട്ടിക്കൂ.

൨൨. ഒന്നിൽ അധികം സൂത്രപ്പണികളൊ, പ്രവൃത്തികളൊ, വ്യാപാരങ്ങളൊ, തൊഴിലുകളൊ നടത്തുകയാകട്ടെ, ഒന്നിൽ അധികം ഉദ്യോഗങ്ങളൊ, പണികളൊ വെച്ചുകൊണ്ടിരിക്കുകയാകട്ടെ, ഏ പട്ടികയിൽ പറഞ്ഞിരിക്കുന്ന വക വിവരങ്ങളിലൊ തരങ്ങളിലൊ ഒന്നിൽ അധികം എണ്ണത്തിൽ ഉൾപ്പെടുകയാകട്ടെ ചെയ്യുന്ന ഒരാൾക്ക ആ എല്ലാ വകകളിൽ നിന്നും കൂടി ആയാൾക്ക കിട്ടുന്ന ഒട്ടുവരവിന്മേൽ ആ വകകളിലൊ തരങ്ങളിലൊ ഏതെങ്കിലും ഒന്നിൻപ്രകാരം നികുതി കെട്ടേണ്ടതാകുന്നു.

ഒന്നിൽ അധികം മുനിസിപ്പാലിററിയിൽ തൊഴിൽ നികുതിക്കുള്ള ബാദ്ധ്യത എത്രത്തോളം

൨൩. വല്ല ആറു മാസ കാലത്തിലും വല്ലവനും ഒന്നിൽ അധികം മുനിസിപ്പാലിററിയിൽ ആ വക വല്ല സൂത്രപ്പണിയൊ പ്രവൃത്തിയൊ വ്യാപാരമൊ തൊഴിലൊ നടത്തുകയാകട്ടെ ആ വക വല്ല ഉദ്യോഗമൊ പണിയൊ വഹിക്കുകയാകട്ടെ ചെയ്യുന്നതായാൽ അവൻ ഈ ൨൦ വകുപ്പിലെ നിയമങ്ങൾക്കുൾപ്പെട്ട ൯൮ ാം വകുപ്പുപ്രകാരം വസൂലാക്കുന്ന നികുതി ആ വക ഓരൊ മുനിസിപ്പാലിററിയിലും അടപ്പാൻ ബാദ്ധ്യസ്ഥനായിരിക്കും;

"എന്നാൽ ആ വക ഓരൊ മുനിസിപ്പാലിററിയിൽ അടക്കേണ്ടുന്ന നികുതി നിശ്ചയിക്കുന്നതു ആ മുനിസിപ്പാലിററിയിൽ നടത്തിയ പ്രവൃത്തിയിൽ നിന്നൊ വഹിച്ച ഉദ്യോഗത്തിൽ നിന്നൊ ഉണ്ടായ ആദായം നോക്കീട്ടായിരിക്കണം;

"അത്രയുമല്ല, അതെ ആറു മാസകാലത്തേക്ക മെല്പടി നികുതി വകക്ക അടക്കേണ്ടുന്ന സംഖ്യ താൻ മററു വല്ല മുനിസിപ്പാലിററിയിലും അടച്ചിരിക്കുന്നു എന്നു തെളിയിക്കുന്ന യാതൊരാളും തന്റെ പ്രവൃത്തിയൊ ഉദ്യോഗമൊ പാർപ്പിടമൊ പ്രവൃത്തി സ്ഥലമൊ മാറിയ ഹേതുവാൽ മാത്രം ആ സംഖ്യയും താൻ ഒഴിവിന്നു അവകാശപ്പെടുന്ന സംഖ്യയും തമ്മിലുള്ള അന്തരത്തിൽ അധികമായി അടപ്പാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമല്ല."

ഉടമസ്ഥന്മാരൊടും കൈവശക്കാരൊടും സൂത്രപ്പണികൾക്കും മററും നികുതിക്കുൾപ്പെടുന്ന ആളുകളുടെ പട്ടിക ആവശ്യപ്പെടുവാൻ അഗ്രാസനന്റെ അധികാരം.

൨൪. ഒരു പുരയുടെയൊ വല്ല നിലത്തിന്റെയുമൊ ഉടമസ്ഥനെങ്കിലും, ആ പുരയൊ നിലമൊ കൈവശമുള്ള എല്ലാ ആളുകളുടെയും പേരും, അവർ ഓരോരുത്തരുടെ സൂത്രപ്പണികളൊ പ്രവൃത്തികളൊ, വ്യാപാരങ്ങളൊ, ഇതും എഴുതി ആയാൾ ഒപ്പിട്ട ഒരു പട്ടിക ഇന്ന ഒരു അവധിക്കുള്ളിൽ തനിക്കയപ്പാൻ അഗ്രാസനൻ അതാതു സമയം അറിയിപ്പു മൂലം ആയാളൊടു ആവശ്യപ്പെടാം.

യജമാനന്മാരൊടും മറും തൊഴിൽ നികുതിക്കുൾപ്പെട്ട ആളുകളുടെ പട്ടികകൾ ആവശ്യപ്പെടുവാൻ അഗ്രാസനന്റെ അധികാരം.

൨൫. അതുപൊലെ തന്നെ അഗ്രാസനൻ—

(എ) വേലക്കാരുടെ എല്ലാ യജമാനനൊടും,

(ബി) പൊതുവായൊ ആരുടെയെങ്കിലും സ്വന്തമായൊ ഉള്ള ഒരു കൂട്ടുകച്ചവട യൊഗത്തിലെയൊ സംഘത്തിലെയൊ പ്രധാനി. സെക്രട്ടേരി, ഇവരിൽ ആരൊടും,

(iii) ഒരു ക്ലബ്ബിലെയൊ ഹൊട്ടേലിലെയൊ വിടുതിപ്പുരയിലെയൊ വാസഗൃഹങ്ങളിലെയൊ സെക്രട്ടരി, ഉടമസ്ഥൻ, മാനേജർ, ഇവരിൽ ആരൊടും,

അതാതു സംഗതിപൊലെ ആ യജമാനൻ പണിക്കാക്കിയിരിക്കുന്നവരൊ ആ ആഫീസിലൊ കൂട്ടു കച്ചവട യൊഗത്തിലൊ സംഘത്തിലൊ ഉദ്യോഗമുള്ളവരൊ ആ ക്ലബ്ബിലൊ ഹൊട്ടേലിലൊ വിടുതിപ്പുരയിലൊ ഗൃഹങ്ങളിലൊ പാക്കുന്നവരൊ ആയ എല്ലാ ആളുകളുടെയു പേരും അപ്രകാരം പണിക്കാക്കപ്പെട്ടവരൊ ഉദ്യോഗമുള്ളവരൊ ആയ ആളുകളിൽ ഓരോരുത്തരുടെ ശമ്പളത്തിന്റെയും അപ്രകാരം പാക്കുന്ന ആളുകളുടെ സൂത്രപ്പണികളുടെയും പ്രവൃത്തികളുടെയും വ്യാപാരങ്ങളുടെയും തൊഴിലുകളുടെയും ഉദ്യോഗങ്ങളുടെയും പണികളുടെയും വിവരവും എഴുതി ആ യജമാനനൊ പ്രധാനിയൊ സെക്രട്ടേരിയൊ ഉടമസ്ഥനൊ മാനേജരൊ ഒപ്പിട്ട ഒരു പട്ടിക ഇന്ന ഒരു അവധിക്കുള്ളിൽ തനിക്ക അയപ്പാൻ ആവശ്യപ്പെടാം. അതിന്നു പുറമെ അപ്രകാരം തന്നെ അഗ്രാസനൻ ആ വക യജമാനനൊടൊ പ്രധാനിയൊടൊ സെക്രട്ടേരിയൊടൊ ഉടമസ്ഥനൊടൊ മാനേജരൊടൊ ആയാൾ കാര്യസ്ഥനായിരിക്കുന്ന വല്ല സംഘത്തെയും പററി താൻ ൩ാം റെഗുലേഷന്റെ ആവശ്യങ്ങൾക്കായി ചോദിക്കുന്ന വിവരങ്ങൾ കൊടുപ്പാനും ആവശ്യപ്പെടുകയും ചെയ്യാം."

പുരകളിന്മെലും നിലങ്ങളിന്മെലും നികുതി.

പുരകളിന്മെലും നിലങ്ങളിന്മെലും നികുതികൾ.

"൨൬. (എ) മുൻസിപ്പാലിട്ടിയിലുള്ള പുരകളിന്മെലൊ നിലങ്ങളിന്മെലൊ രണ്ടിന്മെലും കൂടിയൊ ഒരു നികുതി വസൂലാക്കുമെന്നു മുൻസിപ്പാൽ സഭ ൯൨ ാം വകുപ്പുപ്രകാരം പരസ്യമാക്കിയാൽ അഗ്രാസനൻ എല്ലാ പുരകളിന്മെലൊ നിലങ്ങളിന്മെലൊ രണ്ടിന്മെലും കൂടിയൊ ആ നികുതി കെട്ടുകയും വെ-

ണം. എന്നാൽ (എ) ഉരുക്കൾക്ക വെളിച്ചം കാട്ടുന്ന ദീപഗൃഹങ്ങളും എറിയക്കും പായുന്നതും ഏററിറക്കു സ്ഥലങ്ങളും കടവുകളും സത്രങ്ങളും വൈദ്യശാലകളും [illegible]കളും മററു പുരകളോ നിലങ്ങളോ ആളുകൾക്ക പാർപ്പാൻ വേണ്ടിയല്ലാത്ത പൊതുജനോപകാരമായ ആവശ്യങ്ങൾക്കെങ്കിലും ധർമ്മാവശ്യങ്ങൾക്കെങ്കിലും ദൈവാരാധനാവശ്യങ്ങൾക്കെങ്കിലും ഉപയോഗിക്കുന്നവയോ അതുതന്നെ[illegible] (ബി) [illegible] സ്ഥലങ്ങളും ചുടുകാടുകളും (സി) മുനിസിപ്പാൽ സഭവക പുരകളും നിലങ്ങളും ആ വക നികുതികൾക്കുൾപ്പെടുന്നതും അല്ല.

ഒഴിവുകൾ.

"(൨) ൭൦-ം വകുപ്പു (൩)-ാം ഉപവകുപ്പിലും ൬൭-ാം വകുപ്പിലും നിയമിച്ചപ്രകാരമുള്ളതല്ലാത്ത സംഗതിയിൽ മെല്പടി നികുതി അതു കെട്ടിയ പുരകളോ നിലങ്ങളോ രണ്ടും കൂടിയോ കൊല്ലത്തിൽ എന്തു അനുഭവ വില പിടിക്കുമോ ആ വിലയിന്മേൽ യാതൊരു സംഗതിയാലും നൂററിന്നു എട്ടരയിൽ കവിയാതെ ൯൭-ാം വകുപ്പുപ്രകാരം മുനിസിപ്പാൽ സഭ പരസ്യമാക്കുന്ന നിരക്കുപ്രകാരമോ നിരക്കുകൾ പ്രകാരമോ വസൂലാക്കേണ്ടതും ആകുന്നു.

മെല്പടി നികുതികൾ പിരിക്കാനുള്ള നിരക്കുകൾ.

"(൩) (എ) പുരകൾ ഇല്ലാത്തതും തോട്ടമായോ വിനോദസ്ഥലമായോ ഉപയോഗിപ്പാനെങ്കിലും സ്വന്തം ഉപകാരത്തിന്നു വെച്ചിരിക്കുന്ന മൃഗങ്ങളെ മേക്കുവാനെങ്കിലും വല്ല പുരയോടും ചേർന്നിരിക്കുന്നതോ സംബന്ധപ്പെട്ടിരിക്കുന്നതോ അല്ലാത്തതും ആയ നിലങ്ങളുടെയും,

(ബി) നാട്ടുകാരുടെ കുടിലുകൾ ഉള്ള നിലങ്ങളുടെയും, സംഗതിയിൽ,

(൨)-ാം ഉപവകുപ്പിൽ പറഞ്ഞ നികുതിക്ക പകരമായി അഗ്രാസനൻ മുനിസിപ്പാൽ സഭയുടെ അംഗീകാരത്തിന്നും നമ്മുടെ ഗവർമ്മെണ്ടിന്റെ അനുവാദത്തിന്നും അനുസരിച്ചു ആ നിലങ്ങളിൽ ഓരോ എമ്പതു ചതുരശ്രവാരക്ക കൊല്ലത്തിൽ നാലണയിൽ കവിയാത്ത ഒരു നിരക്കപ്രകാരം ഒരു നികുതി കെട്ടുകയും ചെയ്യാം.

ചില സംഗതികളിൽ നിരക്കുകൾ വിസ്തീർണ്ണം നോക്കി നിശ്ചയിക്കാം

എന്നാൽ കൃഷിയാവശ്യങ്ങൾക്ക മാത്രമായി ഉപയോഗപ്പെടുത്തുന്ന നിലങ്ങൾക്ക ഈ ഉപവകുപ്പു പ്രകാരം യാതൊരു നികുതിയും പിരിച്ചുകൂടുന്നതുമല്ല.

(൪) നാട്ടുകാരുടെ കുടിലുകൾ ഉള്ള നിലങ്ങൾക്ക ൩-ാം ഉപവകുപ്പിലെ നിയമങ്ങൾ പ്രകാരം നികുതി കെട്ടിയിരിക്കുമ്പോൾ ആ നിലങ്ങളിൽ നില്ക്കുന്ന കുടിലുകൾക്ക ഈ വകുപ്പുപ്രകാരം യാതൊരു നികുതിയും കെട്ടേണ്ടതും അല്ല.

ആ വക സംഗതിയിൽ കുടിലുകൾക്ക നികുതി പിരിക്കരുത

(൫) കൊല്ലത്തിൽ ആറു രൂപായിൽ അധികം അനുഭവമില്ലാത്ത വല്ല പുരയുടെയോ നിലത്തിന്റെയോ ഉടമസ്ഥനു ഈ വകുപ്പുപ്രകാരം നികുതി ഉൾപ്പെടുന്ന മുതൽ വേറെ യാതൊന്നുമില്ലെങ്കിൽ ആ പുരയ്ക്കോ നിലത്തിന്നോ അഗ്രാസനൻ ൨-ാം ഉപവകുപ്പുപ്രകാരം നികുതി കെട്ടുകയും അരുതു.

കൊല്ലത്തിൽ ൬ രൂപായും അതിൽ കുറച്ചും അനുഭവമുള്ള മുതൽ ഒഴിവു

൬൭. പുരകൾക്ക അതിന്റെ കൊല്ലത്തോറുമുള്ള അനുഭവ വിലയിന്മേൽ ൬൬-ാം വകുപ്പുപ്രകാരം വസൂലാക്കേണ്ടുന്ന നികുതിക്ക പകരം ആ പുരകൾ നില്ക്കുന്ന വിസ്തീർണ്ണപ്രകാരം കണക്കാക്കുന്ന ഒരു നിരക്ക മുനിസിപ്പാലിട്ടിയുടെ വല്ല ഭാഗത്തും മുനിസിപ്പാൽ സഭ നമ്മുടെ ഗവർമ്മെണ്ടിന്റെ അനുവാദത്തോടുകൂടി നിശ്ചയിക്കാം. ഈ നിരക്ക മുനിസിപ്പാൽസഭ നമ്മുടെ ഗവൺമെണ്ടിന്റെ അംഗീകാരത്തോടുകൂടി നിർണ്ണയിക്കേണ്ടതും പുരകളുടെ കിടപ്പും തരവും പ്രകാരം ഭേദപ്പെടുത്താകുന്നതും ആകുന്നു.

പുര നിൽക്കുന്ന സ്ഥലവിസ്തീർണ്ണത്തെമേൽ കണക്കാക്കുന്ന നിരക്കുപ്രകാരം പുരനികുതി വസൂൽ

"൬൮. (൧) ൬൬, ൬൭-ാം വകുപ്പുകൾ പ്രകാരം പുരകൾക്കോ നിലങ്ങൾക്കോ കെട്ടിയ നികുതി അതിന്റെ ഉടമ പകുതി [illegible] സമകിസ്തുകളായി ആറു മാസംകൂടുമ്പോൾ അടക്കേണ്ടതാകുന്നു.

നികുതി ആറുമാസം കൂടുമ്പോൾ ഗഡുക്കളായിട്ട അടയ്ക്കണം

"(൨) ൧൧൨-ാം വകുപ്പു ൧-ാം ഉപവകുപ്പിലെ നിയമങ്ങൾ അനുസരിച്ചു വല്ല ആറുമാസത്തെ കിസ്തു ഇതിന്നു മുമ്പിലെ നിയമിച്ചപ്രകാരം അഗ്രാസനന്റെ അടുക്കൽ ഒരു പുനർവിചാരണ ഹർജി കൊടുത്തിട്ടില്ലാത്ത പക്ഷം ആ ആറുമാസാരംഭം മുതൽ മുപ്പതു ദിവസത്തിന്നുള്ളിൽ അടയ്ക്കേണ്ടതും വേണം. പുനർവിചാരണ ഹർജി കൊടുത്തിരിക്കുന്ന പക്ഷം ആ ഹർജി തീർച്ചയാക്കിയ മുതൽ പതിനഞ്ചു ദിവസംവരെ കിസ്തു താമസിപ്പിക്കാവുന്നതും ആകുന്നു."

ഗഡുവുകൾ എപ്പോൾ അടക്കേണം

പുരകളുടെയും നില ങ്ങളുടെയും കൊല്ലത്തെ വാടകയിന്റെ കണക്കാക്കുന്നു.

൯. (൧) ഒരു പുരയോ നിലമോ മാസത്തോടുകൂടിയിട്ടോ ന്യായമായി പാട്ടത്തിനു കൊടുത്താൽ കിട്ടുന്ന പാട്ടത്തിന്റെ കൊല്ലത്തോടുകൂടിയുള്ള തുക [illegible] പ്രകാരം നികുതികെട്ടുന്നതിനുവേണ്ടി ആ പുരയുടെയോ നിലത്തിന്റെയോ കൊല്ലത്തോടുകൂടിയ അനുഭവ വിലയായി വിചാരിക്കുകയും ചെയ്യും.

അനുഭവത്തിൽ യന്ത്രക്കോപ്പുകൾ ചേരുകയില്ല

(൨) ഒരു പുരയുടെയോ നിലത്തിന്റെയോ അതിന്റെ മതിപ്പിടുന്ന അനുഭവവിലയിൽ അതിലോ അതിന്മേലോ ഉള്ള വല്ല സാമാനത്തിന്റെയോ യന്ത്രങ്ങളുടെയോ വില ഉൾപ്പെടുന്നതും അല്ല.

അഗ്രാസനൻ അനുഭവങ്ങളും സംഖ്യകൾ നിർണ്ണയിക്കുകയും നികുതിപുസ്തകങ്ങളിൽ ചില വിവരങ്ങൾ ചേർക്കുകയും വേണം.

൧൦. (൧) ൯-ാം വകുപ്പുപ്രകാരമോ ൯൨-ാം വകുപ്പുപ്രകാരമോ ഒരു നികുതിവസൂലാക്കുമെന്ന മുൻസിപ്പാൽ സഭ പരസ്യം ചെയ്തിരിക്കുമ്പോൾ അഗ്രാസനൻ ആ നികുതിക്കുൾപ്പെടുന്ന സകല മുതലിനും അടയ്ക്കേണ്ടുന്ന സംഖ്യകൾ നിർണ്ണയിക്കേണം. ആ നികുതികെട്ടിയ സകല മുതലിന്റെയും വിവരം അതിൽ നികുതിപുസ്തകത്തിൽ [illegible] കള്ളികളായി

(൧) ആ മുതലുടമസ്ഥന്റെ പേരും;

(൨) കൈവശക്കാരന്റെ പേരും;

(൩) മുതലിന്നു വല്ല പേരും ഉണ്ടെങ്കിൽ അതും;

(൪) മുതൽ കിടക്കുന്ന ഖണ്ഡത്തിന്റെയും അതു കിടക്കുന്നതു വല്ല വീഥിയിലും ആണെങ്കിൽ ആ വീഥിയുടെയും പേരും അതിന്നു വല്ല സർവെ നമ്പരോ മറ്റു നമ്പരോ ഉണ്ടെങ്കിൽ ആ നമ്പരും;

(൫) ഒരാളു സംഗതിപോലെ കൊല്ലത്തിൽ ഉള്ള അനുഭവവിലയും അല്ലെങ്കിൽ അതിന്റെ വിസ്തീർണ്ണവും താവും;

(൬) ആ മുതലിന്നു കെട്ടിയിരിക്കുന്ന നികുതിസംഖ്യയും

എഴുതുകയും വേണം.

(൨) നികുതിപുസ്തകങ്ങൾ അഗ്രാസനൻ ഓരോ [illegible] കൊല്ലം കൂടുമ്പോൾ ഒരിക്കലെങ്കിലും മുഴുവനും പരിശോധിക്കേണ്ടതും വല്ല മുതലും അതിൽ ചേർത്തിട്ടോ [illegible] അല്ലെങ്കിൽ വല്ല മുതലിന്നും അടയ്ക്കേണ്ടുന്ന നികുതിസംഖ്യ തെറ്റിപ്പോയിട്ടോ അഗ്രാസനൻ എപ്പോഴെങ്കിലും [illegible] പുസ്തകങ്ങൾ തെറ്റിപ്പോയതായിരുന്നാലും അതുകൂടി.

നികുതിക്കെട്ടിയതിനു ശേഷം അപ്പോഴപ്പോഴും പരിശോധിക്കുക.

(൩) ൧-ാം ഉപവകുപ്പുപ്രകാരം ഉള്ള നികുതികെട്ടിയതും ൨-ാം ഉപവകുപ്പുപ്രകാരം നികുതിപുസ്തകങ്ങൾ പരിശോധിച്ചു പുനർവിചാരണചെയ്തതും ആയ തെറ്റപ്പെട്ടതിയതും ആ [illegible] വർഷത്തിന്നു പിൻവരുന്ന [illegible] ആരംഭത്തിൽ ൨൦-ാം വകുപ്പിലെ നിയമങ്ങൾക്കനുസരിച്ചു പ്രാബല്യപ്പെടുന്നതും ആകുന്നു.

നികുതി കെട്ടിയതും പുനർവിചാരണ ചെയ്യുന്നതും സാപ്ലാന്യമായ തീയതി

ഉടമസ്ഥന്റെയോ കൈവശക്കാരന്റെയോ പേര് [illegible] അറിയാത്ത വിവരത്തിൽ മതി.

൧൧. ഉടമസ്ഥന്റെയോ കൈവശക്കാരന്റെയോ പേര് [illegible] മില്ലാത്തപ്പോൾ, മേൽപ്പറഞ്ഞ പുസ്തകങ്ങളിലും ഈ [illegible] പ്രകാരമുള്ള വല്ല [illegible] മറ്റു [illegible] [illegible] കൂടാതെ, നികുതികെട്ടിയിരിക്കുന്ന മുതലിന്റെ ഉടമസ്ഥൻ എന്നോ, കൈവശക്കാരൻ എന്നോ, [illegible] കുറിയ്ക്കുകയും ചെയ്യും.

പുനർവിചാരണ [illegible] [illegible] [illegible]

൧൨. നികുതിപുസ്തകങ്ങൾ തയ്യാറാക്കിയ ശേഷവും അവ പരക്കെ പുനർവിചാരണചെയ്യുമ്പോഴൊക്കെയും അതു കഴിഞ്ഞ ശേഷവും അഗ്രാസനൻ [illegible] [illegible] [illegible] ഇന്ന തീയതി അവലോകിപ്പാൻ [illegible] പുസ്തകങ്ങൾ ആ പ്രകാരം തയ്യാറാക്കുകയോ പുനർവിചാരണ ചെയ്യുകയോ ചെയ്തു കഴിഞ്ഞ വർഷം കഴിയുന്നതിനു മുമ്പെ [illegible] [illegible] [illegible] [illegible] പരസ്യപ്പെടുത്തുകയും വേണം. [illegible] തീയതി [illegible] [illegible] പരസ്യപ്പെടുത്തിയതിന്റെ [illegible] പ്രസിദ്ധപ്പെടുത്തിയ [illegible] [illegible] തീയതി മുതൽ മുപ്പതു ദിവസത്തിനു കുറയാതെ കഴിഞ്ഞതിന്റെ [illegible]

ക്കേണ്ടതും ആകുന്നു. പുനർവിചാരണ ചെയ്യാൻ കൊണ്ടുവരുന്ന ഹർജികൾ മേൽപ്പടി മുപ്പതു ദിവസത്തെ അവധിക്കുള്ളിൽ കൊണ്ടുവരേണ്ടതാണെന്നു ആ നോട്ടീസിൽ കാണിക്കുകയും വേണം.

൭൨. (൧) വല്ല മുതലിന്നും അധികം നികുതി കെട്ടുന്ന [illegible] സംഗതിയിലും വല്ല മുതലിന്നും കെട്ടിയ നികുതി ആ നികുതി [illegible] നിരക്ക [illegible] അധികമാക്കിയ ഹേതുവാലല്ലാതെ [illegible] പ്രകാരം കയറുന്ന [illegible] സംഗതിയിലും ആ നികുതി കെട്ടിയതോ കയറ്റിയതോ പുനർവിചാരണ ചെയ്യാൻ തന്റെ അടുക്കൽ ബോധിപ്പിക്കുന്ന [illegible] ആലോചിക്കാൻ താൻ [illegible] ആ മുതലിന്റെ ഉടമസ്ഥന്നോ കൈവശക്കാരന്നോ അഗ്രാസനൻ പ്രത്യേക നോട്ടീസിലും അറിവു കൊടുക്കേണ്ടതും ആകുന്നു. ആ വക ഹർജികൾ ആ നോട്ടീസു നടത്തിയ തീയതി മുതൽ മുപ്പതു ദിവസത്തിന്നുള്ളിൽ കൊണ്ടുവരേണ്ടതാണെന്നു ആ നോട്ടീസിൽ കാണിക്കുകയും വേണം. മുൻപു കെട്ടിയ ഒരു നികുതി കയറ്റിയിരിക്കുന്ന സംഗതിയിൽ അങ്ങനെ കയറ്റുവാനുള്ള കാരണങ്ങൾ ചുരുക്കമായി പ്രത്യേക നോട്ടീസിൽ എഴുതുകയും വേണം.

പുനർവിചാരണയുള്ള ഹർജികൾ ആലോചിപ്പാൻ പോകുന്ന തീയതിയെപ്പറ്റി ചില സംഗതികളിൽ പ്രത്യേക നോട്ടീസ് കൊടുക്കണം.

(൨) ഈ വകുപ്പിൽ പറഞ്ഞതൊന്നും [illegible] വകുപ്പു (2)ാം ഉപവകുപ്പുപ്രകാരം മുൻസിപ്പാൽ സഭ കൊടുത്ത ഒരു ഉത്തരവു ബാധകമായിരിക്കുന്ന അളുകൾക്ക സംബന്ധിക്കുന്നതും അല്ല.

ഒഴിവു.

൭൩. ഒരു കണക്ക വർഷം കഴിയുന്നതിന്നു മുപ്പതു ദിവസത്തിൽ കുറയാത്ത ഉള്ളതിന്നു മുമ്പെ എപ്പോഴെങ്കിലും വല്ല ആളും നികുതി കെട്ടിയ മുതലിന്റെ [illegible] അനുഭവവിലക്കു [illegible] നികുതി കെട്ടിയ [illegible] നികുതി പുസ്തകങ്ങൾ ഒഴിവിൽ [illegible] പുനർവിചാരണ [illegible] കുറഞ്ഞിരിക്കുന്നു എന്നുള്ള കാരണത്തിന്മേൽ വരുന്ന കണക്ക വർഷത്തേക്ക താൻ അടക്കേണ്ടതായ നികുതി താഴ്ത്തുവാൻ പുനർവിചാരണ ഹർജി മൂലം അഗ്രാസനന്റെ അടുക്കൽ അപേക്ഷിക്കാം.

ചില ന്യായങ്ങളിന്മേൽ പുനർവിചാരണക്കുള്ള ഹർജികൾ എപ്പോഴെങ്കിലും ബോധിപ്പിക്കാം.

൭൪. പുനർവിചാരണ ചെയ്യാൻ അഗ്രാസനന്റെ അടുക്കൽ ഒരു ഹർജി കൊടുത്തിരിക്കുമ്പോൾ ഹർജികൾ ആലോചിപ്പാൻ എടുക്കുന്ന തീയതി [illegible] വകുപ്പു പ്രകാരം മുമ്പുതന്നെ പരസ്യമായി അറിയിച്ചിട്ടില്ലാത്ത പക്ഷം അഗ്രാസനൻ ഹർജിക്കാരന്നു അവന്റെ ഹർജി ഇന്ന തീയതി ആലോചിപ്പാൻ എടുക്കുമെന്നു അറിവു കൊടുക്കണം. ഹർജിക്കാരന്നു താൻതന്നെയോ അധികാരപ്പെടുത്തിയ കാര്യസ്ഥൻ മുഖാന്തരമോ ഹാജരായി അവന്റെ കാര്യം പറവാൻ ന്യായമായ ഒരു അവസരം കൊടുക്കാതെ യാതൊരു ഹർജിയും തീർച്ചയാക്കിപ്പെടുന്നതും അല്ല.

ഹർജിക്കാരന്നു കാര്യം പറവാൻ ന്യായമായ അവസരം ഉണ്ടാകുന്നു.

൭൫. (൧) പുനർവിചാരണക്കുള്ള ഒരു ഹർജി തീർച്ചയാക്കിയ ഉടനെ അഗ്രാസനൻ ആ ഹർജിയിന്മേൽ കൊടുത്ത ഉത്തരവു വാക്കാലെയോ എഴുത്തു മൂലമായോ ഹർജിക്കാരനെയെങ്കിലും അവന്റെ അധികാരപ്പെടുത്തിയ കാര്യസ്ഥനെയെങ്കിലും അറിയിക്കേണ്ടതും പുനർവിചാരണയിൽ തീർച്ചയാക്കിയ [illegible] [illegible] ദിവസത്തിന്നുള്ളിൽ അടയ്ക്കാൻ [illegible] [illegible] ക്കേണ്ടതും ആകുന്നു.

പുനർവിചാരണക്കുള്ള ഹർജികൾ തീർച്ചപ്പെടുത്തൽ.

(൨) പുനർവിചാരണയിൽ അഗ്രാസനൻ നിശ്ചയിച്ച ഉത്തരവുകൾപ്രകാരം നികുതി പുസ്തകങ്ങൾ ഭേദപ്പെടുത്തി നന്നാക്കേണ്ടതും അതു ൭൦ാം വകുപ്പു (3)ാം ഉപവകുപ്പിന്റെ അർത്ഥപ്രകാരമുള്ള ഒരു ഭേദപ്പെടുത്തലായി വിചാരിച്ചുകൂടാത്തതും ആകുന്നു.

൭൬. (൧) ഒരു അറുമാസകാലത്തിൽ തുടരെത്തുടരെയായുള്ള അറുപതു ദിവസത്തിൽ കുറയാതെ വല്ല പുരയും ഒഴിഞ്ഞു കിടന്നിരിക്കുമ്പോൾ ആ അറുമാസത്തെ [illegible] അടച്ച നികുതിയുടെ [illegible] കവിയാതെ ആ പുര ഒഴിഞ്ഞു കിടന്നിരിക്കുന്ന ദിവസങ്ങൾക്ക [illegible] പ്രകാരമുള്ള സംഖ്യ ഉടമസ്ഥൻ ബോധിപ്പിച്ചാൽ അഗ്രാസനൻ മടക്കിക്കൊടുക്കുകയും വേണം.

ഒഴിവായ പുരകളുടെ വിഷയത്തിൽ മടക്കിക്കൊടുക്കുക.

(൨) ഈ വകുപ്പുപ്രകാരം ഒരു സംഖ്യ മടക്കിക്കിട്ടുവാൻ ചെയ്യുന്ന യാതൊരു അപേക്ഷയും ആ സംഖ്യ എത്തു അറുമാസത്തെ [illegible] ആ അറുമാസത്തിന്നുള്ളിലോ പിന്നത്തെ അറുമാസത്തിന്നുള്ളിലോ ചെയ്യേണ്ടതാകുന്നു. അതിൽ പിന്നെ പാടില്ല. [illegible] ഒഴിഞ്ഞപ്പോഴോ ഒഴിഞ്ഞതിന്നടുത്തോ ആ ഒഴിവായിരിക്കുന്ന വിവരം താൻ അഗ്രാസനനെ അറിയിക്കാത്തപക്ഷം യാതൊരാൾക്കും അപ്രകാരം നികുതി മടക്കിക്കിട്ടുവാൻ അർഹത ഉണ്ടായിരിക്കയുമില്ല.

൫൮. (൧) വല്ല പുരയും ഉണ്ടാക്കുകയോ വീണ്ടും കെട്ടുകയോ വലുതാക്കുകയോ ചെയ്താൽ ആ പുര തീൎക്കുകയോ വീണ്ടും കെട്ടുകയോ വലുതാക്കുകയോ ചെയ്തതിന്റെ തീയതിയോ ആയതു ഉപയോഗിച്ചു തുടങ്ങിയ തീയതിയോ ഏതു മുമ്പെ വരുന്നുവോ ആ തീയതി മുതൽ പതിനഞ്ചു ദിവസത്തിന്നുള്ളിൽ ഉടമസ്ഥൻ ആ വിവരം അഗ്രാസനനെ അറിയിക്കണം. മെല്പടി അറിയിപ്പു കിട്ടിയശേഷം അഗ്രാസനൻ ആ പുരക്കു വസൂലാക്കേണ്ടുന്ന നികുതി കെട്ടേണ്ടതും ആ നികുതി കെട്ടിയ ആറുമാസത്തെക്കുള്ള കിസ്തു ൬൨-ാം വകുപ്പുപ്രകാരം അറിയിപ്പു നടത്തിയ മുതൽ മുപ്പതു ദിവസത്തിന്നുള്ളിലൊ അല്ലെങ്കിൽ വല്ല പുനരാലോചന ഹൎജിയും ബോധിപ്പിച്ചാൽ ആയതു ൭൦-ാം വകുപ്പുപ്രകാരം തീൎച്ചയാക്കിയ തീയതി മുതൽ പതിനഞ്ചു ദിവസത്തിന്നുള്ളിലൊ അടക്കേണ്ടതും ആകുന്നു. എന്നാൽ അപ്രകാരം ചെയ്തുതീൎക്കുകയൊ ഉപയോഗിച്ചു തുടങ്ങുകയോ ചെയ്ത തീയതി ഒരു ആറുമാസകാലത്തിലെ ഒടുവിലത്തെ രണ്ടുമാസത്തിന്നുള്ളിൽ പെടുന്നതായാൽ ആ പുരക്കു ആ ആറുമാസത്തെക്ക അതാതു സംഗതിപോലെ നികുതിയൊ ജാസ്തി നികുതിയോ വസൂലാക്കേണ്ടതും അല്ല.

പുതുതായി ഉണ്ടാക്കുകയോ വീണ്ടും ഉണ്ടാക്കുകയോ ആയ പുരകളെപ്പററി അറിയിപ്പ.

(൨) വല്ല പുരയും മുഴുവനും പൊളിക്കുകയോ നശിപ്പിക്കുകയോ ചെയ്തിരിക്കുമ്പോൾ അതിന്റെ ഉടമസ്ഥനു അപ്രകാരം പൊളിക്കുകയോ നശിപ്പിക്കുകയോ ചെയ്ത വിവരം അഗ്രാസനന്നു അറിയിപ്പു കൊടുക്കാം. ആ അറിയിപ്പു കൊടുക്കുന്നതുവരക്കും അഗ്രാസനന്റെ ബോദ്ധ്യംപോലെ ആ ഉടമസ്ഥൻ ആ പുര പൊളിക്കുകയോ നശിപ്പിക്കുകയോ ചെയ്തിട്ടില്ലാതിരുന്നാൽ അടക്കേണ്ടതായി വരുമായിരുന്ന എല്ലാ നികുതികളും അടപ്പാൻ ബാദ്ധ്യസ്ഥനായിരിക്കുകയും ചെയ്യും. മെല്പടി അറിയിപ്പു ഒരു ആറുമാസകാലത്തിലെ ആദ്യത്തെ രണ്ടുമാസത്തിന്നുള്ളിൽ കൊടുത്താൽ അതിന്നശേഷം ആ പുരക്കു യാതൊരു നികുതിയും വസൂലാക്കിക്കൂടാത്തതും ആ ആറുമാസകാലത്തെക്ക വല്ല നികുതിയും വസൂലാക്കിയിരുന്നാൽ അതു മടങ്ങിക്കൊടുക്കേണ്ടതും ആകുന്നു.

പുര നശിപ്പിച്ചിരിക്കുമ്പോൾ നികുതി വിട്ടുകൊടുക്കുകയൊ മടക്കിക്കൊടുക്കുകയോ ചെയ്യു.

ജലത്തിന്നും നീരൊട്ടിവാററിന്നും നികുതി.

൫൯. (1) പുരകളിന്മെലൊ നിലങ്ങളിന്മെലൊ രണ്ടിന്മെലും കൂടിയൊ അതിന്റെ കൊല്ലത്തിൽ ഉള്ള അനുഭവവിലയിൽ നൂററിന്നു ഇത്രപ്രകാരം ജലത്തിന്നും നീരൊട്ടി വാററുന്നതിന്നും ഒരു നികുതി വസൂലാക്കണമെന്നു ൫൯-ാം വകുപ്പുപ്രകാരം മുൻസിപ്പാൽസഭ പരസ്യമാക്കിയാൽ ആ നികുതി കെട്ടുന്ന പുരകൾക്കൊ നിലങ്ങൾക്കൊ രണ്ടിന്നുംകൂടിയൊ കൊല്ലത്തിൽ ഉള്ള അനുഭവവിലയിൽ യാതൊരു സംഗതിയിലും നൂററിന്നു എട്ടിൽ കവിയാതെ ആ പരസ്യത്തിൽ കാണിച്ചിരിക്കുന്ന നിരക്കപ്രകാരമെങ്കിലും നിരക്കുകൾപ്രകാരമെങ്കിലും ആ നികുതി വസൂലാക്കുന്നതാകുന്നു. ജലത്തിന്നും നീരൊട്ടിമാററുന്നതിന്നും ഉള്ള നികുതികളെ ൫൫, ൫൬, ൫൭, ൫൮, ൬൦, ൬൧, ൬൨, ൬൩, ൬൪, ൬൯, ൭൦, ൭൧ ഈ വകുപ്പുകളിലെ എല്ലാ പ്രമാണങ്ങളും ആവശ്യമായ ഭേദങ്ങളോടുകൂടി സംബന്ധിക്കുകയും ചെയ്യും. എന്നാൽ കൃഷിക്ക ആവശ്യങ്ങൾക്കുമാത്രമായി ഉപയോഗിക്കുന്നതും നികുതി ചുമത്തുന്ന ജലമാൎഗ്ഗപ്പണിയിൽ നിന്നൊ നീരൊട്ടപ്പണിയിൽ നിന്നൊ യാതൊരു ഗുണവും സിദ്ധിക്കാത്തതുമായ വല്ല നിലത്തിന്നും അവക യാതൊരു നികുതിയും വസൂലാക്കിക്കൂടുന്നതുമല്ല.

ജലത്തിന്നും നീരൊട്ടി വാററന്നതിന്നും ഉള്ള നികുതി വസൂൽ.

(൨) നമ്മുടെ ഗവണ്മെണ്ടു അതാതു സമയം പരസ്യമൂലം ഒരു മുനസിപ്പാലിട്ടിയുടെ വല്ല ഭാഗത്തെയും ആ ജലനികുതിയൊ അതിൽ ഏതാനും ഭാഗമൊ അടക്കുന്നതിൽ നിന്നു ഒഴിവാക്കുകയും, ആ ഒഴിവാക്കിയതു അതുപോലെ തന്നെ അതാതുസമയം ദുൎബ്ബലപ്പെടുത്തുകയും ചെയ്യാം.

മുൻസിപ്പാലിട്ടിയുടെ വല്ല ഭാഗത്തെയും ജലനികുതിയിൽ നിന്നും ഒഴിവാക്കുവാൻ അധികാരം

൯. വില്ലുള്ള വണ്ടികൾക്കും പല്ലക്കുകൾക്കും മൃഗങ്ങൾക്കും നികുതി.

൬൦. (൧) മുൻസിപ്പാലിട്ടിക്കുള്ളിൽ വെക്കുന്നതോ കൂലിക്കു വിടുന്നതോ ആയ വണ്ടി മുതലായ വാഹനങ്ങൾക്കും മൃഗങ്ങൾക്കും ആറു മാസത്തിന്നു ഒരു നികുതി പിരിക്കണമെന്നു മുൻസിപ്പാൽസഭ ൫൭-ാം വകുപ്പുപ്രകാരം പരസ്യമാക്കിയാൽ ആ പരസ്യത്തിൽ പറയുന്ന വണ്ടികൾക്കും മൃഗങ്ങൾക്കും അതിൽ കാണിച്ചിരിക്കുന്ന നിരക്കുകൾപ്രകാരം അഗ്രാസനൻ ആ നികുതി കെട്ടണം.

വണ്ടികൾക്കും മൃഗങ്ങൾക്കും നികുതി

എന്നാൽ കട്ടികളെ കയററിക്കൊണ്ടുപോവാൻ മാത്രം ഉപയോഗിക്കപ്പെടുന്ന യാതൊരു വണ്ടിയെയും ൪൦ം വകുപ്പുപ്രകാരം നികുതികെട്ടുന്നതിൽ നിന്നു അഗ്രാസനൻ ഒഴിവാക്കുകയും ചെയ്യാം.

കൂട്ടൽ ദിവസത്തിനു ശേഷം

(൨) ഓരൊ ആറുമാസത്തെക്ക അടക്കെണ്ടുന്ന സംഖ്യ ആ വണ്ടിമുതലായ വാഹനമൊ മൃഗമൊ മുൻസിപ്പാലിട്ടികളിൽ ആ ആറുമാസത്തിൽ ഏതു ദിവസം വെക്കുകയൊ കൂലിക്ക വിടുകയൊ ചെയ്ത ഉടനെ അതു ആരുടെകൈവശത്തിലൊ സൂക്ഷത്തിലൊ അധീനത്തിലൊ കാണുന്നുവൊ ആയാൾ അടക്കെണ്ടതും ആകുന്നു.

(൩) ഒരു ഉടമ കൈമാററം നടന്ന ഓരൊ ആറുമാസത്തെക്ക വല്ല മുൻസിപ്പാലിട്ടിയിലും ഇതിന്നു മെഴിയെ നിയമിച്ചപ്രകാരം മുമ്പെതന്നെ ഒരു അനുവദപത്രം വാങ്ങിയിരിക്കുന്ന വല്ല വണ്ടിക്കൊ മൃഗത്തിന്നൊ മറെറാ ആ ഉടമ കൈമാററം അതെ മുനിസിപ്പാലിട്ടിയിൽ ൪൦ം വകുപ്പുപ്രകാരം ഒരു നികുതി അടപ്പാൻ യാതൊരാളും ബാദ്ധ്യസ്ഥനായിരിക്കയും ഇല്ല.

ഒഴിവുകൾ

൬൪. (൧) ഗവർന്മെണ്ടു വകയും പട്ടാള ആവശ്യങ്ങൾക്ക ഉപയോഗിക്കുന്നതും ആയ വണ്ടികളും മൃഗങ്ങളും,

(൨) മുൻസിപ്പാൽ വണ്ടികൾക്കും മൃഗങ്ങൾക്കും;

(൩) പുറത്തി സഞ്ചരിച്ചു നൊക്കെണ്ടുന്ന പ്രവൃത്തികൾക്ക നിശ്ചയിക്കപ്പെട്ടിരിക്കുന്നവരായി പൊലീസ സൈന്യത്തിൽ ഉള്ള ആളുകളും മുൻസിപ്പാലിട്ടിയിൽ അപ്രകാരമുള്ള പണിക്കാക്കപ്പെട്ടവരായി നമ്മുടെ ഗവൺമെണ്ടിന്റെ അംഗീകാരത്തോടുകൂടി മുൻസിപ്പാൽ സഭ നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരും മുൻസിപ്പാലിട്ടിയിൽ അവരുടെ ആ വക പ്രവൃത്തികൾ നടത്തുമ്പോൾ ഉപയോഗിപ്പാനായിക്കൊണ്ടു ആ മുൻസിപ്പാലിട്ടികളിൽ വെക്കുന്ന വണ്ടികൾക്കും മൃഗങ്ങൾക്കും; എന്നാൽ ആവക ഓരൊ ആളൊ ഉദ്യോഗസ്ഥനൊ ഒരു വണ്ടിയിലും രണ്ടു മൃഗങ്ങളിലും അധികം ഈ വകുപ്പപ്രകാരം നികുതിയിൽ നിന്ന ഒഴിവാക്കിക്കയുമില്ല.

(൪) വണ്ടിയും മററും ഉണ്ടാക്കുന്നവരും, വണ്ടിയും മൃഗവും മററും വ്യാപാരം ചെയ്യുന്നവരും വില്പാൻ മാത്രമായി വെച്ചിരിക്കുന്ന വണ്ടികൾക്കും മൃഗങ്ങൾക്കും, ആ ആറുമാസകാലത്തിൽ ഉപയോഗപ്പെടുത്തീട്ടില്ലാത്ത വണ്ടികൾക്കും മൃഗങ്ങൾക്കും;

ഇതിന്നമുമ്പത്തെ വകുപ്പുപ്രകാരം അടക്കെണ്ടുന്ന നികുതി കെട്ടുകയും വെണ്ട.

വണ്ടി കുതിരമുതലായതു കൂലിക്കവിടുവാൻ വെച്ചിരിക്കുന്നവരൊടും മററും അഗ്രാസനൻ ഒത്തു നിശ്ചയം ചെയ്യാം.

൬൫. വില്പാനൊ കൂലിക്കൊ ആയി വണ്ടി മൃഗങ്ങൾ മുതലായതു വെച്ചിരിക്കുന്ന കച്ചവടക്കാർ മുതലായവർ ആ വണ്ടി മൃഗങ്ങൾ മുതലായതിന്ന മെൽ പട്ടികയിൽ കാണിച്ചിരിക്കുന്ന നികുതികൾക്ക പകരമായി ഇന്ന ഒരു സംഖ്യ അടപ്പാൻ അവരുമായി ഒരു കൊല്ലത്തിൽ കവിയാത്ത ഒരു കാലത്തെക്ക അഗ്രാസനന മുൻസിപ്പാൽ സഭക്കാരുടെ അംഗീകാരത്തിന്ന മനസരിച്ചു ഒത്തു ഉടമ്പടി ചെയ്യാം.

നികുതിക്കർപ്പെട്ടിരിക്കുന്ന ആളുകൾക്ക മാതിരിപട്ടിക അയക്കണം.

൬൬. ൬൦ാം വകുപ്പുപ്രകാരം അടക്കെണ്ടുന്ന നികുതി അടപ്പാൻ ബാദ്ധ്യസ്ഥന്മാരായിരിക്കുന്നു എന്നു ഊഹിക്കപ്പെടുന്ന എല്ലാ ആൾക്കും, അവർ വെച്ചിരിക്കുന്ന വണ്ടികളെയും മൃഗങ്ങളെയും പററി നികുതികെട്ടുവാൻ ആവശ്യമെന്നു അഗ്രാസനൻ വിചാരിക്കുന്ന വിവരങ്ങൾ എഴുതുവാനായി ൯ാ പട്ടികയിൽ കാണിച്ച മാതിരിയിലൊ ഫലത്തിൽ അതുപൊലെ തന്നെയുള്ള മാതിരിയിലൊ ഒരു അച്ചടിപട്ടിക അഗ്രാസനനൊ ആയാൾ അതിന്നായി അധികാരപ്പെടുത്തിയ വല്ല ഉദ്യോഗസ്ഥനൊ അയക്കെണ്ടതും ആകുന്നു.

മാതിരിപട്ടികകളിൽ വിവരങ്ങൾ എഴുതി മടക്കി അയക്കണം.

൬൭. ആ മാതിരിപട്ടിക കിട്ടിയ ആൾ അതു കിട്ടിയതിന്നശെഷം ഒരു ആഴ്ചക്കുള്ളിൽ ആ വിവരങ്ങൾ അതിൽ എഴുതി ഒപ്പിട്ടു തീയതി വെച്ചു മുൻസിപ്പാൽ കച്ചെരിക്ക മടക്കി അയക്കുകയും വെണം.

൮൫. ൮൩-ാം വകുപ്പുപ്രകാരം ഒരു മാതിരി പട്ടിക അയക്കപ്പെട്ട വല്ല ആളും അതു കിട്ടിയതിന്റെ ശേഷം ഒരു ആഴ്ചവട്ടത്തിന്നുള്ളിൽ അതിൽ എഴുതേണ്ടതു എഴുതി തിയതിവെച്ചു ഒപ്പിട്ടു മുൻസിപ്പാൽ ആഫീസിലേക്കു മടക്കി അയപ്പാൻ വീഴ്ചവരുത്തുകയാകട്ടെ അല്ലെങ്കിൽ മേല്പടി മാതിരി പട്ടിക അയാൾ അതിൽ എഴുതേണ്ടതു എഴുതി തിയതിവെച്ചു ഒപ്പിട്ടു മടക്കി അയക്കുകയും എന്നാൽ അയാൾ അടപ്പാൻ ബാദ്ധ്യസ്ഥനായിരിക്കുന്ന നികുതി മേല്പടി അവധിക്കുള്ളിൽ അടപ്പാൻ വീഴ്ചവരുത്തുകയും ചെയ്കയാകട്ടെ ചെയ്താൽ ൮൦-ാം വകുപ്പുപ്രകാരം ആയാൾ അടപ്പാൻ ബാദ്ധ്യസ്ഥനാണെന്നു വിശ്വസിക്കപ്പെടുകയോ ബാദ്ധ്യസ്ഥനായിരിക്കുകയോ ചെയ്യുന്ന നികുതിക്കു അഗ്രാസനൻ അയാൾക്കു ഒരു നോട്ടീസു അയക്കേണ്ടതും ആ നികുതി സംഖ്യ ആ നോട്ടീസു നടത്തിയ തീയതിമുതൽ പതിനഞ്ചു ദിവസത്തിനുള്ളിൽ അടക്കണമെന്നു അയാളോടു ആ നോട്ടീസു മൂലം ആവശ്യപ്പെടേണ്ടതും ആകുന്നു.

മാതിരിപട്ടികമടക്കി അയക്കാതിരിക്കുകയൊ പണം അടക്കാതിരിക്കയൊ ചെയ്യുമ്പോൾ അറിയിപ്പു നടത്തുന്നു.

൮൬. വല്ല വണ്ടിക്കൊ മൃഗത്തിന്നൊ വേണ്ടി അടക്കേണ്ടതായ നികുതിസംഖ്യ കിട്ടുമ്പോൾ അതു അടച്ചുവന്ന അഗ്രാസനന്നൊ അയാൾ അതിലേക്കായി ക്രമപ്രകാരം അധികാരപ്പെടുത്തിയിരിക്കുന്ന വല്ല ആളൊ ആ വണ്ടിക്കൊ മൃഗത്തിന്നൊ ആ പണം കിട്ടിയകാലത്തേക്കു ഒരു അനുവാദപത്രം കൊടുക്കുകയും വേണം.

നികുതി അടക്കുമ്പൊൾ അഗ്രാസനൻ അനുവാദപത്രം കൊടുക്കണം.

൮൭. (൧) ആ അനുവാദപത്രം വാങ്ങിയിരിക്കുന്ന എല്ലാവനും മേല്പറഞ്ഞ കാലത്തു ന്യായമായ എല്ലാ സമയങ്ങളിലും അഗ്രാസനന്നൊ അതു കാണിക്കണമെന്നു ആവശ്യപ്പെടുവാൻ ആയാൾ എഴുത്തുമൂലം ക്രമപ്രകാരം അധികാരപ്പെടുത്തിയിരിക്കുന്ന വല്ല ആളൊ ചോദിക്കുമ്പോൾ ആ അനുവാദപത്രം ഹാജരാക്കുകയും വേണം.

അനുവാദപത്രക്കാരൻ അനുവാദപത്രം കാട്ടണം.

(൨) അങ്ങിനെ ചോദിക്കുമ്പോൾ ഹാജരാക്കുവാൻ വീഴ്ചയാക്കുന്ന എല്ലാവനും ൫ രൂപായിൽ കവിയാത്ത ഒരു പിഴ അടക്കേണ്ടിവരികയും ചെയ്യും.

ശിക്ഷ

൩ ചുമട്ടു വണ്ടികൾക്കും മറ്റു വില്ലില്ലാത്ത വണ്ടികൾക്കും നികുതി.

൮൮. (൧) മുൻസിപ്പാലിട്ടിക്കുള്ളിൽ വെക്കുന്നതൊ കൂലിക്കു വിടുന്നതൊ ആയ ചുമട്ടുവണ്ടികൾക്കും വില്ലില്ലാത്ത മറ്റു വണ്ടികൾക്കും ആറാറുമാസത്തിനു ഒരു നികുതി ചുമത്തണമെന്നു മുൻസിപ്പാൽസഭ ൫൦-ാം വകുപ്പുപ്രകാരം പരസ്യമാക്കിയാൽ ആ വക ഓരൊ ചുമട്ടുവണ്ടിയുടെയും മറ്റും ഉടമസ്ഥൻ അതു റജിസ്റ്റർ ചെയ്കയും അതിന്റെ വകക്കായി അടക്കേണ്ടുന്ന നികുതി ൩൩-ാം ഉപവകുപ്പുപ്രകാരം അഗ്രാസനൻ അറിയിക്കുന്ന തീയതി അടക്കുകയും വേണം.

ചുമട്ടുവണ്ടികൾക്കും മറ്റും നികുതി

(൨) ആവക ചുമട്ടുവണ്ടികളും മറ്റും ഉടമസ്ഥന്റെ പേരും വാസസ്ഥലവും സഹിതം മുൻസിപ്പാൽ കച്ചേരിയിൽ റെജിസ്റ്റർ ചെയ്കയും അതിന്മേൽ മുൻസിപ്പാൽസഭ ആജ്ഞാപിക്കുന്ന വിധത്തിൽ ആ റജിസ്റ്റർ നമ്പർ ഇടുകയും വേണം.

ചുമട്ടുവണ്ടികളും മറ്റും റജിസ്റ്റർചെയ്യുകയും അവയുടെമേൽ നമ്പർ പതിക്കയും

(൩) ചുമട്ടുവണ്ടി മുതലായ വണ്ടികൾ അഗ്രാസനൻ പരസ്യമാക്കുന്ന ദിവസങ്ങളിൽ ആറാറുമാസംകൂടുമ്പോൾ ഒരിക്കൽ റെജിസ്റ്റർ ചെയ്തു അതുകൾക്കു നമ്പർ ഇടണം.

ആറാറുമാസം കൂടുമ്പോൾ റജിസ്റ്റർ

"(൪) ഈ വകുപ്പു ഗവർമ്മെണ്ടുവകയും പട്ടാള ആവശ്യങ്ങൾക്കു ഉപയോഗിക്കുന്നതും ആയ വണ്ടികൾക്കും മുൻസിപ്പാൽ സഭവകയായുള്ള വണ്ടികൾക്കും ഉണ്ടാക്കുന്നവരും വർത്തകന്മാരും വില്പാൻ മാത്രമായി വെച്ചിരിക്കുന്ന വണ്ടികൾക്കും സംബന്ധിക്കുന്നതും അല്ല.

ഒഴിവു

൮൯. മുൻസിപ്പാലിട്ടിയുടെ അതിരുകൾക്കുള്ളിൽ അപ്പോൾനടക്കുന്ന അരക്കൊല്ലത്തെക്കു റജിസ്റ്റരാക്കിട്ടില്ലാത്ത ആ വക വല്ല ചുമട്ടുവണ്ടിയുടെയുമൊ മറ്റൊ കൈവശക്കാരനായി വരുന്ന യാതൊരാളും അങ്ങിനെ താൻ കൈവശക്കാരനായി വന്ന തീയതിമുതൽക്കു ഇരുപതു ദിവസങ്ങൾക്കുള്ളിൽ അതു റജിസ്റ്ററാക്കിക്കുകയും വേണം. ആവക എല്ലാ സംഗതികളിലും ആ നടക്കുന്ന അരക്കൊല്ലത്തെ നികുതി അടക്കുമ്പോൾ അഗ്രാസനൻ റജിസ്റ്റർചെയ്ത വിവരം എഴുതി ഒരു സാക്ഷ്യലിഖിതം കൊടുക്കുകയും വേണം.

പുതുതായി കൈവശം വന്നാൽ റജിസ്റ്റരാക്കണം.

പതിനഞ്ചു ദിവസം കൈവശംവെച്ചിട്ടുള്ള പക്ഷം ആരും രജിസ്റ്റർ ചെയ്യേണ്ട ബാദ്ധ്യതയില്ല.

൯൦. വല്ല അരക്കൊല്ലത്തിലും പതിനഞ്ചു ദിവസത്തിൽ കവിയാതെ ഒരു കാലത്തേക്കു വല്ല ചുമട്ടു വണ്ടിയുടെയോ മററു മൃഗത്തിന്റെയോ കൈവശക്കാരനോ ആയിവരുന്ന യാതൊരാളും ൮൦-ം വകുപ്പുപ്രകാരം അതിനെ രജിസ്റ്റർ ചെയ്യാൻ ബാദ്ധ്യസ്ഥനായിരിക്കയും ഇല്ല.

രജിസ്റ്റർ നമ്പർ പതിച്ചുവെപ്പാൻ വീഴ്ചയാക്കുന്നതിന്റെ ഫലം

൯൧. ആ വക വല്ല ചുമട്ടുവണ്ടിക്കോ മററാ ൮൫ാം വകുപ്പിൽ നിശ്ചയിച്ച രജിസ്റ്റർനമ്പർ പതിപ്പാനും പതിച്ചുകൊണ്ടുവെപ്പാനും വീഴ്ചയാക്കുന്ന യാതൊരാളും ആയതു രജിസ്റ്റർ ചെയ്യാൻ വീഴ്ചവരുത്തിയതായി വിചാരിക്കപ്പെടുകയും ചെയ്യും.

രജിസ്റ്റർ ചെയ്യാത്ത ചുമട്ടുവണ്ടികളും മററും പിടിക്കാം.

൯൨. ൮൫ാം വകുപ്പിനാൽ ആവശ്യപ്പെട്ടപ്രകാരം രജിസ്റ്ററാക്കാത്ത വല്ല ചുമട്ടുവണ്ടിയോ മറേറാ അഗ്രാസനനെങ്കിലും അയാൾ അതിലേക്കായി ക്രമപ്രകാരം അധികാരപ്പെടുത്തിയിരിക്കുന്ന വല്ല ആളെങ്കിലും യാതൊരു സമയത്തും പിടിക്കുകയും വിടാതെ വെക്കുകയും ചെയ്യാം. എന്നാൽ പിടിക്കുന്ന സമയം അതിൽ യാത്രക്കാരെയോ ചരക്കുകളെയോ കൊണ്ടുപോകുന്ന പക്ഷം അതു വിട്ടയക്കുകയും വേണം.

വണ്ടിയോ മററോ പിടിച്ചശേഷം നടപടി.

൯൩. (൧) ൯൨ാം വകുപ്പുപ്രകാരം പിടിച്ചുവെച്ച ചുമട്ടുവണ്ടിയോ മറേറാ അതു പിടിച്ച തീയതി മുതൽ പത്തു ദിവസത്തിന്നുള്ളിൽ ചോദിച്ചു വാങ്ങാത്തപക്ഷം അഗ്രാസനൻ ആ വക വണ്ടിയോ മറേറാ പരസ്യമായി ലേലം ചെയ്തു വില്ക്കണമെന്നും വിററു കിട്ടുന്ന മുതൽ (i) വില്ക്കപ്പെട്ട വണ്ടിക്കോ മറേറാ അടക്കേണ്ടതായ നികുതിയും (ii) മേല്പടി നികുതി സംഖ്യയിൽ കവിയാതെ അഗ്രാസനൻ നിശ്ചയിക്കുന്ന പിഴയും, (iii) പിടിച്ചതും വെച്ചു സൂക്ഷിച്ചതും ലേലവും സംബന്ധമായി ഉണ്ടായ ചിലവു വകക്കു ഒരു തുകയും, അടപ്പാൻ ഉപയോഗിക്കേണമെന്നും അജ്ഞാപിക്കാം.

(൨) ൯൨ാം വകുപ്പുപ്രകാരം പിടിച്ചുവെച്ച വണ്ടിയുടെയോ മറേറാ ഉടമസ്ഥൻ അതു പിടിച്ച തീയതി മുതൽ പത്തു ദിവസത്തിന്നുള്ളിൽ ഹാജരായി അതു വിട്ടുകിട്ടേണമെന്നു ആവശ്യപ്പെട്ടുവെങ്കിൽ അതു (i) അതിന്നു അടക്കേണ്ടുന്ന നികുതിയും (ii) മേല്പടി നികുതി സംഖ്യയിൽ കവിയാതെ അഗ്രാസനൻ നിശ്ചയിക്കുന്ന പിഴയും (iii) പിടിച്ചതും വെച്ചു സൂക്ഷിച്ചതും സംബന്ധമായി ഉണ്ടായ ചിലവു വകക്കു ഒരു തുകയും, അടച്ചാൽ അവന്നു മടക്കി കൊടുക്കുകയും വേണം.

മുൻസിപ്പാൽ അതിരുകൾക്കുള്ളിൽ കടക്കുന്ന വണ്ടികൾക്കും മൃഗങ്ങൾക്കും കൊടുക്കേണ്ടും ചുങ്കം.

മുൻസിപ്പാൽ അതിരുകൾക്കുള്ളിൽ കടക്കുന്ന വണ്ടികൾക്കും മൃഗങ്ങൾക്കും ചുങ്കം.

൯൪. (൧) മുൻസിപ്പാൽ അതിരുകൾക്കുള്ളിൽ കടക്കുന്ന വണ്ടികൾക്കും മൃഗങ്ങൾക്കും ചുങ്കങ്ങൾ പിരിക്കേണമെന്നു മുൻസിപ്പാൽസഭ ൫൨ാം വകുപ്പുപ്രകാരം പരസ്യമാക്കിയാൽ ആ പരസ്യത്തിൽ പറയുന്ന നിരക്കുകൾപ്രകാരം ആ ചുങ്കങ്ങൾ വസൂലാക്കേണ്ടതും ആകുന്നു.

മുൻസിപ്പാൽ അതിരുകൾക്കു പുറത്തു പാർക്കുന്ന ആളുകളോടു അഗ്രാസനൻ ഉടമ്പടി ചെയ്യാം.

(൨) മുൻസിപ്പാലിട്ടിക്കു പുറത്തു പാർക്കുന്ന ആളുകൾക്കു റെഗ്ഗുലേഷനിലെ നിയമങ്ങൾ പ്രകാരം അടക്കേണ്ടതായ സകല ചുങ്കങ്ങൾക്കും പകരമായി ഒരു സംഖ്യ അടപ്പാനും ഒരു കൊല്ലത്തിൽ കവിയാത്ത വല്ല കാലത്തേക്കു അവധിയായി അഗ്രാസനൻ മുൻസിപ്പാൽ സഭയുടെ അംഗീകാരത്തിന്നനുസരിച്ചു ഉടമ്പടി ചെയ്യാവുന്നതും ആ വക ആളുകളുടെ വണ്ടികൾക്കും മൃഗങ്ങൾക്കും അനുവാദ പത്രങ്ങൾ കൊടുക്കേണ്ടതും ആകുന്നു.

(൩) (എ) മുൻസിപ്പാൽ സഭ വക വണ്ടികളും മൃഗങ്ങളും പോകുന്നതിനാകട്ടെ,

(ബി) പട്ടാളങ്ങളെയോ പട്ടാള സാമാനങ്ങളെയോ കോപ്പുകളെയോ എങ്കിലും ഉദ്യോഗമുദ്രകളായുള്ള ഉടുപ്പു ധരിച്ചിരിക്കുന്ന പട്ടാള ആഫീസർമാരെയോ പൊലീസ്സാഫീസർമാരെയോ പ്രവൃത്തിയിന്മേൽ പോകുന്ന മുൻസിപ്പാൽ ഉദ്യോഗസ്ഥന്മാരെയോ എങ്കിലും ആ വക ആഫീസർമാരുടെയോ ഉദ്യോഗസ്ഥന്മാരുടെയോ ബന്തോബസ്സിൽ ഉള്ള കുററക്കാരെയോ മുതലുകളെയോ എങ്കിലും കൊണ്ടുപോകുന്ന വണ്ടികളും മൃഗങ്ങളും കടന്നുപോകുന്നതിനാകട്ടെ;

(സി) മുൻസിപ്പാൽ സഭ അനുവാദപത്രം കൊടുത്തിരിക്കുന്നതൊ രജിസ്റ്റാക്കി യിരിക്കുന്നതൊ ആയ വണ്ടിക്കും മൃഗങ്ങൾക്കും അങ്ങനെ അനുവാദപത്രം കൊടുക്കുകയൊ രജിസ്റ്റാക്കുകയൊ ചെയ്തിരിക്കുന്ന കാലത്തു കടന്നു പൊകുന്നതിന്നാകട്ടെ,

യാതൊരു ചുങ്കവും വസൂലാക്കെണ്ടുന്നതും അല്ല.

൯൫. (എ) മുൻസിപ്പാൽ സഭ ചുങ്ക അഴികളും വാതിലുകളും ആ വാതിലുകളിൽ കാവൽ ഇരിക്കുന്നവർക്കു ചാവടികളും ഉണ്ടാക്കിക്കൊണ്ടും ആ വക ചുങ്കം പിരിക്കുന്നതു ആ സഭക്കു തക്കതായി തൊന്നുന്ന ചുങ്കമുതലപിടിക്കാരെ ഏല്പിക്കുകയാകട്ടെ ആയതു ആ സഭക്കു യുക്തമെന്നു തൊന്നുന്ന നിശ്ചയങ്ങളിന്മെലും കല്പനകൾക്കധീനപ്പെട്ടതായും കരാറുകാർക്കു കൊടുക്കുകയാകട്ടെ

ചുങ്ക അഴിവാതിലുകളും ചാവടികളും ഏല്പിക്കലും.

ചെയ്യാവുന്നതും ആകുന്നു.

(ബി) ഒരു വകുപ്പിനാൽ അധികാരപ്പെടുത്തിയിരിക്കുന്ന ചുങ്കം ൨ാം ഉപവകുപ്പുപ്രകാരം ഉണ്ടാക്കിയ ചുങ്ക അഴികളിൽ കൂടിയൊ വാതിലുകളിൽ കൂടിയൊ ചാവടികളിൽ കൂടിയൊ മുൻസിപ്പാൽ അതിർത്തികൾക്കുള്ളിൽ കടക്കുന്ന വണ്ടികളിന്മെലും മൃഗങ്ങളിന്മെലും മാത്രമെ പിരിപ്പാൻ പാടുള്ളൂ.

(സി) വസൂലാക്കാവുന്ന ചുങ്കങ്ങളുടെ നിരക്കു വിവരം ഒരു പട്ടിക മുൻസിപ്പൽ സഭ എല്ലാ ചുങ്ക അഴിയിലും വാതുക്കലും ചാവടിയിലും തൂക്കിക്കയും ആ പട്ടിക ഇംഗ്ലീഷു വാക്കുകളിലും അക്കങ്ങളിലും ആ ഡിസ്ത്രിക്ടിലെ നാട്ടുഭാഷയിലും വ്യക്തമായി കയ്യെഴുത്തിൽ എഴുതിയതൊ ചായത്തിൽ എഴുതിയതൊ ആയിരിക്കുകയും വെണം.

ചുങ്കവിവരം പട്ടിക പരസ്യമായി പതിക്കെണമെന്നു.

൯൬ ൯൫ാം വകുപ്പിലെ നിയമങ്ങൾപ്രകാരം ഒരു ചുങ്ക അഴിയൊ ചുങ്ക വാതിലൊ ആ വാതുക്കൽ കാവലിരിക്കുന്നവൎക്കുള്ള ചാവടിയൊ ഉണ്ടാക്കിയിരിക്കുന്ന വല്ല വീഥിയിന്മെലും നിന്നു വല്ല സാട്ടുവണ്ടിയെയാകട്ടെ ചുമട്ടു വണ്ടിയെയാകട്ടെ മൃഗത്തെയാകട്ടെ കൊണ്ടു വല്ല ആളും ആ വഴിക്കു തൊട്ടുള്ളതു എന്നാൽ ആയാളുടെ സ്വന്തമായുള്ളതൊ കയ്യൊഴിവായുള്ളതൊ അല്ലാത്തതും ഒരു പരസ്യവീഥിയല്ലാത്തതും ആയ വല്ല നിലത്തിലുംകൂടി ഇതിൽ മുമ്പെ പറഞ്ഞിരിക്കുന്ന നിബന്ധനകൾപ്രകാരം വസൂലാക്കാവുന്ന വല്ല ചുങ്കവും കൊടുക്കാതെ കഴിപ്പാനുള്ള വിചാരത്തൊടെ പൊകയെങ്കിലും കടക്കുകയെങ്കിലും ചെയ്താൽ ആ ആൾ ൫൦ രൂപായിൽ കവിയാത്ത ഒരു പിഴക്കു ബാദ്ധ്യസ്ഥനായി വരുന്നതു കൂടാതെ ആ ചുങ്കവും അന്യായം നടത്തിയതിന്നുള്ള ചിലവുകളും അടക്കുകയും വെണം.

ചുങ്കം കൊടുക്കാതെ കഴിക്കുന്നതിന്നു ശിക്ഷ

൯൭. യാതൊരു മുൻസിപ്പാലിട്ടിയിലും വല്ല വണ്ടിക്കൊ മൃഗത്തിന്നൊ ഒരു സൂര്യൊദയം മുതൽ പിറ്റെന്നു സൂര്യൊദയം വരെ കണക്കാക്കുന്ന ഇരുപത്തുനാലു മണിക്കൂറു കാലത്തിൽ ഒന്നിൽ അധികം പ്രാവശ്യം ചുങ്കം അങ്ങിനെ അടക്കുന്ന ചുങ്കത്തിന്നു ആയതു മുൻസിപ്പാൽ സഭക്കു വെണ്ടിയൊ അല്ലെങ്കിൽ ചുങ്കം കരാറു കൊടുത്തിരിക്കുമ്പൊൾ ആ കരാറുകാരന്നു വെണ്ടിയൊ പിരിപ്പാൻ നിശ്ചയിക്കപ്പെട്ട ആൾ ഒരു രസീതു കൊടുക്കെണ്ടതും ആ രസീതു മുൻസിപ്പാൽ സഭ അതാതു സമയം നിശ്ചയിക്കുന്ന മാതിരിയിൽ ആയിരിക്കെണ്ടതും ആകുന്നു.

ഒരു ദിവസത്തെക്കു ഒരിക്കൽ അടച്ചാൽ മതി.

൯൮. (എ) വസൂലാക്കാവുന്ന ചുങ്കം ചൊദിക്കുമ്പൊൾ അടയ്ക്കാത്തപക്ഷം മെല്പറഞ്ഞപ്രകാരം ആയതു പിരിപ്പാൻ നിശ്ചയിക്കപ്പെട്ട ആൾ ആ ചുങ്കമൊ അതിൽ വല്ല ഭാഗമൊ കൊടുക്കെണ്ടതായ വണ്ടിയൊടൊ മൃഗത്തൊടൊ ചെന്ന സാധനങ്ങളിലെങ്കിലും ആ വണ്ടിയിലൊ മൃഗത്തിന്മെലൊ ഉള്ള ഭാരത്തിലെങ്കിലും അപ്രകാരം അടക്കെണ്ടതായ സംഖ്യ വസൂലാക്കുവാൻ തന്റെ അഭിപ്രായത്തിൽ മതിയാകുമെന്നു തൊന്നുന്നിടത്തൊളം ഭാഗം പിടിച്ചു വിടാതെ വെക്കുകയും ആ വക സാധനങ്ങളൊ ഭാരമൊ ഇല്ലാത്തപക്ഷം മെല്പടി വണ്ടിയെയൊ മൃഗത്തെയൊ പിടിച്ചു വിടാതെ വെക്കുകയും ചെയ്യാം.

ചുങ്കം അടക്കാത്തപക്ഷം വണ്ടിയെയൊ മറ്റൊ പിടിച്ചുവെക്കാം

(ബി) (എ)ാം ഉപ വകുപ്പുപ്രകാരം പിടിക്കപ്പെട്ട എല്ലാ മുതലും ഉടനെ അഗ്രാസനന്നൊ അല്ലെങ്കിൽ അപ്രകാരം പിടിക്കപ്പെട്ട മുതൽ മെല്പറ്റു വില്പാൻ ആയാൾ അധികാരം കൊടുത്തിരിക്കുന്ന ആൾക്കൊ അയക്കെണ്ടതും അഗ്രാസനൊ മെൽപ്രകാരം അധികാരം സിദ്ധിച്ച ആളൊ മെല്പടി മുതൽ തന്റെ

വില്പാൻ പൊകുന്ന വിവരം അറിയിച്ചു

ലെലം വിളിച്ചു വില്ക്കുമെന്നു അതിന്റെ ഉടമസ്ഥന്നൊ അല്ലെങ്കിൽ ഉടമസ്ഥൻ ഇന്നവ

നാണെന്നു നിശ്ചയമില്ലാതിരിക്കുകയൊ ചെയ്യുന്നപക്ഷം മെല്പടി മുതൽ പിടിക്കപ്പെട്ടപ്പോൾ അതു കൈവശമുണ്ടായിരുന്ന ആൾക്കൊ ഉടനെ അറിവു കൊടുക്കുകയും അവനെ കണ്ടെത്താതിരുന്നാൽ വിവരം തൂക്കടിപ്പിച്ചു അറിയിക്കുകയും ചെയ്യെണ്ടതും ലേലം അറിയിപ്പു നടത്തിയ തീയതി മുതൽക്കൊ മെല്പടി പരസ്യം പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽക്കൊ (ഞായറാഴ്ച കൂടാതെ) രണ്ടു ദിവസം കഴിഞ്ഞതിൽ പിന്നെ ഇന്ന സ്ഥലത്തു വെച്ചു നടത്തുമെന്നു ആ അറിയിപ്പിലൊ പരസ്യത്തിലൊ പറയെണ്ടതും ആകുന്നു.

൯൯. (൧) ലേലം തുടങ്ങുന്നതിനു മുമ്പെ എപ്പോഴെങ്കിലും ൯൭-ാം വകുപ്പു (൨)-ാം ഉപവകുപ്പിൽ നിശ്ചയിച്ച പ്രകാരം അറിയിപ്പു കിട്ടിയ ആൾ എങ്കിലും പിടിക്കപ്പെട്ട മുതലിന്റെ ഉടമസ്ഥൻ എങ്കിലും (എ) ചുങ്കം വകക്കു അടക്കെണ്ടുന്ന സംഖ്യയും (ബി) പിടിച്ചുവെച്ചു സൂക്ഷിച്ചതും സംബന്ധമായി നെരിട്ട ചിലവുകൾ വകക്കു ഒരു നാലണയും അഗ്രാസനൻ പക്കലൊ മെൽപ്രകാരം അധികാരം സിദ്ധിച്ച ആൾ പക്കലൊ അടയ്ക്കുന്നു കാട്ടുന്നു എങ്കിൽ പിടിക്കപ്പെട്ട മുതൽ ഉടനെ വിട്ടുകൊടുക്കെണ്ടതും ആകുന്നു.

പണം അടയ്ക്കാമെന്നു പറഞ്ഞാൽ ലേലം നിറുത്തണം.

(൨) അങ്ങിനെ കൊടുക്കാഞ്ഞാൽ ആ മുതൽ വിൽക്കാവുന്നതും വിറ്റുകിട്ടുന്ന ദ്രവ്യം, (൧) ചുങ്കം വകക്കു അടക്കെണ്ടുന്ന സംഖ്യയും (൨) ചുങ്കസംഖ്യയിൽ കവിയാതെ അഗ്രാസനൻ വിധിക്കുന്ന പിഴയും (൩) മുതൽ പിടിക്കുകയും സൂക്ഷിക്കുകയും വിൽക്കുകയും ചെയ്തതു സംബന്ധമായി നെരിട്ട ചിലവുകൾ വകക്കു ഒരു എട്ടണയും തീർക്കെണ്ടതിലെക്കു ഉപയോഗപ്പെടുത്തെണ്ടതും ആകുന്നു.

വിറ്റു കിട്ടുന്ന ദ്രവ്യം കൊണ്ടു ചുങ്കങ്ങളും ചിലവുകളും തീർക്കണം.

ഭൃത്യന്മാർക്കു നികുതി.

൧൦൦. ജനങ്ങളുടെ സ്വന്തം വക ദാസ്യ ജീവനക്കാരും ഗൃഹപ്രവൃത്തിക്കുള്ളവരും ആയ ഭൃത്യന്മാർക്കു മാസംതോറും ഒരു നികുതി വസൂലാക്കുംഎന്നു മുനിസിപ്പാൽ സഭ ൫൨-ാം വകുപ്പുപ്രകാരം പരസ്യമാക്കിയാൽ അഗ്രാസനൻ ൫൨-ാം വകുപ്പു (i), (ii), (iii) എന്ന ഖണ്ഡങ്ങളിൽ പറയുന്ന നികുതികളിൽ യാതൊന്നും അപ്പോൾ നടക്കുന്ന കണക്കു വർഷത്തിൽ അടച്ചിട്ടില്ലാത്തവരും ആ വക യാതൊരു നികുതിയും അടപ്പാൻ ബാദ്ധ്യതയില്ലാത്തവരും ആയ ആ വക ഭൃത്യന്മാരുടെ എല്ലാ യജമാനന്മാരിലും ആ പരസ്യത്തിൽ പറയുന്ന നിരക്കപ്രകാരം അവരെയുള്ള നികുതി കെട്ടുകയും വേണം.

ഭൃത്യന്മാർക്കുള്ള നികുതി വസൂൽ.

൧൦൧. ഭൃത്യന്മാർക്കുള്ള നികുതി ഓരൊ മാസത്തിന്നും അഞ്ചു ദിവസത്തിൽ കുറയാതെ വെക്കപ്പെട്ട ഓരൊ ഭൃത്യന്നു ആ മാസത്തിൽ അടക്കെണ്ടതു. ആ നികുതി മെല്പടി അഞ്ചു ദിവസത്തെ അവധി തീരുമ്പോൾ അടക്കാതെ ബാക്കി നിന്നാൽ ആ ബാക്കി സംഖ്യ അടയ്ക്കാൻ യജമാനനൊടു ആവശ്യപ്പെടുന്നതായ ഒരു അറിയിപ്പു അഗ്രാസനൻ അയാളുടെ മെൽ നടത്തെണ്ടതും ആ സംഖ്യ ആ അറിയിപ്പു നടത്തിയ തീയതി മുതൽ മൂന്നു ദിവസത്തിനുള്ളിൽ അടക്കെണമെന്നു ആ അറിയിപ്പിൽ കാണിക്കെണ്ടതും ആകുന്നു.

നികുതി എപ്പോൾ അടക്കണം.

൧൦൨. ഒരു ക്ലബ്ബിലെയൊ ഹൊട്ടെലിലെയൊ വിടുതിപ്പുരയിലെയൊ വാസഗൃഹങ്ങളിലെയൊ സെക്രട്ടെരിയൊ ഉടമസ്ഥനൊ മാനെജരൊ ആ ക്ലബ്ബിലൊ ഹൊട്ടെലിലൊ വിടുതിപ്പുരയിലൊ വാസഗൃഹങ്ങളിലൊ പാർക്കുന്ന യാതൊരാളും സ്വന്തമായി വെക്കപ്പെട്ട ദാസ്യ ജീവനക്കാരും ഗൃഹപ്രവൃത്തിക്കുള്ളവരും ആയ ഭൃത്യന്മാരുടെ ഒരു പട്ടിക എഴുതി ഒപ്പിട്ടു കാലനിർണ്ണയ പ്രകാരമൊ വല്ല സമയത്തൊ തരികയും അയക്കെണമെന്നു അഗ്രാസനൻ ആ വക സെക്രട്ടെരിയൊടൊ ഉടമസ്ഥനൊടൊ മാനെജരൊടൊ അറിയിപ്പുമൂലം ആവശ്യപ്പെടാം.

അഗ്രാസനൻ ക്ലബ്ബിലെയും മറ്റും സെക്രട്ടെരിമാരൊടു ഭൃത്യന്മാരുടെ പട്ടികകൾ അയപ്പാൻ ആവശ്യപ്പെടാം.

൧൦൩. ൧൦൧-ാം വകുപ്പു പ്രകാരം വല്ല സംഖ്യയും അടച്ചവനു അതെ കണക്കു വർഷത്തിൽ അതെ മുനിസിപ്പാലിട്ടിയിൽ ൫൨-ാം വകുപ്പു (i) (ii) (iii) എന്ന ഖണ്ഡങ്ങളിൽ പറയുന്ന നികുതികളിൽ വല്ലതും അടയ്ക്കുന്നവനും ആയ യാതൊരുത്തനും ഭൃത്യന്മാരുടെ നികുതി വകക്കു അടച്ച സംഖ്യ മടക്കിക്കിട്ടുവാൻ അർഹനായിരിക്കുകയും ചെയ്യും.

നികുതി മടക്കിക്കിട്ടുവാൻ അവകാശപ്പെടാവുന്നതു എപ്പോൾ.

൧൦൪. സംശയമുള്ള കാര്യത്തിൽ ഒരു മുനിസിപ്പാലിട്ടി ൫൨-ാം വകുപ്പു രണ്ടാം ഖണ്ഡത്തിലെ അർത്ഥപ്രകാരം ഒരു ഭൃത്യനൊ അല്ലയൊ എന്നുള്ളതു നമ്മുടെ ഗവൎമ്മെണ്ട് തീൎച്ചപ്പെടുത്തെണ്ടതും ആകുന്നു.

ഇന്നാൾ ഭൃത്യനൊ എന്നു നമ്മുടെ ഗവൎമ്മെണ്ടു തീൎച്ചപ്പെടുത്തണം.

൧. അപ്പീലുകൾ.

നികുതികൾ വിഷയത്തിൽ മുനിസിപ്പാൽ സഭയിലെക്കു അപ്പീലുകൾ.

൫൭. ൧ (i) ൫൫-ാം വകുപ്പു പ്രകാരം തഹസീൽദാർ നികുതി കെട്ടിയതിന്നും,

(ii) ൫൭-ാം വകുപ്പു പ്രകാരം അഗ്രാസനൻ ചെയ്ത പ്രവൃത്തികൾക്കും,

(iii) പുനർവിചാരണ ഹർജിയിന്മേൽ ൫൯-ാം വകുപ്പു പ്രകാരം അഗ്രാസനൻ കൊടുക്കുന്ന ആജ്ഞക്കും,

(iv) അഗ്രാസനൻ വല്ല വണ്ടിക്കൊ മൃഗത്തിന്നൊ വല്ല നികുതിയൊ ചുങ്കമൊ നികുതിയൊ കെട്ടിയിരിക്കുന്നതിന്നും,

ആക്ഷെപമായിട്ടല്ലാതെ വെറെ നികുതികൾ കെട്ടിയ വിഷയത്തിൽ മുനിസിപ്പാൽ സഭയിലെക്കു യാതൊരു അപ്പീലും ഇരിക്കുന്നതല്ല.

അഗ്രാസനന്റെ ഉ അരവുകളെ സഭ ദുർബലപ്പെടുത്താം.

(൨.) ഒരു നികുതി തുഗ്ഗിയൊ വിട്ടുകൊടുത്തൊ അഗ്രാസനൻ കൊടുത്ത വല്ല ആജ്ഞയെയും, മുനിസിപ്പാൽ സഭ സ്വമനസ്സാലെയൊ മറ്റു കാരണത്തിന്മെലൊ ദുർബലപ്പെടുത്തുക എങ്കിലും ഭെദപ്പെടുത്തുക എങ്കിലും ചെയ്യാം.

അപ്പീലിന്റെ മാതിരി

൫൯. ആ അപ്പീൽ എഴുത്തുമൂലമായിരിക്കെണ്ടതും അതിൽ അപ്പീൽ ചെയ്യുന്ന തിർപ്പിന്നും മറ്റു പ്രവൃത്തികൾക്കും ആക്ഷെപമായുള്ള ന്യായങ്ങൾ ചുരുക്കമായും വെവ്വെറെ അധികരണങ്ങൾ ആയും എഴുതിയിരിക്കെണ്ടതും ആയതു മുനിസിപ്പാൽസഭ വിചാരണ ചെയ്തു തീർച്ചയാക്കെണ്ടതും ആകുന്നു.

അപ്പീലിന്റെ കാര്യത്തിൽ ചുരുക്കം.

൬൦. മുനിസിപ്പാൽ സഭയിലെക്കുള്ള യാതൊരു അപ്പീലും—

(i) ആ മുനിസിപ്പാൽ ആഫീസ്സിൽ—

(എ) ൩൭, ൫൫, ൫൭-ാം വകുപ്പുകളിൽ പറയുന്ന അറിയിപ്പു നടത്തിയ തീയതി മുതൽ പതിനഞ്ചു ദിവസത്തിന്നുള്ളിലൊ, അല്ലെങ്കിൽ

(ബി) ൩൭, ൫൩, ൫൫, ൫൮, ൫൯-ാം ഏതെങ്കിലും വകുപ്പു പ്രകാരം നികുതി അടക്കെണ്ടതായി തീർന്ന തീയതി മുതൽ പതിനഞ്ചു ദിവസത്തിന്നുള്ളിലൊ അല്ലെങ്കിൽ

(സി) ൫൮-ാം വകുപ്പിൽ പറയുന്ന അറിയിപ്പു നടത്തിയ തീയതി മുതൽ മൂന്നു ദിവസത്തിന്നുള്ളിലൊ,

ബൊധിപ്പിക്കാത്ത പക്ഷം വിചാരണ ചെയ്യെണ്ടതല്ല.

എന്നാൽ നിശ്ചയിക്കപ്പെട്ട സമയത്തിന്നുള്ളിൽ അപ്പീൽ ബൊധിപ്പിക്കാതിരിക്കാൻ മുനിസിപ്പാൽ സഭക്കു തൃപ്തിയാകുംവണ്ണം കാരണം കാണിച്ചാൽ ൫൭-ാം വകുപ്പിൽ നിശ്ചയിച്ച സമയം കഴിഞ്ഞതിൽ പിന്നെ പതിനഞ്ചു ദിവസങ്ങൾക്കുള്ളിൽ അവർ അപ്പീൽ സ്വീകരിക്കുകയും ചെയ്യാം.

(ii) (ദാരിദ്ര്യം എന്ന കാരണത്തിന്മെൽ അഗ്രാസനൻ വെറെ പ്രകാരം ആജ്ഞാപിക്കാത്തപ്പൊൾ) അപ്പീൽ വിഷയമായ നികുതി അപ്പീൽ ബൊധിപ്പിച്ച തീയതിയൊ അതിന്നുമുമ്പൊ മുനിസിപ്പാൽ ആഫീസിൽ കെട്ടിവെക്കാത്ത പക്ഷവും വിചാരണ ചെയ്യെണ്ടതല്ല.

സഭയുടെ ആജ്ഞാപ്രകാരം നികുതി പുസ്തകം ശരിയാക്കെണ്ടതു.

൬൧. ൫൫-ാം വകുപ്പു പ്രകാരം വെക്കുന്ന നികുതി പുസ്തകങ്ങൾ ൫൯-ാം വകുപ്പു പ്രകാരം ബൊധിപ്പിച്ച അപ്പീലിൽ മുനിസിപ്പാൽ സഭ ആജ്ഞാപിച്ച ഉത്തരവുകൾക്കനുസരിച്ചു ശരിയാക്കെണ്ടതും അങ്ങിനെ ശരിയാക്കുന്നതു ൫൭-ാം വകുപ്പു ൩-ാം ഉപവകുപ്പിലെ അർത്ഥപ്രകാരം ഭെദപ്പെടുത്തലായി വിചാരിച്ചുകൂടാത്തതും ആകുന്നു.

തുക മടക്കിയാൽ പണം മടക്കികൊടുക്കുന്നതു.

മുനിസിപ്പാൽ സഭ വല്ല നികുതിയും കുറയ്ക്കുകയാകട്ടെ വിട്ടുകൊടുക്കുകയാകട്ടെ ചെയ്താൽ അഗ്രാസനൻ അതുപ്രകാരം ഒരു സംഖ്യ മടക്കികൊടുക്കുകയും വെണം.

മുനിസിപ്പാൽസഭ നികുതി കെട്ടിയതു എല്ലാപ്പൊഴും തീർച്ചയായിരിക്കും.

൬൨. ഇതിന്നുമുമ്പെ നിയമിച്ച പ്രകാരം ഒരു അപ്പീൽ ബൊധിപ്പിച്ചിട്ടില്ലാത്തപ്പൊൾ വല്ല നികുതിയും കെട്ടിയിരിക്കുന്നതും ചൊദിച്ചിരിക്കുന്നതും മുനിസിപ്പാൽ സഭ കേട്ടു തീർച്ചയാക്കുന്ന ഒരു അപ്പീലിന്റെ തീർപ്പും അവസാനതീർച്ചയായിരിക്കുകയും ചെയ്യും.

൯. നികുതി പിരിക്കൽ.

മുതൽ കണ്ടുകെട്ടുന്നതിനു മുമ്പായി ചിലസംഗതികളിൽ ബിൽ അയക്കണം.

൧൧൦. (൧) വല്ല ആളും വല്ല നികുതിയും അടയ്ക്കേണ്ടതായിരിക്കുകയും ആ നികുതി വിഷയത്തിൽ ൯൦, ൯൧, ൯൨, ൧൦൭-ാം വകുപ്പുകളിൽ നിയമിച്ച പ്രകാരം അറിയിപ്പു നടത്തുകയോ ഉത്തരവു കൊടുക്കുകയോ ചെയ്യുട്ടില്ലാതിരിക്കുകയും, ചെയ്യുമ്പോൾ അഗ്രാസനൻ ൧൧൧-ാം വകുപ്പിലെ നിയമങ്ങൾ നടത്തുവാൻ പുറപ്പെടും മുമ്പെ ആ സംഖ്യക്കു ആയാൾക്കു ഒരു ബിൽ അയക്കണം.

(൨) ആ ബില്ലിൽ അഗ്രാസനൻ ഒപ്പിടുകയും അതിൽ—

(i) ആ നികുതി കെട്ടിയിരിക്കുന്നതു ഏതു കാലത്തേക്കാ അതിന്റെ വിവരവും ഏതു തൊഴിലിന്നൊ മുതലിന്നൊ വസ്തുവിന്നൊ അതിന്റെ വിവരവും,

(ii) നികുതി അടയ്ക്കാഞ്ഞാൽ നേരിടുന്ന ബാദ്ധ്യതയുടെ ഒരു അറിയിപ്പും ഉണ്ടായിരിക്കുകയും വേണം.

ചെല്ലേണ്ടും സംഖ്യ മുതൽ കണ്ടുകെട്ടി വസൂൽ

൧൧൧. (൧) വല്ല നികുതി വകക്കും ചെല്ലേണ്ടതായ സംഖ്യ ൯൦, ൯൧, ൧൦൭, ൧൧൦-ാം വകുപ്പുകളിൽ നിർണ്ണയിക്കപ്പെട്ട അറിയിപ്പോ ബില്ലോ കൊടുപ്പിച്ച തീയതി മുതൽക്കൊ ഉത്തരവു കൊടുത്ത തീയതി മുതൽക്കൊ പതിനഞ്ചു ദിവസത്തിനുള്ളിലും ൧൦൨-ാം വകുപ്പിൽ നിർണ്ണയിക്കപ്പെട്ട അറിയിപ്പു നടത്തിയ തീയതി മുതൽ മൂന്നു ദിവസത്തിനുള്ളിലും അടയ്ക്കാതിരിക്കയും ആ നികുതി അടയ്ക്കേണ്ടുന്നതും ആയതു അടക്കാതിരിപ്പാൻ അഗ്രാസനനു ബോദ്ധ്യമാകുംവണ്ണം കാരണം കാണിക്കാതിരിക്കയും ചെയ്താൽ അഗ്രാസനൻ ബാക്കിക്കാരന്റെ ഇളകുന്ന മുതൽ കണ്ടുകെട്ടി വിറ്റു ആ നികുതി വകക്കു വരേണ്ടും സംഖ്യയെ ൧൧൨-ം, ൧൧൩-ം വകുപ്പുകൾ പ്രകാരം യഥാക്രമം വസൂലാക്കാവുന്ന വാറണ്ടു ഫീസും കണ്ടുകെട്ടലിനുള്ള ഫീസും അപ്രകാരം കണ്ടുകെട്ടിയ മുതൽ സൂക്ഷിച്ച വിററതു സംബന്ധമായി നേരിട്ട സൂമാർ ചിലവുകൾക്കു മതിയാകുന്നതായ വേറെ സംഖ്യയും സഹിതം വസൂലാക്കാം.

കണ്ടുകെട്ടാത്തപക്ഷം കാറവിസ്താരം

(൨) വല്ല കാരണത്താലും ബാക്കിക്കാരന്റെ മുതലൊ അതിനെ പിടിച്ചതൊ കണ്ടുകെട്ടുവാൻ അസാദ്ധ്യമാകുന്നുവെങ്കിൽ അഗ്രാസനൻ ബാക്കിക്കാരന്റെ മേൽ ഒരു മജിസ്ട്രേട്ടുമുമ്പാകെ കാറവിസ്താരം നടത്തുകയും ചെയ്യാം.

സങ്കടവ്യവഹാരപ്പെടുകയും മറ്റും

(൩) ഈ റെഗുലേഷൻപ്രകാരം തങ്ങൾക്കു വരേണ്ടുന്ന വല്ല സംഖ്യക്കും ഒരു സിവിൽകോടതിയിൽ വ്യവഹാരപ്പെടുവാൻ മുനിസിപ്പാൽ സഭയെ ഈ വകുപ്പിൽ പറഞ്ഞ യാതൊന്നും വിരോധിക്കുന്നതും അല്ല.

കണ്ടുകെട്ടുവാൻ വാറണ്ടു

൧൧൨. ൧൧൧-ാം വകുപ്പു (൧)-ാം ഉപവകുപ്പുപ്രകാരം മുതൽ കണ്ടുകെട്ടി വില്ലാൻ വേണ്ടി അഗ്രാസനൻ ഈ പട്ടികയിൽ നിർണ്ണയിക്കപ്പെട്ട മാതിരിയിലൊ തത്സദൃശമായ വല്ല മാതിരിയിലോ ഒരു വാറണ്ടു അയക്കേണ്ടതും ആ വക ഓരോ വാറണ്ടിന്നു രണ്ടണാ വാറണ്ടു ഫീസ് വസൂലാക്കേണ്ടതും ആകുന്നു.

കണ്ടുകെട്ടുന്നതിൽ നടപടി

൧൧൩. ആ വാറണ്ടു നടത്തുവാൻ ഏല്പിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ കണ്ടുകെട്ടും മുമ്പെ ബാക്കി നികുതിയും ൧൧൨-ാം വകുപ്പുപ്രകാരം വസൂലാക്കേണ്ടുന്ന വാറണ്ടു ഫീസും അടയ്ക്കുവാൻ ആവശ്യപ്പെടേണ്ടതാകുന്നു. അപ്പോൾ മേൽപടി നികുതിയും ഫീസും അടച്ചാൽ ഒന്നും കണ്ടുകെട്ടരുതു. അടക്കാത്തപക്ഷം മേൽപടി ഉദ്യോഗസ്ഥൻ—

(i) ബാക്കിക്കാരന്റെ മുതലിൽ തനിക്കു ആവശ്യമുള്ളതായി തോന്നുന്നതു പിടിച്ചെടുക്കുകയും,

(ii) അങ്ങിനെ എടുത്ത മുതലിന്റെ വിവരം ഒരു കണക്കെഴുതുകയും,

(iii) ആ മുതൽ പിടിച്ചെടുത്ത സമയം അതു കൈവശമുണ്ടായിരുന്ന ആൾക്കു ഏഴാം പട്ടികയിൽ നിർണ്ണയിക്കപ്പെട്ട മാതിരിയിലൊ തത്സദൃശമായ വല്ല മാതിരിയിലൊ ഒരു അറിയിപ്പു കൊടുക്കുകയും

വേണം.

൧൭. അടയ്ക്കേണ്ടുന്ന വല്ല നികുതിയോ പിഴയോ ഫീസോ അടയ്ക്കാത്തതിനാൽ ഈ അദ്ധ്യായത്തിലെ നിയമങ്ങൾപ്രകാരം വല്ല മുതലും കണ്ടുകെട്ടുകയോ എടുക്കുകയോ വില്ക്കുകയോ ചെയ്യുമ്പോൾ ഒക്കെയും അങ്ങിനെ കണ്ടുകെട്ടുകയും എടുക്കുകയും വില്ക്കുകയും ചെയ്യുന്നതു സിവിൽ നടപടി നിയമം ൬൦-ാം വകുപ്പിലെ വ്യവസ്ഥകൾക്കും ഇതിന്നു വഴിയെ പറയുന്ന കരുതലുകൾക്കും വ്യത്യസ്തങ്ങൾക്കും ഒഴിവുകൾക്കും അനുസരിച്ചു ആയിരിക്കേണ്ടതാകുന്നു.

കണ്ടുകെട്ടുന്നതിന്നും വില്പനയ്ക്കും ഉള്ള വ്യവസ്ഥകൾ

(i) താഴെ പറയുന്ന മുതലുകൾ കണ്ടുകെട്ടി എടുക്കാവുന്നവയല്ല:—

വ്യത്യസ്തങ്ങൾ

(എ) ബാക്കിക്കാരന്നും അവന്റെ ഭാര്യക്കും കുട്ടികൾക്കും അവശ്യമായി വേണ്ടുന്ന ഉടുപ്പുവസ്ത്രങ്ങളും കിടക്കയും,

(ബി) സ്വത്തുപണിക്കാരുടെ പണിയായുധങ്ങളും,

(സി) ബാക്കിക്കാരൻ ഒരു കൃഷിക്കാരനായിരിക്കുന്നപക്ഷം അയാളുടെ കൃഷിപ്പണിക്കോപ്പുകളും ബാക്കിക്കാരന്നു അയാളുടെ ഉപജീവനത്തിന്നു സമ്പാദിക്കാൻ കഴിവു കൊടുക്കേണ്ടതിലേക്കു കണ്ടുകെട്ടുന്ന ആളുടെ അഭിപ്രായത്തിൽ ആവശ്യം എന്നു തോന്നുന്ന നാല്ക്കാലികളും ധാന്യവിത്തുകളും,

(ii) മുതൽ കണ്ടുകെട്ടൽ കവിച്ചിലായിരിക്കരുതു; എന്നു വെച്ചാൽ കണ്ടുകെട്ടുന്ന മുതൽ നികുതിയും വാറണ്ടുഫീസും കണ്ടുകെട്ടലിന്നുള്ള ഫീസും മേല്പടി മുതൽ സൂക്ഷിച്ചതിന്നും വില്പനക്കും സംബന്ധിച്ചുള്ള ന്യായമായ ചിലവുകളും വകയായി അടയേണ്ടുന്ന സംഖ്യക്ക പാകത്തിനടുത്തോളം അത്രയുള്ള വീതത്തിൽ ആയിരിക്കണം.

അളവ

൧൮. (൧) നികുതിയും വാറണ്ടുഫീസും കണ്ടുകെട്ടിയതിന്നുള്ള ഫീസും മുതൽ സൂക്ഷിച്ചതിന്നു സംബന്ധിച്ചുള്ള ചെലവുകളും വകക്ക ബാക്കിക്കാരൻ അടക്കേണ്ടുന്ന സംഖ്യ ൧൬-ാം വകുപ്പുപ്രകാരം കൊടുത്ത അറിയിപ്പിൽ കാണിച്ച ഏഴു ദിവസത്തെ അവധിക്കുള്ളിൽ അടക്കാതിരുന്നാൽ അഗ്രാസനൻ കണ്ടുകെട്ടുവാനുള്ള വാറണ്ടു നിൎത്തിവെക്കാത്തപക്ഷം കണ്ടുകെട്ടിയ മുതലോ അതിൽ വേണ്ടേടത്തോളം ഭാഗമോ അഗ്രാസനന്റെ കല്പനപ്രകാരം പരസ്യമായി ലേലം ചെയ്തു വില്ക്കുകയും വേണം. വിറ്റു കിട്ടുന്ന ദ്രവ്യം നികുതിയും വാറണ്ടുഫീസും കണ്ടുകെട്ടിയതിന്നുള്ള ഫീസും മുതൽ സൂക്ഷിച്ചതിന്നും വില്പനക്കും സംബന്ധിച്ചുള്ള ചെലവുകളും വകയായി അടയേണ്ടുന്ന സംഖ്യ കൊടുത്തു തീർക്കുന്നതിലേക്കായിട്ടു അഗ്രാസനൻ ഉപയോഗപ്പെടുത്തേണ്ടതും മുതൽ പിടിച്ചെടുത്തപ്പോൾ അതിന്റെ കൈവശക്കാരനായിരുന്ന ആൾക്കു ലേലത്തിന്റെയും വിറ്റു കിട്ടിയ ദ്രവ്യം മേല്പറഞ്ഞപ്രകാരം ഉപയോഗിച്ചതിന്റെയും ശേഷം ബാക്കിയുണ്ടാകുന്ന വല്ല മുതലോ സംഖ്യയോ മടക്കി കൊടുക്കേണ്ടതും ആകുന്നു. വിറ്റുകിട്ടിയ ദ്രവ്യം നികുതിയും വാറണ്ടുഫീസും കണ്ടുകെട്ടിയതിന്നുള്ള ഫീസും മുതൽ സൂക്ഷിച്ചതിന്നും വില്പനക്കും സംബന്ധിച്ചുള്ള ചെലവുകളും വകയായി അടയേണ്ടുന്ന സംഖ്യ കൊടുത്തു തീർക്കാൻ പോരാതെവന്നാൽ അടയാതെ ബാക്കി നില്ക്കുന്ന സംഖ്യയുടെ വിഷയത്തിൽ അഗ്രാസനൻ ൧൬-ാം വകുപ്പു (൧)-ാം ഉപവകുപ്പിൽ നിയമിച്ചപ്രകാരം പിന്നെയും പ്രവർത്തിക്കാം.

കണ്ടുകെട്ടിയ മുതൽ വില്ക്കുക

(൨) പിടിച്ചെടുത്ത മുതൽ വേഗത്തിലും സ്വാഭാവികമായും കേടുവന്നു പോകാവുന്നതായിരിക്കുമ്പോൾ അഗ്രാസനൻ മേല്പടി ഏഴു ദിവസത്തെ അവധി കഴിയുന്നതിന്നുമുമ്പെ എപ്പോൾ എങ്കിലും ബാക്കി സംഖ്യ അതിന്നുമുമ്പെ അടക്കാത്തപക്ഷം വില്ക്കുകയും ചെയ്യാം.

കേടുവരാവുന്ന സാധനങ്ങളെ വില്ക്കുക

(൩) വല്ല മുതലും കണ്ടുകെട്ടിയതിന്നു മേല്പടി ഏഴു ദിവസത്തെ അവധിക്കുള്ളിൽ ബോധിപ്പിക്കുന്ന ആക്ഷേപങ്ങളെ അഗ്രാസനൻ വിചാരണചെയ്യേണ്ടതും വിചാരണ തീരുന്നതുവരെ ആ മുതൽ വില്ക്കുന്നതു നിറുത്തിവെക്കാവുന്നതും ആകുന്നു. ആക്ഷേപിച്ച മുതൽ കണ്ടുകെട്ടി കൂടാത്തതായിരുന്നു എന്നു അഗ്രാസനൻ തീർച്ചയാക്കിയാൽ ആയാൾ അതിന്നു അർഹതയുള്ളവനായി കാണപ്പെടുന്ന ആൾക്കു അതോ അതു (൨)-ാം ഉപവകുപ്പുപ്രകാരം മുമ്പെ തന്നെ വിറ്റുപോയിരിക്കുന്നു എങ്കിൽ വിറ്റുകിട്ടിയ ദ്രവ്യമോ മടക്കിക്കൊടുക്കേണ്ടതും ൧൬-ാം

ബോധിപ്പിക്കുന്ന ആക്ഷേപങ്ങൾ വിചാരണ ചെയ്യുക

വകുപ്പു (൧)ാം ഉപവകുപ്പിൽ നിയമിച്ച പ്രകാരം പിന്നെയും പ്രവൃത്തിക്കാവുന്നതും ആകുന്നു. ആദ്യത്തെ കണ്ടുകെട്ടലിന്നും വിക്രയത്തിന്നും സംബന്ധിച്ചുള്ള എല്ലാ ഫീസിനെയും ചെലവുകളെയും, ബാക്കിക്കാരൻ കണ്ടുകെട്ടിക്കൂടാത്തതായിരുന്നു എന്നു അവനു അറിവുള്ള മുതൽ കണ്ടുകെട്ടുവാൻ മനഃപൂർവം അനുവദിച്ചിരിക്കുന്നു എന്നു അഗ്രാസനന്നു തോന്നപ്പെട്ടാൽ, ആ ബാക്കിക്കാരനോടു വസൂലാക്കേണ്ടതും ആകുന്നു.

൧൧൩. (൧) ജി പട്ടികയിലെ ഫീസു ലിസ്റ്റിൽ കാണിച്ച നിരക്കുകളിൽ കവിയാതെ മുൻസിപ്പാൽ സഭ അപ്പപ്പോൾ ഒരു സഭ കൂടുന്നതിങ്കൽ വെച്ചു നിശ്ചയിക്കുന്ന നിരക്കുകൾപ്രകാരം ഈ റെഗുലെഷൻപടി ഫീസു അടക്കേണ്ടി വരികയും ചെയ്യും.

കണ്ടുകെട്ടലിനുള്ള ഫീസു.

(൨) ആ വക ഫീസിൽ ഈ റെഗുലെഷൻപ്രകാരം കണ്ടുകെട്ടുന്ന വല്ല മുതലും സൂക്ഷിക്കുന്നതിന്നു സംബന്ധിച്ചുണ്ടാകുന്ന വല്ല ചിലവുകൾ ഉൾപ്പെടുന്നതായി വിചാരിക്കേണ്ടതും അല്ല.

൧൧൪. ൧൧൦ാം വകുപ്പുപ്രകാരമുള്ള ബാക്കിക്കാരന്റെ മുതൽ മുൻസിപ്പാലിട്ടിക്കുള്ളിൽ എവിടെവെച്ചു കണ്ടാലും അതു കണ്ടുകെട്ടാം.

ബാക്കിക്കാരന്റെ മുതൽ എവിടെ കണ്ടാലും കണ്ടുകെട്ടാം.

൧൧൫. വല്ല പുരയോ നിലമോ വകവായി അടയ്ക്കാനുള്ള നികുതി ൧൦൩ാം വകുപ്പിൽ പറഞ്ഞ അവധി കഴിയുമ്പോൾ അടക്കാതെ ബാക്കിനിന്നാൽ മേപ്പടി നികുതി ഒരു കൊല്ലത്തിൽ അധികമായ ഒരു കാലത്തേക്കു നിലവല്ലാത്തതായിരിക്കുന്നപക്ഷം അഗ്രാസനന്നു ആ പുരയോ നിലമോ തല്പോൾ കയ്യേറ്റുള്ള ആളോടു ആ സംഖ്യ ഇന്ന അവധിക്കുള്ളിൽ അടക്കാൻ ആവശ്യപ്പെടുകയും ചെയ്യാം. ഈ ആവശ്യപ്പെട്ടപ്രകാരം കയ്യേറ്റക്കാരൻ നടത്താതിരുന്നാൽ ആ സ്ഥലത്തു കണ്ടെത്തുന്ന യാതൊരു ഇളകുന്ന മുതലും അഗ്രാസനൻ കണ്ടുകെട്ടി വില്ക്കാവുന്നതും ഈ വകുപ്പുപ്രകാരം നടത്തിയ എല്ലാ കണ്ടുകെട്ടലിന്നും വിക്രയത്തിന്നും ൧൦൭, ൧൦൯, ൧൧൦, ൧൧൨, ൧൧൩, ഈ വകുപ്പുകളിലെ വ്യവസ്ഥകൾ ആവശ്യമായ ഭേദങ്ങളോടുകൂടി സംബന്ധിക്കുന്നതും ആകുന്നു. എന്നാൽ മുതൽ കണ്ടുകെട്ടുന്നതിന്നു മുമ്പ് കണ്ടുകെട്ടുന്നതിനെ കയ്യേറ്റക്കാരൻ മനഃപൂർവ്വം വിരോധിച്ചിട്ടില്ലാത്തപക്ഷം ഈ വകുപ്പുപ്രകാരം അവനോടു വസൂലാക്കാവുന്ന വല്ല സംഖ്യയുടെയും വിഷയത്തിൽ അവന്റെമേൽ ൧൧൭ാം വകുപ്പുപ്രകാരം കുറവിസ്താരമോ ഒരു സിവിൽ വ്യവഹാരമോ നടത്തുവാൻ പാടുള്ളതും അല്ല.

നികുതി അടപ്പാൻ ഉടമസ്ഥന്റെ പകരം കയ്യേറ്റക്കാരനോടു ആവശ്യപ്പെടാം.

൧൧൬. ൧൧൦ാം വകുപ്പുപ്രകാരം ആരുടെമേൽ കുറവിസ്താരം നടത്തിയോ ആയാൾ അടക്കേണ്ടതായ സംഖ്യ അടയ്ക്കാൻ ആയാൾ മനഃപൂർവ്വമായോ ഉദാസീനമായോ വീഴ്ച വരുത്തിയിരിക്കുന്നു എന്നാകട്ടെ മുതൽ കണ്ടുകെട്ടുന്നതിനെ തടയുന്നതിന്നു കണ്ടുകെട്ടുന്നതിനെ ആയാൾ മനഃപൂർവ്വം വിരോധിച്ചിരിക്കുന്നു എന്നാകട്ടെ മാജിസ്ട്രേട്ടിന്നു തൃപ്തിയാകുംവണ്ണം തെളിഞ്ഞാൽ ആയാൾ (*a*) നികുതിയും വല്ല വാറണ്ടുഫീസും ഉണ്ടെങ്കിൽ അതും, (*b*) കണ്ടുകെട്ടൽ നടന്നിരിക്കുന്നപക്ഷം കണ്ടുകെട്ടിയതിന്നുള്ള ഫീസും കണ്ടുകെട്ടിയ മുതലിൽ വല്ലതും സൂക്ഷിക്കുകയും വില്ക്കുകയും ചെയ്തിരിക്കുന്നു എങ്കിൽ ആ സൂക്ഷിച്ചതിലും വിറ്റതിലും ഉണ്ടായിട്ടുള്ള ചെലവുകളും വകക്കായി താൻ അടക്കേണ്ടുന്ന സംഖ്യയുടെ ഇരട്ടിയിൽ കവിയാത്ത ഒരു പിഴ അടയ്ക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതു കൂടാതെ മേപ്പടി സംഖ്യയും കുറവിസ്താരത്തിന്നുണ്ടായ ചെലവുകളും അടക്കേണ്ടിവരികയും ചെയ്യും.

നികുതി അടപ്പാൻ വീഴ്ചചെയ്യുന്ന മജിസ്ട്രേട്ടുമുമ്പാകെ ബോധിപ്പിച്ചാൽ ശിക്ഷ.

എന്നാൽ ൧൦൩ാം വകുപ്പുപ്രകാരം അടക്കേണ്ടതായ വല്ല നികുതിയുടെയും കാര്യത്തിൽ ൧൦൪ാം വകുപ്പിൽ നിയമിച്ച മാതിരി മുൻസിപ്പാൽ ആഫീസ്സിലെക്കു ക്രമപ്രകാരം മടക്കി അയക്കാത്തപക്ഷം ഈ വകുപ്പുപ്രകാരം അടക്കേണ്ടതായി കാണപ്പെടുന്ന സംഖ്യ ൧൦൩ാം വകുപ്പുപ്രകാരം നടത്തിയ അറിയിപ്പിൽ കാണിച്ച സംഖ്യയിൽ കവിയാതിരിക്കുകയും വേണം.

൯ാം അദ്ധ്യായം.

ഈ റെഗുലെഷൻപ്രകാരം ശേഖരിക്കുന്ന ദ്രവ്യങ്ങൾ ഉപയോഗപ്പെടുത്തേണ്ടും കാര്യങ്ങൾ.

ഈ റെഗുലെഷൻപ്രകാരം പിരിക്കുന്ന മുതലുകൾ ഉപയോഗപ്പെടുത്തേണ്ടും കാര്യങ്ങൾ.

൮൨൦. ഈ റെഗുലെഷൻ പ്രകാരം ശേഖരിക്കുന്ന ദ്രവ്യങ്ങൾ അവ ശേഖരിച്ച മുൻസിപ്പാലിട്ടികളിൽ ചിലതിലൊ അല്ലെങ്കിൽ ഒരൊ സംഗതിയിൽ നമ്മുടെ ഗവൎമ്മെന്റിന്റെ പ്രത്യേക അനുമതി വാങ്ങിക്കൊണ്ടു അതിന്നു പുറത്തൊ താഴെ പറയുന്ന കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തത്തക്കതായിരിക്കയും ചെയ്യും. എന്തെല്ലാമെന്നാൽ :—

(i) വീഥികളും പാലങ്ങളും മറ്റു ഗതാഗതമാൎഗ്ഗങ്ങളും ഉണ്ടാക്കിക്കയും നന്നാക്കിക്കയും രക്ഷിക്കയും ചെയ്യാനും;

(ii) വൈദ്യശാലകളും ഔഷധപുരകളും ഭ്രാന്താശ്രമങ്ങളും അഗതിപ്പുരകളും ചന്തകളും നിച്ചാലുകളും ഓവുകളും കക്കൂസ്സുകളും ജലശേഖരിപ്പു പണികളും കുളങ്ങളും കിണറുകളും വിനോദസ്ഥാനങ്ങളും ഉപവനങ്ങളും ഉദ്യാനങ്ങളും ജനോപകാരമായ മറ്റു പണികളും ഉണ്ടാക്കിക്കകയും രക്ഷിക്കയും നന്നാക്കിക്കകയും ചെയ്യാനും ആ വക പണികൾ ഉണ്ടാക്കിച്ചിരിക്കുന്നതു എതെതു ആവശ്യങ്ങൾക്കൊ ആ ആവശ്യങ്ങൾ സംബന്ധമായുള്ള എല്ലാ ചെലവുകളും കൊടുപ്പാനും വൈദ്യന്മാരെയും വാക്സിനെറർമാരെയും അഭ്യസിപ്പിക്കയും പണിക്കാക്കകയും ചെയ്യാനും നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും വെടിപ്പും ശുചിയും പരിശോധിപ്പാനും ജനനമരണങ്ങൾ രജിസ്തർ ചെയ്യാനും വീഥികളിൽ വെള്ളം പകറിക്കാനും വിളക്കു വെപ്പിക്കാനും വീഥികളും കുളങ്ങളും കിണറുകളും നിച്ചാലുകളും ഓവുകളും കക്കൂസ്സുകളും ശുചീകരിപ്പാനും അതുപൊലുള്ള മറ്റു പണികൾ ചെയ്യിക്കാനും ജനസംഖ്യ എടുക്കാനും.

(iii) വൃക്ഷങ്ങൾ വെച്ചു രക്ഷിക്കാനും.

(iv) വിദ്യാഭ്യാസപ്രചരണത്തിനു ഒരു അഭിലാഷത്തൊടുകൂടി പാഠശാലകൾ ഉണ്ടാക്കിക്കകയും നന്നാക്കിക്കകയും മുഴുവനമായിട്ടൊ സഹായരായകമായിട്ടൊ പാഠശാലകൾ, ജനോപകാരമായ പുസ്തകശാലകൾ, വായനമുറികൾ, വ്യായാമസ്ഥലങ്ങൾ, വിദ്യാഭ്യാസ വ്യാപ്തിക്കു സംബന്ധമായുള്ള മറ്റു വല്ല ശാലകൾ, ഒരു വകയിൽ എതും സ്ഥാപിക്കകയും രക്ഷിക്കകയും ചെയ്യാനും പാഠശാലകൾ പരിശൊധിപ്പിക്കയും പഠിപ്പിക്കാൻ ഉപാദ്ധ്യായന്മാരെ അഭ്യസിപ്പിക്കകയും ചെയ്യാനും.

(v) ജനങ്ങളുടെ ക്ഷെമവും ആരൊഗ്യവും സൈ്വരവും ആശ്വാസവും വൎദ്ധിക്കത്തക്ക ജനോപകാരമായ മറ്റു കാൎയ്യങ്ങൾ ചെയ്യാനും.

(vi) മുൻസിപ്പാൽ സഭ ന്യായമായി മതിച്ച വല്ല കടങ്ങൾ വകക്കു കൊടുക്കേണ്ടായ വല്ല സംഖ്യയും കൊടുക്കാനും.

(vii) മുൻസിപ്പാൽ സഭ പണിക്കാക്കിയിരിക്കുന്ന ഉദ്യൊഗസ്ഥന്മാക്കു ശമ്പളങ്ങളും അവധികാലത്തെ ശമ്പളങ്ങളും പെൻഷ്യങ്ങളും ഇനാങ്ങളും ദയാന്യായ പണങ്ങളും കൊടുക്കാനും.

(viii) ഒരു റെഗുലെഷനിൽ പ്രത്യേകം നിശ്ചയിച്ചിട്ടുള്ളതൊ നമ്മുടെ ഗവൎമ്മെണ്ടിന്റെ അംഗീകാരത്തൊടുകൂടി മുൻസിപ്പാൽ സഭ പ്രത്യേകം അനുവദിച്ചിട്ടുള്ളതൊ ആയും എന്നാൽ ഒരു വകപ്പിലെ ഇതിന്നു മുമ്പെത്തെ ഖണ്ഡങ്ങളിൽ ഉൾപ്പെടാത്തതായും ഉള്ള സകല ചിലവുകളും മുൻസിപ്പൽ സഭ മടക്കിക്കൊടുക്കാൻ അനുവദിച്ച സംഖ്യകളും കൊടുക്കാനും

ഒരു റെഗുലെഷനാൽ നിയമിച്ചിട്ടുള്ളതല്ലാത്ത സാമൎത്ഥ്യം.

൮൨൧. ഒരു റെഗുലെഷനാൽ ചട്ടം കെട്ടീട്ടുള്ള വല്ല ശാലയുടെയും കൈകാൎയ്യമൊ വല്ല പണിയും നടത്തിക്കലുമൊ മുൻസിപ്പാൽ സഭയുടെ സമ്മതത്തൊടു കൂടി നമ്മുടെ ഗവൎമ്മെണ്ടു എപ്പൊഴെങ്കിലും ആ മുൻസിപ്പാൽ സഭയിലെക്കു കൊടുക്കുന്നതും എന്നാൽ അപ്പൊൾ ആ സഭ ആ ശാലയുടെ കൈകാൎയ്യമൊ ആ പണി നടത്തിക്കലൊ എറെറടുക്കുന്നതു അതു സഭക്കു ന്യായമായിരിക്കുന്നതും ആകുന്നു.

എന്നാൽ അവക എല്ലാ കാൎയ്യത്തിലും ആ കൈകാൎയ്യത്തിന്നോ പണി നടത്തിപ്പിന്നോ ആവശ്യമായ ദ്രവ്യം നമ്മുടെ ഗവൎമ്മെന്റു ആ മുൻസിപ്പാൽ സഭയുടെ അധീനത്തിൽ വെക്കുകയും വേണം.

൧൨൧. നമ്മുടെ ഗവൎമ്മെന്റു വല്ല മുൻസിപ്പാലിറ്റിയെയും ൧൦ം അദ്ധ്യായത്തിൽ താഴെ പറയുന്ന വകുപ്പുകളുടെ ഏതെങ്കിലും ഒന്നോ അധികമോ എണ്ണത്തിന്റെ പ്രയോഗത്തിൽ നിന്നു അതാതു സമയം പരസ്യപ്പെടുത്തി ഒഴിച്ചു വെക്കയും ആ ഒഴിച്ചുവെക്കലിനെ അതു പ്രകാരം തന്നെ എപ്പോഴെങ്കിലും ഭേദപ്പെടുത്തുകയോ ദുർബ്ബലമാക്കുകയോ ചെയ്കയും ചെയ്യാം.

൧൦ം അദ്ധ്യായത്തിൽ നിന്നു ഒഴിവു.

൮. വിദ്യാഭ്യാസം.

൧൨൨. പാഠശാലയിൽ പോകുവാൻ വയസ്സുചെന്നു പഠിപ്പിന്നു വേറെ പ്രകാരം ചട്ടംകെട്ടീട്ടില്ലാത്ത മുൻസിപ്പാലിറ്റിയുടെ അതിരുകൾക്കുള്ളിൽ പാൎക്കുന്ന എല്ലാ കുട്ടികളും പാഠശാലയിൽ പഠിക്കുവാൻ മുൻസിപ്പാൽ സഭ തങ്ങളുടെ അധീനത്തിലുള്ള ദ്രവ്യങ്ങൾ കൊണ്ടു പാടുള്ളേടത്തോളം ചട്ടംകെട്ടുകയും വേണം.

മുൻസിപ്പൽ നാട്ടുകുട്ടികളുടെ പഠിപ്പിന്നു വേണ്ട നിശ്ചയങ്ങൾ ചെയ്യണം.

൧൨൩. മുൻസിപ്പൽ സഭ—

പാഠശാലകൾ നടത്തുന്നതിനാലൊ.

(i) മുൻസിപ്പൽ ദ്രവ്യത്തിൽ നിന്നു തന്നെ മുഴുവനും നടത്തി വരുന്ന പാഠശാലകളാലൊ,

(ii) നമ്മുടെ ഗവൎമ്മെന്റു അതാതു സമയം ഉണ്ടാക്കുന്ന ചട്ടങ്ങൾ പ്രകാരം ആരുടെ എങ്കിലും സ്വന്തം വക പാഠശാലകൾക്കു ആ ദ്രവ്യത്തിൽ നിന്നു ചെയ്യുന്ന സഹായ ദായകങ്ങളാലൊ,

സഹായ ദായകങ്ങളാലൊ,

(iii) ഗവൎമ്മെന്റു പാഠശാലകളുടെ ചിലവിലേക്കു അംശം കൊടുക്കുന്നതിനാലൊ.

അംശം കൊടുക്കുന്നതിനാലൊ

(iv) മേല്പറഞ്ഞ വഴികളിൽ ഒന്നിൽ അധികം മാൎഗ്ഗങ്ങളാലൊ,
പഠിപ്പിന്നു ചട്ടം കെട്ടാം.

൧൨൪. മുൻസിപ്പൽ ദ്രവ്യത്തിൽ നിന്നു മുഴുവനമായിട്ടൊ അതിൽ നിന്നു സഹായദായകങ്ങൾ ചെയ്തിട്ടൊ മുൻസിപ്പാൽ സഭ നടത്തുന്ന പാഠശാലകളിൽ പിരിക്കുന്ന ശമ്പളങ്ങൾ കൊടുപ്പാൻ നിവാസികളിൽ മുൻസിപ്പൽ സഭയുടെ അഭിപ്രായത്തിൽ ദാരിദ്ര്യം ഹേതുവായി ശക്തിയില്ലാത്ത ഏതെങ്കിലും പരിഷയിലെ ആളുകൾ ഫീസു ഒന്നും കൊടുക്കാതെയായൊ ഏതാനും കൊടുത്തിട്ടൊ ചേരുന്ന പ്രാഥമിക പാഠശാലകൾ മുൻസിപ്പാൽ സഭ നമ്മുടെ ഗവൎമ്മെന്റിന്റെ മുമ്പായ അനുവാദത്തോടു കൂടി മുൻസിപ്പാൽ ദ്രവ്യത്തിൽ നിന്നു മുഴുവനമായിട്ടൊ അതിൽ നിന്നു സഹായദായകങ്ങൾ ചെയ്തിട്ടൊ നടത്തുകയും ആവാം.

നിവാസികളിൽ ഒരു തരക്കാൎക്കു വേണ്ടി ഫീസു ഇല്ലാതെ പാഠശാലകൾ നടത്തുകയും അവൎക്കു സഹായിക്കുകയും ചെയ്യാം.

൧൨൫. വല്ല മുൻസിപ്പാലിട്ടിയിലെയും നിവാസികളിൽ വല്ല പ്രത്യേക പരിഷയിലെയും കുട്ടികളുടെ പഠിപ്പിന്നു മാത്രം നടത്തി വരുന്ന ഏതെങ്കിലും പാഠശാലയിലേക്കു ഒരു സഹായ ദായകം ചെയ്യുന്നതു വല്ലപ്പോഴും നമ്മുടെ ഗവൎമ്മെന്റിനു യുക്തമെന്നു തോന്നുന്നു എങ്കിൽ ഗവൎമ്മെന്റു ആ മുൻസിപ്പാലിട്ടിയിലെ മുൻസിപ്പൽ സഭയോടു ആ സഹായദായകം ചെയ്വാൻ ആജ്ഞാപിക്കാം. ആ മുൻസിപ്പൽ സഭക്കാർ അതു പ്രകാരം സഹായപ്പണം കൊടുക്കുകയും വേണം, എന്നാൽ ആ മുൻസിപ്പൽ സഭക്കു ആ കാൎയ്യത്തെപ്പറ്റിയുള്ള അഭിപ്രായം ഗവൎമ്മെന്റിലേക്കു അറിയിപ്പാൻ അവൎക്കു ഒരു അവസരം ഉണ്ടാകുന്നതുവരെക്കും നമ്മുടെ ഗവൎമ്മെന്റു അപ്രകാരം ആജ്ഞാപിക്കേണ്ടതും അല്ല.

ഒരു പ്രത്യേക പരിഷക്കുള്ള പാഠശാലക്കു സഹായിക്കുന്നതിന്നു നമ്മുടെ ഗവൎമ്മെന്റു ആജ്ഞാപിക്കാം.

൧൨൬. മുൻസിപ്പാൽ സഭ ചട്ടംകെട്ടേണ്ടുന്ന പഠിപ്പു നമ്മുടെ ഗവൎമ്മെന്റു അതാതു സമയം നിശ്ചയിക്കുന്ന തരങ്ങളിൽ ആയിരിക്കുകയും വേണം.

മുൻസിപ്പൽ സഭ നിശ്ചയം ചെയ്യേണ്ടുന്ന വിദ്യാഭ്യാസത്തിന്റെ തരം.

മുൻസിപ്പൽസഭ വക പാഠശാലകളിൽ ഫീസു പിരിക്കണം.

൮൭. (൧) മുൻസിപ്പൽസഭ മുൻസിപ്പൽ ദ്രവ്യത്തിൽ നിന്നു തന്നെ മുഴുവനും നടത്തിവരുന്ന എല്ലാ പാഠശാലയിലും നമ്മുടെ ഗവർന്മെന്റു അതാതു സമയം നിശ്ചയിക്കുന്ന നിരക്കുകൾ പ്രകാരം ഫീസുകൾ പിരിക്കുകയും വേണം. എന്നാൽ ആ മുൻസിപ്പാലിട്ടിയിൽ പാർക്കുന്ന വല്ല കുട്ടിയുടെയും മാതാപിതാക്കന്മാർക്കൊ രക്ഷിതാവിനൊ ദാരിദ്ര്യം ഹേതുവായി ആ കുട്ടിയുടെ ആ വിദ്യാഭ്യാസത്തിന്നു ശമ്പളം കൊടുപ്പാൻ ശക്തിയില്ലെന്നു ആ മുൻസിപ്പൽ സഭക്കു ബോദ്ധ്യമാകുന്ന പക്ഷം ആ കുട്ടിയുടെ ആ വിദ്യാഭ്യാസത്തിന്നു കൊടുക്കേണ്ടുന്ന ശമ്പളം മുഴുവനുമൊ ഏതാനുമൊ അവർ കൊടുക്കുകയും വേണം. എന്നാൽ ആ സഹായം ചെയ്യ നിമിത്തം ആ കുട്ടിയെ ഇന്ന ഒരു പാഠശാലയിലേക്കു അയക്കണം എന്നു ആ കുട്ടിയുടെ മാതാപിതാക്കന്മാരെയൊ രക്ഷിതാവിനെയൊ അവർ ശാസിക്കയും അരുതു.

വല്ല കുട്ടിക്കും ശമ്പളം കൊടുക്കാവുന്നതും.

എന്നാൽ ആ കുട്ടി ഇന്ന പാഠശാലയിൽ അയക്കണമെന്നു ശാസിക്കരുതു.

(൨) മേല്പറഞ്ഞ പ്രകാരം മുൻസിപ്പൽ സഭ പിരിക്കുന്ന ശമ്പളം വക എല്ലാ പണവും ആ സഭ പാഠശാലകൾ മൂലമായി പഠിപ്പിന്റെ ആവശ്യത്തിലേക്കു ചിലവു ചെയ്കയും വേണം.

പിരിച്ചുകിട്ടുന്ന ശമ്പളങ്ങൾ പാഠശാലകൾക്കായി ചിലവു ചെയ്യണം.

൮൮. മുൻസിപ്പൽ സഭ മുൻസിപ്പൽ ദ്രവ്യത്തിൽ നിന്നു മുഴുവനുമായിട്ടൊ അതിൽ നിന്നു സഹായമായ്കം ചെയ്തിട്ടൊ,

മറ്റവിദ്യാഭ്യാസ വിഷയങ്ങൾക്കു ചട്ടംകെട്ടാം.

(i) മുൻസിപ്പൽ ദ്രവ്യത്തിൽ നിന്നു തന്നെ മുഴുവനുമായിട്ടെങ്കിലും അതിൽ നിന്നു സഹായമായ്കം ചെയ്തിട്ടെങ്കിലും തങ്ങൾ നടത്തി വരുന്ന പാഠശാലകൾ പരിശോധിപ്പിപ്പാനും;

(ii) മുൻസിപ്പൽ ദ്രവ്യംകൊണ്ടു നടത്തുന്നതൊ സഹായിക്കുന്നതൊ ആയ പാഠകശാലകളിൽ പഠിപ്പിക്കാൻ ഉപാദ്ധ്യായന്മാരെ അഭ്യസിപ്പിക്കാനും;

(iii) വൈദ്യമൊ ഗോവസൂരി കീറിവെക്കലൊ വല്ല ശില്പമൊ വ്യാപാരം ചെയ്വാൻ ആളുകളെ പഠിപ്പിക്കാനും പരിശീലിപ്പിക്കാനും;

(iv) നമ്മുടെ ഗവർമ്മെന്റു അംഗീകരിക്കുന്നതായ സാർവ്വജനീന പുസ്തകശാലകളും വായനമുറികളും കാഴ്ചകളും വിദ്യാഭ്യാസ പ്രചാരണത്തെ സംബന്ധിച്ച മറ്റു വല്ല ശാലകളും നടത്താനും

ചട്ടംകെട്ടാവുന്നതും ആകുന്നു.

൨. വൈദ്യസഹായം.

വൈദ്യശാലകളും ഔഷധപുരകളും ഉണ്ടാക്കൽ.

൮൯. (൧) മുൻസിപ്പാലിട്ടിയിലെ അഗതികളായ ദീനക്കാർക്കു ഔഷധവൈദ്യമായും ശസ്ത്രവൈദ്യമായും ഉള്ള ഉപദേശവും ചികിത്സയും കൂലികൂടാതെ കിട്ടുവാൻ അർഹതയുള്ള ഒരു ആശുപത്രിയൊ ഔഷധപ്പുരയൊ നമ്മുടെ ഗവർമ്മെണ്ടു അതാതു സമയം നിശ്ചയിക്കുന്ന ചട്ടങ്ങൾ പ്രകാരം മുൻസിപ്പൽ സഭ ധർമ്മസ്ഥാപന സ്വത്തുകളിൽ നിന്നൊ മുൻസിപ്പാൽ ദ്രവ്യത്തിൽ നിന്നൊ ആ മുതലിൽ നിന്നു സഹായമായ്കം ചെയ്തിട്ടൊ ഉണ്ടാക്കുകയും നടത്തുകയും വേണം. നമ്മുടെ ഗവർമ്മെന്റു മുൻസിപ്പൽ സഭയൊടു ആ വക വൈദ്യശാലയൊ ഔഷധപ്പുരയൊ ഒന്നിൽ അധികം ഉണ്ടാക്കുകയും നടത്തുകയും ചെയ്യണമെന്നു ആജ്ഞാപിക്കുന്നു എങ്കിൽ ആ സഭ അങ്ങിനെ ചെയ്കയും വേണം.

എന്നാൽ ആ കാര്യത്തെപ്പറ്റി മുൻസിപ്പൽ സഭക്കുള്ള അഭിപ്രായം ഗവർമ്മെണ്ടിലേക്കു അയപ്പാൻ ആ സഭക്കു ഒരു തരം ഉണ്ടാകുന്നതു വരെക്കും നമ്മുടെ ഗവർമ്മെന്റു അപ്രകാരം ആജ്ഞാപിക്കേണ്ടതും അല്ല.

മുമ്പെതന്നെ വേണ്ടുന്ന ചട്ടം ചെയ്തിരിക്കാഞ്ഞാൽ മുൻസിപ്പാൽ സഭ ബാദ്ധ്യസ്ഥരല്ല.

(൨) എന്നാൽ മുൻസിപ്പാലിട്ടിയിലെ അഗതികളായ ദീനക്കാരെ കൂലി കൂടാതെ ചികിത്സിപ്പാൻ നമ്മുടെ ഗവർമ്മെണ്ടിന്റെ അഭിപ്രായത്തിൽ വേറെ പ്രകാരം വേണ്ടുന്ന ചട്ടം ചെയ്തിരിക്കുമ്പോൾ ആ വക വൈദ്യശാലയൊ ഔഷധപ്പുരയൊ ഉണ്ടാക്കുവാനാകട്ടെ നടത്തുവാനാകട്ടെ മുൻസിപ്പൽ സഭ ബാദ്ധ്യസ്ഥരായിരിക്കയും ഇല്ല.

ആവകവൈദ്യശാലകളും ഔഷധപ്പുരകളും ആവശ്യമായ സാമാനങ്ങളും ശേഖരിച്ചു കൊടുക്കണം

൧൭൫. മുൻസിപ്പൽസഭ തങ്ങൾ ഉണ്ടാക്കിയതൊ നടത്തുന്നതൊ ആയ എല്ലാ ആശുപത്രിയിലെക്കും ഔഷധപ്പുരയിലെക്കും ആവശ്യമായുള്ള സകല മരുന്നുകളും ആയുധങ്ങളും കോപ്പുകളും സാമാനങ്ങളും ഉപകരണങ്ങളും ഗവൎമ്മെണ്ടു അംഗീകരിക്കുന്ന ഒരു നിരക്കുപ്രകാരം ശേഖരിച്ചു കൊടുക്കുന്നതിനു പുറമെ ആ സഭയുടെ അഭിപ്രായത്തിൽ രോഗികളെ ആശുപത്രിയിൽ തന്നെ പാൎപ്പിച്ചു ചികിത്സിപ്പിക്കുന്നതിനു ചട്ടം ചെയ്യുന്നതു ആവശ്യമായിരിക്കുമ്പോൾ അവർ അങ്ങിനെ പാൎപ്പിച്ചു ചികിത്സിപ്പിക്കുന്ന രോഗികൾക്കു വേണ്ടതായ കട്ടിലുകളും കിടക്കകളും വസ്ത്രങ്ങളും സാമാനങ്ങളും ഭക്ഷണങ്ങളും ശേഖരിച്ചു കൊടുക്കുകയും വേണം.

ദരിദ്രന്മാരല്ലാത്ത ആളുകളെയും ചികിത്സിക്കാം

൧൭൬. (എ) മുൻസിപ്പാലിട്ടിയിലെ ഒരു നിവാസിയും പൊതുവായ ധൎമ്മത്തിന്നു തക്ക ഒരു പാത്രമല്ലാത്തവനും ആയ വല്ല ആളിന്നും, മുൻസിപ്പൽ സഭ ധൎമ്മസ്ഥാപന സ്വത്തുക്കളിൽ നിന്നൊ മുൻസിപ്പൽദ്രവ്യത്തിൽ നിന്നൊ നടത്തുന്ന വല്ല ആശുപത്രിയിൽ നിന്നെങ്കിലും ഔഷധപ്പുരയിൽ നിന്നെങ്കിലും, നമ്മുടെ ഗവൎമ്മെണ്ടിന്റെ അംഗീകാരത്തോടുകൂടി മുൻസിപ്പൽ സഭ അതാതു സമയം നിശ്ചയിക്കുന്ന ചട്ടങ്ങൾക്കനുസരിച്ചു, ഔഷധവൈദ്യമായൊ ശസ്ത്രവൈദ്യമായൊ ഉള്ള ഉപദേശവും ചികിത്സയും കിട്ടുകയും ചെയ്യും. എന്നാൽ മുൻസിപ്പാലിട്ടിയിലെ അഗതികളായ ദീനക്കാർ ഒരു വൈദ്യന്നു പണം കൊടുപ്പാൻ ശക്തിയില്ലാത്തവരൊ അല്ലാത്ത ആളുകൾക്കു ഔഷധവൈദ്യമായൊ ശസ്ത്രവൈദ്യമായൊ സഹായം ചെയ്യുന്നതിൽ മുൻസിപ്പൽസഭക്കുവരുന്ന വല്ല ചിലവുകളും ആ ആളുകൾ അടക്കുകയും വേണം.

വൈദ്യ ഉദ്യോഗസ്ഥന്മാരെ പണിക്കു നിശ്ചയിക്കൽ

(ബി) മുൻസിപ്പൽസഭ ധൎമ്മസ്ഥാപന സ്വത്തുക്കളിൽ നിന്നൊ മുൻസിപ്പൽദ്രവ്യത്തിൽ നിന്നൊ തങ്ങൾ നടത്തുന്ന വല്ല വൈദ്യശാലയിലെക്കൊ ഔഷധപ്പുരയിലെക്കൊ ഒരു വൈദ്യ ഉദ്യോഗസ്ഥനെ നിശ്ചയിക്കുകയും വേണം.

അന്യന്മാരെ ചികിത്സിപ്പിക്കൽ

൧൭൭. മുൻസിപ്പൽസഭ ആ മുൻസിപ്പാലിട്ടിയിൽ പാൎക്കാത്ത വല്ല ആളെയും ധൎമ്മസ്ഥാപന സ്വത്തുക്കളിൽനിന്നൊ മുൻസിപ്പൽ ദ്രവ്യത്തിൽ നിന്നൊ തങ്ങൾ നടത്തിവരുന്ന ആശുപത്രിയിലെങ്കിലും ഔഷധപ്പുരയിലെങ്കിലും ചികിത്സിപ്പാൻ അനുവദിക്കുകയും ചെയ്യാം.

൯. ഗൊവസൂരിപ്രയോഗം.

ഗൊവസൂരിപ്രയോഗത്തിനു ചട്ടംകെട്ടൽ

൧൭൮. മുൻസിപ്പാലിട്ടിയിൽ പാൎക്കുന്ന എല്ലാ ആളുകൾക്കും കൂലികൂടാതെ ഗൊവസൂരി കീറിവെക്കാൻ എല്ലാ മുൻസിപ്പൽ സഭയും,

(i). ക്രമപ്രകാരം യോഗ്യതയുള്ള തക്കതായ ഒരുകൂട്ടം വാക്സിനെറ്റൎമാരെ നിശ്ചയിക്കുന്നതിനാലും,

(ii) കറെ ഗൊവസൂരിച്ചലം ശേഖരിച്ചു വെക്കുവാനും പരക്കെ ഗൊവസൂരി കീറിവെപ്പാൻ ആവശ്യമായ സ്ഥലങ്ങൾ ഒരുപ്പാനും തക്കതായ ചട്ടംകെട്ടുന്നതിനാലും ആവകയായ ചിലവുകൾ ചെയ്യുന്നതിനാലും,

ചട്ടം കെട്ടേണ്ടതും ആകുന്നു.

ഞങ്ങൾ പത്രമുള്ള വാക്സിനെറ്റർ

൧൭൯. നമ്മുടെ ഗവൎമ്മെണ്ടു വല്ല ചികിത്സകനെയൊ മററാളെയൊ ഗൊവസൂരി കീറിവെപ്പാൻ ഒരു അനുവാദപത്രത്താൽ അധികാരപ്പെടുത്തുകയും ആ വല്ല അനുവാദപത്രവും എപ്പോൾ എങ്കിലും നിൎത്തിവെക്കുകയൊ ദുൎബ്ബലമാക്കുകയൊ ചെയ്യുകയും ആവാം.

വസൂരി കീറി വെക്കുന്നതിന്നും സാക്ഷ്യലിഖിതം കൊടുക്കുന്നതിന്നും പബ്ലിക് വാക്സിനെറ്റർ യാതൊരു കൂലിയും ചോദിക്കരുതു

൧൮൦. (എ) ഈ റെഗുലെഷൻ പ്രകാരം എപ്പോഴെങ്കിലും ഗൊവസൂരി കീറിവെക്കുന്നതിന്നൊ സാക്ഷ്യലഖിതം കൊടുക്കുന്നതിന്നൊ വല്ല പബ്ലിക് വാക്സിനെറ്ററും യാതൊരു ഫീസും പ്രതിഫലമൊ ചോദിക്കയും അരുതു. എന്നാൽ വല്ല ആളും അപേക്ഷിക്കുകയും മുൻസിപ്പൽ സഭയാൽ നിശ്ചയിക്കപ്പെട്ട ഫീസു അടക്കുകയും ചെയ്താൽ അഗ്രാസനൻ ഒരു പബ്ലിക് വാക്സിനെറ്ററോടു ആയാളുടെ സ്വന്തം വാസസ്ഥലത്തു ചെന്നു ഗൊവസൂരി കീറിവെപ്പാനൊ ഇതിന്നു താഴെ നിയമിക്കുന്ന പ്രകാരം പരിശോധിപ്പാനൊ ആജ്ഞാപിക്കുകയും ചെയ്യാം.

പ്രായമാവാത്ത സ്ത്രീകളെ വസൂരി കീറി വെക്കൽ

൨. (൧)ാം ഉപവകുപ്പിലെ ക്ലിപ്തത്തിൽ പറഞ്ഞ അപേക്ഷ നാട്ടുനടപ്പു പ്രകാരം പരസ്യമായിപ്പുറത്തു വരാത്ത ഒരു സ്ത്രീയുടെ സംഗതിയിൽ ചെയ്യുതായിരിക്കുന്നെടത്ത് ആ അപേക്ഷ പ്രകാരം നടക്കേണ്ടതും അതിന്നു യാതൊരു ഫീസ്സും വാങ്ങിക്കൂടാത്തതും ആകുന്നു.

ഗോവസൂരി കീറി വെച്ചതിനുള്ള സാക്ഷ്യലിഖിതം

൰൩. (൧) ഫലത്തോടെ ഗോവസൂരി കീറി വെക്കപ്പെട്ട വല്ല കുട്ടിയുടെയും പിതാവോ രക്ഷിതാവോ പബ്ലിക്ക വാക്സിനേറ്ററോട്ട ആ കുട്ടിക്ക ഫലമായിത്തന്നെ ഗോവസൂരി കീറിവെച്ചിരിക്കുന്ന വിവരത്തിന്നു ഒരു സാക്ഷ്യലിഖിതം ചോദിക്കാവുന്നതും ആ വാക്സിനേറ്റർ അങ്ങിനെയുള്ള സാക്ഷ്യലിഖിതം കൊടുക്കേണ്ടതും ആകുന്നു.

കുട്ടിക്ക ഗോവസൂരി കീറിവെപ്പാൻപാടില്ലാത്തപ്പോൾ സാക്ഷ്യലിഖിതം

(൨) നിഷ്ഫലമായി മൂന്നുപ്രാവശ്യം ഗോവസൂരി കീറിവെക്കപ്പെട്ട ഒരു കുട്ടി ഫലപ്രദമാകുംവണ്ണം കീറിവെപ്പാൻ പാടില്ലാത്ത സ്ഥിതിയിലാണെന്നു പബ്ലിക്ക വാക്സിനേറ്റർക്ക അഭിപ്രായമായാൽ അയാൾ ആ കുട്ടിയുടെ പിതാവിന്നോ രക്ഷിതാവിന്നോ ആ വിവരത്തിന്നു ഒരു സാക്ഷ്യലിഖിതം കൊടുക്കുകയും വേണം.

ഏ. നിർബന്ധമായി ഗോവസൂരി കീറിവെക്കൽ.

ഗോവസൂരി കീറി വെക്കൽ നിർബന്ധമാക്കുന്നതു നമ്മുടെ ഗവൎമ്മെണ്ടു ആജ്ഞാപിക്കാം

൰൪. (൧) വല്ല മുൻസിപ്പാലിട്ടിയിലും ഇന്ന ഒരു തീയതി മുതൽക്ക ഗോവസൂരി കീറി വെക്കൽ നിർബന്ധമാകും എന്നു നമ്മുടെ ഗവൎമ്മെണ്ടു പരസ്യംമൂലം ആജ്ഞാപിക്കുകയും ആ ആജ്ഞയെ അതാതു സമയം അപ്രകാരം തന്നെ ദുർബലമാക്കുകയൊ ഭേദപ്പെടുത്തുകയൊ ചെയ്കയും ആവാം.

ഗോവസൂരി കീറി വെക്കൽ നിർബന്ധമാക്കിയിരിക്കുന്നു എന്നു മുൻസിപ്പാൽ സഭ പരസ്യമാക്കണം

(൨) മേല്പറഞ്ഞ പരസ്യം പ്രസിദ്ധമാക്കിയതിന്റെ ശേഷം മുൻസിപ്പാൽ സഭ ആ മുൻസിപ്പാലിട്ടിയിൽ ഗോവസൂരി കീറിവെക്കൽ നിർബന്ധമാക്കിയിരിക്കുന്നു എന്നു തമുക്കടിച്ചും ഗവൎമ്മെണ്ടു ഗസറ്റിൽ പ്രസിദ്ധം ചെയ്യിച്ചും പരസ്യമാക്കിക്കുകയും വേണം.

വസൂരിഭയം തീരാത്ത കുട്ടികളെ വസൂരി കീറിവെക്കണം

൰൫. പത്തു വയസ്സിന്നു താഴെയും ആറു മാസവും പ്രായമായിരിക്കുകയും ആ പരസ്യത്തിന്റെ ശേഷം ആറുമാസ കാലത്തോളം ആ മുൻസിപ്പാലിട്ടിയുടെ അതിർകൾക്കുള്ളിൽ പാർത്തുവരികയും ചെയ്യുന്ന വസൂരിഭയം തീരാത്ത വല്ല കുട്ടിയുടെയും പിതാവോ രക്ഷിതാവോ ആ കുട്ടിയെ ഒരു വാക്സിനേറ്ററുടെ അടുക്കൽ കൊണ്ടുപോകയൊ കൊണ്ടുപോകിക്കുകയൊ എങ്കിലും അല്ലെങ്കിൽ ആ കുട്ടിക്ക വാക്സിനേറ്ററെക്കൊണ്ടു ഗോവസൂരി കീറി വെപ്പിക്കുകയെങ്കിലും ചെയ്കയും വേണം. ആറു മാസത്തിന്നു താഴെ പ്രായമുള്ള വല്ല കുട്ടിക്കും വസൂരി ദീനമുള്ള വീട്ടിൽ പാർക്കുന്നതിനാൽ ആ ദീനം പിടിപ്പാൻ ഇടയുള്ളപ്പോൾ ആ കുട്ടിക്ക ഗോവസൂരി കീറിവെക്കേണം എന്നു അഗ്രാസനൻ ആ മുൻസിപ്പാലിട്ടിയിൽ ആജ്ഞാപിക്കയും ചെയ്യാം.

വാക്സിനേറ്റർ നിശ്ചയിക്കുന്നതിനുള്ള സാക്ഷ്യലിഖിതം കൊടുക്കണം.

൰൬. (൧) ആ കുട്ടി ഗോവസൂരി കീറിവെപ്പാൻ തക്കതല്ലാത്ത ഒരു സ്ഥിതിയിൽ ആണെന്നു തനിക്ക തോന്നുന്ന പക്ഷം ആ വാക്സിനേറ്റർ ആ കുട്ടിയുടെ പിതാവിന്നോ രക്ഷിതാവിന്നോ ആ കുട്ടി ഗോവസൂരി കീറിവെപ്പാൻ തക്കതല്ലാത്ത ഒരു സ്ഥിതിയിൽ ആകുന്നു എന്ന വിവരത്തിന്നു ഒരു സാക്ഷ്യലിഖിതം കൊടുക്കുകയും വേണം.

കുട്ടി വസൂരി കീറി വെക്കാൻ തക്കതല്ലാത്തപ്പോൾ നടപടി.

(൨) ഗോവസൂരി കീറിവെപ്പാൻ ഒരു കുട്ടിയുടെ തക്കതല്ലായ്മയെ കുറിച്ചു ഈ വകുപ്പു പ്രകാരം നൽകുന്ന ഒരു സാക്ഷ്യലിഖിതം മൂന്നു മാസത്തിൽ കവിയാതെ [illegible] പറഞ്ഞിരിക്കുന്ന കാലത്തോളം പ്രബലപ്പെട്ടിരിക്കുകയും ചെയ്യും. ആ കാലം അവസാനിച്ചതിന്റെ ശേഷം ആ കുട്ടിയുടെ പിതാവോ രക്ഷിതാവോ ആ കുട്ടിയെ ഗോവസൂരി കീറിവെപ്പിക്കാൻ ഒരു വാക്സിനേറ്ററുടെ അടുക്കൽ കൊണ്ടുചെല്ലുകയൊ കൊണ്ടുചെല്ലിക്കുകയൊ എങ്കിലും അല്ലെങ്കിൽ തന്റെ സ്വന്ത വീട്ടിൽ വെച്ചു ഒരു വാക്സിനേറ്ററെക്കൊണ്ടു ആ കുട്ടിക്ക ഗോവസൂരി കീറിവെപ്പിക്കുകയെങ്കിലും ചെയ്കയും അതിന്റെ ശേഷം ആ കീറിവെച്ചതു ഇതിന്നു മേലെ നിയമിച്ചിരിക്കുന്നവിധത്തിൽ പരിശോധിപ്പിക്കുകയും വേണം.

നിൎബന്ധമായിട്ടുള്ള സാക്ഷ്യലിഖിതം പുതുക്കൽ.

എന്നാൽ ആ കുട്ടി വസൂരി കീറിവെക്കാൻ തക്കതല്ലാത്ത ഒരു സ്ഥിതിയിൽ തന്നെ പിന്നെയും കാണുന്ന പക്ഷം മേല്പറഞ്ഞ സാക്ഷ്യലിഖിതം വീണ്ടും എഴുതി കൊടുക്കുകയും വേണം.

വാക്സിനേറ്റർ കുട്ടികളെ കീറിവെക്കുന്നതു.

൧൫. ആ കുട്ടി ഗോവസൂരി കീറിവെക്കാൻ തക്ക ഒരു സ്ഥിതിയിൽ ആയിരിക്കുന്നു എന്നു തോന്നുന്ന പക്ഷം ആ വാക്സിനേറ്റർ ആ കുട്ടിക്കു ഗോവസൂരി കീറിവെക്കുകയും അതിന്റെ പിതാവിന്നോ രക്ഷിതാവിന്നോ ആ കീറിവെച്ച തീയതിയും കീറിവെച്ചതിന്റെ ഫലത്തെ നിശ്ചയപ്പെടുത്തുവാൻ വേണ്ടി ആ കുട്ടിയെ പരിശോധിക്കേണ്ടുന്ന തീയതിയും എഴുതിയ ഒരു കുറിപ്പു കൊടുക്കുകയും വേണം.

കീറി വെച്ചതിന്റെ ശേഷം പരിശോധിക്കൽ.

൧൬. (൧) ഇതിന്നടുത്ത മുമ്പത്തെ വകുപ്പു പ്രകാരം ഗോവസൂരി കീറിവെക്കപ്പെട്ട എല്ലാ കുട്ടിയുടെയും പിതാവോ രക്ഷിതാവോ മേല്പറഞ്ഞ കുറിപ്പിൽ [illegible] പരിശോധന തീയതി ആ കുട്ടിയെ പരിശോധിപ്പാൻ വേണ്ടി ഒരു വാക്സിനേറ്ററുടെ അടുക്കെ കൊണ്ടുചെല്ലുക എങ്കിലും [illegible] ചെല്ലിക്കുക എങ്കിലും അല്ലെങ്കിൽ ഒരു വാക്സിനേറ്ററെക്കൊണ്ടു ആ കുട്ടിയെ പരിശോധിപ്പിക്കുക എങ്കിലും വേണം. ആ വാക്സിനേറ്റർ ആ കുട്ടിയെ പരിശോധിച്ചു എന്നും ആ പരിശോധനയുടെ ഫലം ഇന്നതെന്നും എഴുതിയ ഒരു സാക്ഷ്യലിഖിതം അപ്പോൾ [illegible] കൊടുക്കുകയും വേണം.

കീറിവെച്ചതു ഫലിച്ചിരിക്കുമ്പോൾ നടപടി.

(൨) ഗോവസൂരി കീറിവെച്ചതു ൧൪-ം വകുപ്പു പ്രകാരം കഴിക്കുന്ന പരിശോധനയിങ്കൽ ഫലിച്ചിരിക്കുന്നു എന്നു നിശ്ചയപ്പെടുത്തിയാൽ ആ കുട്ടിയുടെ പിതാവിന്നോ രക്ഷിതാവിന്നോ ആ വാക്സിനേറ്റർ ആ [illegible] സാക്ഷ്യലിഖിതം കൊടുക്കുകയും വേണം. അതിന്റെ ശേഷം ആ കുട്ടിയെ വസൂരി ഭയം തീർന്നതായി വിചാരിക്കയും ചെയ്യും.

കീറിവെച്ചതു ഫലപ്രദമാകാതെ പോകുമ്പോൾ നടപടി.

(൩) കീറിവെച്ചതു ഫലപ്രദമായതെ പോയിരിക്കുന്നു എന്നു നിശ്ചയപ്പെടുത്തുമ്പോൾ പിതാവോ രക്ഷിതാവോ വാക്സിനേറ്ററോ ആവശ്യപ്പെടുന്നപക്ഷം ആ കുട്ടിക്കു ഉടനെതന്നെ [illegible] കീറിവെപ്പിക്കുകയും അതിന്റെ ശേഷം ആ കീറിവെച്ചതു ൧൪-ം വകുപ്പിന്റെ [illegible] ഉപവകുപ്പിൽ നിയമിച്ച പ്രകാരം തന്നെ പരിശോധിക്കുകയും വേണം.

പാടില്ലായ്കയുടെ സാക്ഷ്യലിഖിതം.

(4) മൂന്നുപ്രാവശ്യം നിഷ്ഫലമായി കീറിവെക്കപ്പെട്ട ഒരു കുട്ടി ഫലപ്രദമായി [illegible] കീറിവെപ്പാൻ പാടില്ലാത്ത സ്ഥിതിയിൽ ആണെന്നു ആ വാക്സിനേറ്റർക്കു അഭിപ്രായമാകുന്ന പക്ഷം അയാൾ ആ കുട്ടിയുടെ പിതാവിന്നോ രക്ഷിതാവിന്നോ ആ വിവരത്തിനു ഒരു സാക്ഷ്യലിഖിതം കൊടുക്കുകയും വേണം. അതുമുതൽക്കു ആ പിതാവിന്നാകട്ടെ രക്ഷിതാവിന്നാകട്ടെ ആ കുട്ടിക്കു ഗോവസൂരി കീറിവെപ്പിക്കേണമെന്നു ആവശ്യപ്പെടുകയും അരുതു.

വസൂരിഭയം തീരാത്ത കുട്ടിയുടെ പിതാവിന്നോ രക്ഷിതാവിന്നോ അറിവിപ്പു കൊടുക്കൽ.

൧൭. (1) അഗ്രാസനനോ അയാൾ അതിലേക്കായി അധികാരപ്പെടുത്തിയ വല്ല ആളോ ആളുകളോ റജിസ്റ്റർപുസ്തകം പരിശോധിച്ചതിൽ [illegible] ഏതെങ്കിലും കുട്ടിക്കു വസൂരിഭയം തീരാത്തതായിരിക്കുന്നു എന്നു നിശ്ചയപ്പെടുത്തുന്നതും ആ വസ്തുതയിന്മേൽ അഗ്രാസനൻ ആ കുട്ടിയുടെ പിതാവിന്നോടോ രക്ഷിതാവിന്നോടോ അയാളുടെ രക്ഷയിൽ ഇരിക്കുന്ന കുട്ടിക്കു ഇന്ന പേരെന്നും അവന്റെ വയസ്സു ഇത്ര എന്നും കാണിക്കുന്നതായി എഴുതി അയയ്ക്കപ്പെട്ട ഒരു മുന്നറിയിപ്പു അവധിക്കുള്ളിൽ [illegible] എന്നു ആവശ്യപ്പെടാവുന്നതും ആകുന്നു. വസൂരിഭയം തീരാത്ത വല്ല കുട്ടിയുടെയും പിതാവോ രക്ഷിതാവോ ആ കുട്ടിക്കു ഗോവസൂരി കീറിവെപ്പിക്കാനോ ആ കുട്ടിയെ പരിശോധിപ്പിക്കാനോ ഇതിന്നു മുമ്പെ പറഞ്ഞ നിയമങ്ങളാൽ ബാദ്ധ്യസ്ഥൻ ആകുന്നെന്നും അപ്രകാരം ചെയ്വാൻ വീഴ്ച വരുത്തിയിരിക്കുന്നു എന്നും വിശ്വസിക്കാൻ അഗ്രാസനന്നോ അയാൾ അധികാരപ്പെടുത്തിയ വല്ല ആൾക്കോ ന്യായമുണ്ടെങ്കിൽ അയാൾ ആ പിതാവിന്റെയോ രക്ഷിതാവിന്റെയോ വീട്ടിൽ പോയി അന്വേഷണം ചെയ്യുകയും ആ സംഗതി നിയമപ്രകാരം ബോദ്ധ്യപ്പെടുകയും ചെയ്തിരുന്നാൽ അല്ലെങ്കിൽ ഇന്ന ഒരു സമയത്തും സ്ഥലത്തും കാര്യത്തിന്റെ അവസ്ഥപോലെ, ആ കുട്ടിക്കു ഗോവസൂരി കീറിവെപ്പിക്കാനോ ആ കുട്ടിയെ പരിശോധിക്കാനോ [illegible] ആവശ്യപ്പെടുന്ന ഒരു അറിയിപ്പു ഉടനെ ആ പിതാവിന്നോ രക്ഷിതാവിന്നോ കൊടുക്കുകയാകട്ടെ അവന്റെ വീട്ടിന്മേൽ പതിപ്പിക്കുകയാകട്ടെ ചെയ്യുകയും വേണം.

(2) ആ അറിയിപ്പുപ്രകാരം നടക്കാത്താൽ അഗ്രാസനനൊ മെല്പറഞ്ഞ ആളൊ ആ സംഗതിക്കു മജിസ്ത്രേട്ടിന്നു ഒരു റിപ്പോട്ട് അയക്കേണ്ടതും മാജിസ്ത്രേട്ടു കുട്ടിയുടെ പിതാവിനെയൊ രക്ഷിതാവിനെയൊ സമൻസ് അയച്ചു വരുത്തി അവനൊടു സമാധാനം ചോദിക്കേണ്ടതും ആ സമാധാനം തൃപ്തികരം അല്ലാത്തപക്ഷം ആ പിതാവൊ രക്ഷിതാവൊ അൻപതുരൂപായിൽ കവിയാത്ത ഒരു പിഴ അടക്കാൻ വിധിക്കേണ്ടതും ആകുന്നു.

അറിയിപ്പു അനുസരിക്കാഞ്ഞാൽ മജിസ്ത്രേട്ടു അതു അന്വേഷിപ്പിക്കുന്നു.

(3) കുട്ടിയുടെ പിതാവൊ രക്ഷിതാവൊ കൊടുത്ത സമാധാനം തൃപ്തികരം തന്നെന്നു മജിസ്ത്രേട്ടു അഭിപ്രായപ്പെടുന്നപക്ഷം ഉത്തരവിൽ കാണിച്ച ഒരു തിയ്യതിക്കു മുമ്പെ ആ പിതാവൊ രക്ഷിതാവൊ (1)ാം ഉപവകുപ്പുപ്രകാരം കൊടുക്കപ്പെട്ട അറിയിപ്പുപ്രകാരം നടക്കാൻ ആജ്ഞാപിക്കുന്നതായി മാജിസ്ത്രേട്ട് എഴുത്തുമൂലമായ ഒരു ഉത്തരവു കൊടുക്കേണ്ടതും ആ ഉത്തരവു ആ തിയതിക്കനുസരിക്കാഞ്ഞാൽ മാജിസ്ത്രേട്ടു ആ പിതാവൊ രക്ഷിതാവൊ തന്റെ മുമ്പാകെ ഹാജരാവാൻ പിന്നെയും സമൻസ് അയച്ചു മുൻപറഞ്ഞപ്രകാരം പ്രവൃത്തിക്കേണ്ടതും ആകുന്നു.

ഇന്ന തിയ്യതിക്കുമുമ്പെ അറിയിപ്പുപ്രകാരം നടപ്പാൻ മജിസ്ത്രേട്ട ആജ്ഞാപിക്കാം.

(4) പിതാവൊ രക്ഷിതാവൊ ഗോവസൂരിചലം പശുവിൽ നിന്നു തന്നെ എടുത്തു വെക്കണം എന്നു ആവശ്യപ്പെട്ടവെന്നും അങ്ങനെ ആ ചലം കിട്ടുവാൻ സാധിച്ചിട്ടില്ലെന്നും തെളിയിച്ചാൽ ൟ വകുപ്പുപ്രകാരം യാതൊരു ശിക്ഷയും വിധിച്ചുകൂടുന്നതും അല്ല.

ഗോവസൂരി ചലം ആവശ്യപ്പെടുകയും അതു കിട്ടാതിരിക്കുകയും ചെയ്താൽ ശിക്ഷയില്ല

(ബി) ശിക്ഷകൾ.

൨൭. ൨൦-ാം വകുപ്പ് (1)ാം ഉപവകുപ്പുപ്രകാരം ഒരു പരസ്യം പ്രസിദ്ധപ്പെടുത്തിയതിന്റെശേഷം, ൟ റെഗുലേഷൻപ്രകാരം നല്കപ്പെട്ട ഒരു സാക്ഷ്യലിഖിതമായി ഉദ്ദേശിക്കുന്ന ഒരു സാക്ഷ്യലിഖിതത്തിൻ, ൟ റെഗുലേഷൻപ്രകാരം ഒരു വാക്സിനേറ്റർ അല്ലാതെ ഇരിക്കെ, മനഃപൂർവ്വമായി ഒപ്പിടുകയാകട്ടെ അങ്ങിനെയുള്ള ഒരു സാക്ഷ്യലിഖിതം മനഃപൂർവ്വമായി എഴുതുകയാകട്ടെ ചെയ്യുന്ന യാതൊരാളും 500 രൂപായിൽ കവിയാത്ത ഒരു പിഴെക്കു പാത്രമായിരിക്കുകയും ചെയ്യും.

അനുവാദപത്രമില്ലാത്ത വാക്സിനേറ്റർ ഒരു സാക്ഷ്യലിഖിതത്തിൽ ഒപ്പിടുന്നതിന്നു ശിക്ഷ.

൨൮. ഒരു വാക്സിനേറ്റർ ആയിരിക്കെ, ഒരു കള്ളസാക്ഷ്യലിഖിതത്തിൽ മനഃപൂർവ്വം ഒപ്പിടുകയൊ ഒപ്പിടീക്കുകയൊ ആയതു എഴുതുകയൊ എഴുതിക്കുകയൊ എങ്കിലും, അല്ലെങ്കിൽ, ൟ റെഗുലേഷൻപ്രകാരം ഒരു സാക്ഷ്യലിഖിതം കൊടുക്കാൻ നിബന്ധിതനായിരിക്കെ, ആയതു കൊടുക്കുകയില്ലെന്നു പറകയൊ കൊടുക്കാൻ ഉപേക്ഷയാക്കുകയൊ എങ്കിലും ചെയ്യുന്ന യാതൊരാളും 100 രൂപായിൽ കവിയാത്ത ഒരു പിഴെക്കു പാത്രമായി വരികയും ചെയ്യും.

ഒരു കള്ളസാക്ഷ്യലിഖിതത്തിൽ ഒപ്പിടുന്നതിന്നു ശിക്ഷ.

൨൯. എല്ലാ മുൻസിപ്പാലിട്ടിയിലും വസൂരിപ്പഴുപ്പു എടുത്തു കീറിവെക്കൽ ഇതിനാൽ വിലക്കിയിരിക്കുന്നു; വസൂരിപ്പഴുപ്പു കുത്തിവെക്കപ്പെട്ട യാതൊരാളും താൻ തൊടുന്നതിനാലൊ അടുത്തു വരുന്നതിനാലൊ മെലിൽ വസൂരിദീനം ഉണ്ടാക്കുവാൻ ഇടയുള്ളവനല്ല എന്നു എഴുതിയ ഒരു സാക്ഷ്യലിഖിതം, ആവക സാക്ഷ്യലിഖിതങ്ങൾ നല്കുവാൻ നമ്മുടെ ഗവർമ്മെണ്ടു അതാതു സമയം രേഖാമൂലമായ ഉത്തരവിനാൽ അധികാരപ്പെടുത്തുന്ന തരത്തിലുള്ള ഒരു ചികിത്സകനൊടു വാങ്ങാതെ, ആ പഴുപ്പു കുത്തിവെച്ച തിയ്യതി മുതൽ നാല്പതു ദിവസം കഴിയുന്നതിന്നു മുമ്പെ, അവൻ വല്ല മുൻസിപ്പാലിട്ടിയിലും കടക്കുകയും അരുതു.

വസൂരിപ്പഴുപ്പു കീറിവെക്കൽ വിലക്കൽ.

വസൂരിപ്പഴുപ്പു വെക്കപ്പെട്ട ആൾ ൟ റെഗുലേഷന്നുൾപ്പെട്ട നഗരത്തിലൊ പ്രദേശത്തൊ കടക്കരുതു.

ൟ വകുപ്പിലെ നിബന്ധനകളെ ലംഘിക്കുന്ന യാതൊരുത്തനും മൂന്നുമാസത്തിൽ കവിയാത്ത ഒരു കാലത്തെ വെറുംതടവിന്നൊ 200 രൂപായിൽ കവിയാത്ത ഒരു പിഴെക്കൊ രണ്ടിന്നുംകൂടിയൊ പാത്രമായിരിക്കുകയും ചെയ്യും.

4. ജലം ശേഖരിച്ചു കൊടുക്കൽ.

മുനിസിപ്പൽ സഭ ജലം ശേഖരിച്ചു കൊടുപ്പാൻ ചുമതലപ്പെട്ടിരിക്കുന്നു.

൩൪. (1) മുനിസിപ്പൽ സഭ തങ്ങളുടെ അധീനത്തിലുള്ളേടത്തോളം മുനിസിപ്പാലിട്ടിയിലെ നിവാസികളുടെ ആവശ്യത്തിന്നു മതിയായ ജലം ശേഖരിച്ചു കൊടുക്കേണ്ടതാണ്.

പൊതുവായ കുളങ്ങളും മറ്റും മുനിസിപ്പൽ സഭയുടെ അധികാരത്തിന്റെ കീഴിൽ.

(2) ഈ റെഗുലേഷൻ നടപ്പായി വരുംകാലത്തുള്ളതോ പിന്നെ മുനിസിപ്പൽ സഭയുടെ ചിലവിന്മേലോ മറ്റോ വേറെ പ്രകാരം ഉണ്ടാക്കുകയെങ്കിലും കയ്യേൽക്കുകയെങ്കിലും കെട്ടുകയെങ്കിലും ചെയ്തതോ ആയ പൊതുവിലുള്ള എല്ലാ തോടുകളും ചാലുകളും പൊതുവിലുള്ള എല്ലാ കുളങ്ങളും ചിറകളും തൊട്ടികളും ജലാശയങ്ങളും കിണറുകളും ജലം എടുപ്പാനുള്ള നിലംകുഴലുകളും മറ്റു ജലശേഖരിപ്പു പണികളും അതിന്നു സംബന്ധിച്ചിരിക്കുന്നതും സമീപത്തുള്ളതും ആയ (ആരുടെയും സ്വന്തമല്ലാത്ത) വല്ല നിലവും മുനിസിപ്പൽ സഭയുടെ അധികാരത്തിന്നും മേൽനോട്ടത്തിന്നും കീഴിലായിരിക്കുകയും ചെയ്യും.

നമ്മുടെ ഗവർമ്മെന്റു ആ അധികാരം കിഴിച്ചുകളയാം.

(3) നമ്മുടെ ഗവർമ്മെന്റ് അതാതു സമയം പരസ്യമൂലം ആ അധികാരത്തെയും മേൽനോട്ടത്തെയും കിഴിച്ചുകളയുന്നതായി വിവരിക്കുകയും ചെയ്തിട്ടുള്ള ഗവർമ്മെന്റു വകയായ വല്ല ജലാശയത്തെയോ ജലശേഖരിപ്പു പണിയെയോ ഈ വകുപ്പിലെ നിയമങ്ങളിൽ നിന്ന് ഒഴിവാക്കുകയും അതുപോലെ തന്നെ ആ വക പരസ്യത്തെ ദുർബലമാക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യുകയും ആവാം.

പുതിയ പണികൾ ഉണ്ടാക്കൽ.

൩൫. (1) മുനിസിപ്പൽസഭ ഒരു യോഗം കൂടുന്നതിങ്കൽവെച്ചു മുനിസിപ്പാലിട്ടിയിലേക്കു ജലം കൊണ്ടുവരുവാൻ തങ്ങൾക്കു തക്കതെന്നു തോന്നുന്ന പണികൾ ഉണ്ടാക്കുവാൻ നമ്മുടെ ഗവർൺമെന്റിന്റെ അനുവാദത്തോടുകൂടി അനുജ്ഞാപിക്കുകയും നിവാസികളുടെ ഉപയോഗത്തിന്നു തങ്ങൾക്കു തക്കതെന്നു തോന്നുന്ന ചാലുകളും കുളങ്ങളും ചിറകളും തൊട്ടികളും കിണറുകളും ജലാശയങ്ങളും ജലമെടുപ്പാനുള്ള നിലംകുഴലുകളും മറ്റു പണികളും ഉണ്ടാക്കുകയും ആവാം.

ജലം ശേഖരിച്ചു കൊടുപ്പാൻ ഉള്ളതായ പണികൾ രക്ഷിക്കൽ

ആ പണികൾ അടെക്കുകയും അതിന്നു പകരം വേറെ ഉണ്ടാക്കിക്കുകയും

(2) ജലം ശേഖരിച്ചു കൊടുപ്പാൻ ഉപയോഗിക്കുന്നതിന്നു ഇപ്പോൾ പൊതുവായുള്ള ചാലുകളും കുളങ്ങളും ചിറകളും തൊട്ടികളും കിണറുകളും ജലാശയങ്ങളും നിലംകുഴലുകളും മറ്റു പണികളും മുനിസിപ്പൽസഭ രക്ഷിക്കുകയും അതുകളിൽ ജലം ശേഖരിച്ചു കൊടുപ്പിക്കുകയും ചെയ്യാം. അല്ലെങ്കിൽ അവർ ആ വക പണികൾ അടപ്പിക്കുകയും അതിന്നു പകരം ആ വക മറ്റു പണികൾ ഉണ്ടാക്കിക്കുകയും രക്ഷിക്കുകയും അതിൽ ജലം ശേഖരിച്ചു കൊടുപ്പിക്കുകയും ആവാം.

മുനിസിപ്പാലിട്ടിയുടെ പുറത്തു ജലശേഖരപ്പണി ചെയ്യുമ്പോൾ മുനിസിപ്പൽ സഭയുടെ അധികാരങ്ങൾ

൩൬. വല്ല മുനിസിപ്പാലിട്ടിയിലേക്കും ജലം കൊണ്ടുവരുവാൻ ആ മുനിസിപ്പാലിട്ടിയുടെ അതിരുകൾക്കു പുറത്തു വല്ല പണികളും നമ്മുടെ ഗവർൺമെന്റ് അനുവദിച്ചിരിക്കുമ്പോൾ എല്ലാം,

(a) ആ പണികൾ ഉണ്ടാക്കുന്നതിലും രക്ഷിക്കുന്നതിലും കേടുതീർക്കുന്നതിലും ആ പണികൾ കിടക്കുന്നതോ അവ പോകുന്നതോ ആയ നാട്ടിൽ അതു മുഴുവനും നീളെയും,

(b) നമ്മുടെ ഗവർൺമെന്റിന്റെ അനുവാദത്തോടുകൂടി,

(i) മുനിസിപ്പാലിട്ടിയിലെ ഉപയോഗത്തിന്നു ജലം എടുക്കുന്ന വല്ല ഏരിയിന്മേലും കുളത്തിന്മേലും ചിറയിന്മേലും ആ വക വല്ല ഏരിയിലെയോ കുളത്തിലെയോ ചിറയിലെയോ ഉയർന്ന വെള്ളപ്പൊക്ക അടയാളത്തിൽനിന്നു ഒരു മയിലിന്നകത്തുള്ള എല്ലാ നിലങ്ങളിന്മേലും,

(ii) ആ മുനിസിപ്പാലിട്ടിയിലെ ഉപയോഗത്തിന്നു വല്ല നീരൊഴുക്കിൽനിന്നും ജലം എടുക്കുമ്പോൾ ആ ഉപയോഗത്തിന്നു ജലം എടുക്കുന്ന യാതൊരു സ്ഥലത്തുനിന്നും ഒരു മയിൽ മേല്പോട്ടും അര മയിൽ കീഴ്പോട്ടും ആ ഒഴുക്കിന്മേലും.

യും അവരുടെ ഉദ്യോഗസ്ഥന്മാരും തങ്ങൾ ആ മുൻസിപ്പാലിറ്റിയാൽ നടത്താവുന്ന സകല അധികാരങ്ങളും നടത്തുകയും ചെ

[illegible] മുൻസിപ്പാലിട്ടിയിലേക്ക ജലം ശേഖരിക്കാൻവേണ്ടി വല്ല കുഴലുകളും ഇട്ടുന്നതിൽ മുൻസിപ്പാൽസഭ തങ്ങൾക്ക ആവശ്യമെന്ന തോന്നുന്ന പക്ഷം ആ കുഴലുകൾ ഒരു വീഥിയിൽകൂടിയോ അതിന്റെ വിലങ്ങെയോ ചൊടെയൊ ആകട്ടെ ഒരു വീഥി ഉണ്ടാകുവാനായി നിശ്ചയിച്ചിരിക്കുന്നതൊ വിചാരിച്ചിരിക്കുന്നതൊ ആയ വല്ല സ്ഥലത്തിൽ കൂടിയോ അതിന്റെ വിലങ്ങെയോ ചൊടെയൊ ആകട്ടെ വല്ല പുരയുടെയും ചൊടെയാകട്ടെ വല്ല കഴിയ[illegible]യിൽ കൂടിയോ നിലവറയിൽ കൂടിയോ ആകട്ടെ വളച്ചുകെട്ടിയതൊ അല്ലാത്തതൊ ആയ എതെങ്കിലും വല്ല നിലത്തിലെക്കൊ നിലത്തിൽ കൂടിയോ നിലത്തിന്റെ ചൊടെയൊ ആകട്ടെ കൊണ്ടുചെല്ലിക്കുകയും ആവാം.

(൨) ഈ വകുപ്പുപ്രകാരം തങ്ങൾ അവരുടെ എങ്കിലും സ്വകാര്യസ്വത്തുകൊണ്ട പ്രവൎത്തിക്കുന്ന എല്ലാ കാൎയ്യത്തിലും തങ്ങൾ അങ്ങിനെ പ്രവൎത്തിക്കാൻ വിചാരിക്കുന്ന വിവരത്തിന്ന മുൻസിപ്പാൽസഭ ആ മുതലിന്റെ ഉടമസ്ഥന്ന ന്യായമായ അറിയിപ്പ കൊടുക്കുകയും ആ മുതൽകൊണ്ട അങ്ങിനെ പ്രവൎത്തിക്കുന്നതിന്ന അയാൾക്ക ന്യായമായ പ്രതിഫലം കൊടുക്കുകയും വെണം.

സ്വകാൎയ്യമുതലിന്റെ ഉടമസ്ഥന്ന അറിയിപ്പും അതുകൊണ്ടു പ്രവൎത്തിക്കുന്നതിന്ന പ്രതിഫലവും

൫൭. (൧) വല്ല പുരയിലെക്കൊ നിലത്തിലെക്കൊ മുൻസിപ്പൽസഭക്ക യുക്തമെന്ന തൊന്നുന്ന അളവിലും നിശ്ചയങ്ങളിന്മെലും കരാറുകൾക്ക അനുസരിച്ചും ജലം കൊടുക്കാൻ ആ സഭ അതിന്റെ ഉടമസ്ഥനുമായൊ കയ്യശക്കാരനുമായൊ നിശ്ചയം ചെയ്യാം. എന്നാൽ വീട്ടാവശ്യങ്ങൾക്ക വെണ്ടി കൊടുക്കുന്ന വെള്ളത്തിന്ന വില ചൊദിച്ചു കൂടുന്നതും അല്ല.

സ്വന്തക്കാരുടെ സ്ഥലങ്ങളിലേക്ക ജലം കൊടുക്കുക

(൨) അങ്ങിനെ കൊടുക്കുന്ന ജലത്തിന്റെ അളവു കുറക്കെണമെന്ന മുൻസിപ്പാൽ സഭ വിചാരിക്കുമ്പൊഴൊക്കെയും ആ സഭ മതിയായ കാരണത്തിന്മേൽ അതാതുസമയം ആയതു കുറെക്കുകയും ചെയ്യാം.

അതു കുറെക്കാം

(൩) അങ്ങിനെ ജലം ശേഖരിച്ചു കൊടുക്കാൻ ആവശ്യമായ പണികളും മെലിൽ ആ പണികളുടെ എല്ലാ കെട്ടിടങ്ങളും അതിൽ അറ്റകുറ്റം തീൎക്കലും ഭേദപ്പെടുത്തലും എല്ലാ സംഗതിയിലും മുൻസിപ്പാൽ സഭയൊ അവരുടെ ആജ്ഞയിൻകീഴിലൊ നടത്തെണ്ടതും അതിന്റെ ചിലവു ആ ഉടമസ്ഥനൊ കയ്യശക്കാരനൊ കൊടുക്കെണ്ടതും ആകുന്നു.

ജലം ശേഖരിച്ചുകൊടുപ്പാനുള്ള പണികളുടെ ചിലവു ഉടമസ്ഥനൊ കയ്യശക്കാരനൊ വഹിക്കുന്നു.

(൪) വീട്ടാവശ്യങ്ങൾക്ക വെണ്ടി കൊടുക്കുന്ന ജലത്തിൽ കുതിരകളെയൊ വണ്ടികളെയൊ വില്പാനാകട്ടെ കൂലിക്ക കൊടുപ്പാനാകട്ടെ വച്ചിരിക്കുമ്പൊൾ ആ കുതിരകൾക്കും വണ്ടികൾ കഴുകുവാനായും കൊടുക്കുന്ന ജലം എങ്കിലും വല്ല വ്യാപാരത്തിന്നൊ കൈത്തൊഴിലുകൾക്കൊ പണികൾക്കൊ ജലാശയങ്ങൾ നിറവാൻ കെട്ടിയിരിക്കുന്ന തൊട്ടികളിലെക്കൊ വല്ല [illegible] ആവശ്യത്തിന്നൊ വല്ല യന്ത്രം [illegible]ങ്ങളിലെക്കൊ കൃഷിക്ക നിലം നനെയ്പ്പാൻ വെണ്ടിയൊ കൊടുക്കുന്ന ജലമെങ്കിലും ഉൾപ്പെടുന്നതും അല്ല.

വീട്ടാവശ്യങ്ങൾ എന്നാൽ ഉൾപ്പെടുന്നതും

൫൮. (൧) അഗ്രാസനനൊ അതിലെക്കായി അയാൾ അധികാരപ്പെടുത്തിയ വല്ല ആളൊ ൫൭-ാം വകുപ്പ (൧)ാം ഉപവകുപ്പുപ്രകാരം ജലം കൊടുക്കപ്പെടുന്ന വല്ല പുരയുടെയൊ നിലത്തിന്റെയൊ കയ്യശക്കാരന്ന ഒരു മണിക്കൂർ നെരത്തെ അറിയിപ്പ കൊടുത്തശെഷം സൂൎയ്യോദയത്തിന്നും സൂൎയ്യാസ്തമനത്തിന്നും മദ്ധ്യെ എപ്പൊൾ എങ്കിലും ആ പുരയിലൊ നിലത്തൊ കടന്നു ചെന്ന വല്ല കുഴലുകളുടെയും പണികളുടെയും അതൊട ചെൎത്തിരിക്കുന്ന സാധനങ്ങളുടെയും സ്ഥിതി പരിശൊധിക്കുകയും മുൻസിപ്പാൽ സഭ ആ പുരയിലെക്കൊ നിലത്തെക്കൊ കൊടുക്കുന്ന ജലം ചെതം വരുത്തുകയൊ അധികമായി ഉപയോഗിക്കുകയൊ ചെയ്യുന്നുണ്ടൊ എന്ന നിശ്ചപ്പെടുത്തുകയും ചെയ്യാം.

വിശേഷിക്കുവാനും കടപ്പാനുമുള്ള അധികാരം

(ബ) അഗ്രാസനനെയൊ ആ മറ്റു ആളെയൊ ആ പുരയിലൊ നിലത്തെ ആവശ്യത്തിന്നു കടപ്പാൻ ന്യായമായ കാരണംകൂടാതെ തടസ്ഥം ചെയ്താൽ അഗ്രാസനൻ ജലം നിൎത്താം
തിരിക്കയാകട്ടെ ആയാൾ ആ പരിശോധന കഴിക്കുന്നതു ന്യായമായ കാരണംകൂടാതെ വിരോധിക്കകയാകട്ടെ ചെയ്താലും അല്ലെങ്കിൽ കേടു തീൎക്കുന്നതുവരെ ജലം നഷ്ടംവരുന്നതു വെറെപ്രകാരം തടുക്കാൻ കഴിയുന്നതല്ലെന്നു അഗ്രാസനന്നു തൊന്നിയാലും അഗ്രാസനൻ ആ പുരയിലെക്കൊ നിലത്തെക്കൊ ജലം കൊടുക്കുന്നതു നിൎത്തുകയും ചെയ്യാം.

ജലം നഷ്ടംവരുത്തുകയൊ അവിഹിതമായി ഉപയൊഗിക്കുകയൊ ചെയ്താൽ ശിക്ഷ

൫൮. ഈ റെഗ്യുലെഷൻപ്രകാരം ജലം കൊടുക്കപ്പെടുന്ന വല്ല പുരയുടെ എങ്കിലും നിലത്തിന്റെ എങ്കിലും ഉടമസ്ഥനൊ കയ്യശക്കാരനൊ ആ വെള്ളം ഉപെക്ഷയാലൊ തന്നാൽ നീക്കാൻ കഴിയുന്ന മറ്റു സംഗതികളാലൊ ചെതം വരുത്തുകയാകട്ടെ, അവിഹിതമായി ഉപയൊഗിക്കുകയാകട്ടെ ൫൩-ാം വകുപ്പുപ്രകാരം അഗ്രാസനൻ നിശ്ചയിക്കുന്ന അളവിൽ കവിഞ്ഞു ഉപയൊഗിക്കുകയാകട്ടെ സമ്മതിച്ചിരിക്കുന്നതല്ലാത്ത വല്ല കാൎയ്യങ്ങൾക്കും ഉപയൊഗിക്കുകയാകട്ടെ തന്റെ പുരയിലൊ നിലത്തൊ ജലം തരുവാനുള്ള കുഴലുകളൊ പണികളൊ അതൊടു ചെൎന്ന സാധനങ്ങളൊ ജലം നഷ്ടമായി പൊകുവാൻ തക്കവണ്ണം ചീത്തയായിരിക്കുന്നു എന്നു കാണുകയും താൻ അതു അറിഞ്ഞുംകൊണ്ടു അഗ്രാസനന്നു അതിന്റെ ന്യായമായ അറിയിപ്പു കൊടുക്കാൻ വീഴ്ചവരുത്തുകയും ചെയ്കയാകട്ടെ ചെയ്താൽ ആ ഓരൊ ഉപെക്ഷക്കൊ അവിഹിതമായ ഉപയൊഗത്തിന്നൊ ലംഘനത്തിന്നൊ വീഴ്ചെക്കൊ ൨൦ രൂപായിൽ കവിയാത്ത ഒരു പിഴക്കു പാത്രമായിരിക്കുന്നതിന്നു പുറമെ അന്യായം നടത്തിയതിന്നു വിധിക്കുന്ന ചിലവും കൊടുക്കെണ്ടിവരികയും ചെയ്യും.

ജലനികുതിയും മറ്റും കൊടുപ്പാൻ വീഴ്ചചെയ്താൽ അഗ്രാസനൻ ജലം കൊടുക്കുന്നതു നിൎത്താം

൫൯. ൫൩-ാം വകുപ്പു (ഫ)ാം ഉപവകുപ്പുപ്രകാരം ജലം കൊടുക്കപ്പെടുന്ന വല്ല ആളും ൪൯-ാം വകുപ്പുപ്രകാരം ജലത്തിന്നും നീരൊട്ടി വാറ്റുന്നതിന്നും കെട്ടിയ നികുതിവകക്കായി താൻ അടക്കെണ്ടുന്ന വല്ല സംഖ്യയെങ്കിലും ൫൩-ാം വകുപ്പുപ്രകാരം താൻ അടക്കെണ്ടുന്ന വല്ല സംഖ്യയെങ്കിലും അടയ്ക്കാൻ ഉപെക്ഷയാക്കുകയാകട്ടെ അല്ലെങ്കിൽ ആ വക ആളുടെമെൽ ൫൯-ാം വകുപ്പുപ്രകാരം ശിക്ഷിക്കത്തക്ക ഒരു കുറ്റം സ്ഥാപിക്കുകയാകട്ടെ ചെയ്താൽ അവന്നു ജലം കൊടുക്കുന്നതു അതിന്നായി വെച്ച കുഴൽ അടച്ചു കുടിച്ചിട്ടൊ തനിക്കു യുക്തമെന്നു തൊന്നുന്ന വെറെപ്രകാരത്തിലൊ അഗ്രാസനൻ നിൎത്തുകയും അങ്ങനെ നിൎത്തുവാൻ പിടിച്ച ചെലവു ആ വെള്ളം നിൎത്തുവാൻ ആരുടെ ഉപെക്ഷയൊ കുറ്റസ്ഥാപനമൊ ഹെതുവായിരിക്കുന്നുവൊ ആയാളൊടു വസൂലാക്കുകയും ചെയ്യാം.

ചാലുള്ള നിലത്തും മറ്റും അതിക്രമം ചെയ്യുന്നതിന്നു ശിക്ഷ.

൬൦. (ഫ) ജലശെഖരിപ്പുചാൽ ഓടിക്കൊണ്ടു ആ മുനസിപ്പൽ സഭക്കുള്ള നിലത്തൊ ജലശെഖരിപ്പു സംബന്ധിച്ചുള്ള പുരയിലൊ വളപ്പിലൊ അതിക്രമം ചെയ്യുന്ന യാതൊരാളും ൨൦ രൂപായിൽ കവിയാത്ത ഒരു പിഴക്കു പാത്രമായിരിക്കുകയും ചെയ്യും.

അതിക്രമംചെയ്ത നിലത്തു നിന്നും മറ്റും പൊകയില്ലെന്നു പറഞ്ഞാൽ ശിക്ഷ,

(ബ) മുൻസിപ്പൽ സഭയുടെ വല്ല പണിക്കാരൻ ആകട്ടെ ആ സഭ അതിലെക്കായി അധികാരപ്പെടുത്തിയിരിക്കുന്ന വല്ല ആളും ആകട്ടെ ആ വല്ല ആളൊടും ആ നിലത്തുനിന്നൊ പുരയിൽ നിന്നൊ വളപ്പിൽ നിന്നൊ പൊകാൻ പറഞ്ഞിട്ടും പൊകാതെയിരുന്നാൽ അവൻ പിന്നെയും ൫൦ രൂപായിൽ കവിയാത്ത ഒരു പിഴക്കു പാത്രമായിരിക്കുന്നതും അവനെ ഉടനെ ആ നിലത്തുനിന്നൊ പുരയിൽനിന്നൊ വളപ്പിൽനിന്നൊ ആ പണിക്കാരനൊ മറ്റു ആളൊ പിടിച്ചു പുറത്താക്കാവുന്നതും ആകുന്നു.

പണികൾ കെടുവരുത്തൽ.

൬൧. (1) ജലശെഖരിപ്പു സംബന്ധമായി മെൽ പറഞ്ഞ വല്ല ചാലൊ കുളമൊ ചിറയൊ തൊട്ടിയൊ കിണറൊ ജലാശയമൊ നിലക്കുഴലൊ മറ്റു പണിയൊ ന്യായരഹിതമായി മുറിക്കുകയൊ കെടുവരുത്തുകയൊ നഷ്ടം വരുത്തുകയൊ അല്ലെങ്കിൽ മുൻസിപ്പൽ സഭക്കുള്ളതൊ അവരുടെ വിചാരിപ്പിൻ കീഴിലൊ അധികാരത്തിൻ കീഴിലൊ ഉള്ളതൊ ആയ ചീപ്പൊ പൂട്ടുമരമൊ കുഴലൊ തക്കതായ അധികാരം കൂടാതെ തുറക്കുകയൊ നീക്കംചെയ്കയൊ ആകട്ടെ, അല്ലെങ്കിൽ

(ii) മുൻസിപ്പൽ സഭക്കളുതൊ അവരുടെ വിചാരിപ്പിൻ കീഴിലൊ അധികാരത്തിന കീഴിലൊ ഉള്ളതൊ ആയ വല്ല ജലശെഖരിപ്പ പണികളിലും നിന്ന ന്യായരഹിതമായി ജലം കൊരുകയൊ എടുക്കുകയൊ ആകട്ടെ,

തിരിച്ചുകളയൽ,

ചെയ്യുന്ന യാതൊരുത്തനും ആ വക ഓരൊ കുററത്തിന്ന ൨൦ രൂപായിൽ കവിയാത്ത ഒരു പിഴക്ക പാത്രമായിരിക്കുകയും ചെയ്യും.

ശിക്ഷ

(എ) ജലം ചീത്തയാക്കുക.

൧൫൭. ദുർഗ്ഗന്ധമായുള്ള വല്ല വ്യാപാരമൊ കൈത്തൊഴിലൊ നടത്തുന്ന വല്ല സ്ഥലത്തിന്റെയും കൈവശക്കാരനായ യാതൊരാളും പൊതുവായുള്ള ഒഴുക്കിലെയൊ ചൊലയിലെയൊ ജലമാകട്ടെ അല്ലെങ്കിൽ മുനിസിപ്പൽ സഭക്കളുതൊ അവരുടെ അധികാരത്തിൻ കീഴിലുള്ളതൊ ആയ വല്ല കുളത്തിലെയൊ ചിറയിലെയൊ കിണററിലെയൊ തൊട്ടിയിലെയൊ കാൽവായിലെയൊ മററു ജലശെഖരിപ്പ പണിയിലെയൊ ജലമാകട്ടെ അശുചിയാക്കുന്നതായി വല്ലതും ചെയ്താൽ ആയാൾ ൫൦ ഉറുപ്പികയിൽ കവിയാത്ത ഒരു പിഴക്ക പാത്രമായി വരികയും ചെയ്യും.

ദുർഗ്ഗന്ധമായുള്ള വ്യാപാരത്താൽ ജലം അശുചിയാക്കുക,

ശിക്ഷ.

൧൫൮. (൧) അഗ്രാസനൊ അയാൾ അതിലെക്കായി ക്രമപ്രകാരം അധികാരപ്പെടുത്തിയ വല്ല ആളൊ ഏഴുമുതൽ ഇരുപത്തുനാലു മണിക്കൂർ നെരത്തെ അറിയിപ്പ കൊടുത്തതിന്റെശെഷം ഇതിന്ന മുമ്പെത്തെ വകുപ്പിൽ പറഞ്ഞ വല്ല ആൾക്കും ഉള്ളതൊ ആയാളുടെ വിചാരിപ്പിൻകീഴിലൊ അധികാരത്തിൻകീഴിലൊ ഉള്ളതൊ ആയ വല്ല കുഴലൊ പണിയൊ തുറന്ന പരിശൊധിക്കുകയും ചെയ്യാം

മുൻസിപ്പാൽ സഭക്കളുടെ പരിശൊധിക്കാം,

(൨) അങ്ങിനെ പരിശൊധന ചെയ്തതിന്റെശെഷം ആ വല്ല ജലവും ആ പരിശൊധിച്ച കുഴലുകളിൽ നിന്നൊ പണികളിൽ നിന്നൊ പുറപ്പെടുന്നതൊ അവയിൽ ഉള്ളതൊ ആയ വല്ല വസ്തുവാലും ചീത്തയായിരിക്കുന്നു എന്നു തൊന്നിയാൽ ആ പരിശൊധനക്കുള്ള ചിലവുകൾ ആ കുഴലുകളുടെയൊ പണികളുടെയൊ ഉടമസ്ഥനൊ അതുകളുടെ മെൽവിചാരിപ്പൊ അധികാരമൊ ഉള്ള ആളൊ അടക്കുകയും വെണം.

ജലം ചീത്തയായാൽ പരിശൊധനചിലവു ഉടമസ്ഥനൊ മററൊ പങ്കെടു(?) മുതലും.

(൩) ആ പരിശൊധന ചെയ്തതിന്റെശെഷം ആ ജലം അപ്രകാരം ചീത്തയായിട്ടില്ലെന്നു കണ്ടാൽ ആ വക ചിലവുകളും ആ പരിശൊധനയാൽ വല്ല പുരക്കൊ നിലത്തിനൊ കുഴലിന്നൊ പണിക്കൊ സംഭവിച്ചിരിക്കുന്ന സകല നഷ്ടങ്ങളും മുനിസിപ്പാൽസഭ കൊടുക്കെണ്ടതുമാകുന്നു

ജലം ചീത്തയായിട്ടില്ലെങ്കിൽ ചില മുനിസിപ്പാൽസഭ കൊടുക്കെണ്ടതും ആകുന്നു

൧൫൯. മുനിസിപ്പൽസഭ പൊതുവായുള്ള ചൊലകളും കുളങ്ങളും കിണറുകളും മററു സ്ഥലങ്ങളും പൊതുവായുള്ള ഒഴുക്കുകളുടെ ഭാഗങ്ങളും യഥാക്രമം കുടിപ്പാൻ ജലത്തിന്നായിട്ടൊ കുളിപ്പാനായിട്ടൊ അലക്കുവാനായിട്ടൊ മൃഗങ്ങളെ തെച്ചു കഴുകുവാനായിട്ടൊ നിവാസികളുടെ ദെഹസൗഖ്യവും ശുചിയും ക്ഷെമവും സൈരവും വർദ്ധിപ്പാൻ തക്കതായ മററു വല്ല ആവശ്യത്തിനായിട്ടൊ പ്രത്യെകം നീക്കിവെക്കുകയും ചെയ്യാം.

കുളങ്ങൾ മുതലായുള്ള ചില കാര്യങ്ങൾക്ക സഭ പ്രത്യെകം നീക്കിവയ്ക്കാം

൧൬൦. (൧) മുനിസിപ്പൽസഭയൊ തങ്ങടെയെങ്കിലും സ്വന്തം മുതലിന്റെ കാര്യത്തിൽ അതിന്റെ ഉടമസ്ഥനൊ കുടിക്കാനുള്ള ജലത്തിന്റെ ആവശ്യങ്ങൾക്കായി നീക്കിവെച്ചിരിക്കുന്ന വല്ല സ്ഥലത്തും ഉള്ള വെള്ളത്തിൽ കുളിക്കുകയെങ്കിലും ആ ജലം വെറെ പ്രകാരത്തിൽ അശുചിയാക്കുകയെങ്കിലും ചെയ്യുകയാകട്ടെ,

അങ്ങനെ നീക്കിവെച്ചിട്ടുള്ള കുളം മുതലായതു ഉപയൊഗിക്കപ്പെടു കാര്യങ്ങൾക്കല്ലാതെ മററ കാര്യങ്ങൾക്കു ഉപയൊഗിക്കുന്നതിന്ന ശിക്ഷ

(ii) കുടിക്കാനുള്ള ജലത്തിന്റെ ആവശ്യങ്ങൾക്കായി മെല്പറഞ്ഞപ്രകാരം പ്രത്യെകം നീക്കിവെച്ചിരിക്കുന്ന വല്ല സ്ഥലത്തിന്റെയും ൫൦ ചതുരശ്ര അടിക്കുള്ളിൽ(?) അഴുക്കൊ ദുർഗ്ഗന്ധമായൊ ഉള്ളതൊ വിഷകരമായുള്ളതൊ ആയ വല്ല സാധനവും ഇടുകയാകട്ടെ,

(iii) കുടിക്കാനൊ കുളിക്കാനൊ മെല്ലാകാരം പ്രത്യേകം വെച്ചിരിക്കുന്നതും വസ്ത്രം അലക്കുകയാകട്ടെ,

(iv) കുളിക്കാനൊ വസ്ത്രം അലക്കുവാനൊ മെല്ലാകാരം പ്രത്യേകം നീക്കിവെച്ചിരിക്കുന്ന വല്ല സ്ഥലത്തും വല്ല മൃഗത്തെയും തെളിക്കുകയെങ്കിലും വല്ല വെപ്പുപാത്രവും തേച്ചുമൊറ്റുകയെങ്കിലും വല്ല ആട്ടിൻതോലൊ തോലൊ ൨൦൦ അറപ്പായൊ ദുർഗ്ഗന്ധമായൊ ഉള്ള സാധനമൊ കഴുകുകയെങ്കിലും അറപ്പായൊ ദുർഗ്ഗന്ധമായൊ ഉള്ളതൊ വിഷകരമായുള്ളതൊ ആയ വല്ല സാധനവും ഇടുകയെങ്കിലും ചെയ്യുകയാകട്ടെ,

(v) കുടിക്കാനുള്ള ജലത്തിന്നാകട്ടെ കുളിക്കാനൊ വസ്ത്രം അലക്കുവാനൊ ആകട്ടെ മെല്ലാകാരം പ്രത്യേകം വെച്ചിരിക്കുന്ന വല്ല സ്ഥലത്തേക്കും ഒരു കുപ്പക്കുഴിയിൽ നിന്നെങ്കിലും ഓവിൽ നിന്നെങ്കിലും ചാലിൽ നിന്നെങ്കിലും യന്ത്രത്തിൽനിന്നെങ്കിലും തീക്കിടാരത്തിൽ നിന്നെങ്കിലും വെള്ളം ഒഴുകുവാനൊ താൻ വകയെങ്കിലും, തനിക്കുള്ളതൊ തന്റെ കൈവശമുള്ളതൊ ആയ വല്ല പുരയിൽ നിന്നാകട്ടെ നിലത്തു നിന്നാകട്ടെ ഒലിക്കുന്നതെങ്കിലും, ആയ മറ്റു വല്ല ദുർഗ്ഗന്ധവസ്തുവും ഒഴുകുവാനൊ സമ്മതിക്കുകയാകട്ടെ,

ചെയ്യുന്ന യാതൊരാളും ആ വക ഓരൊ കുറ്റത്തിനു ഇരുപതു രൂപായിൽ കവിയാത്ത ഒരു പിഴക്കു പാത്രമായിരിക്കുകയും ചെയ്യും.

(b) കുടികളുടെ വക വെള്ളച്ചാലുകൾ കിണറുകൾ മുതലായവ

൹൭. (1) വെള്ളം കുടിപ്പാനൊ കുളിപ്പിക്കാനൊ അലക്കുവാനൊ ഉപയോഗിക്കുന്ന വല്ലവരുടെയും സ്വന്തം ഒഴുക്കിന്റെയൊ ഉറവിന്റെയൊ കുളത്തിന്റെയൊ കിണററിന്റെയൊ മാറ്റു സ്ഥലത്തിന്റെയൊ ഉടമസ്ഥനൊടൊ അതിന്മെൽ അധികാരമുള്ള ആളൊടൊ അതു നല്ല സ്ഥിതിയിൽ വെച്ചു രക്ഷിപ്പാനും അതിൽ നിന്നു അതാതു സമയം ചളിയും ചവറും ചീയുന്ന സസ്യാദികളും എടുത്തു അതു തോണ്ടിച്ചു [illegible] അതു ബാധി ഭാഗെ ഒഴുകുന്ന നീരാൽ അശുദ്ധിപ്പെടുത്താതെയിരിപ്പാൻ തനിക്കു തന്നെ തൊന്നുന്ന വിധത്തിൽ അതിനെ ബന്തൊവസ്ത വരുത്തുവാനും അഗ്രാസനൻ അറിയിപ്പുമൂലം ആവശ്യപ്പെടുകയും ചെയ്യാം.

സ്വന്തം കിണറും മററും വൃത്തിയാക്കുന്നതിന്നു ആവശ്യപ്പെടുവാൻ അധികാരം.

"(2) ആ വക വല്ല ഒഴുക്കിലെയൊ ഉറവിലെയൊ കുളത്തിലെയൊ കിണററിലെയൊ മററു സ്ഥലത്തിലെയൊ വെള്ളം അതാതു സംഗതിപോലെ കുടിപ്പാനൊ കുളിപ്പാനൊ അലക്കുവാനൊ കൊള്ളരുതാത്തതായിരിക്കുന്നു എന്നു മുൻസിപ്പാൽ സഭക്കു ബൊധ്യമാകുവന്നും തെളിയുമ്പോൾ [illegible] മുൻസിപ്പാൽ സഭ അതിന്റെ ഉടമസ്ഥനൊ അതിന്മെൽ അധികാരമുള്ള ആളൊ ആ വെള്ളം അപ്രകാരം ഉപയോഗിക്കരുതെന്നും [illegible] അപ്രകാരം ഉപയോഗിക്കാൻ സമ്മതിക്കരുതെന്നും [illegible] അറിയിപ്പുമൂലം ആവശ്യപ്പെടുകയും ആ അറിയിപ്പിന്റെ ശെഷം ആരെങ്കിലും ആ വെള്ളം അതാതു സംഗതിപൊലെ കുടിക്കാനൊ കുളിക്കാനൊ അലക്കുവാനൊ ഉപയോഗിച്ചുവരുന്നതായാൽ മുൻസിപ്പാൽ സഭ അതിന്റെ ഉടമസ്ഥനൊടൊ അതിന്മെൽ അധികാരമുള്ള ആളൊടൊ ആ കിണറു തൽക്കാലത്തെക്കൊ സ്ഥിരമായൊ അടച്ചുവാനാകട്ടെ ആ ഒഴുക്കൊ [illegible] കുളമൊ ചിറയൊ മാറ്റു സ്ഥലമൊ അതിലെ വെള്ളം മെൽപ്രകാരം ഉപയോഗിക്കാതിരിക്കത്തക്കവണ്ണം തങ്ങൾ ആജ്ഞാപിക്കുംപ്രകാരം വെളിച്ചുകെട്ടുവാനാകട്ടെ അതിനു വേലികെട്ടുവാനാകട്ടെ ആവശ്യപ്പെടുകയും ചെയ്യാം.

സ്വന്തക്കാരുടെ കിണറു മുതലായതിലെ വെള്ളം ഉപയോഗത്തിന്നു കൊള്ളരുതാത്തതായാൽ ആ കിണറു മുതലായതു അടപ്പാൻ ആവശ്യപ്പെടുവാൻ അധികാരം.

3(ഌ). വീഥികൾ.

൹൮. (1) മുൻസിപ്പാൽ സഭ തങ്ങളുടെ അധീനത്തിലുള്ള ഉറപ്പുമൊടുകൂടി പാടുള്ള തൊളം പരസ്യവീഥികളും പാലങ്ങളും അതാതു സമയം കെട്ടിച്ചിക്കയും അവയെ നല്ല സ്ഥിതിയിൽ വെച്ചു രക്ഷിക്കുകയും വെണം.

വീഥികൾ രക്ഷിക്കുകയും നന്നാക്കുകയും

(2) മുൻസിപ്പാൽ സഭ വല്ല വീഥിയിലും യാത്രക്കാരുടെ ഉപകാരത്തിനു വെണ്ടി കാൽ നടക്കാനുള്ള വഴികൾ ഉണ്ടാക്കുകയും രക്ഷിക്കുകയും അതു വഴിക്കല്ലാതെ [illegible] ൽകൂടി കാൽനടയായി പൊകുന്ന യാത്രക്കാരുടെ [illegible] അതിൽ അഴിയും കുറ്റിയും ഇടുകയും ചെയ്യാം.

കാൽനടക്കുള്ള വഴികൾ

ഫികൾ ഉണ്ടാക്കുവാനും നന്നാക്കുവാനും അടക്കുവാനും മററും അധികാരം

(1) മുൻസിപ്പൽസഭ ഒരു സഭ കൂടുന്നതിങ്കൽവച്ച് പുതിയ പരസ്യവീഥികൾ ഇടുകയും ഉണ്ടാക്കുകയും ചെയ്യാവുന്നതും. പാലങ്ങളും തുരങ്കങ്ങളും ഉണ്ടാക്കാവുന്നതും വല്ല പരസ്യവീഥിയുടെയും ഗതി തിരിക്കുകയെങ്കിലും മാററുകയെങ്കിലും. അതു അടച്ചുകെട്ടുകയെങ്കിലും ചെയ്യാവുന്നതും. ആ വക വല്ല വീഥിയുടെയും നീളമൊ വീതിയൊ അധികമാക്കുകയെങ്കിലും. അതു വലുതാക്കുകയെങ്കിലും വെറെ പ്രകാരം നന്നാക്കുകയെങ്കിലും ചെയ്യാവുന്നതും ആകുന്നു.

എന്നാൽ ആ വല്ല കാര്യങ്ങൾക്കും ആവശ്യമായതൊ അതിനാൽ ദൂഷ്യം തട്ടിയതൊ ആയ വല്ല നിലത്തിൻെറയൊ കെട്ടിടങ്ങളുടെയൊ ഉടമസ്ഥന്മാൎക്കൊ നടപ്പുകാൎക്കൊ മുൻസിപ്പൽസഭ ന്യായമായ പ്രതിഫലം കൊടുക്കെണ്ടതും ആകുന്നു.

പുരകൾക്കുവെണ്ടി പുതിയ വീഥികൾക്കു അടുത്തുള്ള നിലമെടുക്കാൻ അധികാരം.

(2) ഒരു വീഥി ഇടുന്നതിലൊ ഉണ്ടാക്കുന്നതിലൊ ആകട്ടെ ഒരു വീഥിയുടെ ഗതി തിരിക്കുന്നതിലൊ മാററുന്നതിലൊ അതിൻെറ നീളവും വീതിയും കൂട്ടുന്നതിലൊ. അതു വലുതാക്കുന്നതിലൊ വെറെ പ്രകാരം നന്നാക്കുന്നതിലൊ ആകട്ടെ മുൻസിപ്പൽ സഭ ആ വീഥിക്കും അതിൽ കാൽനടക്കുള്ള വഴിക്കും ആവശ്യമായ നിലത്തിന്നു പുറമെ ആ വീഥി ഉണ്ടാക്കുവാനൊ നന്നാക്കുവാനൊ വെണ്ടുന്ന പുരകൾക്കു ആവശ്യമുള്ള നിലവും വിലക്കു വാങ്ങുകയും ചെയ്യാം.

മുനിസിപ്പൽ സഭ വല്ല വിഥിയും തൽക്കാലത്തെക്കു അടക്കുകയും മററും ചെയ്യാം.

൬൩. വല്ല വീഥിയും നന്നാക്കുവാനൊ അതിൽ നീരൊട്ടം എങ്കിലും ജലം ശേഖരിച്ചുകൊടുക്കൽ എങ്കിലും വിളക്കുവെക്കലെങ്കിലും സംബന്ധമായ വല്ല പണിയാകട്ടെ. അം റെഗുലെഷൻെറ ആവശ്യങ്ങളിൽ വല്ലതും ആകട്ടെ നടത്തുവാനൊ വെണ്ടി അഗ്രാസനൻ എഴുത്തുമൂലമായ ഒരു ആജ്ഞയാൽ അതു തൽക്കാലത്തെക്കു അടയ്ക്കാം എന്നാൽ ന്യായമായ എല്ലാ വെഗത്തിലും ആ പണി തീൎത്തു ആ വീഥി ഗതാഗതത്തിനു വീണ്ടും തുറക്കുകയും വെണം.

പരസ്യവിഥിയിൽ അക്രമിക്കയും മററും

൬൪. മുനിസിപ്പൽ സഭയുടെ എഴുത്തുമൂലമായ അനുവാദം കൂടാതെയൊ ന്യായമായ അധികാരം കൂടാതെയൊ യാതൊരാളും മുൻസിപ്പാലിററിയിലുള്ള ഈ വല്ല പരസ്യ വീഥിയിലെയും കല്ലടവൊ മററു സാധനമൊ തഴിയും കററിയും ഇട്ടതൊ പൊളിച്ചെടുക്കുകയാകട്ടെ അതിൽ വല്ല ഭേദവും ചെയ്കയാകട്ടെ ചെയ്യുകയും അരുതു.

പുതിയ വീഥികൾ.

പുതുതായി വീഥികൾ ഇടുന്ന ആളുകൾ അറിയിപ്പുകൊടുക്കണം

൬൫. (1) പുതുതായി ഒരു വീഥി ഇടുവാനും ഉണ്ടാക്കുവാനും വിചാരിക്കുന്ന എല്ലാ ആളും അങ്ങിനെ ചെയ്യാൻ ഒരു അനുവാദ പത്രത്തിന്നുവെണ്ടി മുൻസിപ്പാൽ സഭയൊടു എഴുത്തുമൂലം അപെക്ഷിക്കുകയും വെണം.

അറിയിപ്പോടുകൂടി പടം അയക്കണം

(2) ആ അപെക്ഷയൊടുകൂടി—

(i) ആ വിഥിയുടെ ഉദ്ദെശിച്ചിരിക്കുന്ന പൊക്കവും ഗതിയും അകലവും,

(ii) നീരൊട്ടത്തിന്നുള്ള വഴികളും,

(iii) ഓരൊ വശത്തുണ്ടാക്കാനപൊകുന്ന പുരകളുടെ ഉയരവും വലിപ്പവും,

കാണിക്കുന്ന പടങ്ങളും പിരിവുകളും അയക്കുകയും വെണം.

മുനിസിപ്പൽ സഭയുടെ അംഗീകാരത്തിന്നു ചെട്ടിരിക്കും

(3) മുനിസിപ്പൽ സഭ ഒരു സഭ കൂടുന്നതിങ്കൽ വച്ചു ആ പൊക്കവും ഗതിയും അകലവും നീരൊട്ടത്തിന്നുള്ള വഴികളും ഉയരവും വലിപ്പവും അംഗീകരിക്കുകയും പുതുതായി ഉണ്ടാക്കുവാൻ വിചാരിക്കുന്ന ആ വീഥി യുക്തമാണെന്നു ആ സഭക്കു തൊന്നുകയും ചെയ്താൽ ആ വീഥി ഉണ്ടാക്കുവാനായി അവർ ആ അപെക്ഷ വന്നതിൻെറ ശെഷം രണ്ടുമാസത്തിന്നുള്ളിൽ അനുവാദപത്രം കൊടുക്കുകയും വെണം അല്ലെങ്കിൽ ആ പൊക്കമൊ ഗതിയൊ അകലമൊ നീരൊട്ട മാൎഗ്ഗങ്ങളൊ ഉയരമൊ വലിപ്പമൊ അവർ അംഗീകരിക്കാതിരിക്കുകയാകട്ടെ ഉണ്ടാക്കുവാൻ വിചാരിക്കുന്ന വീഥി യുക്തം അല്ലെന്നു അവൎക്കു തൊന്നുകയാകട്ടെ ചെയ്യുന്ന പക്ഷം ആ അപെക്ഷ കിട്ടിയതിൻെറ ശെഷം രണ്ടുമാസത്തിന്നുള്ളിൽ അവർ ആ അപെക്ഷകനു അങ്ങനെ പുതുതായി ഉണ്ടാക്കുവാൻ വിചാരിക്കുന്ന വീഥി ഉണ്ടാക്കുവാൻ ഒരു അനുവാദപത്രം കൊടുക്കയില്ലെന്നു എഴുത്തുമൂലം ഒരു ഉത്തരവു അയക്കുകയും വെണം.

(൩) അങ്ങിനെയുള്ള ഒരു അനുവാദപത്രം കിട്ടിയ പക്ഷവും ഒരു അനുവാദപത്രം കൊടുക്കുകയില്ലെന്ന മുനിസിപ്പൽ സഭ മേല്പടി രണ്ടുമാസകാലത്തിന്നുള്ളിൽ ഒരു ഉത്തരവു അയയ്ക്കാത്ത പക്ഷവും അപേക്ഷകൻ പുതുതായി ഉണ്ടാക്കുവാൻ വിചാരിക്കുന്ന വീഥി തന്റെ അപേക്ഷയിൽ കാണിച്ച വിവരങ്ങൾക്കനുസരിച്ചും അതോടുകൂടെ അയച്ച പടങ്ങൾക്കും പിരിവുകൾക്കും അനുസരിച്ചും ഇടുവാനും ഉണ്ടാക്കുവാനും പുറപ്പെടുകയും ചെയ്യാം.

അപേക്ഷകൻ ഒരു വീഥി ഉണ്ടാക്കുവാൻ എപ്പോൾ പുറപ്പെടാമെന്നു

൯൭. (ഒരു പരസ്യവീഥിയല്ലാത്ത) വല്ല വീഥിയോ അതിന്റെ വല്ല ഭാഗമോ മുനിസിപ്പൽ സഭക്കു ബോദ്ധ്യമാകുംവണ്ണം സമമായി നിരത്തുകയും പടുക്കുകയും ചരലിട്ടിടിക്കുകയും അതിൽ കൽത്തളം കെട്ടുകയും നീരൊട്ടത്തിന്നു ചാൽ കീറുകയും ഓവു കെട്ടുകയും ചെയ്യാഞ്ഞാൽ തങ്ങളുടെ അഭിപ്രായത്തിൽ ആ വീഥിയിലോ അതിന്റെ വല്ല ഭാഗത്തോ നടത്തേണ്ടുന്ന വല്ല പണിയും ഇന്ന ഒരു അവധിക്കുള്ളിൽ നടത്തുവാൻ ആ സഭക്കാർ ആ വീഥിയിലെക്കോ അതിന്റെ വല്ല ഭാഗത്തെക്കോ ഉമ്മറമായിരിക്കുന്നതെയോ അതിന്നരികെയുള്ളതെയോ നിലത്തിന്റെയെങ്കിലും പുരകളുടെയെങ്കിലും ഉടമസ്ഥന്മാരോടൊ കൈവശക്കാരോടൊ അറിയിപ്പുമൂലം ആവശ്യപ്പെടുകയും ചെയ്യാം.

സ്വന്തം വീഥികൾ പടുക്കുകയും മറ്റും ചെയ്യണം

൯൮. (൧) മുനിസിപ്പൽ സഭയുടെ ആവശ്യത്തിന്മേൽ എങ്കിലും ഉടമസ്ഥന്മാരുടെയൊ കൈവശക്കാരുടെയൊ ചിലവിന്മേൽ തൊണ്ണൂറ്റേഴാം വകുപ്പിൽ നിയമിച്ചപ്രകാരം ആ സഭയാൽ എങ്കിലും ആ വീഥി അപ്രകാരം സമമായി നിരത്തുകയും പടുക്കുകയും ചരലിട്ടിടിക്കുകയും അതിൽ കൽത്തളം കെട്ടുകയും നീരൊട്ടത്തിന്നു ചാൽ കീറുകയും ഓവു കെട്ടുകയും ചെയ്തതിന്റെ ശേഷം മുനിസിപ്പൽ സഭ ആ വീഥി ഒരു പരസ്യവീഥി ആയിരിക്കും എന്ന അതിന്റെ ഉടമസ്ഥന്മാരുടെ അപേക്ഷയിന്മേൽ അറിയിക്കേണ്ടതും അതു മുതൽക്കു അതു ഒരു പരസ്യവീഥിയായിരിക്കുന്നതും ആകുന്നു.

ആവക സ്വന്തം വീഥി ഉടമസ്ഥന്മാരുടെ ആവശ്യത്തിന്മേൽ പരസ്യ വീഥിയായി അറിയിക്കാം.

(൨) വല്ല വീഥിയിലും മുതൽ ഉള്ള ആളുകളോടൊ ആളുകളോടൊ മുനിസിപ്പൽ സഭ അതിലെ ആ മുതൽ തങ്ങൾ എടുത്തുകൊള്ളാമെന്നു ഉടമ്പടി ചെയ്യാവുന്നതും ആ ഉടമ്പടിയുടെ ശേഷം ആ വീഥിയിൽ വല്ല ഭാഗത്തും പതിക്കുന്ന അറിയിപ്പിനാൽ ആ വീഥി ഒരു പരസ്യ വീഥിയായിരിക്കും എന്നു അറിയിക്കേണ്ടതും ആകുന്നു. അതിന്റെ ശേഷം ആ വീഥി മുനിസിപ്പൽ സഭക്കുള്ളതായി വരികയും അതുമുതൽക്കു അതു പരസ്യവീഥികൾക്കു നിയമിച്ചിരിക്കുന്നപ്രകാരം നടത്തപ്പെടുകയും ചെയ്യും.

മറ്റു സ്വന്തം വീഥികൾ പരസ്യ വീഥികളായി അറിയിക്കാം

൯൯. മുനിസിപ്പൽ സഭ വല്ല പരസ്യവീഥിയുടെയും ഓരോ വശത്തു ഒരു വരി നിർണ്ണയിക്കാവുന്നതും മേല്പടി വീഥിയിൽ കാലുനീട്ടി നില്ക്കുന്ന വല്ല പുരയുടെയും യാതൊരു ഭാഗവും ആ വരി നിർണ്ണയിച്ചശേഷം എട്ടാം വകുപ്പിലെ നിയമങ്ങൾപ്രകാരമല്ലാതെ ആ വരിക്കുള്ളിൽ ഉണ്ടാക്കിച്ചു കൂടാത്തതും ആകുന്നു.

വീഥിയുടെ ശരിയായ വരി.

അങ്ങിനെ നിർണ്ണയിക്കപ്പെട്ട ഒരു വരിക്കു "വീഥിയുടെ ശരിയായ വരി" എന്ന പേർ പറയേണ്ടതും ആകുന്നു.

൧൦൦. (൧) ഒരു പരസ്യവീഥിയുടെ ശരിയായ വരിക്കു കവിഞ്ഞു മുമ്പോട്ടു തള്ളി നില്ക്കുന്ന വല്ല പുരയെങ്കിലും അതിന്റെ വല്ല ഭാഗം എങ്കിലും വീഴുകയൊ കത്തുകയോ തീ വെന്തുപോകയാകട്ടെ അതല്ലെങ്കിൽ മറ്റു വല്ലപ്രകാരമൊ വെറെപ്രകാരമൊ പൊളിച്ചിട്ടിരിക്കയാകട്ടെ ചെയ്തിരിക്കുമ്പോൾ അതുവരെ മേല്പടി പുര നിന്നിരുന്ന സ്ഥലത്തിൽ ആ വീഥിയുടെ ശരിയായ വരിക്കുള്ളിലുള്ള ഭാഗം മുനിസിപ്പൽ സഭക്കുവേണ്ടി അഗ്രാസനൻ ഉടനെ കൈവശപ്പെടുത്താകുന്നതും ആവശ്യമുള്ള പക്ഷം അതു നികത്തി തെളിയിക്കാകുന്നതും ആകുന്നു. ആ പുരയെങ്കിലും അതിന്റെ ആ ഭാഗംഎങ്കിലും ആ വീഥിയുടെ ശരിയായ വരിക്കു ഒപ്പിച്ചു പിന്നോട്ടു തള്ളിക്കെട്ടുവാനും അഗ്രാസനൻ ആവശ്യപ്പെടാം.

തള്ളി നില്ക്കുന്ന പുരകൾ വീഴുകയും മറ്റും ചെയ്താൽ അഗ്രാസനൻ ഇടക്കുള്ള സ്ഥലം എടുത്തു പുരകൾ പിമ്പോട്ടു തള്ളിക്കെട്ടുവാൻ ആവശ്യപ്പെടാം.

(൨) ആവക പുരയുടെ ഉടമസ്ഥന്നു (൧)-ാം ഉപവകുപ്പുപ്രകാരം പ്രവൃത്തിച്ചു വല്ലതിനാലും സംഭവിച്ച വല്ല നഷ്ടത്തിന്നും മുനിസിപ്പൽ സഭ ന്യായമായ പ്രതിഫലം കൊടുക്കുകയും വേണം.

ആ പുരകളുടെ ഉടമസ്ഥന്മാർക്കു പ്രതിഫലം.

(ബ) ൧൦൦ വകുപ്പുപ്രകാരം എടുക്കുന്ന നിലം അതു മുതൽക്കു പരസ്യവീഥിയുടെ ഒരു ഭാഗമായി വിചാരിക്കപ്പെടുന്നതും ആ നിലയിൽ മുനിസിപ്പൽ സഭയിൽ ലയിക്കുന്നതും ആകുന്നു.

എടുക്കുന്ന എടുത്തനിലം പരസ്യ വീഥിയുടെ ഭാഗം.

൧൭൫. വല്ല പുരയും നില്ക്കുന്ന വല്ല പരസ്യവീഥിയുടെയും വരി ഒപ്പിച്ചു ശരിയാക്കുവാനായി മുനിസിപ്പൽസഭ തങ്ങൾക്കു യുക്തമായി തോന്നുന്ന നിശ്ചയങ്ങിന്മേൽ ആ പുര മുമ്പോട്ടു തള്ളിക്കെട്ടുവാനായി അനുവദിക്കുകയും ആവാം.

വീഥികളുടെ വരി നന്നാക്കുവാനായി പുരകൾ മുമ്പോട്ടു നീക്കാം.

൧൭൬. മുനിസിപ്പൽ സഭ,

(i) പരസ്യവീഥികളുടെയാകട്ടെ റോഡുകളുടെയാകട്ടെ വക്കത്തുള്ള നിലങ്ങളുടെയൊ പുരകളുടെയൊ ഉടമസ്ഥന്മാരൊടെങ്കിലും കയ്യൂശക്കാരൊടെങ്കിലും ആ നിലത്തിലേക്കൊ പുരയിലേക്കൊ കടക്കാനുള്ള സ്ഥലങ്ങളിൽ പാലംചാലുകളുടെയെങ്കിലും ഓത്തികളുടെയെങ്കിലും മീതെ മുനിസിപ്പൽസഭ ആജ്ഞാപിക്കുന്ന മാതിരിയിലും വലിപ്പത്തിലും ആ സഭ ആജ്ഞാപിക്കുന്ന സാമാനം കൊണ്ടും ഓവുകൾ കെട്ടുവാനും ഭേദം വരുത്തുവാനും രക്ഷിക്കാനും അതു യാതൊരു തടസ്ഥവും കൂടാതെ വെപ്പാനും;

ഉടമസ്ഥന്മാരും കയ്യൂശക്കാരും ഓവുകൾ കെട്ടേണം.

(ii) വല്ല പരസ്യവീഥിയിലെയും വല്ല പുരയുടെയും ഉടമസ്ഥനൊടൊ കൈവശക്കാരനൊടൊ ആ പുരയുടെ മേല്പുരയിൽനിന്നും മറ്റു ഭാഗങ്ങളിൽ നിന്നും വരുന്ന വെള്ളത്തെ പിടിച്ചു കൊണ്ടുപോയി മുനിസിപ്പൽ സഭ അനുവദിക്കുന്ന പ്രകാരം വീഴുവാൻ തക്കതായ പാത്തികളും കുഴലുകളും വെക്കാനും രക്ഷിക്കാനും;

പുരകൾക്കു പാത്തികളും കുഴലുകളും വെക്കേണം.

(iii) പരസ്യമായ ഒരു പെരുവഴിക്കു തൊട്ടുള്ള എല്ലാ പുരകളുടെയൊ വളപ്പുകളുടെയൊ ഉടമസ്ഥന്മാരൊടെങ്കിലും കയ്യൂശക്കാരൊടെങ്കിലും ആ പുരയുടെയൊ വളപ്പുകളുടെയൊ പുറം ചുമരുകൾ മുനിസിപ്പൽസഭക്കു ബോദ്ധ്യമാകത്തക്കവണ്ണം നന്നാക്കി വെടിപ്പായി വെക്കാനും;

പുറം ചുമരുകൾ നല്ല സ്ഥിതിയിൽ വെക്കേണം.

അറിയിപ്പുമൂലം ആവശ്യപ്പെടാകുന്നതും, ആ സഭ ആ വക പണി ചെയ്യാൻ ആ അറിയിപ്പിൽ ഒരു അവധി നിശ്ചയിക്കേണ്ടതും ആകുന്നു.

(ഏ) ഉന്തി നില്ക്കുന്ന തടസ്ഥവും

൧൭൭. (1) മുനിസിപ്പൽ സഭയുടെ എഴുത്തുമൂലമായ അനുവാദം കൂടാതെ വല്ല പരസ്യവീഥിയിലും യാതൊരു മതിലൊ വേലിയൊ മറ്റു തടസ്ഥമൊ അക്രമമൊ അല്ലെങ്കിൽ വല്ല പൊതു വീഥിയുടെയും അതിരായിട്ടെങ്കിലും അതിൽ കാല്കുന്നിച്ചെങ്കിലും യാതൊരു മതിലൊ വേലിയൊ ഉണ്ടാക്കുകയാകട്ടെ ആ വക അനുവാദം കൂടാതെ വല്ല പരസ്യവീഥിയിലേക്കും പുറത്തൊട്ടു തുറക്കത്തക്കവണ്ണം വല്ല വാതിലൊ പടിയൊ അഴിയൊ ജനൽവാതിലൊ വെയ്ക്കുകയാകട്ടെ ചെയ്യുകയും അരുതു.

അനുവാദംകൂടാതെ തടസ്ഥങ്ങൾ ഉണ്ടാക്കരുതു.

(2) വല്ല പരസ്യവീഥിയിലേക്കു പുറത്തൊട്ടു തുറക്കത്തക്കവണ്ണം വല്ല വാതിലൊ പടിയൊ അഴിയൊ ജനൽവാതിലൊ വെച്ചാൽ മുനിസിപ്പൽസഭ ആയതു വെക്കപ്പെട്ട വളപ്പിന്റെ ഉടമസ്ഥനൊടൊ കയ്യൂശക്കാരനൊടൊ അതു പുറത്തൊട്ടു തുറക്കാൻ പാടില്ലാത്തവണ്ണം ഇന്ന അവധിക്കുള്ളിൽ ഭേദം വരുത്തി വെക്കാൻ അറിയിപ്പുമൂലം ആവശ്യപ്പെടുകയും ചെയ്യാം.

ഉടമസ്ഥനൊ കൈവശക്കാരനൊ പുറത്തൊട്ടു തുറക്കുന്ന വാതലുകളും മറ്റും ഭേദം വരുത്തേണം.

൧൭൮. (1) വല്ല പരസ്യവീഥിയിലും വല്ല പുരയെയൊ നിലത്തെയൊ ഒട്ടിക്കൊണ്ടാകട്ടെ അതിന്റെ ഉമ്മറത്താകട്ടെ ഉണ്ടാക്കീട്ടുള്ള വല്ല ഉന്തിനില്പൊ അക്രമമൊ തടസ്ഥമൊ മുനിസിപ്പൽസഭ തങ്ങൾക്കു യുക്തമായി തോന്നുംപോലെ നീക്കികളയെങ്കിലും ഭേദം വരുത്തിക്കയെങ്കിലും ചെയ്യാം.

ഉന്തിനില്പുകൾ നീക്കിക്കളയാം.

നീക്കുന്നതിന്റെ അറിയിപ്പ്.

(൨) അങ്ങനെ നീക്കിക്കാനൊ ഭേദം വരുത്തിക്കാനൊ ആരംഭിക്കുന്നതിന്ന മുപ്പത്ത ദിവസം മുമ്പെ മുനിസിപ്പൽ സഭ അപ്രകാരം നീക്കിക്കാനെങ്കിലും ഭേദം വരുത്തുവാനെങ്കിലും വിചാരിക്കുന്ന വിവരത്തിന്ന ആ ഉന്തിനില്പ്പലാകട്ടെ അതിക്രമമാകട്ടെ തടസ്ഥമാകട്ടെ ഏതു പുരയെയൊ നിലത്തെയൊ കെട്ടികൊണ്ടെങ്കിലും ഏതു പുരയുടെയൊ നിലത്തിന്റെയൊ ഉമ്മറത്തെങ്കിലും ഉണ്ടാക്കിയിരിക്കുന്നുവൊ ആ പുരയുടെയൊ നിലത്തിന്റെയൊ ഉടമസ്ഥൻ എങ്കിലും കയ്യശക്കാരനെങ്കിലും അറിയിപ്പ കൊടുക്കുകയും വെണം.

പ്രതിഫലം എപ്പൊൾ കൊടുക്കണം

(൩) ആ ഉന്തിനിൽക്കലൊ അതിക്രമമൊ തടസ്ഥമൊ ന്യായമായി ഉണ്ടാക്കിയതാണെങ്കിൽ അങ്ങിനെ നീക്കംചെയ്കയൊ ഭേദംചെയ്കയൊ ചെയ്യുന്നതിനാൽ നഷ്ടം സംഭവിക്കുന്നാൾക്കൊക്കെയും മുനിസിപ്പാൽസഭ ന്യായമായ പ്രതിഫലം കൊടുക്കുകയും വെണം.

പ്രാന്തയും മറവും ഉണ്ടാക്കുവാൻ മുനിസിപ്പാലിറ്റിയൊടു അനുവാദം വാങ്ങണം

൧൭൫. (൧) ഒരു പൊതുവീഥിയിലെ വല്ല പുരയുടെയൊ നിലത്തിന്റെയൊ മുമ്പലുള്ള തിണ്ണകളുടെയും പടവുകളുടെയും മീതെയൊ ആ വീഥിയുടെ മീതെയൊ പുറത്തൊട്ടുതള്ളി നിൽക്കത്തക്കവണ്ണം വല്ല പൂമുഖമൊ പ്രാന്തയൊ വെയിലും മഴയും കാറ്റും തട്ടാതിരിക്കാനുള്ള മറയൊ അതുപൊലുള്ള മറ്റു വല്ലതുമൊ ഉണ്ടാക്കുവാൻ വിചാരിക്കുന്ന എല്ലാ ആളും അപ്രകാരം ചെയ്വാൻ ഒരു അനുവാദപത്രത്തിന്നായി മുനിസിപ്പൽ സഭയൊടു എഴുത്തുമൂലം അപെക്ഷിക്കെണ്ടതും ആകുന്നു.

മുനിസിപ്പൽസഭ അനുവാദം കൊടുക്കാം

(൨) ആ തള്ളിനിൽക്കൽ വീഥിയുടെ മീതെ ഉമ്മറവരിയിൽനിന്ന അഞ്ചടിയിൽ കവിയുന്ന വല്ല ദൂരത്തൊളവും എത്താതിരിക്കുകയും വീഥിയുടെമീതെ ഏഴ അടിയിൽ കുറഞ്ഞ വല്ല ഉയരത്തിലും അല്ലാതിരിക്കുകയും ചെയ്യുന്നപക്ഷം മുനിസിപ്പൽസഭ തങ്ങളുടെ യുക്തംപൊലെ അതു ഉണ്ടാക്കുവാനായിട്ട ഒരു അനുവാദപത്രം നൽകുകയും ചെയ്യാം. എന്നാൽ ആ ഉന്തിനിൽക്കലിനാൽ ജനങ്ങൾക്ക ഉപദ്രവം തട്ടുവാൻ ഇടവരുന്നതായാൽ യാതൊരു അനുവാദപത്രവും കൊടുക്കെണ്ടതും അല്ല.

ഉത്സവാദിസമയത്തും മറ്റും തൽക്കാലത്തെക്ക വല്ലതും കെട്ടി ഉണ്ടാക്കുവാൻ അനുവാദം കൊടുക്കാം.

൧൭൬. ഇതിൽ മുമ്പെ എന്തുതന്നെ പറഞ്ഞിരുന്നാലും ചന്ത ഉത്സവം മുതലായ കൂടിയന്തരാദികൾ നടക്കുന്ന സമയത്തു ഒരു വീഥിയിൽ തൽക്കാലത്തെക്ക പന്തൽ മുതലായി വല്ലതും കെട്ടി ഉണ്ടാക്കുവാൻ അഗ്രാസനൻ ഒരു അനുവാദപത്രത്താൽ അനുവാദം കൊടുക്കുകയും ചെയ്യാം.

കെട്ടുമ്പൊൾ അനുവാദപത്രം വാങ്ങലും വെലി കെട്ടലും

൧൭൭. വല്ല പുരയും കെട്ടാനൊ പൊളിക്കാനൊ ആകട്ടെ അല്ലെങ്കിൽ വല്ല പുരയുടെയും പുറത്തെഭാഗം ഭേദപ്പെടുത്തുവാനൊ നന്നാക്കുവാനൊ ആകട്ടെ വിചാരിക്കുന്ന എല്ലാവനും ആ പണിയാൽ വല്ല വീഥിയിലൊ കാൽനടെക്കുള്ള വഴിയിലൊ തടസ്ഥമൊ ഇടങ്ങേറൊ ഉണ്ടാകുവാനിടയുള്ളപക്ഷം ആയതു ആരംഭിക്കുംമുമ്പെ അപ്രകാരം ചെയ്വാൻ അഗ്രാസനനിൽനിന്നു ഒരു അനുവാദപത്രം വാങ്ങുകയും ജനങ്ങളുടെ ക്ഷെമത്തിന്നും സൈരത്തിന്നും ആവശ്യമുള്ള കാലത്തൊളം അഗ്രാസനന്ന ബൊദ്ധ്യമാകുംവണ്ണം ആ പണികൾ നടത്തുന്ന പുര ആ വീഥിയിൽനിന്നൊ കാൽനടെക്കുള്ള വഴിയിൽനിന്നൊ വെർതിരിക്കുവാൻ വെണ്ടടത്തൊളം വെലിയൊ മറ്റു വളച്ചുകെട്ടലൊ കെട്ടിക്കുകയും ആ വെലിയൊ വളച്ചുകെട്ടലൊ നല്ല സ്ഥിതിയിൽ വെക്കുകയും രാത്രിസമയം അവിടെ വെണ്ടടത്തൊളം വിളക്കവെപ്പിക്കുകയും വെണം. എന്നാൽ മെൽപ്പറഞ്ഞ അനുവാദപത്രത്തിന്ന അനുവദിക്കപ്പെട്ടതിൽ അധികമായ ഒരു കാലത്തൊളം മെപ്പടി വെലിയൊ വളച്ചുകെട്ടലൊ യാതൊരുത്തനും വെച്ചുകൊണ്ടിരിക്കാൻ പാടുള്ളതും അല്ല.

രാത്രിസമയം അവിടെ വിളക്കുവെപ്പിക്കണം.

അപായം തടുക്കാൻ മുൻകരുതലുകൾ

കെട്ടുമ്പൊൾ വീഥികൾക്ക വിലങ്ങെ അഴികൾ ഇടണം

൧൭൮. (൧) മുനിസിപ്പൽ സഭെക്കുള്ള വല്ല വീഥിയൊ ചാലൊ മറ്റു സ്ഥലമൊ ഉണ്ടാക്കുകയാകട്ടെ നന്നാക്കുകയാകട്ടെ ചെയ്യുന്ന കാലത്തു അപായം നെരിടാതിരിപ്പാൻ ആ സഭ തക്കതായ മുൻജാഗ്രതചെയ്തു അതിന്ന തൊട്ടുള്ള പുരകൾക്ക താങ്ങുകൊടുത്തു രക്ഷിക്കുകയും വണ്ടികളും മൃഗങ്ങളും കടന്നുപൊകുന്നതു വിരൊധിക്കാനൊ അപായം വരാതിരിക്കാനൊ താഴ്ചകൾക്ക ആവശ്യമായി തൊന്നുന്ന അഴിയും ചങ്ങലയും മറ്റും ആ പണിചെയ്യുന്ന വല്ല വീഥിയിലുമൊ അതിന്നു വിലങ്ങെയൊ ഇടിക്കുകയും വെണം.

രാത്രിയിൽ വെളിച്ചം വെക്കലും കാക്കലും

(൨) അങ്ങനെയുള്ള വല്ല വീഥിയൊ ചാലൊ മറ്റു സ്ഥലമൊ ഉണ്ടാക്കുകയൊ നന്നാക്കുകയൊ ചെയ്യുന്ന കാലത്തിനിടക്ക അതുവഴിയിൽ രാത്രികാലത്തു വെണ്ടിടത്തൊളം വെളിച്ചം വെക്കുന്നതിന്നും കാക്കുന്നതിന്നും വെണ്ടതു മുനിസിപ്പൽ സഭ ചെയ്യിക്കെണ്ടതാകുന്നു.

(൩) മുനിസിപ്പൽ സഭയുടെ ആജ്ഞകൂടാതെ ആ വക വല്ല അഴിയോ ചങ്ങലയോ കമ്പിയോ പൊളിക്കയോ ഭേദപ്പെടുത്തുകയോ നീക്കുകയോ ആകട്ടെ ആ വക വല്ല വിളക്കു കെടുക്കുകയാകട്ടെ ചെയ്യുന്ന യാതൊരാളും ൫൦ രൂപായിൽ കവിയാത്ത ഒരു പിഴെക്കു പാത്രമായിരിക്കുകയും ചെയ്യും.

അഴികളോ വെളിച്ചമോ, നീക്കുന്നതിന്നു, ശിക്ഷ.

൧൭൯. അഗ്രാസനന്റെ എഴുത്തുമൂലമായ അനുവാദം കൂടാതെ യാതൊരുത്തനും വല്ല വീഥിയിലും വല്ല കുഴിയോ മറ്റു വല്ല തടസ്ഥമൊ ഉണ്ടാക്കുകയും അരുതു. അപ്രകാരമുള്ള അനുവാദം കൊടുത്താൽ അതാതു സംഗതിപോലെ ആ കുഴി തൂർക്കുന്നതെങ്കിലും, വേറെപ്രകാരത്തിൽ ഭദ്രതാവസ്ഥ വരുത്തുകയെങ്കിലും ചെയ്യുന്നതുവരെക്കൊ ആ തടസ്ഥം നീക്കം ചെയ്യുന്നതുവരെക്കൊ ആ കുഴിയൊ തടസ്ഥമൊ ഉണ്ടാക്കിയ ആൾ തന്റെ സ്വന്തചിലവിന്മെൽ അതിന്നു ചുറ്റും വേണ്ടുംവണ്ണം വേലികെട്ടുകയോ വളച്ചുകെട്ടുകയൊ ചെയ്യിച്ചു അവിടെ രാത്രിസമയം വേണ്ടപോലെ വെളിച്ചം വെപ്പിക്കുകയും വേണം. വല്ലവനും ഈ വകുപ്പിലെ നിയമങ്ങൾ ലംഘിച്ചാൽ അതാതു സംഗതിപോലെ അഗ്രാസനൻ കുഴി തൂപ്പിക്കുകയൊ തടസ്ഥം നീക്കം ചെയ്യിക്കുകയോ ആകട്ടെ അല്ലെങ്കിൽ കുഴിക്കൊ തടസ്ഥത്തിന്നൊ വെളിച്ചം വെപ്പിക്കുകയാകട്ടെ ചെയ്തു അപ്രകാരം ചെയ്യാനുണ്ടായ ചിലവു അവനൊടു വസൂലാക്കുകയും ചെയ്യാം.

അഗ്രാസനന്റെ അനുവാദം കൂടാതെ വീഥികളിൽ കുഴികളും തടസ്ഥങ്ങളും ഉണ്ടാക്കരുതു.

൧൮൦. വൃക്ഷങ്ങളൊ പുരകളൊ വേലികളൊ വീണു ഒരു പരസ്യവീഥിയിൽ വല്ല തടസ്ഥവും നേരിട്ടാൽ അതാതു പുരയുടെയൊ നിലത്തിന്റെയൊ കയ്യശക്കാരൻ ആ വീണസമയം മുതൽ പന്ത്രണ്ടു മണിക്കൂറിന്നുള്ളിലൊ അതിൽ അധികമായി അഗ്രാസനൻ അനുവദിക്കുന്ന സമയത്തിന്നുള്ളിലൊ ആ വീഥിയിൽനിന്നു ആ തടസ്ഥം നീക്കം ചെയ്യേണ്ടതാകുന്നു. മെല്പടി കയ്യശക്കാരൻ അങ്ങിനെ ചെയ്യാതിരുന്നാൽ ആ തടസ്ഥം അഗ്രാസനൻ നീക്കം ചെയ്യിച്ചു അതിന്നുണ്ടായ ചിലവു ഉടമസ്ഥനൊടൊ കയ്യശക്കാരനൊടൊ വസൂലാക്കാവുന്നതും ആകുന്നു. ഈ വകുപ്പുപ്രകാരം കയ്യശക്കാരന്നു നേരിട്ട ന്യായമായ എല്ലാ ചിലവുകളും അയാൾ ഉടമസ്ഥനൊടു വസൂലാക്കുകയും ചെയ്യാം.

വീണ വിടമതലായതിന്റെ കല്പയും ചണ്ടിയും കയ്യശക്കാരൻ നീക്കണം.

(ബി) തെരുവീഥികളുടെ പെരുകൾ.

൧൮൧. (൧) എല്ലാ തെരുവിന്റെയും ഓരൊ അറ്റത്തെങ്കിലും മൂലെക്കലെങ്കിലും അതിലെക്കു ആദ്യം കടക്കുന്നെടത്തെങ്കിലും അതിന്നടുത്തെങ്കിലും ഉള്ള വല്ല പുരയുടെയുമൊ സ്ഥലത്തിന്റെയുമൊ എല്ലാവരും കാണത്തക്ക ഒരു ഭാഗത്തു ആ തെരുവിന്നു പറയെണ്ടുന്ന പെർ മുനിസിപ്പൽസഭ അതാതു സമയം ഇംഗ്ലീഷിലും നാട്ടുഭാഷയിലും എഴുതി തറപ്പിക്കുകയൊ എഴുതിക്കുകയൊ ചെയ്യാം.

തെരുവീഥികളുടെ പെരുകൾ.

(൨) ആ വക വല്ല പെരും നശിപ്പിക്കുകയൊ പറിച്ചുകളയുകയൊ കേടുവരുത്തുകയൊ മായ്ക്കുകയൊ ആകട്ടെ മുനിസിപ്പൽ സഭയുടെ ആജ്ഞാപ്രകാരം തറച്ചതിൽനിന്നു വ്യത്യാസമായുള്ള വല്ല പെരും തറെക്കുകയാകട്ടെ ചെയ്യുന്ന യാതൊരാളും ൫൦ രൂപായിൽ കവിയാത്ത ഒരു പിഴെക്കു പാത്രമായി വരികയും ചെയ്യും.

മായ്ക്കുന്നതിന്നും മറ്റും ഉള്ള ശിക്ഷ.

(സി) തെരുവീഥികൾ നനെക്കലും അതിൽ വിളക്കുവെക്കലും.

൧൮൨. (൧) മുനിസിപ്പൽസഭ വീഥികൾ നനപ്പിക്കുകയും അതിലെക്കായി അവൎക്കു ആവശ്യമായി തോന്നുന്ന പണിക്കൊപ്പുകളും പണിസ്ഥലങ്ങളും യന്ത്രങ്ങളും ഉണ്ടാക്കിക്കുകയും ചെയ്യാം.

വഥികൾ നനപ്പിക്കാം.

(൨) മുനിസിപ്പൽസഭ വീഥികളിൽ വിളക്കുകൾ വെപ്പിക്കുകയും അതിലെക്കായി അവൎക്കു ആവശ്യമായി തോന്നുന്ന വിളക്കുകളും പണികളും കൊപ്പുകളും മറ്റും ഉണ്ടാക്കിക്കുകയും ചെയ്യാം.

വിളക്കു വെപ്പിക്കാം.

(വി) അഴിയും കാറികളും വെലികളും.

അഴിയും കാറിയും ഉ ണ്ടാവാനും വെലികളും ചു മരങ്ങളും കൊത്തിവെ ട്ടിപ്പാക്കുവാനും ഉടമ സ്ഥന്മാരോടു ആവശ്യ പ്പെടുവാൻ അധികാരം

൧൨൨. വല്ല നിലത്തിന്റെയും ഉടമസ്ഥനോടൊ കയ്യേറ്റക്കാരനോടൊ മുനിസിപ്പൽസഭ അറിയിപ്പുമൂലം ആ അറിയിപ്പിൽ പറയുന്ന ഒരു അവധിക്കുള്ളിൽ ആ സ്ഥലം വെടിപ്പാക്കുന്നതിന്നും അഴിയും കാറിയും ഉണ്ടാക്കുകയും ആ അഴിയും കാറിയും നോക്കി രക്ഷിക്കുകയും ചെയ്യാനാകട്ടെ ആ സ്ഥലത്തിന്റെ വെലികളെ നിൎത്തിയിരിക്കുന്ന ചെടികളും അതിന്നു തൊട്ടുള്ള നിരത്തുവഴിയിൽനിന്നു മുനിസിപ്പൽസഭ അതാതുസമയം നിശ്ചയിക്കുന്ന ഉയരത്തിൽ കവിയാത്തപ്രകാരം ആഞ്ഞുകൊത്തി വെടിപ്പാക്കുകയും വല്ല പരസ്യവീഥിയിലെക്കു തൂങ്ങിനിന്നു ഗതാഗതത്തിന്നു തടസ്ഥമാകുകയൊ വീഥികെട്ടവരുത്തുകയൊ ചെയ്യുന്ന എല്ലാ വൃക്ഷങ്ങളും വെട്ടിയൊതുക്കി വെടിപ്പാക്കുകയും ചെയ്യാനാകട്ടെ ആവശ്യപ്പെടുകയും ചെയ്യാം.

ആ. പുരകൾ.

ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്തു പുരകൾ ഉണ്ടാക്കുവാൻ അധികാരം.

൧൨൩. മുനിസിപ്പൽസഭ തങ്ങൾക്കു സിദ്ധിച്ചിരിക്കുന്ന ഒഴിഞ്ഞുകിടക്കുന്ന വല്ല സ്ഥലത്തും പുരകൾ ഉണ്ടാക്കികയും തങ്ങൾക്കു യുക്തമെന്നു തോന്നുന്ന നിശ്ചയങ്ങളിന്മേൽ അവയെ [illegible] കൊടുക്കുകയും ചെയ്യാം.

പുരകളിന്മേൽ താങ്ങുകളും മറ്റും ഉണ്ടാക്കുവാനൊ മാറ്റുവാനൊ അധികാരം.

൧൨൪. മുനിസിപ്പൽസഭയൊ എഴുത്തുമൂലം അവർ അധികാരപ്പെടുത്തിയിരിക്കുന്ന മറ്റു ആരെങ്കിലുമൊ മിന്നൽകമ്പികളെ സംബന്ധിച്ചോ ഏതുവിധത്തിലും [illegible] വിളക്കുകൾക്കുവേണ്ടി വല്ല പുരയുടെയും പുറത്തു ആ സഭക്കു ആവശ്യമെന്നു തോന്നുന്ന താങ്ങുകളും ഉണ്ടാക്കുകയൊ മാറ്റുകയൊ ചെയ്യാം.

പുരകളുടെ മേൽപ്പുരകളും പുറം ചുമരുകളും വേഗം തീ പിടിക്കുന്ന സാധനങ്ങൾകൊണ്ടു ഉണ്ടാക്കരുതു.

൧൨൫. ൧൦-ം റെഗുലേഷൻ നടപ്പായതിനു പിന്നെ പണിചെയ്യുന്നതൊ അറ്റകുറ്റം തീൎക്കുന്നതൊ ആയ പുരകളുടെ മേൽപ്പുരകളും പുറംചുവരുകളും ചന്തലുകളും ചുമരുകളും മുനിസിപ്പൽസഭയുടെ എഴുത്തുമൂലമായ അനുവാദത്തോടുകൂടിയല്ലാതെ പുല്ലുകൊണ്ടൊ ഓലകൾകൊണ്ടൊ പായകൾകൊണ്ടൊ മറ്റു വേഗം തീ പിടിക്കുന്ന അതുപോലുള്ള സാധനങ്ങൾകൊണ്ടൊ ഉണ്ടാക്കുകയും അരുതു.

കിണറൊ പുരയൊ ഉണ്ടാക്കുന്നതായാൽ അപേക്ഷിക്കണം

൧൨൬. (൧) ഒരു കിണറൊ (ഒരു ചുമരുമാത്രമല്ലാത്ത മറ്റു) പുരയൊ ഉണ്ടാക്കുവാനാകട്ടെ രണ്ടാമതു പണിചെയ്യിക്കാനാകട്ടെ വലുതാക്കാനാകട്ടെ വിചാരിക്കുന്ന എല്ലാവനും അപ്രകാരം ചെയ്യാൻ ഒരു അനുവാദപത്രം തരണമെന്നു മുനി‍സിപ്പൽസഭയോടു എഴുത്തുമൂലം അപേക്ഷിക്കുകയും വേണം; അങ്ങിനെ ഉണ്ടാക്കുവാനൊ രണ്ടാമതു പണിചെയ്യിക്കാനൊ വലുതാക്കാനൊ ആരംഭിക്കുന്നതിന്നു അറു ആഴ്ചവട്ടം മുമ്പെ [illegible]

ആ അപേക്ഷ സംഗതം അനുസരിച്ചു ഇരിക്കണം.

(൨) ഇതിലെക്കായി ഉണ്ടാക്കിയ പ്രത്യേക ചട്ടങ്ങൾ പ്രകാരം മുനിസിപ്പൽസഭ ആവശ്യപ്പെടുന്ന വിവരങ്ങൾ തെളിയുന്ന അപേക്ഷയിൽ ഉണ്ടായിരിക്കേണ്ടതുകൂടാതെ അനുസരിച്ചു—

(൧) പുരകളുടെ സംഗതിയിൽ—

(എ) പുരയുടെ അളവും അതിന്നു കെട്ടുവാൻ വിചാരിക്കുന്ന അസ്തിവാരത്തിന്റെ താഴവും തറയുടെ പൊക്കവും കാണിക്കുന്ന ഒരു പടം അല്ലെങ്കിൽ സ്റ്റേറ്റുമെന്റും,

(ബി) ആ പുരയെ കാറ്റിന്നും വെളിച്ചത്തിന്നും ഉണ്ടാക്കുവാൻ വിചാരിക്കുന്ന മാൎഗ്ഗങ്ങളും അതിന്നുള്ള മാൎപ്പുരകളും കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റും,

(ii) കിണറുകളുടെ സംഗതിയിൽ—കിണറിന്റെ അളവും അതിന്നു ചുറ്റും കെട്ടുവാൻ പോകുന്ന വിധവും അതിലെ വെള്ളം കുടിക്കാനായി ഉപയോഗിക്കുന്ന പക്ഷം വെള്ളം അശുചിപ്പെടാതിരിക്കാൻ വിചാരിക്കുന്ന മാൎഗ്ഗങ്ങളും കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റും,

അടയ്ക്കുകയും വേണം

ഉത്തരവുകൾ അയ ക്കേണ്ട സമയം [illegible] കൊടുപ്പാനുള്ള [illegible]

(ന) [illegible] ഉപവകുപ്പിലെ നിയമങ്ങൾക്കു അനുസരിച്ചു മുൻസിപ്പൽ സഭ ആ അപേക്ഷ കിട്ടിയതിന്റെ ശേഷം [illegible] ആഴ്ചവട്ടത്തിന്നുള്ളിൽ ആ വിഷയമായ കിണറൊ പുരയൊ ഉണ്ടാക്കുവാനൊ രണ്ടാമത്തു പണി ചെയ്യിക്കുവാനൊ വലുതാക്കുവാനൊ ഒരു അനുവാദ പത്രം കൊടുക്കണം.

ചില ദിക്കിലെ നിശ്ചയങ്ങൾ പ്രകാരം നടക്കാത്താൽ സഭ അനുവാദ പത്രം കൊടുക്കാതെ കഴിയും

(ര) ഒരു പുരയുടെ വിഷയത്തിൽ—(എ) കെട്ടുവാൻ പോകുന്ന അസ്തിവാരത്തിന്റെ ആഴത്തെ കുറിച്ചൊ [illegible]യുടെ പൊക്കത്തെ കുറിച്ചൊ എങ്കിലും, (ബി) കാറിന്നും വെളിച്ചത്തിന്നും ഉണ്ടാക്കുവാൻ വിചാരിക്കുന്ന മാർഗ്ഗങ്ങളെക്കുറിച്ചെങ്കിലും, (സി) ഉണ്ടാക്കുവാൻ പോകുന്ന കക്കൂസിന്നുള്ള സ്ഥലത്തെക്കുറിച്ചെങ്കിലും, (ഡി) മേല്പറഞ്ഞ പ്രകാരം ഉണ്ടാക്കപ്പെട്ട പ്രത്യേക ചട്ടങ്ങൾ പ്രകാരം ആ പുരയുടെ വിഷയത്തിൽ കൊടുത്ത വല്ല വിവരത്തെക്കുറിച്ചെങ്കിലും, ആക്ഷേപിക്കാൻ മുൻസിപ്പാൽ സഭ കാരണം കണ്ടാലും, ഒരു കിണററിന്റെ വിഷയത്തിൽ— (എ) കെട്ടാൻ പോകുന്ന [illegible]യെക്കുറിച്ചൊ (ബി) ജലം അശുദ്ധിപ്പെടുത്താതിരിക്കാൻ വിചാരിക്കുന്ന മാർഗ്ഗങ്ങളെക്കുറിച്ചൊ, (സി) മേല്പറഞ്ഞ പ്രകാരം ആ കിണററിന്റെ വിഷയത്തിൽ കൊടുത്ത വല്ല വിവരത്തെക്കുറിച്ചൊ, ആക്ഷേപിക്കാൻ ആ സഭ കാരണം കണ്ടാലും. ആ സഭ മേല്പറഞ്ഞ ആഴത്തിലൊ പൊക്കത്തിലൊ മാർഗ്ഗങ്ങളിലൊ സ്ഥലത്തിലൊ [illegible] വിവരത്തിലൊ തങ്ങൾ ആവശ്യമെന്നു വിചാരിക്കുന്ന ഭേദങ്ങൾ ഇന്നിന്നതെന്നു അനുവാദ പത്രത്തിൽ കാണിക്കേണ്ടതും ആ അനുവാദ പത്രം വാങ്ങിക്കുന്ന ആൾ ആ ഭേദങ്ങൾ ചെയ്യാൻ നിബന്ധനായിരിക്കുന്നതും ആകുന്നു.

അപേക്ഷകന്റെ പണി എപ്പോൾ ഉ[illegible]

(ഇ) മേല്പടി അനുവാദ പത്രം കിട്ടിയശേഷമൊ അല്ലെങ്കിൽ മേല്പറഞ്ഞ ആറു ആഴ്ചവട്ടത്തിന്നുള്ളിൽ മുനിസിപ്പൽ സഭ ഒരു അനുവാദ പത്രം കൊടുക്കാത്ത പക്ഷമൊ അപേക്ഷകൻ തന്റെ അപേക്ഷയോടു കൂടി അയച്ച വിവരങ്ങൾക്കും പടം വല്ലതും ഉണ്ടെങ്കിൽ പടത്തിന്നും [illegible] അനുസരിച്ചു ആ പുരയൊ കിണറൊ അതാതു സംഗതിപോലെ ഉണ്ടാക്കുവാനെങ്കിലും രണ്ടാമതു പണിചെയ്യിക്കാനെങ്കിലും വലുതാക്കുവാനെങ്കിലും പുറപ്പെടുകയും ചെയ്യാം.

[illegible] വകുപ്പിന്റെയും [illegible] വകുപ്പിന്റെയും പ്രയോഗത്തിൽ നിന്നു ഒഴിവാക്കാം

(ന) മുനിസിപ്പൽ സഭ വല്ല കുടിയൊ കുടിക്കൂട്ടമൊ [illegible] വകുപ്പിന്റെയും [illegible] വകുപ്പിന്റെയും പ്രയോഗത്തിൽ നിന്നു ഒഴിവാക്കുകയും ചെയ്യാം.

പുരയൊ കിണറൊ ഉണ്ടാക്കുന്നതിനെ അ[illegible] നിർത്താം

൧൨൧ വല്ല പുരയൊ കിണറൊ ഉണ്ടാക്കുകയാകട്ടെ രണ്ടാമതു പണി ചെയ്യിക്കയാകട്ടെ വലുതാക്കുകയാകട്ടെ ചെയ്യുന്നതു മനുഷ്യജീവനു അപായം വരുത്തുന്നതാണെന്നു അഗ്രാസനൻ വിചാരിക്കുന്ന പക്ഷവും അല്ലെങ്കിൽ അതു ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നതൊ ചെയ്യുവരുന്നതൊ [illegible] വകുപ്പിലെ നിയമങ്ങൾക്കു ലംഘനമായിട്ടാകുന്ന പക്ഷവും അപ്രകാരം ഉണ്ടാക്കുന്നതൊ രണ്ടാമതു പണി ചെയ്യിക്കുന്നതൊ വലുതാക്കുന്നതൊ അഗ്രാസനന്നു ഏതു സമയത്തും നിർത്തൽ ചെയ്യാം.

കുടികൾ അതിരോടു ചേർന്നു കെട്ടുന്നതിനെ ക്കുറിച്ച്

൧൨൨. ഒരു വഴിയായൊ കൂട്ടമായൊ ആളുകളായൊ അങ്ങിനെ അധികമൊ കുടികളൊ കുടിക്കൂട്ടങ്ങളുള്ള [illegible] നിന്നു [illegible] ഗജം ദൂരത്തിനുള്ളിൽ [illegible] കുടിയൊ കുടിലൊ മുനിസിപ്പൽ സഭയുടെ [illegible] അനുവാദം കൂടാതെ ഉണ്ടാക്കുവാൻ പാടുള്ളതും അല്ല.

മുനിസിപ്പൽ സഭ അനുവാദം കൊടുക്കുന്നതല്ലെന്നു [illegible] അല്ലെങ്കിൽ ആ കുടിയൊ കുടിലൊ—

(എ) [illegible] ഗതാഗതത്തിന്നും [illegible] ആവശ്യമെന്നു [illegible] തോന്നുന്ന നിലയിൽ ഉണ്ടാക്കണമെന്നും,

(ബി) അതിൽ ആവശ്യമെന്നു [illegible] തോന്നുന്നേടത്തോളം വെളിച്ചവും [illegible] മാർഗ്ഗങ്ങളും ഉണ്ടാക്കണമെന്നും,

(സി) അതു നല്ലവണ്ണം നീർ വാർന്നു പോകുവാൻ തക്ക പൊക്കത്തിൽ ഉണ്ടാക്കണമെന്നും,

(ഡി) അതിന്റെ താഴെയോ സ്വന്തം ചാലയോ ഏററവും അടുത്തുള്ള പൊതു വീഥിയുടെയോ റോഡിന്റെയോ പൊക്കത്തിൽ നിന്നു താഴത്തെ പക്ഷം രണ്ടു അടിയെങ്കിലും ഉയരത്തിൽ ഉണ്ടാക്കണം എന്നും,

ആവശ്യപ്പെടുകയോ ചെയ്യാം.

അനുവാദം കൂടാതെ കെട്ടിയ കടിനിക്കം ചെയ്യാൻ സഭ ആജ്ഞാപിക്കാം

൯൦. ആവക വല്ല കടിയോ കടിലോ മുനിസിപ്പൽ സഭയുടെ അനുവാദം കൂടാതെയോ ആ സഭയാൽ ആവശ്യപ്പെട്ട പ്രകാരം അല്ലാതെ വേറെ പ്രകാരത്തിലോ ഉണ്ടാക്കിയാൽ ആ സഭ അതിന്റെ ഉടമസ്ഥനെങ്കിലും അതു ഉണ്ടാക്കിയിരിക്കുന്നതോ ഉണ്ടാക്കി വരുന്നതോ ആയ നിലത്തിന്റെ ഉടമസ്ഥനെങ്കിലും അതു ഒരു മാസത്തിനുള്ളിൽ പൊളിച്ചു നീക്കം ചെയ്യാനോ മുനിസിപ്പൽ സഭ ആവശ്യം എന്നു വിചാരിക്കുന്ന ഭേദങ്ങൾ ചെയ്യാനോ ഉള്ള ഒരു അറിയിപ്പു ആ കടിയിലോ കടിലിലോ എല്ലാവരും കാണത്തക്ക വല്ല സ്ഥലത്തും പതിപ്പിച്ചു അറിവു കൊടുക്കുകയും ചെയ്യാം.

(എ) വീടുകളിന്മേൽ നമ്പരുകൾ.

പുരകളിന്മേൽ നമ്പരുകൾ

൯൧. (൧) മുനിസിപ്പൽ സഭ വല്ല പുരയുടെയും പുരയിടം വാതലിന്മേലോ ഒരു ഭാഗത്തോ വീഥിയിലേക്കു ഉന്മുഖമായിരിക്കുന്ന അതിന്റെ വളപ്പിലെ [illegible] സ്ഥലത്തോ എല്ലാവരും കാണത്തക്ക പ്രകാരം [illegible] ഒരു നമ്പർ പതിപ്പിക്കുകയും ചെയ്യാം.

മായ്ക്കുന്നതിനുള്ള ശിക്ഷ

(൨) ആവക വല്ല നമ്പരും നശിപ്പിക്കുകയോ പറിച്ചു കളകയോ കേടു വരുത്തുകയോ മായ്ക്കുകയോ ചെയ്യുന്ന യാതൊരാളും ൫ ഉറുപ്പികയിൽ കവിയാത്ത ഒരു പിഴക്കു പാത്രമായി വരികയും ചെയ്യും.

കെട്ടിടവും പുരമതിലും രക്ഷക്കു അഗ്രാസനൻ താൽകാലികമായി ചട്ടം ചെയ്യണം

൯൨. (൧) ജീർണ്ണമായോ അനാഥസ്ഥിതിയായോ കിടക്കുന്ന പുരകളും അപായമായ സ്ഥലങ്ങളും വല്ല പുരയോ വൃക്ഷമോ അതോടു ചേർന്നിരിക്കുന്ന വല്ലതുമോ വീഴുവാനിടയുള്ളതാണെന്നോ അല്ലെങ്കിൽ വല്ല [illegible] പുരയുടെയോ രക്ഷക്കു വേറെ വല്ല പ്രകാരത്തിലും [illegible] മുള്ളതാണെന്നോ അഗ്രാസനന്നു തോന്നിയാൽ അയാൾ ഉടനെ ആ പുരയോ വൃക്ഷമോ അതോടു ചേർന്നിരിക്കുന്ന വല്ലതുമോ തനിക്കു ആവശ്യം എന്നു തോന്നുന്ന പ്രകാരം അഴിക്കും കുറിയും ഇട്ട വളച്ചു കെട്ടിക്കുകയോ വേറെ പ്രകാരത്തിൽ വേറിട്ടാക്കുകയോ ചെയ്യേണ്ടതും അങ്ങിനെ ചെയ്യുന്നതിനായ ചിലവു ആ പുരയോ വൃക്ഷമോ വല്ലതുമോ നിൽക്കുന്ന വളപ്പിന്റെ ഉടമസ്ഥനോടോ കൈവശക്കാരനോടോ വസൂലാക്കുന്നതും ആകുന്നു.

ആ പുരയുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ പിന്നെയും വേണ്ടതു ചെയ്വാൻ സഭ ആജ്ഞാപിക്കാം.

(൨) അതിനുപുറമെ ആ പുരയോ വൃക്ഷമോ വല്ലതുമോ നിൽക്കുന്ന വളപ്പിന്റെ ഉടമസ്ഥനോടോ കൈവശക്കാരനോടോ [illegible] ഒരു അവധിക്കുള്ളിൽ ആ പുരയോ വൃക്ഷമോ വല്ലതുമോ [illegible] ആവശ്യമായി തോന്നുന്ന പ്രകാരം പിന്നെയും ചെയ്യാൻ [illegible] പ്പെടുന്ന അറിയിപ്പു മുനിസിപ്പൽ സഭ അവനു കൊടുക്കയും ചെയ്യാം.

അനാഥസ്ഥിതിയായ പുരകളും നിലങ്ങളും ഉപ്പുവരുത്തുവാനും വളച്ചുകെട്ടുവാനും മറ്റും അധികാരം.

൯൩. വല്ല പുരയോ നിലമോ, ഉപേക്ഷിച്ചിരിന്നാലെങ്കിലും ഉപയോഗിക്കാതിരുന്നാലെങ്കിലും ഉടമസ്ഥനില്ലാതെങ്കിലും മററു കാരണത്താലെങ്കിലും ആൾപ്പാർപ്പില്ലാതായിരിക്കുകയും അതിനാൽ അതു മലിനമായും [illegible] യ ആളുകൾക്കു പോക്കുവരത്തിനുള്ള ഒരു സ്ഥലമായി തീരുകയും ചെയ്യുകയോ അല്ലെങ്കിൽ മറ്റു മുനിസിപ്പൽ സഭയുടെ അഭിപ്രായത്തിൽ വല്ല പ്രകാരത്തിലും ഒരു അസഹ്യതയായി തീരുകയോ ചെയ്യുന്നു എങ്കിൽ, മുനിസിപ്പൽസഭ, ന്യായമായ അന്വേഷണം കഴിച്ചതിന്റെ ശേഷം ഉടമസ്ഥൻ അല്ലെങ്കിൽ ഉടമസ്ഥൻ എന്നു അവകാശപ്പെടുന്ന ആൾ ആരുടെ മുനിസിപ്പൽ [illegible] പെടുകയും [illegible] തികൾ കഴിഞ്ഞു പാർക്കയും ചെയ്യുന്നതായാൽ അതിൽ സംബന്ധിച്ച [illegible] തന്നെ ആയിരുന്നാലും അവൾ നോട്ടീസിൽ വിധിച്ചിരിക്കുന്ന കാലത്തിനകം ആ സ്ഥലത്തെ [illegible] ആക്കി അടച്ചുകെട്ടി ശുചിയാക്കിത്തീർക്കേണ്ടതാണെന്നു എന്നു അവൾക്കു നോട്ടീസ് കൊടുക്കയും ആ നോട്ടീസിന്റെ ഒരു പകർപ്പു ആ കെട്ടിടത്തിന്റെ നടയിലോ ആ പുരയിലോ നിലത്തിലോ എല്ലാവർക്കും കാണാവുന്ന ഒരു സ്ഥലത്തോ പതിപ്പിക്കയും ചെയ്യണം.

അപായമുള്ള സ്ഥലങ്ങൾ നന്നാക്കുകയോ വളച്ചു കെട്ടുകയോ വേണം.

൯൪. [illegible] വാതലോ വല്ല [illegible] യും [illegible] വഴിയായോ ഉള്ള യാത്രക്കു വല്ല പുരയോ തൊട്ടോ കിണറോ കുഴിയോ മററു സ്ഥലമോ ന്യായമായ കെട്ടുപാടുകൾ തീർത്തതിനാലോ, ഉറപ്പോ, ആൾപ്പാർപ്പോ ഇല്ലാത്ത തെറ്റുകളാലോ, അങ്ങിനെ അപകടസാദ്ധ്യത്തിനോ മററു ക്ഷേമത്തിനോ അപായകരമായിരിക്കുന്ന പക്ഷം മുനിസിപ്പൽസഭ ആ സ്ഥലത്തിന്റെയെങ്കിലും ആ പുരയോ കുളമോ കിണറോ കുഴിയോ ഉള്ള നിലത്തിന്റെയെങ്കിലും ഉടമസ്ഥനോടോ കൈവശക്കാരനോടോ ഉള്ള ഒരു അവധിക്കുള്ളിൽ അതു അതിൽ

നിന്നു അപായം വരാതിരിക്കത്തക്കവണ്ണം കെട്ടപാട്ടുകൾ തീർക്കുകയാകട്ടെ ഉറപ്പുവരുത്തുകയാകട്ടെ അതിനെ അടച്ചുകെട്ടിക്കുകയാകട്ടെ ചെയ്യാൻ അറിയിപ്പുമൂലം ആവശ്യപ്പെടുകയും ചെയ്യാം.

ഉടമസ്ഥനൊ കൈവശക്കാരനൊ ഇല്ലാത്തപക്ഷം നഗരസഭയ്ക്കു ചെയ്യാം.

൮൩. ന്യായമായ അന്വേഷണം നടത്തിയതിന്റെശേഷം അതാതു സംഗതിപോലെ ൮൧-ാം വകുപ്പുപ്രകാരമൊ ൮൧-ാം വകുപ്പുപ്രകാരമൊ ൮൨-ാം വകുപ്പുപ്രകാരമൊ അറിയിപ്പു കൊടുക്കത്തക്കതായ യാതൊരു ഉടമസ്ഥനും കൈവശക്കാരനും ഇല്ലെന്നു മുനിസിപ്പൽസഭക്കു കാണപ്പെടുന്നപക്ഷം ആ വകുപ്പുകളിൽ പറഞ്ഞ മുതൽവിഷയത്തിൽ ആ സഭതന്നെ തങ്ങൾക്കു ആവശ്യമായി തോന്നുന്നപ്രകാരം ചെയ്യാവുന്നതും അവക്കു നേരിട്ട ചിലവു (നിലമല്ലാതെ വേറെയുള്ള) ആ മുതലൊ അതിന്റെ വല്ല ഭാഗമൊ വിറ്റു വസൂലാക്കാവുന്നതും ആകുന്നു.

(സി) സുഖഹീനമായ പുരകളും നിലങ്ങളും.

വൃത്തിയില്ലാത്ത പുരകളും നിലങ്ങളും നന്നാക്കി വെടിപ്പാക്കുവാനുള്ള ആജ്ഞാപിക്കാം

൮൪. (൧) സാധാരണമായൊ പ്രത്യേകമായൊ ഉള്ള അറിയിപ്പിനാൽ മുനിസിപ്പൽസഭ—

(എ) മുനിസിപ്പൽ അതിരുകൾക്കുള്ളിൽ വളരുന്ന മുൾക്കള്ളി വെട്ടി നീക്കം ചെയ്യാൻ ആജ്ഞാപിക്കാം

(ബി) (wild croton) കാട്ടുനിർവ്വാളമൊ മുൾക്കള്ളിയൊ (wattle) വാട്ടിൽ എന്ന ചെടിയൊ അരിപ്പുച്ചെടിയൊ മററു ഉപദ്രവമായ കാട്ടുപടലങ്ങളൊ വെച്ചുണ്ടാക്കുന്നതു വിരോധിക്കാം; അതല്ലെങ്കിൽ

(സി) തങ്ങളുടെ അഭിപ്രായത്തിൽ വൃത്തിഹീനമൊ സുഖഹീനമൊ ആയ സ്ഥിതിയിലുള്ളതൊ അതല്ലെങ്കിൽ വൃക്ഷങ്ങളും, കാട്ടുനിർവ്വാളം, വാട്ടിൽ എന്നചെടി, അരിപ്പുചെടി, ഇവ ഏതെങ്കിലുമൊ മററു ഉപദ്രവമായ കാട്ടുപടലങ്ങളൊ പടർന്നുപിടിച്ചിരിക്കുന്നതൊ ആയ യാതൊരു പുരയുടെയാകട്ടെ നിലത്തിന്റെയാകട്ടെ ഉടമസ്ഥനൊടൊ കൈവശക്കാരനോടൊ ആയതു ആ അറിയിപ്പിൽ പറയുന്ന അവധിക്കുള്ളിൽ അടിച്ചുവാരി നന്നാക്കുവാനാകട്ടെ ആ ചെടികളും വെട്ടി ഉണത്തി വെടിപ്പാക്കുവാനാകട്ടെ വേറെപ്രകാരം തക്കതായ സ്ഥിതിയിൽ വെപ്പാനാകട്ടെ ആവശ്യപ്പെടുകയും ചെയ്യാം

പുരകൾ വെള്ളതേച്ചു വെടിപ്പാക്കി വെക്കാൻ ആജ്ഞാപിപ്പാൻ അധികാരം

(൨) മുനിസിപ്പൽസഭയൊ അവർ ഇതിലെക്കായി സാധാരണമായൊ പ്രത്യേകമായൊ രേഖാമൂലം അധികാരപ്പെടുത്തുന്ന വല്ല ആളൊ ആ യാതൊരു വല്ല പുരയുടെയും കൈവശക്കാരന്നു എത്തി അയക്കുന്ന അറിയിപ്പുമൂലം ആ പുര മുഴുവനുമാകട്ടെ അതിന്റെ വല്ല ഭാഗമാകട്ടെ ആ അറിയിപ്പിൽ പറയുംപ്രകാരവും അതിൽ കാണിക്കുന്ന ഒരു അവധിക്കുള്ളിലും അകവും പുറവും വെള്ളതേച്ചിട്ടൊ മററു വിധത്തിലൊ വെടിപ്പാക്കാൻ ആജ്ഞാപിക്കയും ചെയ്യാം.

(ഡി) പുരകൾ നീക്കംചെയ്യൽ.

തിക്കിത്തിരക്കിയിരിക്കുന്ന പുരകളുടെ കാര്യത്തിലുള്ള മുനിസിപ്പൽസഭയുടെ അധികാരം

൮൫ (൧) മുനിസിപ്പാലിട്ടിയിൽ ഉള്ള പുരകളുടെ വല്ല കൂട്ടവും അവ തിക്കിത്തിരക്കിയിരിക്കുന്ന ഹേതുവാൽ എങ്കിലും നിരത്തുച്ചാലു മുതലായതൊ മറെറാ ഇല്ലാത്ത ഹേതുവാലെങ്കിലും അടിച്ചുവാരി വെടിപ്പാക്കുവാൻ പാടില്ലാത്ത ഹേതുവാലെങ്കിലും അതിന്റെ കൈവശക്കാൎക്കൊ സമീപവാസികൾക്കൊ രോഗം ഉണ്ടാക്കത്തക്ക സ്ഥിതിയിലിരിക്കുന്നു എന്നു മുനിസിപ്പൽസഭക്കു ബോദ്ധ്യംവരുമ്പൊഴൊക്കെയും അവർ ആ അപകട നിവാരണത്തിനു തങ്ങൾക്കു ആവശ്യമായി തോന്നുന്ന പണികളൊ പ്രവൃത്തികളൊ ന്യായമായ ഒരു അവധിക്കുള്ളിൽ ചെയ്യാൻ ആ പുരകളുടെ ഉടമസ്ഥന്മാരൊടൊ കൈവശക്കാരൊടൊ ആകട്ടെ അല്ലെങ്കിൽ മുനിസിപ്പൽസഭയുടെ ബോദ്ധ്യപ്രകാരം ആ പുരകൾ ഉണ്ടാക്കിയിരിക്കുന്ന നിലത്തിന്റെ ഉടമസ്ഥനൊടാകട്ടെ ആവശ്യപ്പെടുന്ന ഒരു അറിയിപ്പു ആ പുരകളുടെ കൂട്ടത്തിന്റെ വല്ല ഭാഗത്തും എല്ലാവരും കാണത്തക്കപ്രകാരം പതിപ്പിക്കുകയും ആവാം.

ഉടമസ്ഥനൊടു പണികൾ ചെയ്യാനൊ പ്രവൃത്തി ചെയ്വാനൊ ആവശ്യപ്പെടുന്ന അറിയിപ്പു പതിക്കാം.

മുനിസിപ്പാൽസഭ ഉടമസ്ഥന്മാരുടെ ചിലവിന്മേൽ പണികൾ ചെയ്തിക്കുകയൊ പുരകൾ പൊളിപ്പിക്കുകയൊ ചെയ്യാം.

(൨) ആ നിശ്ചയിച്ച അവധിക്കുള്ളിൽ ആ വക ഉടമസ്ഥന്മാരൊ കൈവശക്കാരൊ ആ വക പണികളൊ പ്രവൃത്തിയൊ ചെയ്യാൻ ഉപെക്ഷചെയ്യാൽ മുനിസിപ്പൽ സഭ നമ്മുടെ ഗവർണ്മെന്റിന്റെ അനുവാദത്തൊടുകൂടി ആ പുരകളുടെ കാൎയ്യത്തിൽ ആ പണികളൊ പ്രവൃത്തിയൊ ചെയ്യിക്കുകയും ആവശ്യമുള്ളപക്ഷം ആ പുരകളൊ അവയിൽ വല്ലതുമൊ പൊളിപ്പിക്കുകയും ചെയ്യാം.

പൊളിച്ച പുരകളുടെ കാൎയ്യത്തിൽ പ്രതിഫലം

(൩) ഈ വകുപ്പുപ്രകാരം ഒരു പുര പൊളിപ്പിച്ചു എങ്കിൽ മുനിസിപ്പൽസഭ അതിന്റെ ഉടമസ്ഥന്നൊ കയ്യശക്കാരന്നൊ ന്യായമായ ഒരു പ്രതിഫലം കൊടുക്കുകയും വെണം.

൧൨൮. (1) ഒരു ഫിനാൻഷ്യൽ കൊല്ലം കഴിയുന്നതിനു കുറഞ്ഞപക്ഷം അറുപതു ദിവസം മുമ്പെ എപ്പൊൾ എങ്കിലും മുനിസിപ്പൽ സഭ അഗ്രാസനനൊടു താഴെ പറയുന്ന (a) മുതൽ (q) വരെ ഖണ്ഡങ്ങളിൽ കാണിച്ച ഏതെങ്കിലും ഒന്നൊ അധികമൊ കാൎയ്യങ്ങൾക്കുപയൊഗിപ്പാൻ അധികാരം കൊടുക്കുന്നതായ ഒരു അനുവാദപത്രം മെടിക്കാതെ യാതൊരു സ്ഥലവും പിറക്കും ഫിനാൻഷ്യൽ കൊല്ലം ആരംഭിച്ചശെഷം അങ്ങനെ ഉപയൊഗിച്ചുകൂടുന്നതല്ലെന്നു തമ്മുക്കടിച്ചും ഗവർണ്മെന്റു ഗസെറ്റിൽ പരസ്യം പ്രസിദ്ധപ്പെടുത്തിയും അറിയിക്കാകുന്നതാകുന്നു:—

ചില കാൎയ്യങ്ങൾക്കു അനുവാദ പത്രം കൂടാതെ നടത്തിക്കൂടുന്നതല്ലെന്നു ആജ്ഞാപിച്ചാൽ അതു നടത്തിക്കൂടാ

(a) ആഴക്കുതിരകൾ വെക്കാനൊ അലക്കുവാനൊ; അല്ലെങ്കിൽ

(b) നെല്ലു പുഴുങ്ങുവാനൊ കർപ്പൂരമൊ എണ്ണയൊ കാച്ചുവാനൊ, അല്ലെങ്കിൽ

(c) കൊഴുപ്പൊ ഗന്ധകമൊ ഉരുക്കുവാനൊ; അല്ലെങ്കിൽ

(d) വളമൊ കുടൽ മുതലായതൊ രക്തമൊ എല്ലുകളൊ പഴന്തുണിയൊ തൊലൊ മത്സ്യമൊ കൊമ്പുകളൊ ശെഖരിച്ചു കൂട്ടിവെക്കാനൊ അതുകൊണ്ടു വെറെ പ്രകാരം പ്രവൎത്തിക്കാനൊ; അല്ലെങ്കിൽ

(e) ആട്ടുരൊമമൊ മാറ്റു രൊമമൊ കഴുകുവാനൊ ഉണക്കുവാനൊ, അല്ലെങ്കിൽ

(f) മീനെണ്ണ ഉണ്ടാക്കുവാനൊ; അല്ലെങ്കിൽ

(g) സൊപ്പു ഉണ്ടാക്കുന്ന പുരയായൊ ചായം കയറ്റുന്ന പുരയായൊ ചായം കയറ്റുന്ന മുറിയായൊ എണ്ണ ആട്ടുന്ന ചക്കായൊ എണ്ണ തെക്കിയെടുപ്പാനുള്ള യന്ത്രമായൊ ചെങ്കല്ലു ചൂളയായൊ കലം കുടം മുതലായതിനുള്ള ചൂളയായൊ കുമ്മായച്ചൂളയായൊ; അല്ലെങ്കിൽ

(h) ചാരായം ഉണ്ടാക്കുന്ന സ്ഥലമായൊ മദ്യം കാച്ചുന്ന സ്ഥലമായൊ വളം നിറക്കുന്ന സ്ഥലമായൊ ദുൎഗ്ഗന്ധമായൊ സുഖഹീനമായൊ ഉള്ള നാറ്റം പുറപ്പെടുന്ന മറ്റു കൈവെലസ്ഥലമായൊ; അല്ലെങ്കിൽ

(i) വെടിമരുന്നു ഉണ്ടാക്കുന്ന സ്ഥലമായൊ വെടിക്കെട്ടുകൾ മുതലായ കരിമരുന്നു പ്രയൊഗങ്ങൾ ഉണ്ടാക്കുന്ന സ്ഥലമായൊ; അല്ലെങ്കിൽ

(j) വെടിക്കുന്നതൊ വെഗത്തിൽ തീപിടിക്കുന്നതൊ ആയ സാധനങ്ങൾ ശെഖരിച്ചു കൂട്ടിവെക്കാനൊ; അല്ലെങ്കിൽ

(k) മനുഷ്യജീവന്നൊ ദെഹസുഖത്തിന്നൊ മുതലിന്നൊ അപായം വരുവാനിടയുള്ള കാൎയ്യങ്ങൾക്കൊ; അല്ലെങ്കിൽ

(l) കുതിരകളെ വാടകക്കു വച്ചിരിക്കുന്ന ലായമായൊ മൃഗചികിത്സപ്പുരയായൊ പുറ്റുവണ്ടി സ്ഥലമായൊ ആലയായൊ കുതിരപ്പന്തിയായൊ; അല്ലെങ്കിൽ

(m) പൊതുവായ താവളമായൊ; അല്ലെങ്കിൽ

(n) ഇരുപതൊ അധികമൊ ചെമ്മരിയാട്ടിനെയൊ കൊലാട്ടിനെയൊ പത്തൊ അധികമൊ പന്നിയെയൊ നാല്ക്കാലിയെയൊ കൂട്ടി നിറുത്തുവാനൊ; അല്ലെങ്കിൽ

(o) മാവൊ മാവുകൊണ്ടുള്ള പദാൎത്ഥങ്ങളൊ ഉണ്ടാക്കുവാനൊ; അല്ലെങ്കിൽ

(p) (ഐസ്) മഞ്ഞുകട്ടയൊ സൊഡാവാട്ടർ, ലെമനെഡ്, മുതലായ പാനീയമൊ ഉണ്ടാക്കുന്ന സ്ഥലമായൊ; അല്ലെങ്കിൽ

(q) മരം, വിറക, പുരമെയുന്ന സാധനങ്ങൾ, വൈക്കൊൽ, പച്ചപ്പുല്ല്, ഉണക്കപ്പുല്ല്, നാർ, നിലക്കരി, പാൽ, വെണ്ണമുതലായ പദാൎത്ഥം, ഈ വസ്തുക്കൾ വില്പാനൊ ശെഖരിച്ചു കൂട്ടിവെക്കാനൊ,

എന്നാൽ രക്ഷകൾക്കുവേണ്ടി അഗ്രാസനൻ ആജ്ഞാപിക്കുന്ന തുകയിലും കണ്ടെച്ചങ്ങൾപ്രകാരവും സ്വന്ത ഉപയോഗത്തിന്നായി മരമൊ വിറകൊ പുരമെയുന്ന സാധനങ്ങളൊ വൈക്കോലൊ പച്ചപ്പുല്ലോ ഉണക്കപ്പുല്ലോ നാരൊ നിലക്കരിയൊ പാലൊ വെണ്ണ മുതലായ പദാർത്ഥമൊ ശേഖരിച്ചു കൂട്ടിവെക്കാൻ യാതൊരു അനുവാദപത്രവും ആവശ്യമുള്ളതും അല്ല.

അനുവാദപത്രങ്ങൾക്കു മുപ്പതുദിവസം മുമ്പെ അപേക്ഷിക്കണം.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഒരു പരസ്യം പ്രസിദ്ധപ്പെടുത്തിയശേഷം താഴെ പറയുന്ന നിയമങ്ങൾ ആ പരസ്യത്തിൽ പറയുന്ന കാര്യങ്ങളിൽ വല്ലതിന്നും ഉപയോഗപ്പെടുത്തുന്ന സകല സ്ഥലങ്ങൾക്കും സംബന്ധിക്കുന്നതാകുന്നു, നിയമങ്ങൾ എന്തെന്നാൽ:—

(i) അവക വല്ല സ്ഥലവും പുതുതായി തുറന്നുവെക്കാൻ ഭാവിച്ചിരിക്കുന്ന യാതൊരുത്തനും അയാൾ തുറന്നുവെപ്പാൻ ഒരു അനുവാദപത്രത്തിന്നായി അതു തുറക്കുന്നതിന്നു മുപ്പതു ദിവസത്തിൽ കുറയാതെ മുമ്പെ അഗ്രാസനനോടു അപേക്ഷിക്കണം.

(ii) (1)-ാം ഉപവകുപ്പിലെ (a) മുതൽ (q) വരെ ഖണ്ഡങ്ങൾക്കു കീഴിൽ വരുന്ന യാതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനൊ കൈവശക്കാരനൊ ആയവനും ആ ഉപവകുപ്പിലെ (q) എന്ന ഖണ്ഡത്തിൻകീഴിൽ വരുന്ന യാതൊരു സ്ഥലത്തിന്റെയും കൈവശക്കാരനും അതു മെല്പറഞ്ഞ കാര്യങ്ങളിൽ വല്ലതിന്നും തുടൎച്ചയായി ഉപയോഗിക്കാൻ വിചാരിക്കുന്നപക്ഷം ഒരു ഫിനാൻഷ്യൽ കൊല്ലം കഴിയുന്നതിന്നു കുറഞ്ഞതു മുപ്പതു ദിവസം മുമ്പെ അവർ അതു പിറക്കും ഫിനാൻഷ്യൽ കൊല്ലത്തിൽ അപ്രകാരം തുടൎന്നുപയോഗിക്കാൻ ഒരു അനുവാദപത്രത്തിന്നായി അഗ്രാസനനോടു അപേക്ഷിക്കണം.

അഗ്രാസനൻ അനുവാദപത്രം കൊടുക്കുകയൊ കൊടുക്കാതിരിക്കുകയൊ ദുൎബ്ബലപ്പെടുത്തുകയൊ ചെയ്യാം.

(3) ൧-ാം വകുപ്പുപ്രകാരം വേണമെന്നു അപേക്ഷിക്കുന്ന വല്ല അനുവാദപത്രവും അഗ്രാസനൻ കണ്ടെച്ചരഹിതമായൊ മേൽവിചാരത്തെയും പരിശോധനയെയും പററി തനിക്കു യുക്തമെന്നു തോന്നുന്ന ചട്ടങ്ങൾക്കും ശുചിയെയും മററു കാര്യങ്ങളെയും പററി തനിക്കു യുക്തമെന്നു തോന്നുന്ന നിശ്ചയങ്ങൾക്കും അനുസരിച്ചൊ തന്റെ യുക്തംപോലെ കൊടുക്കാം. അല്ലെങ്കിൽ ആയാൾ അവക വല്ല അനുവാദപത്രവും കൊടുക്കുകയില്ലെന്നു പറയാം. അത്രയുമല്ല, ൧-ാം വകുപ്പുപ്രകാരം കൊടുത്ത വല്ല അനുവാദപത്രവും ആയാൾ എപ്പോഴെങ്കിലും നിൎത്തിവെക്കുകയൊ ദുൎബ്ബലമാക്കുകയൊ ഭേദപ്പെടുത്തുകയൊ ചെയ്കയും ആവാം.

അനുവാദപത്രങ്ങളെ കൊല്ലത്തിന്റെ അവസാനം അന്തരിക്കും.

(4) ൧-ാം വകുപ്പുപ്രകാരം കൊടുത്ത എല്ലാ അനുവാദപത്രത്തിന്റെയും കാലം അതാതു സംഗതിപോലെ ആ അനുവാദപത്രം കൊടുത്ത സ്ഥലം പുതുതായി തുറന്നുവെച്ച ഫിനാൻഷ്യൽകൊല്ലം അവസാനിക്കുമ്പോഴൊ ആ അനുവാദപത്രം കൊടുത്ത ഫിനാൻഷ്യൽകൊല്ലം അവസാനിക്കുമ്പോഴൊ കഴിയുന്നതാകുന്നു. എന്നാൽ പ്രത്യേക കാരണങ്ങളാൽ അതിലും മുമ്പായ ഒരു തീയതി അതിന്റെ കാലം കഴിയണം എന്നു അഗ്രാസനൻ വിചാരിക്കുന്ന പക്ഷം അതു അങ്ങനെ അതിലും മുമ്പായി അതിൽ കാണിക്കുന്ന തീയതി അതിന്റെ കാലം കഴികയും ചെയ്യും.

അപേക്ഷകൻ അനുവാദപത്രം കൂടാതെ സ്ഥലം എപ്പോൾ ഉപയോഗിക്കാമെന്നു.

(5) ൧-ാം വകുപ്പുപ്രകാരം ഒരു അനുവാദപത്രത്തിന്നുവേണ്ടി ചെയ്ത ഒരു അപേക്ഷ കിട്ടിയതിന്റെ ശേഷം മുപ്പതു ദിവസത്തിന്നുള്ളിൽ അഗ്രാസനൻ അതിന്മേൽ ഉത്തരവു കൊടുത്തു ആയതു അപേക്ഷകനെ അറിയിപ്പാൻ ഉപേക്ഷ ചെയ്താൽ അപേക്ഷകൻ ആ അപേക്ഷയാൽ പറയുന്ന സ്ഥലം തുറന്നു വെക്കുകയൊ അല്ലെങ്കിൽ സംഗതിപോലെ അനുവാദപത്രത്തിന്നാവശ്യപ്പെട്ട ഫിനാൻഷ്യൽകൊല്ലം അതു തുടൎച്ചയായി ഉപയോഗിക്കുകയൊ ചെയ്യാകുന്നതും അതാതു സംഗതിപോലെ മെല്പടി സ്ഥലം തുറന്നു വെക്കുകയൊ അനുവാദപത്രത്തിന്നാവശ്യപ്പെടുകയൊ ചെയ്ത ഫിനാൻഷ്യൽകൊല്ലത്തെക്കു ആ സ്ഥലത്തിന്നു ക്രമപ്രകാരം അനുവാദപത്രം കൊടുത്തതായി വിചാരിക്കപ്പെടുന്നതും ആകുന്നു.

അഗ്രാസനന്റെ ആജ്ഞകൾക്കു അപ്പീൽ ഉണ്ടു.

(൩) ഒരു അനുവാദപത്രം കൊടുക്കുന്നതിനുള്ള നിശ്ചയങ്ങൾ ചെയ്കയോ, അല്ലെങ്കിൽ ഒരു അനുവാദപത്രം കൊടുക്കയില്ലെന്നു പറകയോ നിൎത്തിവെക്കുകയോ ദുൎബ്ബലമാക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യുന്നതായി ഈ വകുപ്പു പ്രകാരം അഗ്രാസനൻ ആജ്ഞാപിക്കുന്ന എല്ലാ ആജ്ഞയും എഴുത്തുമൂലം ആയിരിക്കേണ്ടതും, ആ ആജ്ഞ ആജ്ഞാപിക്കുന്നതിനുള്ള ന്യായങ്ങൾ അതിൽ കാണിക്കേണ്ടതും, ആ ആജ്ഞയാൽ സങ്കടമുള്ള വല്ല ആളും ആ ആജ്ഞ കിട്ടിയതിന്റെ ശേഷം ഒരു മാസത്തിനുള്ളിൽ മുനിസിപ്പൽ സഭയിലേക്കു അപ്പീൽ ബോധിപ്പിക്കാവുന്നതും, ആ സഭ അതിന്മേൽ തങ്ങൾക്കു യുക്തമെന്നു തോന്നുന്ന ആജ്ഞകൾ ആജ്ഞാപിക്കേണ്ടതും ആകുന്നു.

അനുവാദപത്രം കൂടാതെ സ്ഥലം ഉപയോഗിക്കുന്നതിനു ശിക്ഷ.

൯൯. ആ വക അനുവാദപത്രം വാങ്ങാതെയോ, ഒരു അനുവാദപത്രം കൊടുക്കയില്ലെന്നു പറകയാകട്ടെ ദുൎബ്ബലമാക്കുകയാകട്ടെ നിൎത്തിവെക്കുകയാകട്ടെ ചെയ്തതിന്റെ ശേഷമോ മേല്പറഞ്ഞ കാൎയ്യങ്ങളിൽ വല്ലതിന്നുമായി വല്ല സ്ഥലവും ഉപയോഗപ്പെടുത്തുകയെങ്കിലും ഉപയോഗപ്പെടുത്തുവാൻ അനുവദിക്കുകയെങ്കിലും അല്ലെങ്കിൽ ആ അനുവാദപത്രം കൊടുത്തിരിക്കുന്ന നിശ്ചയങ്ങളിൽ ഏതെങ്കിലും ലംഘിക്കുകയാകട്ടെ ചെയ്യുന്ന യാതൊരാളും ൫൦ രൂപായിൽ കവിയാത്ത ഒരു പിഴെക്കു പാത്രമായി വരികയും ചെയ്യും.

(എ) വണ്ടിപ്പുരകൾ മുതലായവ ഉണ്ടാക്കി കൊടുക്ക.

ചുമട്ടുവണ്ടികൾ നിൎത്തുവാനുള്ള സ്ഥലങ്ങൾ.

൧൦൦. (൧) ചുമട്ടുവണ്ടികൾ നിൎത്തുവാനുള്ള സ്ഥലമോ ഏറ്റിറക്കു ചെയ്യാനുള്ള സ്ഥലമോ മറ്റു പണികളും നാല്ക്കാലികളും നിൎത്തുവാൻ പൊതുവിലുള്ള താവളങ്ങളോ മുനിസിപ്പൽസഭ അതാതുസമയം ഉണ്ടാക്കിക്കയും അതുകൾ ഉപയോഗപ്പെടുത്തുന്നതിന്നു കൂലി പിരിക്കയും ചെയ്യാം.

വണ്ടിസ്ഥലം ഉപയോഗിക്കുന്നതിനു ഫീസ്സ കൊടുക്കാഞ്ഞാൽ മുതൽ പിടിച്ചെടുക്കാം.

(൨) ആ വക വല്ല വണ്ടിസ്ഥലമോ ഏറ്റിറക്കു സ്ഥലമോ താവളമോ ഉപയോഗിക്കുന്നതിനുള്ള ഫീസ്സ് മുനിസിപ്പൽ സഭക്കുവേണ്ടി പിരിക്കാൻ അധികാരം സിദ്ധിച്ച ആൾ ചോദിക്കുമ്പോൾ ആ നിൎണ്ണയിക്കപ്പെട്ട ഫീസ്സ് വല്ല ആളും കൊടുക്കയില്ലെന്നു പറകയോ കൊടുക്കാതിരിക്കയോ ചെയ്യുന്ന പക്ഷം ൯൭, ൯൯ വകുപ്പുകളിലെ നിയമങ്ങൾ ആവശ്യമായ ഭേദങ്ങളോടുകൂടി സംബന്ധിക്കുന്നതും ആകുന്നു.

ഫീസിന്റെ പട്ടിക എഴുതി തൂക്കേണം.

(൩) ചുമട്ടുവണ്ടികൾ നിൎത്തുവാനുള്ള സ്ഥലങ്ങളും ഏറ്റിറക്കു ചെയ്യാൻ പൊതുവിലുള്ള സ്ഥലങ്ങളും പൊതുവിലുള്ള താവളങ്ങളും ഉപയോഗിക്കുന്നതിന്നു മുനിസിപ്പൽസഭ നിൎണ്ണയിച്ച ഫീസ്സിന്റെ വിവരം കാണിക്കുന്ന ഒരു പട്ടിക, ആ ഫീസ്സ് പിരിക്കേണ്ടുന്ന എല്ലാ സ്ഥലത്തും എവരും കാണത്തക്ക ഒരു ഭാഗത്തു ഇംഗ്ലീഷു ഭാഷയിലും നാട്ടുഭാഷയിലും എഴുതി തൂക്കേണ്ടതും ആകുന്നു.

ബി. ആടുമാടുകളെ അറക്കാനുള്ള കശാപ്പുപുരകൾ.

മുനിസിപ്പൽസഭ കശാപ്പു പുരകൾ ഉണ്ടാക്കിക്കയും കൂലി പിരിക്കയും.

൧൦൧. (൧) ആടുമാടുകളുടെ വകക്കു പൊതുവിലുള്ള കശാപ്പുപുരകളായി ഉപയോഗിക്കാൻ മുനിസിപ്പൽസഭ വേണ്ടടത്തോളം സ്ഥലങ്ങൾ ഉണ്ടാക്കിക്കേണ്ടതു, അവിടെ വധിക്കുന്ന ഓരോ മൃഗത്തിന്നു, ഓരോ നാല്ക്കാലിക്കു ഒരു രൂപായിൽ കവിയാത്ത നിരക്കിലും ഓരോ ചിടയാട്ടിന്നോ വെള്ളാട്ടിന്നോ പന്നിക്കോ ൨ അണയിൽ കവിയാത്ത നിരക്കിലും ഒരു കൂലി പിരിക്കാവുന്നതും ആകുന്നു.

കശാപ്പു പുരകൾക്കും കശാപ്പുകാരുടെ പീടികകൾക്കും അനുവാദപത്രം വാങ്ങണം.

(൨) വല്ല മുനിസിപ്പലിട്ടിയിലും, യാതൊരു സ്ഥലവും ആയതു ഒരു കശാപ്പുപുരയായിട്ടോ ആഹാരത്തിന്നു കൊള്ളാകുന്ന വല്ല മൃഗത്തെയും വധിക്കാനായിട്ടോ ആഹാരത്തിനു കൊള്ളാവുന്ന വല്ല മാംസവും വില്പാനോ വില്പാൻ സൂക്ഷിപ്പാനോ ആയിട്ടോ ഉപയോഗിക്കാൻ അഗ്രാസനനോടു മുൻകൂട്ടി ഒരു അനുവാദപത്രം വാങ്ങാത്തപക്ഷം അങ്ങിനെ ഉപയോഗിച്ചുകൂടുന്നതും അല്ല.

എന്നാൽ കാറ്റുകേറാത്തതും ഭദ്രമായി അടച്ചു മുദ്രവെച്ചിരിക്കുന്നതും ആയ പെട്ടികളിൽ അടങ്ങിയിരിക്കുന്ന പാകംചെയ്ത മീനോ മാംസമോ വില്ക്കുന്ന വകക്കോ ശേഖരിച്ചു വെയ്ക്കുന്ന വകക്കോ ഉപയോഗിക്കുന്ന സ്ഥലത്തേക്കു യാതൊരു ലൈസൻസും ആവശ്യം ഇല്ല.

(ബ) പൊതുവായുള്ളതൊ അനുവാദപത്രം കൊടുത്തതൊ ആയ ഒരു കശാപ്പുപുരയിൽ അല്ലാതെ മുൻസിപ്പാലിട്ടിക്കുള്ളിൽ യാതൊരു നാല്ക്കാലിയെയാകട്ടെ ചിടയാട്ടിനെയൊ വെള്ളാട്ടിനെയൊ പന്നിയെയൊ ആകട്ടെ വധിക്കുകയും അരുതു.

നിശ്ചയിച്ച സ്ഥലത്തില്‍ അല്ലാതെ വധിക്കരുതു

(സ) അഗ്രാസനൻ ഉത്സവ അടിയന്തരാദികൾ സമയത്തൊ ഒരു വിശേഷ വിധിയായിട്ടൊ തനിക്കു യുക്തമെന്നു തോന്നുന്ന സ്ഥലത്തെങ്കിലും സ്ഥലങ്ങളിൽ എങ്കിലും വല്ല മൃഗത്തെയും വധിക്കുന്നതു അനുവദിക്കുകയും ചെയ്യാം.

ഉത്സവാദികൾ.

൨൦൨. മുനിസിപ്പാലിട്ടിക്കുള്ളിൽ പൊതുവായുള്ളതൊ അനുവാദപത്രം കൊടുത്തതൊ ആയ ഒരു കശാപ്പുപുരയൊ സ്ഥലമൊ അല്ലാത്ത മറ്റു വല്ല സ്ഥലത്തും അഗ്രാസനന്റെ എഴുത്തുമൂലമായ അനുവാദത്തോടുകൂടിയല്ലാതെ യാതൊരു നാല്ക്കാലിയെയൊ ചിടയാട്ടിനെയൊ വെള്ളാട്ടിനെയൊ പന്നിയെയൊ വധിക്കുകയൊ വധിക്കാൻ അനുവദിക്കുകയൊ ആകട്ടെ കഷണങ്ങളായി അറക്കുകയൊ തൊലുരിക്കുകയൊ കഷണങ്ങളായി അറക്കാനെങ്കിലും തൊലുരിക്കാനെങ്കിലും അനുവദിക്കുകയൊ ആകട്ടെ ചെയ്യുന്ന യാതൊരാളും അല്ലെങ്കിൽ ഒരു അസഹ്യത ഉണ്ടാക്കത്തക്കപ്രകാരം വല്ല തൊലും ഉണക്കുകയൊ ഉണക്കാൻ അനുവദിക്കുകയൊ ചെയ്യുന്ന യാതൊരാളും ഓരൊ മൃഗത്തിന്നൊ തൊലിന്നൊ ൨൦ രൂപായിൽ കവിയാത്ത ഒരു പിഴെക്കു പാത്രമായി വരികയും ചെയ്യും.

ഒരു കശാപ്പുപുരയിൽ അല്ലാതെ വധിക്കുന്നതിനും അസഹ്യത ഉണ്ടാക്കത്തക്കവണ്ണം തൊലുകൾ ഉണക്കുന്നതിനും ശിക്ഷ

൨൦൩. ൧൯൮ ൧൯൯ ൨൦൦ ൨൦൨ വകുപ്പുകളിലെ നിബന്ധനകൾ ആ വകുപ്പുകളിൽ പറഞ്ഞ ആവശ്യങ്ങൾക്കായി ഗവമ്മെന്റിൽനിന്നു ഉപയോഗപ്പെടുത്തുന്ന സ്ഥലങ്ങൾക്കു സംബന്ധിക്കുന്നതും അല്ല.

ഗവമ്മെന്റു സ്ഥലങ്ങൾക്കു വ്യത്യാസം

൨൦൪. "മാംസമൊ മത്സ്യമൊ പഴമൊ ധാന്യമൊ സസ്യാദികളൊ വെഗത്തിൽ കെട്ടുവരുന്ന മറ്റു ഭക്ഷണസാധനങ്ങളൊ വില്ക്കാനാകട്ടെ വളൎത്തുവീട്ടു മൃഗങ്ങളെയൊ കൊഴി മുതലായ പക്ഷികളെയൊ വില്ക്കാനാകട്ടെ സാധാരണമായി ഉപയോഗിക്കുന്ന വല്ല സ്ഥലവും ഒരു ചന്തയായിരിക്കുമെന്നു മുനിസിപ്പൽസഭ അറിയിക്കാം. എന്നാൽ ഒരു ഒറ്റപീടികയുടെയൊ മൂന്നു എണ്ണത്തിൽ കവിയാതെ പീടികകൾ ഉള്ള ഒരു പീടിക കൂട്ടത്തിന്റെയൊ വിഷയത്തിൽ അങ്ങിനെ യാതൊരു അറിയിപ്പും കൊടുത്തു കൂടാത്തതും ആ വക വല്ല അറിയിപ്പും ൨൦൫ ാം വകുപ്പു (൨) ാം ഉപവകുപ്പിലെ നിയമങ്ങൾക്കനുസരിച്ചു മുനിസിപ്പൽസഭ എപ്പോൾ എങ്കിലും ദുർബലപ്പെടുത്താകുന്നതും ആകുന്നു.

ഒരു സ്ഥലം ഒരു ചന്തയായിരിക്കുമെന്നു സഭ അറിയിക്കാം

(എ) പൊതുവായുള്ള ചന്തകൾ,

൨൦൫. പൊതുവായുള്ള ചന്തകൾ ഉപയോഗിക്കുന്നതിന്നെങ്കിലും അതിൽ സാമാനങ്ങൾ വില്പാൻ വെക്കാനുള്ള അവകാശത്തിന്നെങ്കിലും അതിലെ കടകളൊ മുറികളൊ പീടികകളൊ അതിൽ ആടു മാടുകളെ നിൎത്തുവാൻ വളച്ചുകെട്ടിയ സ്ഥലമൊ മറ്റൊ ഉപയോഗിക്കുന്നതിന്നെങ്കിലും മുനിസിപ്പൽസഭ തങ്ങൾക്കു യുക്തമെന്നു തോന്നുന്ന വാടകകളും ചുങ്കങ്ങളും കൂലികളും ചുമത്തുകയും ചെയ്യാം.

മുനിസിപ്പൽസഭ പൊതുവായ ചന്തസ്ഥലങ്ങൾക്കു വാടകയും കൂലിയും ചുമത്താം

(2) മുനിസിപ്പൽസഭ നമ്മുടെ ഗവർൺമെന്റിന്റെ അനുവാദത്തോടുകൂടി ആ വക വല്ല ചന്തയൊ അതിന്റെ വല്ല ഭാഗമൊ ഒരു സഭകൂടുന്നതിങ്കൽ വെച്ചു അടച്ചുകളകയും നിശ്ചയിക്കയും ചെയ്യാം.

മുനിസിപ്പൽസഭ ചന്തകൾ അടെക്കാം

ചട്ടങ്ങൾ അനുസരിക്കാത്ത ആളുകളെ ഓടിക്കാനും ചാർത്ത് അവസാനിപ്പിക്കാനും ഉള്ള അധികാരം

(3) അവക ചന്തയുടെ അച്ചടക്കത്തിന്നും മേൽവിചാരത്തിന്നും ഉണ്ടാക്കിയ വല്ല പ്രത്യേകചട്ടവും അനുസരിക്കാത്തതിന്നു തന്റെ മേലാ തന്റെ പണിക്കാരുടെ മേലൊ കുറ്റം തെളിഞ്ഞ യാതൊരാളെയും അഗ്രാസനൻ ആ വല്ല ചന്തയിലും നിന്നു പുറത്താക്കുകയും ആയാൾ താൻ തന്നെയൊ തന്റെ പണിക്കാരൊ ആ ചന്തയിൽ വല്ല വ്യാപാരമൊ വേലയൊ പിന്നെ നടത്തുന്നതാകട്ടെ അതിൽ വല്ല പീടികയൊ കടയൊ മറ്റു സ്ഥലമൊ കയ്യശം വെക്കുന്നതാകട്ടെ വിരോധിക്കുകയും, ആ വല്ല പീടികയൊ കടയൊ മറ്റു സ്ഥലത്തിന്നൊ ആയാൾക്കുള്ള വല്ല ചാർത്തൊ അധികാരമൊ അവസാനിപ്പിക്കുകയും ചെയ്യാം.

അനുവാദം കൂടാതെ ചന്തയിൽ വിൽക്കുന്നതിന്നു ശിക്ഷ

൨൦൩ പൊതുവായുള്ള ഒരു ചന്തകളിൽ മുനിസിപ്പൽസഭയുടെ അനുവാദം കൂടാതെ വല്ല സാമാനവും വില്ക്കുകയൊ വില്പാൻ വെക്കുകയൊ ചെയ്യുന്ന എല്ലാ ആളും ഓരോ കുറ്റത്തിന്നു 20 ഉറുപ്പികയിൽ കവിയാത്ത ഒരു പിഴക്ക പാത്രമായി വരികയും ചെയ്യും.

സ്വന്തക്കാരുടെ ചന്തകൾക്കു അനുവാദപത്രം വേണം

൨൦൪. (൧) വല്ല സ്ഥലവും ഒരു സ്വന്തം ചന്തയായി ഉപയോഗിപ്പാൻ മുനിസിപ്പൽ സഭ ഒരു അനുവാദപത്രം കൊടുക്കാത്ത പക്ഷം ആ സ്ഥലം അങ്ങിനെ ഉപയോഗിച്ചു കൂടുന്നതും അല്ല

അനുവാദ പത്രങ്ങൾക്കുള്ള അപേക്ഷകൾ മുപ്പതു ദിവസം മുമ്പെ ചെയ്യണം

(൨) സ്വന്തം ചന്തകൾ പുതുതായി തുറക്കാനൊ തുടച്ചയായി ഉപയോഗിച്ചു വരുവാനൊ വേണ്ടി അനുവാദ പത്രങ്ങൾക്കുള്ള അപേക്ഷകൾ ആ ചന്തകളുടെ ഉടമസ്ഥന്മാർ തങ്ങൾ അതാതു സംഗതിപോലെ ചന്ത തുറന്നു വെക്കുന്നതിന്നൊ തുടച്ചയായി ഉപയോഗിക്കാൻ വിചാരിക്കുന്ന ഫിനാൻഷ്യൽ കൊല്ലം ആരംഭിക്കുന്നതിന്നൊ മുപ്പതു ദിവസത്തിൽ കുറയാതെ മുമ്പെ ചെയ്യേണ്ടതാകുന്നു.

സഭ അനുവാദ പത്രങ്ങൾ കൊടുക്കുകയൊ കൊടുക്കുന്നതല്ലെന്നു പറകയൊ ദുർബലപ്പെടുത്തുകയൊ ചെയ്യാം

(൩) ൨ാം വകുപ്പു പ്രകാരം വേണമെന്നു അപേക്ഷിക്കുന്ന വല്ല അനുവാദ പത്രവും മുനിസിപ്പൽ സഭ കണ്ടപ്പുരഹിതമായൊ മേൽവിചാരത്തെയും പരിശോധനയെയും പറ്റി തങ്ങൾക്കു യുക്തമെന്നു തോന്നുന്ന ചട്ടങ്ങൾക്കും ശുദ്ധിയെയും മറ്റു കാര്യങ്ങളെയും പറ്റി തങ്ങൾക്കു യുക്തമെന്നു തോന്നുന്ന നിശ്ചയങ്ങൾക്കും അനുസരിച്ചൊ തങ്ങളുടെ യുക്തംപോലെ കൊടുക്കാം അല്ലെങ്കിൽ അവർ അവക വല്ല അനുവാദ പത്രവും കൊടുക്കയില്ലെന്നു പറയാം. അത്രയുമല്ല, ൨ാം വകുപ്പു പ്രകാരം കൊടുത്ത വല്ല അനുവാദ പത്രവും അവർ എപ്പോൾ എങ്കിലും നിൎത്തിവെക്കുകയൊ ദുർബലമാക്കുകയൊ ഭേദപ്പെടുത്തുകയൊ ചെയ്കയും ആവാം.

അനുവാദപത്രം നൽകിയതിനെ പറ്റിയുള്ള അറിയിപ്പു എഴുതി പതിപ്പിക്കേണം

(൪) ഒരു ചന്ത തുറക്കാൻ ൩ാം വകുപ്പു പ്രകാരം ഒരു അനുവാദ പത്രം കൊടുത്തിരിക്കുമ്പൊഴും അല്ലെങ്കിൽ ൩ാം വകുപ്പു പ്രകാരം ഒരു അനുവാദ പത്രം കൊടുക്കയില്ലെന്നു പറകയാകട്ടെ നിൎത്തിവെക്കയാകട്ടെ ദുർബലപ്പെടുത്തുകയാകട്ടെ ഭേദപ്പെടുത്തുകയാകട്ടെ ചെയ്തിരിക്കുമ്പോഴും അപ്രകാരം കൊടുക്കുകയൊ കൊടുക്കയില്ലെന്നു പറകയൊ നിൎത്തിവെക്കുകയൊ ദുർബലപ്പെടുത്തുകയൊ ഭേദപ്പെടുത്തുകയൊ ചെയ്ത വിവരം കാണിക്കുന്ന ഒരു അറിയിപ്പു മുനിസിപ്പൽസഭ ഇംഗ്ലീഷിലും നാട്ടുഭാഷയിലും എഴുതി ആ അനുവാദ പത്രം വെച്ചുപോന്ന ആവശ്യപ്പെട്ട സ്ഥലത്തെക്കു കടക്കുന്ന വഴിക്കലൊ അതിന്നു സമീപത്തൊ എല്ലാവരും കാണത്തക്ക ഒരു സ്ഥലത്തു പതിപ്പിക്കുകയും വേണം.

അനുവാദ പത്രങ്ങൾ കൊല്ലാവസാനം അവസാനിക്കും

(൫) ൩ാം വകുപ്പു പ്രകാരം കൊടുത്ത യാതൊരു അനുവാദ പത്രത്തിന്റെയും അവധി അതാതു സംഗതിപോലെ ആ അനുവാദ പത്രം കൊടുത്ത ചന്ത പുതുതായി തുറന്ന ഫിനാൻഷ്യൽ കൊല്ലം കഴിയുമ്പോഴൊ ആ അനുവാദ പത്രം കൊടുത്ത ഫിനാൻഷ്യൽ കൊല്ലം കഴിയുമ്പോഴൊ തീരുന്നതാകുന്നു.

(൩) ൪൦ം വകുപ്പു പ്രകാരം ഒരു അനുവാദ പത്രത്തിന്നു വേണ്ടി ചെയ്യുന്ന അപേക്ഷ കിട്ടിയതിന്റെ ശേഷം മുപ്പതു ദിവസത്തിന്നുള്ളിൽ മുനിസിപ്പൽ സഭ അതിന്മേൽ ഉത്തരം കൊടുത്തു അയയ്ക്കുവാൻ ഉപേക്ഷ ചെയ്താൽ അപേക്ഷകന്നു അറിയിപ്പാൻ ഉപേക്ഷ ചെയ്താൽ അപേക്ഷകൻ ആ അപേക്ഷയിൽ പറയുന്ന സ്ഥലം തുറക്കുകയൊ അല്ലെങ്കിൽ സംഗതിപോലെ അനുവാദപത്രത്തിന്നു

അനുവാദപത്രം കൂടാതെ ചന്ത ഏർപ്പെടുത്താം ഉപയോഗിക്കാം

ആവശ്യപ്പെട്ട ഫീസ് ദസ്തൂർ കൊല്ലം ആ സ്ഥലം തുടർച്ചയായി ഉപയോഗിക്കുകയൊ ചെയ്യാവുന്നതും അതാതു സംഗതിപോലെ മേല്പടി സ്ഥലം തുറക്കുകയൊ അനുവാദ പത്രത്തിന്നു ആവശ്യപ്പെടുകയൊ ചെയ്ത ഫീസ് ദസ്തൂർ ഒടുക്കീട്ടുള്ളതുകൊണ്ട ആ സ്ഥലത്തിന്നു ക്രമപ്രകാരം അനുവാദ പത്രം കൊടുത്തതായി വിചാരിക്കപ്പെടുന്നതും ആകുന്നു.

അനുവാദപത്രം ഇല്ലാത്ത സ്വന്തം ചന്തയിൽ വില്ക്കുന്നതിന്നു ശിക്ഷ

൪൨. അനുവാദ പത്രം ഇല്ലാത്തതായ ഒരു സ്വന്തം ചന്തയിൽ വല്ല സാധനവും വില്ക്കുകയൊ വില്പാൻ വെക്കുകയൊ ചെയ്യുന്ന യാതൊരാളും ഇരുപതു ഉറുപ്പികയിൽ കവിയാത്ത ഒരു പിഴക്കു പാത്രമായി വരികയും ചെയ്യും.

വിവരണം:—ഒരു ചന്ത ഉപയോഗിപ്പാനുള്ള അനുവാദ പത്രത്തിന്റെ അവധി കഴികയൊ അല്ലെങ്കിൽ ആ അനുവാദ പത്രം ദുർബലപ്പെടുത്തുകയൊ നിൎത്തിവെക്കുകയൊ ചെയ്താൽ ൪൦ം വകുപ്പിലെ അൎത്ഥപ്രകാരം ആ ചന്ത അനുവാദ പത്രം ഇല്ലാത്തതാകുന്നു.

ചന്തകളിൽ നിരത്തിന്നു ചാലുകളും മറ്റും ഉണ്ടാക്കണം

൪൩. സ്വന്തം ചന്തയുടെയും എല്ലാ ഉടമസ്ഥനെങ്കിലും കൈവശക്കാരനെങ്കിലും കൈവശക്കാരനെങ്കിലും,—

(i) അതിൽ മുനിസിപ്പൽ സഭ നിശ്ചയിക്കുന്ന ചെരു വഴികളും പ്രവേശന വഴികളും മാൎഗ്ഗങ്ങളും പടിവാതലുകളും ചാലുകളും കല്പക്കുഴികളും ഉണ്ടാക്കുകയും;

(ii) മുനിസിപ്പൽ സഭ നിശ്ചയിക്കുന്ന സാമാനങ്ങൾ കൊണ്ടും ആ സഭ നിശ്ചയിക്കുന്ന പ്രകാരത്തിലും ആ ചന്തക്കു മെൽപുര ഉണ്ടാക്കിക്കയും അതു പടുക്കുകയും അതിൽ ആ സഭ അജ്ഞാപിക്കുന്ന തരത്തിലും ഇടത്തും ആജ്ഞാപിക്കുന്നിടത്തോളവും മലമൂത്ര വിസൎജ്ജന സ്ഥലങ്ങളും ഉണ്ടാക്കിക്കയും,

(iii) ആ ചന്തയിലെക്കു മുനിസിപ്പൽ സഭ നിശ്ചയിക്കുന്ന വെള്ളം ശേഖരിച്ചു കൊടുക്കുകയും;

(iv) മെല്പറഞ്ഞ ചന്തയിലെ സ്ഥലത്തൊ ഉള്ള പീടികകൾക്കും ഗതാഗത മാൎഗ്ഗങ്ങൾക്കും കടകൾക്കും വാതിലുകൾക്കും മറ്റു ഭാഗങ്ങൾക്കും മുനിസിപ്പൽ സഭ ആജ്ഞാപിക്കുന്ന ഭേദം വരുത്തുകയും;

ചെയ്യുകയും വേണം.

വീഴ്ചക്കുള്ള ശിക്ഷ

൪൪. (൧) ഇതിന്നടുത്ത മുമ്പത്തെ വകുപ്പിൽ നിയമിച്ചിരിക്കുന്ന കാൎയ്യങ്ങളിൽ വല്ലതും ഇന്ന ഒരു അവധിക്കുള്ളിൽ നടത്തുവാൻ ആ ഉടമസ്ഥനൊടൊ കുത്തകക്കാരനൊടൊ കൈവശക്കാരനൊടൊ ആജ്ഞാപിക്കുന്ന അറിയിപ്പു മുനിസിപ്പൽ സഭ അയാൾക്കു കൊടുത്തതിന്റെ ശേഷം ആ അറിയിപ്പു പ്രകാരം നടപ്പാൻ അയാൾ വീഴ്ച ചെയ്താൽ, ആ അറിയിപ്പു പ്രകാരം നടക്കുന്നതു വരെക്കും ആ സഭ അനുവാദ പത്രം നിൎത്തിവെക്കുകയൊ പിൻവലിക്കുകയൊ കൊടുക്കയില്ലെന്നു പറകയൊ ചെയ്യും; അങ്ങിനെ പിൻവലിക്കുകയൊ നിൎത്തിവെക്കുകയൊ കൊടുക്കയില്ലെന്നു പറകയൊ ചെയ്തതിന്റെ ശേഷം ആ വല്ല ചന്തയും തുടങ്ങുകയൊ വെക്കുകയൊ ചെയ്യുന്ന യാതൊരാളും ആ ചന്തയൊ സ്ഥലമൊ തുടങ്ങുകയൊ വെക്കുകയൊ കാരം സ്ഥാപിച്ചു ഓരൊ ദിവസത്തിന്നു ൧൦ ഉറുപ്പികയിൽ കവിയാത്ത ഒരു പിഴക്കു പാത്രമായി വരികയും ചെയ്യും.

(൨) ആ വക ചന്തയുടെയൊ അതിലെ വല്ല കടയുടെയൊ പീടികയുടെയൊ മുറിയുടെയൊ മറ്റു ഇടത്തിന്റെയൊ സൂക്ഷിപ്പുകാരനൊ കൈവശക്കാരനൊ അതു വാടകയ്ക്കു എടുത്തിരിക്കുന്ന കാര്യസ്ഥനൊ വിചാരിപ്പുകാരനൊ അല്ലാ ഒരു അനാരോഗ്യത്തിന്നു കാരണമായിട്ടുള്ള വല്ലതും, വെടിപ്പാക്കാതെ അനാരോഗ്യമായ വല്ലതും മുനിസിപ്പൽ സഭ അറിയിക്കുന്ന ഒരു സമയത്തിന്നുള്ളിൽ നീക്കിക്കളകയൊ വെടിപ്പാക്കുകയൊ ചെയ്യാത്ത ആയാൾ മാസം ഒന്നിന്നു ൨൦ ഉറുപ്പികയിൽ കവിയാത്ത ഒരു പിഴക്കു പാത്രമായി വരികയും ചെയ്യും.

ചന്ത ശരിയായി വെടിപ്പാക്കിയൊ അനാരോഗ്യത നിന്നൊഴിവാക്കിയൊ ഇരിക്കാത്തതിന്നു ശിക്ഷ.

൨൭൭. അനുവാദപത്രത്തിന്ന അപേക്ഷിച്ചിട്ടില്ലാത്ത വല്ല സ്വന്തം ചന്തയെ അനുവാദപത്രം കൊടുക്കയില്ലെന്നു പറകയൊ അതു വിലക്കി നിർത്തിവെക്കുകയൊ ചെയ്തിരിക്കുന്ന വല്ല സ്വന്തം ചന്തയും മുനിസിപ്പൽ സഭയൊ അവർ അതിലെക്കായി ക്രമപ്രകാരം അധികാരപ്പെടുത്തുന്ന വല്ല ഉദ്യോഗസ്ഥനൊ അടച്ചുകളകയും ചെയ്യും.

ചന്ത അടച്ചുകളവാൻ അധികാരം.

(സി) പൊതുച്ചട്ടങ്ങൾ.

൨൭൮. (൧) ഇന്ന വല്ല പരസ്യവീഥിയിലൊ വീഥിയിന്മെലൊ ആ വീഥിയുടെ ഇന്ന വല്ല ഭാഗത്തൊ ഭാഗത്തിന്മെലൊ വല്ല സാമാനങ്ങളും വില്ക്കുന്നതൊ വില്പാൻ വെക്കുന്നതൊ മുനിസിപ്പൽ സഭ തീരുമാനിച്ചു ഗവർമ്മെണ്ടു ഗസറ്റിൽ പ്രസിദ്ധമാക്കീട്ടും അറിയിക്കുന്ന പരസ്യത്താൽ അതാതുസമയം വിലക്കുകയും ആ വിലക്കൽ അതുപൊലെതന്നെ ദുർബലപ്പെടുത്തുകയൊ നിർത്തിവെക്കുകയൊ ഭേദപ്പെടുത്തുകയൊ ചെയ്കയും ആവാം.

മുനിസിപ്പൽ വീഥിയിൽ വിൽക്കുന്നതു വിലക്കാം.

(൨) ആ പരസ്യത്തിന്റെശെഷം അതിലെ നിശ്ചയത്തിന്നു വിരൊധമായി ആ വക വല്ല വീഥിയിലും വല്ല സാമാനങ്ങളും വില്ക്കുകയൊ വില്പാൻ വെക്കുകയൊ ചെയ്യുന്ന യാതൊരാളും ൫൦ ഉറുപ്പികയിൽ കവിയാത്ത ഒരു പിഴക്കു പാത്രമായി വരികയും ചെയ്യും.

൨൭൯. (൧) മനുഷ്യന്റെ ഭൊജനത്തിന്നൊ പാനത്തിന്നൊ ആയി വില്ക്കുവാൻ ഉദ്ദെശിക്കപ്പെട്ട പദാർത്ഥങ്ങൾ ഇടപ്പെടിയായൊ ചില്ലറയായൊ വില്പാനെങ്കിലും കൂട്ടിവെപ്പാനെങ്കിലും ഉപയൊഗിക്കുന്നതായ ആ വക പദാർത്ഥങ്ങൾ പിടിച്ചുവെച്ചിരിക്കുന്നതായ വല്ല സ്ഥലത്തും അഗ്രാസനനൊ അയാൾ അതിന്നായി എഴുത്തുമൂലം നിയമിക്കുന്ന വല്ല ആളൊ ന്യായമായ എല്ലാ സമയത്തും കടന്നു നൊക്കുകയും അവിടെയുള്ള ആ വക വല്ല പദാർത്ഥങ്ങളും പരിശൊധിക്കുകയും ചെയ്യാം.

അഗ്രാസനൻ വില്ക്കുകയൊ കൂട്ടിവെക്കുകയൊ ചെയ്യുന്ന സ്ഥലങ്ങളിൽ കടന്നു നൊക്കുകയും ഭൊജന പദാർത്ഥമൊ പാനപദാർത്ഥമൊ പരിശൊധിക്കുകയും ചെയ്യാം.

(൨) ആ വക വല്ല പദാർത്ഥങ്ങളും മനുഷ്യരുടെ ഭൊജനത്തിന്നൊ പാനത്തിന്നൊ കൊള്ളരുതാത്തതാണെന്നു അഗ്രാസനനൊ മെല്പറഞ്ഞ ആൾക്കൊ തൊന്നുന്നപക്ഷം ആ ആൾ അതു പിടിച്ചുവെക്കുകയും ആ പദാർത്ഥങ്ങൾ വല്ല മജിസ്ത്രേട്ടിന്റെയും മുമ്പാകെ ഹാജരാക്കുകയും ചെയ്യാം.

ആ വക പദാർത്ഥങ്ങൾ കൊള്ളരുതാത്തതാണെങ്കിൽ പിടിച്ചുവെക്കാം.

(൩) ആ വക പദാർത്ഥങ്ങൾ മനുഷ്യരുടെ ഭൊജനത്തിന്നൊ പാനത്തിന്നൊ കൊള്ളരുതാത്തതാണെന്നു മജിസ്ത്രേട്ടിന്നു കാണപ്പെടുന്നപക്ഷം അദ്ദെഹം അതു നശിപ്പിപ്പാനെങ്കിലും അതു വില്പാൻ വെക്കാതെയൊ മനുഷ്യരുടെ ഭൊജനത്തിന്നായിട്ടു പാനത്തിന്നായിട്ടു ഉപയൊഗപ്പെടുത്താതെയൊ ഇരിക്കത്തക്കവണ്ണം അതിനെ കളവാനെങ്കിലും ആജ്ഞാപിക്കുകയും വെണം.

മജിസ്ത്രേട്ടു അതു നശിപ്പിക്കാൻ കല്പിക്കാം.

(൪) അങ്ങിനെ പിടിച്ചുവെച്ച പദാർത്ഥങ്ങൾ മനുഷ്യരുടെ ഭൊജനത്തിന്നൊ പാനത്തിന്നൊ കൊള്ളാകുന്നതായിരുന്നു എന്നു മജിസ്ത്രേട്ടു കാണുന്നപക്ഷം ആ പദാർത്ഥങ്ങളൊ അതിൽ നിന്നായിരിക്കുന്ന ഭാഗമൊ ഉടമസ്ഥന്നൊ ആരുടെ കൈവശത്തിൽ കണ്ടുവൊ ആയാൾക്കൊ മടക്കികൊടുക്കുവാനും അതിനെ പിടിച്ചുവെച്ചതിനാൽ സംഭവിച്ച വല്ല നഷ്ടത്തിന്നൊ വില ഇടിച്ചിലിന്നൊ ആ ഉടമസ്ഥനെങ്കിലും ആ കൈവശക്കാരന്നെങ്കിലും പ്രതിഫലമായിരിക്കുമെന്നു താൻ വിചാരിക്കുന്ന ന്യായമായ സംഖ്യ മുനിസിപ്പൽ ഫണ്ടിൽ നിന്നു അയാൾക്കു കൊടുക്കുവാനും മജിസ്ത്രേട്ടു അഗ്രാസനനൊടു ആജ്ഞാപിക്കുന്നതായ ഒരു വിധി വിധിക്കയും ചെയ്യാം.

പദാർത്ഥങ്ങൾ നല്ല സ്ഥിതിയിൽ ആണെങ്കിൽ മടക്കിക്കൊടുപ്പാനും നഷ്ടത്തിന്നും മറ്റും പ്രതിഫലം കൊടുപ്പാനും മജിസ്ത്രേട്ടു ആജ്ഞാപിക്കാം.

൮൭. മുനിസിപ്പാലിട്ടിയിലെ ചന്തകളിലും പീടികകളിലും പെരുമാറുന്ന തൂക്കങ്ങളും താപ്പുകളും ആ വക തൂക്കങ്ങളെയും താപ്പുകളെയും പററി തിരുവിതാംകൂട്ട ശിക്ഷാനിയമത്തിന്റെ ൧൩-ാം അദ്ധ്യായ പ്രകാരമുള്ള കുററങ്ങളെ നിവൃത്തിപ്പാനും ആ കുററങ്ങൾക്കു ശിക്ഷയേല്പിക്കാനും വേണ്ടി, അഗ്രാസനാധിപനോ അയാൾ അതിലേയ്ക്കായി നിശ്ചയിക്കുന്ന വല്ല ആളോ പരശോധിക്കുകയും പരീക്ഷിക്കുകയും ചെയ്യാം.

തൂക്കങ്ങളും താപ്പുകളും ശോധന.

൮൮. കുഷ്ഠരോഗംപിടിച്ചു വ്രണപ്പെട്ടവർ തുടങ്ങിയ വല്ലവനോ ഏതെങ്കിലും പകച്ചവ്യാധിയുള്ളവനോ അശുദ്ധിയുള്ളവനോ ആയ വല്ലവനോ പൊതുവായിട്ടോ സ്വന്തമായിട്ടോ ഉള്ള ഒരു ചന്തയിൽ വല്ല സാധനവും വിൽക്കുകയോ വില്ക്കാൻ വെക്കുകയോ ആകട്ടെ അല്ലെങ്കിൽ അതിൽ വില്ക്കാൻ വെച്ചിരിക്കുന്ന വല്ല സാധനവും വിലയ്ക്കു മേടിക്കുന്നതിനുമുമ്പെ അതു തൊടുകയാകട്ടെ ചെയ്യുന്നു എങ്കിൽ അവനെ ആ ചന്തയുടെ കാര്യവിചാരം വഹിച്ചിരിക്കുന്ന ആൾ അതിൽനിന്നു പുറത്താക്കേണ്ടതും അതിൽ ഒരു കലഹം ഉണ്ടാക്കുന്ന വല്ലവനെയും ആ ആൾ അതിൽനിന്നു പുറത്താക്കാവുന്നതും ആകുന്നു.

ചില ആളുകളെ ചന്തയിൽ നിന്നു പുറത്താക്കാം.

൧൦. പൊതുവായുള്ള കക്കൂസ്സുകൾ.

൮൯. (൧) മുനിസിപ്പൽസഭ തങ്ങളുടെ അധീനത്തിലുള്ള ദ്രവ്യങ്ങൾകൊണ്ടു പാടുള്ള പ്രകാരം പൊതുവായി വേണ്ടടത്തോളം മലമൂത്രവിസർജ്ജന സ്ഥലങ്ങൾ ഉണ്ടാക്കുകയും അതുകൾ ക്രമമായി ചെപ്പിക്കുകയും ദിവസേന കഴുകി വെടിപ്പാക്കിക്കുകയും വേണം.

മലമൂത്രവിസർജ്ജന സ്ഥലങ്ങൾ നിശ്ചയിക്കണം.

(൨) മുനിസിപ്പൽസഭയുടെ അനുവാദപത്രം കൂടാതെ മുനിസിപ്പാലിട്ടിയിൽ പരക്കെ ഉപയോഗത്തിന്നായി യാതൊരു കക്കൂസ്സും വെക്കുകയും അരുതു.

പൊതുവായുള്ള കക്കൂസ്സുകൾക്കു അനുവാദപത്രം കൊടുക്കണം.

(൧൧) സ്വന്തം കക്കൂസ്സുകൾ.

സ്വന്തം വീടുകൾക്കു കക്കൂസ്സുകൾ.

൯൦. (൧) മുനിസിപ്പൽസഭ അറിയിപ്പുമൂലം,

(i) എല്ലാ പുരയുടെയും ഉടമസ്ഥനോടോ കൈവശക്കാരനോടോ, ആ പുരയിലോ അതിന്നു ചുററുമോ പണിക്കാക്കപ്പെട്ടവനെയും, അതിൽ പാർക്കുന്നവരെയും ആളുകളുടെ ഉപയോഗത്തിന്നായി ആ അറിയിപ്പിൽ പറയുന്ന സമ്പ്രദായ പ്രകാരം ഒരു കക്കൂസ്സുണ്ടാക്കിക്കുകയോ അപ്പോഴുള്ള കക്കൂസ്സു ഭേദംവരുത്തുകയോ ചെയ്യാനും അതു വെടിപ്പായും ശരിയായും വെക്കാനും,

(ii) ആറോ അധികമോ കുടികൾകൂട്ടമായി നിൽക്കുന്ന യാതൊരു നിലത്തിന്റെയും യാതൊരു ഉടമസ്ഥനോടോ കൈവശക്കാരനോടോ ആ കുടികളിൽ പാർക്കുന്നവരുടെ ഉപയോഗത്തിന്നായി മുനിസിപ്പൽസഭ ആ അറിയിപ്പിൽ അജ്ഞാപിക്കുന്ന കക്കൂസ്സുകൾ അതിൽ പറയുന്ന അവധിക്കുള്ളിൽ ഉണ്ടാക്കിച്ചു വെക്കാനും,

ആവശ്യപ്പെടുകയും ചെയ്യാം.

(൨) ആവക കക്കൂസ്സിന്നു സമീപെ പോകുന്നവരെയോ വസിക്കുന്നവരെയോ ആളുകൾ കാണാതിരിക്കാനായി അതിന്നു വേണ്ടുന്നേടത്തോളം ചുമരോ മറവോ കെട്ടുകയും വേണം.

മറച്ചുകെട്ടണം.

൯൧. ഇരുപതിൽ അധികം പണിക്കാരെയോ കൂലിക്കാരെയോ മററു ആളുകളെയോ പണിക്കാക്കുന്ന വല്ല ആളോടും അവർക്കു വേണ്ടി മുനിസിപ്പൽസഭ അംഗീകരിക്കുന്ന പ്രകാരം മലമൂത്രവിസർജ്ജന സ്ഥലങ്ങൾ ആ സഭ ആവശ്യമെന്നു വിചാരിക്കുന്നേടത്തോളം ഉണ്ടാക്കിച്ചു ക്രമമായി വെക്കാൻ മുനിസിപ്പൽസഭ രേഖാമൂലമായ അറിയിപ്പിനാൽ ആവശ്യപ്പെടാം.

കൂലിക്കാർക്കു കക്കൂസ്സുകളും മററും.

ആ അറിയിപ്പിൽ പറയുന്ന ന്യായമായ ഒരു അവധിക്കുള്ളിൽ ആ ആജ്ഞപ്രകാരം നടക്കാൻ വീഴ്ചവരുത്തുന്ന യാതൊരാളും ൨൦ രൂപായിൽ കവിയാത്ത ഒരു പിഴക്കു പാത്രമായി വരികയും ചെയ്യും.

൧൭൯. വല്ല പുരയിലൊ നിലത്തൊ വല്ല ചാലൊ മറപ്പുരയൊ കഴിനീർകുഴിയൊ ചളിനീർതൊട്ടിയൊ ഉണ്ടാക്കുവാനും കെട്ടിത്തീർത്തു നന്നാക്കുവാനും അഗ്രാസനൻ മുനിസിപ്പൽ സഭയുടെ അംഗീകാരത്തിന്നനുസരിച്ച തനിക്കു യുക്തമെന്നു തോന്നുന്ന നിശ്ചയങ്ങളിന്മേലും കരാറുകളിന്മേലും ആ പുരയുടെയൊ നിലത്തിന്റെയൊ ഉടമസ്ഥനുമായൊ കൈവശക്കാരനുമായൊ കരാർ ചെയ്യുകയും ആവാം.

ചാലുകളും മറ്റും ഉണ്ടാക്കുവാൻ അഗ്രാസനൻ കരാർ ചെയ്യാം.

൧൫ ചാലുകൾ.

൧൮൦. (1) മുനിസിപ്പാലിട്ടിയിൽ നീരൊട്ടത്തിന്നുള്ള സകല പണികളും മുനിസിപ്പൽസഭ ആജ്ഞാപിക്കുംപ്രകാരം ഉണ്ടാക്കിക്കുകയും ശുചിയാക്കി വെക്കുകയും വേണം.

നീരൊട്ടപ്പണികൾ മുനിസിപ്പൽസഭ ആജ്ഞാപിക്കുംപ്രകാരം ഉണ്ടാക്കണം.

(2) ഓതികളും നീരൊട്ടത്തിന്നുള്ള മറ്റു പണികളും ഉണ്ടാക്കിക്കുന്നതിൽ മുനിസിപ്പൽസഭ, ആവശ്യമുള്ളപക്ഷം, വല്ല ഓതിയൊ നീരൊട്ടപ്പണിയൊ വല്ല വീഥിയിൽകൂടിയൊ തൊട്ടത്തിൽകൂടിയൊ മറ്റു സ്ഥലത്തിൽകൂടിയൊ എങ്കിലും അതിൽ വല്ലതിന്റേയും വിലങ്ങെയൊ താഴത്തുകൂടിയൊ എങ്കിലും വല്ല പുരയുടെയൊ കഴയറയുടെയൊ നിലവറയുടെയൊ ഉള്ളിൽകൂടിയൊ താഴത്തുകൂടിയൊ എങ്കിലും കൊണ്ടുചെല്ലിക്കുകയും ആവാം.

പൊതുവായ ഓതികൾ ഉണ്ടാക്കിക്കുന്നതിൽ മുനിസിപ്പാൽസഭയുടെ അധികാരം

(3) ഒരു ഓതിയൊ നീരൊട്ടത്തിന്നുള്ള മറ്റു പണിയൊ വല്ലവനെങ്കിലും സ്വന്തം മുതലിൽ കൂടിയെങ്കിലും അതിന്റെ വിലങ്ങെയൊ താഴത്തുകൂടിയൊ എങ്കിലും കൊണ്ടു ചെല്ലിക്കുന്നതു ആവശ്യമായിരിക്കുമ്പോൾ ആയതു മുനിസിപ്പൽസഭ ആ മുതലിന്റെ ഉടമസ്ഥന്നൊ കൈവശക്കാരന്നൊ ആ വിവരത്തിന്നു അറിയിപ്പു കൊടുക്കുകയും ആവക വല്ല ഓതിയാലൊ നീരൊട്ടപ്പണിയാലൊ ആ മുതലിന്നു സംഭവിച്ച വല്ല കേടിന്നും ആ സഭ ന്യായമായ പ്രതിഫലം കൊടുക്കുകയും വേണം.

സ്വന്തം മുതലിന്റെ ഉടമസ്ഥന്നു അറിയിപ്പും അതിന്നു വന്ന കേടിന്നു പ്രതിഫലവും

(4) ൩൦-ം റെഗുലേഷനാൽ മുനിസിപ്പൽസഭക്കു സിദ്ധിച്ചിരിക്കുന്നതായ ഓതികളും നീരൊട്ടപ്പണികളും എല്ലാമൊ അതിൽ വല്ലതുമൊ അവർ ക്രമമായി വെപ്പിക്കുകയും അതാതുസമയം നന്നാക്കിക്കുകയും അവക്കു യുക്തം എന്നു തോന്നുംപൊലെ വലുതാക്കിക്കുകയൊ ഭേദം വരുത്തിക്കുകയൊ അതിന്റെ മീതെ കമാനം കെട്ടിക്കുകയൊ വേറെപ്രകാരം മൂടിപ്പാക്കിക്കുകയൊ ചെയ്യുകയും അതിൽ അവക്കു അനാവശ്യം എന്നു തോന്നുന്നതു വേണ്ടാ എന്നു വെക്കുകയൊ അടക്കുകയൊ നശിപ്പിക്കുകയൊ ചെയ്യുകയും ആവാം.

മുനിസിപ്പാൽസഭ ഓതികൾ ക്രമമായി വെപ്പിക്കുകയും നന്നാക്കിക്കുകയും ഭേദം വരുത്തുകയും അടെക്കുകയും ചെയ്യാം.

൧൮൧. മുനിസിപ്പൽ സഭയുടെ എഴുത്തുമൂലമായ അനുവാദം കൂടാതെ യാതൊരാളും യാതൊരു ചാലും പൊതുവായുള്ള ഒരു ഓതിയിലെക്കൊ ചാലിലെക്കൊ തുറക്കുകയാകട്ടെ പൊതുവായുള്ള വല്ല ഓതിയൊ ചാലൊ നികത്തുകയൊ തിരിക്കുകയൊ തടസ്ഥമാക്കുകയൊ വല്ലപ്രകാരത്തിലും തകരാറാക്കുകയൊ ആകട്ടെ ചെയ്യരുതു. അതു ആയതു പോകുന്നതു പൊതുവായുള്ള നിലത്തിൽകൂടി ആയിരുന്നാലും ആരുടെ എങ്കിലും സ്വന്തമായുള്ള നിലത്തിൽകൂടി ആയിരുന്നാലും വെണ്ടതില്ല.

ചാലുകൾ ഉണ്ടാക്കൽ

൧൮൨. ൩൦-ം റെഗുലേഷനാൽ മുനിസിപ്പൽസഭക്കു സിദ്ധിച്ചിരിക്കുന്ന വല്ല ഓതിയുടെയൊ ചാലിന്റെയൊ മീതെ എങ്കിലും വല്ല ഓതിയുടെയൊ ചാലിന്റെയൊ വല്ല ഭാഗത്തിന്റേയും മീതെയെങ്കിലും വീഥികളിലെ തറിക്കുട്ടുകളാലൊ മറ്റു കപ്പുകളാലൊ മൂലവുമായിട്ടാകട്ടെ എതാനുമായിട്ടാകട്ടെ മൂടിയതൊ പൊന്തിച്ചതൊ നിരത്തിയതൊ ആയ വല്ല നിലത്തെങ്കിലും ആ സഭയുടെ എഴുത്തുമൂലമായ അനുവാദം കൂടാതെ യാതൊരു പുരയും പുതുതായി ഉണ്ടാക്കിക്കയും അരുതു.

മുനിസിപ്പൽസഭയുടെ സമ്മതം കൂടാതെ ഓവുകളുടെയും മറ്റും മീതെ പുരകൾ ഉണ്ടാക്കരുതു.

൨൨൩. ൨൧൯-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ചു മുനിസിപ്പൽ സഭയുടെ എഴുത്തുമൂലമായ അനുവാദം കൂടാതെ യാതൊരു ചാലൊ മറപ്പുരയൊ കുപ്പക്കുഴിയൊ ഉണ്ടാക്കേണ്ടതും അല്ല.

ചാലുകൾ ഉണ്ടാക്കൽ

൨൨൪. പുരക്കു സംബന്ധിക്കുന്നതായ ഒരു നീരൊട്ടുസമ്പ്രദായമുള്ള വല്ല മുനിസിപ്പാലിട്ടിയിലെയും മുനിസിപ്പൽസഭ വല്ല പുരയുടെയൊ നിലത്തിന്റെയൊ ഉടമസ്ഥനോടൊ അല്ലെങ്കിൽ ഒരു കൂട്ടം പുരകളുടെയൊ നിലങ്ങളുടെയൊ ഉടമസ്ഥന്മാരൊടൊ ആ വക പുരയൊ നിലമൊ അല്ലെങ്കിൽ ആ വക പുരകളുടെയൊ നിലങ്ങളുടെയൊ കൂട്ടമൊ മാറു വല്ല ചാലുമായിട്ടെങ്കിലും അല്ലെങ്കിൽ ഓത്തിവെള്ളമൊ ചാൽനീരൊ ചെന്നു വീഴുവാൻ മുനിസിപ്പൽസഭ പ്രത്യേകം വെച്ചു സ്ഥലമായിട്ടെങ്കിലും ഘടിപ്പിക്കുന്നതായ മുനിസിപ്പൽസഭ ആജ്ഞാപിക്കുന്ന മാതിരിയിൽ ഒരു ചാൽ ഉണ്ടാക്കുവാൻ അറിയിപ്പുമൂലം ആവശ്യപ്പെടാം.

പുരക്കു സംബന്ധിക്കുന്ന നീരൊട്ടുസമ്പ്രദായമുള്ളെടത്തു ചില ഒപ്പുകൾക്കനുസരിച്ചു സഭ സ്ഥാനക്കാർ ചാലുകൾ ഉണ്ടാക്കേണമെന്ന ആവശ്യപ്പെടാം

എന്നാൽ—

(i) പുരകൾക്കൊ നിലങ്ങൾക്കൊ ഉള്ള നികുതിയിൽനിന്നു ഒഴിക്കേണ്ടതിന്നു അവകാശപ്പെടുവാൻ ൱ാം വകുപ്പു (ഇ) ാം ഉപവകുപ്പുപ്രകാരം അർഹതയുള്ള യാതൊരുത്തനൊടും ഈ വകുപ്പുപ്രകാരം ഒന്നും ആവശ്യപ്പെട്ടു കൂടുന്നതും അല്ല;

(ii) ഒരു പുരയിൽനിന്നൊ നിലത്തുനിന്നൊ അല്ലെങ്കിൽ ഒരു കൂട്ടം പുരകളിൽനിന്നൊ നിലങ്ങളിൽനിന്നൊ നീരൊട്ടിവാറ്റുവാൻ വിചാരിക്കുന്ന ഒരു ചാൽ അതാതു സംഗതിപോലെ ആ പുരയുടെയൊ നിലത്തിന്റെയൊ അല്ലെങ്കിൽ ആ കൂട്ടമായുള്ള പുരകളുടെയൊ നിലങ്ങളുടെയൊ അറ്റത്തെ അതിരുകളുടെ പുറത്തു നൂറു അടിയിൽ അധികം ദൂരത്തുകൊണ്ടുപൊകുവാൻ യാതൊരു ആളൊടൊ ആളുകളൊടൊ ഈ വകുപ്പുപ്രകാരം ആവശ്യപ്പെട്ടു കൂടുന്നതും അല്ല;

(iii) വല്ല പുരയിലെയൊ നിലത്തിലെയൊ അല്ലെങ്കിൽ ഒരു കൂട്ടം പുരകളിലെയൊ നിലങ്ങളിലെയൊ നീരൊട്ടിവാറ്റുവാനുള്ള ഒരു ചാലിനു അതാതുസംഗതിപോലെ ആ പുരവകക്കൊ നിലംവകക്കൊ എങ്കിലും അല്ലെങ്കിൽ ആ കൂട്ടം പുരകൾ വകക്കൊ നിലങ്ങൾ വകക്കൊ എങ്കിലും ൱ാം വകുപ്പുപ്രകാരം വല്ല ആളൊ ആളുകളൊ കൊല്ലത്തിൽ അടക്കേണ്ടതായ സംഖ്യയിൽ അഞ്ചു മടങ്ങിൽ കവിയുന്ന ഒരു സംഖ്യ ചെലവിടുവാൻ ഈ വകുപ്പുപ്രകാരം ആ ആളൊടൊ ആളുകളൊടൊ ആവശ്യപ്പെട്ടു കൂടുന്നതും അല്ല. മെല്പടി സംഖ്യയിൽ കവിയുന്നതായ വല്ല സംഖ്യയും ചെലവുചെയ്താൽ ആ കവിഞ്ഞു ചെലവിട്ട സംഖ്യ മുനിസിപ്പൽസഭ വഹിക്കേണ്ടതും ആകുന്നു.

വിവരണം — ൱ാം വകുപ്പു (ഫ) ാം ഉപവകുപ്പുപ്രകാരം നികുതിയിൽനിന്നു ഒഴിവാക്കപ്പെട്ട പുരകളുടെയും നിലങ്ങളുടെയും സംഗതിയിൽ ആ വക പുരകളും നിലങ്ങളും അപ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലായിരുന്നു എങ്കിൽ ൱ാം വകുപ്പുപ്രകാരം അടക്കേണ്ടതാകുമായിരുന്ന സംഖ്യ ഈ വകുപ്പിലെ മൂന്നാം ക്ലിപ്തത്തിലെ ആവശ്യങ്ങൾക്കു അതിന്റെ വകക്കായി അടക്കേണ്ടുന്ന സംഖ്യയായി വിചാരിക്കുകയും വേണം.

൨൨൫. വല്ല ചാലിലൊ ചളിനീർതൊട്ടിയിലൊ കാറ്റുഗതാഗതത്തിന്നു വേണ്ടി മുനിസിപ്പൽസഭ തങ്ങൾക്കു ആവശ്യമെന്നു തോന്നുന്ന കുഴലുകൾ ഉണ്ടാക്കിവെക്കുകയൊ വല്ല പുരയുടെയും പുറത്തെഭാഗത്തൊടു ചേർത്തു വെക്കുകയൊ ചെയ്യാം. ആ വക കുഴലുകൾ അടുത്തുള്ള എല്ലാ പുരകളുടെയും ഏററവും ഉയർന്നഭാഗങ്ങളിൽനിന്നു ആറു അടിയിൽ കുറയാത്ത പൊക്കത്തിൽ കൊണ്ടുപോയി വിടേണ്ടതും സമീപത്തു പാർക്കുന്ന ആളുകൾക്കു അതിനാൽ ഉപദ്രവമൊ അസൗഖ്യമൊ നേരിടാത്ത വിധത്തിൽ ഉണ്ടാക്കേണ്ടതും ആകുന്നു.

സഭ കാററുഗതാഗത കുഴലുകൾ ഉണ്ടാക്കിവെക്കാം

ചാലുകളുടെ ശാഖകളും മറപ്പുരകളും മററും മുനിസിപ്പൽ സഭയുടെ അധീനതയിൻകീഴിൽ ആയിരിക്കയും ഉടമസ്ഥന്മാരുടെ ചിലവിന്മേൽ ക്രമപ്രകാരം വെപ്പിക്കയും ചെയ്യാം

൨൨൩. (എ) മുനിസിപ്പലിട്ടിക്കകത്തുള്ള ചാലുകളുടെ ശാഖകളായി പോകുന്ന നിലങ്ങളുടെയൊ പുരകളുടെയൊ അകത്തുള്ളതും പുറത്തുള്ളതും ആയ ആ എല്ലാ ശാഖകളും മുനിസിപ്പലിട്ടിക്കകത്തു സ്വന്തമായുള്ള എല്ലാ കക്കൂസ്സുകളും മറപ്പുരകളും കപ്പക്കുഴികളും മുനിസിപ്പൽ സഭയുടെ നോട്ടത്തിനും ആജ്ഞക്കും കീഴിലായിരിക്കുന്നതും അവ പോകയൊ കൂട്ടെ അവയെ ഉണ്ടാക്കിയിരിക്കുന്നതൊ വെച്ചുകൊണ്ടിരിക്കുന്നതൊ പ്രയോജനമായിരിക്കുകയൊ ചെയ്യുന്ന നിലങ്ങളുടെയും പുരകളുടെയും ഉടമസ്ഥന്മാരുടെ ചിലവിന്മേൽ ഭേദം വരുത്തുകയും കെട്ടതിക്കുകയും തോണ്ടി വെടിപ്പാക്കികയും ക്രമപ്രകാരം വെക്കുകയും ചെയ്യേണ്ടതും ആകുന്നു.

വല്ല ചാലൊ മറപ്പുരയൊ കെട്ടതിപ്പാനും മററും മുനിസിപ്പൽ സഭ ഉടമസ്ഥനൊട് ആവശ്യപ്പെടാം

(ബി) ആ വല്ല കക്കൂസ്സൊ ചാലൊ മറപ്പുരയൊ കപ്പക്കുഴിയൊ ഉള്ള വല്ല നിലത്തിന്റെയൊ പുരയുടെയൊ ഉടമസ്ഥനൊട് മുനിസിപ്പൽ സഭ തങ്ങൾക്ക ആവശ്യമെന്നു തോന്നും പ്രകാരം ഇന്ന ഒരു അവധിക്കുള്ളിൽ ആയതു അടച്ചുകളവാനൊ പൊളിച്ചുകളവാനൊ എങ്കിലും ഭേദം വരുത്തുവാനൊ കെട്ടതിപ്പാനൊ തോണ്ടി വെടിപ്പാക്കുവാനൊ നല്ല ക്രമമായി വെക്കുവാനൊ അറിയിപ്പുമൂലം ആവശ്യപ്പെടുകയും ചെയ്യാം.

൨൨൪. (എ) അഗ്രാസനനൊ ആയാൾ അതിലെക്കായി അധികാരപ്പെടുത്തുന്ന മററു ഉദ്യോഗസ്ഥനൊ നോക്കി പരിശോധിച്ചതിന്റെ ശേഷം ആ കക്കൂസ്സൊ ചാലൊ മറപ്പുരയൊ

പരിശോധനച്ചിലവു ഉടമസ്ഥൻ ഏല്പൻ വഹിക്കണം

കപ്പക്കുഴിയൊ നല്ല സ്ഥിതിയിൽ അല്ലെന്നാകട്ടെ അല്ലെങ്കിൽ അതു മുനിസിപ്പലിട്ടിയിൽ ഉണ്ടാക്കിയതു ഒരു റെഗുലെഷനൊ ഏതുപ്രകാരമുള്ള നഗരവെടിപ്പു റെഗുലെഷനൊ നടപ്പായി വന്നതിന്റെ ശേഷവും അതിലെ നിബന്ധനകൾക്ക വിരൊധമായും ആണെന്നാകട്ടെ കണ്ടാൽ ആ നൊക്കി പരിശൊധിച്ചതിനുള്ള ചിലവുകൾ ആ കക്കൂസ്സൊ ചാലൊ മറപ്പുരയൊ കപ്പക്കുഴിയൊ ഏല്ക്കുന്നതൊ ആയാൾ കൊടുക്കുകയും വേണം.

അവകച്ചിലവു മുനിസിപ്പൽസഭ ഏല്പൻ സഹിക്കണം

(ബി) അവക കക്കൂസ്സൊ ചാലൊ മറപ്പുരയൊ കപ്പക്കുഴിയൊ ക്രമമായ സ്ഥിതിയിൽ ആണെന്നും ഒരു റെഗുലെഷന്റെയൊ എന്തെങ്കിലും നഗരവെടിപ്പു റെഗുലെഷൻ ആയ പട്ടണപരിഷ്കരണ റെഗുലെഷന്റെയൊ നിബന്ധനകൾക്ക വിരൊധമായി ഉണ്ടാക്കിയതല്ലെന്നും കാണുന്ന പക്ഷം അഗ്രാസനനൊ മെല്പറഞ്ഞ ഉദ്യോഗസ്ഥനൊ കഴിയുന്ന വേഗത്തിൽ ആ സ്ഥലം അടപ്പിച്ചു നന്നാക്കിക്കുകയും ആ സംഗതിയിൽ ആ കക്കൂസ്സൊ ചാലൊ മറപ്പുരയൊ കപ്പക്കുഴിയൊ തുറപ്പിക്കുകയും അടപ്പിച്ചു നന്നാക്കുകയും ചെയ്യുതിനുള്ള ചിലവു മുനിസിപ്പൽ സഭ കൊടുക്കുകയും വേണം.

൧൨. ശുചിക്കുള്ള സാധാരണ നിയമങ്ങൾ.

മലവും ചപ്പും മററും നീക്കം ചെയ്യാൻ സഭ ഏർപ്പാടു ചെയ്യണം

൨൨൫. മുനിസിപ്പൽ സഭ തങ്ങളുടെ അധീനതയിലുള്ള ദ്രവ്യം കൊണ്ടു പാട്ടുള്ളടത്തൊളം—

(എ) വീഥികൾ ക്രമമായി അടിച്ചു വാരിച്ചു വെടിപ്പാക്കിക്കാനും,

(ബി) കക്കൂസ്സുകളിൽ നിന്നും ആരുടെയും സ്വന്തം വീടുകളിൽ നിന്നും മലവും മൃഗങ്ങളുടെ ശവവും ദുർഗ്ഗന്ധമുള്ള മററു സാധനവും ക്രമമായി നീക്കിക്കാനും,

(സി) കപ്പത്തൊട്ടികളിൽ നിന്നും ആരുടെയും സ്വന്തം വീടുകളിൽ നിന്നും കുപ്പയും വെണ്ണീറും അടുക്കള അടിക്കാട്ടുവും അതുപൊലെ നാററമില്ലാത്ത മററു സാധനവും ക്രമമായി നീക്കിക്കാനും,

ഏർപ്പാടു ചെയ്കയും ഒരു കാര്യത്തിനു അവർ തങ്ങളുടെ അധീനതയിലുള്ള ദ്രവ്യം കൊണ്ടു പാട്ടുള്ളടത്തൊളം—

(i) വീഥികൾ അടിച്ചുവാരി കൂട്ടിയ ചപ്പും ചവറും മലവും മൃഗങ്ങളുടെ ശവങ്ങളും നാററമുള്ള മററു സാധനങ്ങളും കുപ്പയും വെണ്ണീറും അടുക്കള അടിക്കാട്ടുവും അതുപൊലെ നാററമില്ലാത്ത മററു സാധനവും ഇട്ടു സൂക്ഷിക്കാനുള്ള സ്ഥലങ്ങളും,

(ii) മലവും നാററമുള്ള മററു സാധനവും നീക്കം ചെയ്യാൻ മൂടിയുള്ള വണ്ടികളും അല്ലെങ്കിൽ പാത്രങ്ങളും,

(iii) വലിയ മൃഗങ്ങളുടെ ശവങ്ങളും കുപ്പയും വെണ്ണീറും അടുക്കള അടിക്കാട്ടവും അതുപോലെ നാററമില്ലാത്ത മററു സാധനവും കൊണ്ടുപോകുവാൻ വണ്ടികളും അല്ലെങ്കിൽ മററു തക്കതായ സാധനങ്ങളും,

(iv) കുപ്പയും വെണ്ണീറും അടുക്കളയടിക്കാട്ടവും അതുപോലെ നാററമില്ലാത്ത മററു സാധനവും തൽക്കാലത്തേക്കു ഇടുവാനുള്ള കുപ്പത്തൊട്ടികളും,

ഉണ്ടാക്കിച്ചു വെക്കുകയും വേണം.

൨൬൯. (൧) മുനിസിപ്പാലിട്ടിയിലോ അതിന്റെ വല്ല ഭാഗത്തോ ഉള്ള പുരകളുടെ കൈവശക്കാരിൽ മലമൊ ദുർഗ്ഗന്ധമുള്ള മററു സാധനമൊ നീക്കം ചെയ്വാൻ ൨൬൮-ാം വകുപ്പു പ്രകാരം യാതൊരു കരാറും ചെയ്യാത്തവരായ എല്ലാവരോടും മുനിസിപ്പൽ സഭ പരസ്യമൂലം ആ പരസ്യത്തിൽ പറയുന്ന ഒരു അവധിക്കുള്ളിൽ മലവും ദുർഗ്ഗന്ധമുള്ള മററു സാധനവും തൽക്കാലത്തേക്കു ഇടുവാനായി ആ പരസ്യത്തിൽ തന്നെ പറയുന്ന മാതിരിയിൽ നീക്കാകുന്ന പാത്രങ്ങൾ വെക്കാൻ ആവശ്യപ്പെടാകുന്നതിന്നു പുറമെ ആ പാത്രങ്ങൾ ജനങ്ങൾ കാണാതിരിക്കാൻ മറ കെട്ടി മുനിസിപ്പൽ പണിക്കാൎക്ക അതിലെ സാധനങ്ങൾ കൂലി കൂടാതെ എടുത്തുകൊണ്ടു പോകാൻ വേണ്ടി മുനിസിപ്പൽ സഭക്കു യുക്തമെന്നു തോന്നുന്ന സമയത്തോ സമയങ്ങളിലോ പ്രതിദിനവും തയ്യാറായിരിക്കേണമെന്നും ആവശ്യപ്പെടാം.

മലമിടുന്ന പാത്രങ്ങൾ വെയ്പാൻ സഭ ആജ്ഞാപിക്കാം

(൨) മേൽപ്പടി പരസ്യത്തിൽ പറഞ്ഞ അവധി കഴിഞ്ഞ ശേഷം മുനിസിപ്പൽ സഭ ആ പരസ്യ പ്രകാരം നടക്കാത്ത എല്ലാവൎക്കും പാത്രങ്ങൾ ഉണ്ടാക്കിച്ചു കൊടുക്കേണ്ടതും അതിന്റെ ചിലവു അവരോടു വസൂലാക്കാകുന്നതും ആകുന്നു. എന്നാൽ കൊല്ലത്തിൽ ആറു രൂപായിൽ അധികം അനുഭവ വിലയില്ലാത്ത പുരകളുടെ എല്ലാ കൈവശക്കാരുടെയും സംഗതിയിൽ മേല്പടി പാത്രങ്ങൾ മുനിസിപ്പൽ സഭ മുനിസിപ്പൽ ദ്രവ്യത്തിൽ നിന്നു ചിലവു ചെയ്തു ഉണ്ടാക്കിച്ചു കൊടുക്കുകയും വേണം.

വെക്കാതിരുന്നാൽ കൈവശക്കാരന്റെ ചിലവിന്മേൽ സഭ വെപ്പിക്കണം

൨൭൦. അഗ്രാസനാധിപതി വല്ല പുരയിലോ നിലത്തോ ഉള്ള കക്കൂസ്സുകളിൽ നിന്നൊ ചളനീർ തൊട്ടിയിൽ നിന്നൊ മലം നീക്കം ചെയ്യിക്കാനെങ്കിലും ആ പുരയിൽ നിന്നൊ നിലത്തു നിന്നൊ ദുർഗ്ഗന്ധമുള്ള മററു വല്ല സാധനമൊ പരക്കെ ചപ്പു ചവറൊ നീക്കിക്കാനെങ്കിലും ആ നീക്കം ചെയ്യുന്നതിന്നൊ മററു കാൎയ്യങ്ങൾക്കൊ ഉള്ള സമയങ്ങളെയും കാലങ്ങളെയും കുറിച്ചു തനിക്കു യുക്തമെന്നു തോന്നുന്ന നിശ്ചയങ്ങളിന്മേലും നമ്മുടെ ഗവൎമ്മെണ്ടിന്റെ അംഗീകാരത്തോടു കൂടെ മുനിസിപ്പൽ സഭ നിൎണ്ണയിക്കുന്ന നിരക്കു പ്രകാരമൊ നിരക്കുകൾ പ്രകാരമൊ ഫീസ്സ അടച്ചാലും ആ പുരയുടെയൊ നിലത്തിന്റെയൊ കൈവശക്കാരനുമായി കരാർ ചെയ്യാം.

സ്വന്തക്കാരുടെ കക്കൂസുകൾ മുതലായതു കഴുകി വെടുപ്പാക്കുക

൨൭൧. ആയതു ഇടുവാനും നീക്കം ചെയ്തുകൊണ്ടു പോകാനും മുനിസിപ്പൽ സഭ ൨൬൮-ാം വകുപ്പു പ്രകാരം വേണ്ടുന്ന ഏൎപ്പാടുകൾ ശരിയായി ചെയ്ത ശേഷം,

മലം മുതലായതു നീക്കം ചെയ്യുന്നതു ശരിയല്ലാതെ പ്രയത്നിച്ചാൽ ശിക്ഷ

(i) മലമൊ മൃഗങ്ങളുടെ ശവമൊ നാറുന്ന മററു സാധനമൊ എങ്കിലും കുപ്പയൊ വെണ്ണീറൊ അടുക്കള അടിക്കാട്ടമൊ അതുപോലെ ദുർഗ്ഗന്ധമില്ലാത്ത മററു സാധനമൊ എങ്കിലും വല്ല വീഥിയിലോ വല്ല പുരയുടെയും കോലായയിന്മെലോ വീഥിയുടെ വശത്തു ആരുടെയും കൈവശമല്ലാത്തുള്ള വല്ല നിലത്തോ പരസ്യമായ വല്ല കടവത്തോ ഏററിറക്ക പാലത്തിന്മെലോ മററു കരയിറങ്ങുന്ന സ്ഥലത്തോ വല്ല ഓഴുക്കിന്റെയൊ കുളത്തിന്റെയൊ വക്കിലൊ അല്ലെങ്കിൽ വല്ല സ്വന്തം മുതലിന്റെയും ഉടമസ്ഥന്റെ എങ്കിലും കൈവശക്കാരന്റെ എങ്കിലും സമ്മതം കൂടാതെ അതിലൊ അതിന്മെലൊ ഇടുകയാകട്ടെ, അല്ലെങ്കിൽ

(ii) മലമൊ മൃഗങ്ങളുടെ ശവമൊ നാറുന്ന മററു സാധനമൊ വല്ല കുപ്പത്തൊട്ടിയിലൊ ആയതു കൊണ്ടുപോകാനുള്ളതല്ലാത്ത വല്ല വണ്ടിയിലൊ ഇടുകയാകട്ടെ, അല്ലെങ്കിൽ

(iii) മലമൊ നാറുന്ന മറ്റു സാധനമൊ അല്ലാത്ത വല്ല സാധനവും മലമൊ നാറുന്ന മറ്റു സാധനമൊ കൊണ്ടുപൊകാനുള്ളതായ വല്ല വണ്ടിയിലൊ പാത്രത്തിലൊ ഇടുകയാകട്ടെ.

ചെയ്യുന്ന യാതൊരുത്തനും ആവക ഓരൊ കുറ്റത്തിന്നു പത്തു ഉറുപ്പികയിൽ കവിയാത്ത ഒരു പിഴക്കു പാത്രമായി വരികയും ചെയ്യും.

എന്നാൽ മലത്തിന്റെയൊ നാറ്റമുള്ള മറ്റു സാധനത്തിന്റെയൊ ദുർഗ്ഗന്ധമെങ്കിലും പകച്ചു വിഷമെങ്കിലും കരുവാൻ വേണ്ടി വല്ല ആളും അതൊടു ഉണ്ണുന്ന മണ്ണൊ മണലൊ വെണ്ണീറൊ മറ്റു വല്ല വസ്തുവൊ ചേർത്തിനാൽ ആയാൾ അങ്ങിനെയുള്ള പിഴക്കു പാത്രമായി വരികയും ഇല്ലാ."

൮൨. ൮൧-ാം വകുപ്പിൻ ആവശ്യപ്പെട്ട പ്രകാരം ഒരു പാത്രം ഉണ്ടാക്കിവെച്ചതിന്റെ ശേഷം എല്ലാ മലവും ദുർഗ്ഗന്ധമുള്ള മറ്റു സാധനവും അതിൽ ഇടാതിരിക്കകയൊ ആ പാത്രം ജനങ്ങൾ കാണാതിരിപ്പാൻ മറകെട്ടി മുനിസിപ്പൽ സഭ നിശ്ചയിച്ച സമയങ്ങളിൽ തയ്യാറാക്കി വെക്കാതിരിക്കകയൊ അല്ലെങ്കിൽ മലമൊ ദുർഗ്ഗന്ധമുള്ള മറ്റു സാധനമൊ അല്ലാത്ത വല്ല സാധനവും ആ പാത്രത്തിൽ ഇടുകയൊ ചെയ്യുന്ന യാതൊരാളും ൮൧-ാം വകുപ്പിലെ കല്പനത്തിന്നു അനുസരിച്ച ആവക ഓരൊ കുറ്റത്തിന്നു പത്തു ഉറുപ്പികയിൽ കവിയാത്ത ഒരു പിഴക്കു പാത്രമായി വരികയും ചെയ്യും.

മലം പാത്രത്തിൽവെ ക്കാഞ്ഞാൽ ശിക്ഷ

൮൩. ഒരു പുരയുടെയൊ നിലത്തിന്റെയൊ യാതൊരു കൈവശക്കാരനും ആ പുരയിലൊ അതിന്റെ മെല്പുരയിന്മെലൊ അതൊടു ചെർന്നതൊ അതിന്നുള്ളതൊ ആയ വല്ല പുറമ്പുരയിലൊ മുറ്റത്തൊ ചുട്ടത്ത സ്ഥലത്തിന്മെലൊ കോലായയിന്മെലൊ ആ നിലത്തൊ വല്ല മലമൊ നാറ്റമുള്ള മറ്റു സാധനമൊ ഇരുപത്തിനാലു മണിക്കൂറിൽ അധികം നെരമെങ്കിലും തക്കതായ ഒരു പാത്രത്തിൽ അല്ലാതെ എങ്കിലും വെച്ചാൽ ആ കൈവശക്കാരന ആവക ഓരൊ കുറ്റത്തിന്നു ഇരുപത്തു ഉറുപ്പികയിൽ കവിയാത്ത ഒരു പിഴക്കു പാത്രമായി വരികയും ചെയ്യും.

മലംമറ്റും വെച്ചുപ്പകളു വെച്ചാൽ ശിക്ഷ

എന്നാൽ ഈ വകുപ്പു പ്രകാരം ഒരുവന്റെ മെൽ കുറ്റം സ്ഥാപിക്കുന്ന മാജിസ്ത്രേട്ട ഒരു പിഴ വിധിക്കുന്നതിന്നു പകരം ഒരു കൊല്ലത്തിൽ കവിയാതെ താൻ നിശ്ചയിക്കുന്ന ഒരു കാലത്തൊളം ആതാളു പുരയിൽ നിന്നൊ നിലത്തു നിന്നൊ മലവും ദുർഗ്ഗന്ധമുള്ള മറ്റു സാധനവും നീക്കം ചെയ്തു കൊണ്ടുപൊവാൻ മുനിസിപ്പൽ സഭ ഏർപ്പാടു ചെയ്യണമെന്നും ആ സഭ ആ പ്രവൃത്തി ചെയ്യിക്കുന്നതിന്നു പ്രതിഫലമായി അവൎക്കു മെല്പടിയാൻ ൮൯-ാം വകുപ്പു പ്രകാരം മനസ്സാലെ ഒരു കരാർ അവൻ ചെയ്തിരുന്നാൽ അവനൊടു പിരിക്കാമായിരുന്ന ഫീസ്സു കൊടുക്കണമെന്നും ആജ്ഞാപിക്കുന്നതു ന്യായമായിരിക്കുകയും ചെയ്യും.

കുറ്റക്കാരൻ മുൻസിപ്പാൽ പ്രവൃത്തി കഴിച്ചു കൊള്ളണമെന്നു മാജിസ്ത്രേട്ട ആജ്ഞാപിക്കാം

൮൪. ഒരു പുരയുടെയൊ നിലത്തിന്റെയൊ യാതൊരു കൈവശക്കാരനും വല്ല കുപ്പക്കുഴിയിൽ നിന്നൊ ചാലിൽ നിന്നൊ മാടപ്പുരയിൽ നിന്നൊ ലായത്തിൽ നിന്നൊ ഒലിക്കുന്ന വെള്ളമെങ്കിലും ദുർഗ്ഗന്ധമുള്ള മറ്റു വല്ല നീർപ്പണമെങ്കിലും ആ പുരയിൽ നിന്നൊ നിലത്തു നിന്നൊ ഒരു ചാൽ അല്ലാതെയുള്ള ഒരു വീഥിയുടെ മറ്റു വല്ല ഭാഗത്തെക്കും ഓടുവാൻ ആകട്ടെ ഒരു വീഥിയുടെ ഒരു ഭാഗമായിരിക്കുന്ന ഒരു ചാലിന്റെ അരികിലുള്ള നിലത്തെക്കു ആ വെള്ളമൊ നീർപ്പണമൊ വലിയുന്നതിനാൽ ആവശ്യം ഉണ്ടാകുന്നതായ ഒരു ഉപദ്രവം വരുത്തുന്ന ഒരു പ്രകാരത്തിൽ ആ പുരയിൽ നിന്നൊ നിലത്തു നിന്നൊ ഓടുവാനാകട്ടെ സമ്മതിച്ചാൽ ആ അവൻ ആവക ഓരൊ കുറ്റത്തിന്നു ഇരുപതു ഉറുപ്പികയിൽ കവിയാത്ത ഒരു പിഴക്കു പാത്രമായി വരികയും ചെയ്യും.

ദുർഗ്ഗന്ധമുള്ള നീർപ്പണം പുറത്തൊട്ടുവാൻ സമ്മതിച്ചാൽ ശിക്ഷ

൮൫. മലവും ദുർഗ്ഗന്ധമായ മറ്റു സാധനവും എടുത്തുകൊണ്ടു പൊകുന്നതിൽ വല്ല വണ്ടിയൊ പാത്രമൊ അതിൽ കൊണ്ടുപൊകുന്ന സാധനവും ആ സാധനത്തിൽ നിന്നുള്ള നാറ്റവും പുറത്തു വരാതിരിപ്പാൻ തക്ക ഒരു മൂടി കൂടാതെ ഉപയോഗിക്കുകയാകട്ടെ ആ വല്ല സാധനവും എടുത്തുകൊണ്ടു പൊകുമ്പൊൾ അതു മനഃപൂർവമായൊ ഉപെക്ഷയാലൊ ഇറ്റിക്കുകയാകട്ടെ അല്ലെങ്കിൽ ആ വല്ല സാധനവും ഇറ്റിച്ച എല്ലാ സ്ഥലവും നല്ലവ

മലവും മറ്റും കൊണ്ടുപൊവാൻ മൂടിയില്ലാത്ത വണ്ടി ഉപയോഗിക്കുന്നതിന്നു ശിക്ഷ.

ണ്ണും അടിച്ചു വാരി വെടിപ്പാക്കാതിരിക്കയാകട്ടെ അല്ലെങ്കിൽ മൂടിയതൊ തുറന്നതൊ ആയ ഒ ത പാത്രത്തിലാക്കിയൊ അല്ലാതെയൊ വല്ല മലമൊ ദുൎഗ്ഗന്ധമായ സാധനമൊ പരസ്യമായ വല്ല സ്ഥലത്തും വെക്കുകയെങ്കിലും ഇടുകയെങ്കിലും ആകട്ടെ ചെയ്യുന്ന യാതൊരാളും ഓരൊ കു റ്റത്തിന്നു ൨൦ ഉറുപ്പികയിൽ കവിയാത്ത ഒരു പിഴക്കു പാത്രമായി വരികയും ചെയ്യും.

൨൩൭ വല്ല മണ്ണൊ കുപ്പയൊ വെണ്ണീറൊ ആകട്ടെ തോട്ടത്തിലെയൊ അടുക്കളയിലെയൊ ലായത്തിലെയൊ അടിക്കാട്ടൊ ഉടഞ്ഞ കുപ്പിക്കണ്ടമൊ മൺപാത്രമൊ ചവറൊ മലമൊ ആകട്ടെ വല്ല മുനിസിപ്പൽ ഓത്തിയിലൊ ചാലിലൊ എങ്കിലും അതൊട്ടുകൂടി കൂടുന്ന വല്ല ചാലിലൊ എങ്കിലും ഇടുകയൊ ഇടിയിക്കുകയൊ ചെയ്യുന്ന യാതൊരാളും ഓരൊ കുറ്റത്തിന്നു ൨൦ ഉറുപ്പികയിൽ കവിയാത്ത ഒരു പിഴക്കു പാത്രമായി വരികയും ചെയ്യും.

ഓത്തികളിലൊ ചാലുകളിലൊ കുപ്പയും മറ്റും ഇടുന്നതിന്നു ശിക്ഷ

൨൩൮. പാൽ വെണ്ണ മുതലായ ആഹാരത്തിന്നു വെച്ചിരിക്കുന്നതൊ ഭക്ഷണപദാൎത്ഥമായി ഉപയോഗപ്പെടുത്താകുന്നതൊ ആയ വല്ല മൃഗത്തെയും വിഷസാധനങ്ങളൊ മലിനസാധനമൊ വല്ല തരം ഉച്ഛിഷ്ടമൊ തീറ്റുകയൊ തീറ്റുവാൻ അനുവദിക്കുകയൊ ചെയ്യുന്ന യാതൊരുത്തനും അമ്പതു ഉറുപ്പികയോളം വരാകുന്ന പിഴകൊണ്ടു ശിക്ഷിക്കപ്പെടുകയും ചെയ്യും.

പാൽ വെണ്ണ മുതലായതിന്നു വെച്ചിരിക്കുന്ന മൃഗങ്ങളെ വിഷസാധനങ്ങൾ തീറ്റിച്ചാൽ ശിക്ഷ

൧൩ പലവക.

൨൩൯. (൧) നിവാസികളുടെ ശരീരസൌഖ്യത്തിന്നു അപായമൊ ദോഷമൊ ഉണ്ടാകത്തക്കവണ്ണമെങ്കിലും ഉണ്ടാവാനിടയുള്ളവണ്ണമെങ്കിലും വല്ല പുരയിലും പിടിപ്പതിൽ അധികം ആളുകൾ തിക്കിത്തിരക്കി താമസിക്കുന്നതായിട്ടു മുനിസിപ്പൽ സഭ വിചാരിക്കുമ്പോൾ ഒക്കെയും ആ തിക്കിത്തിരക്കൽ കുറക്കുവാൻ ആ സഭ ഒരു മാജിസ്ത്രേട്ടു മുമ്പാകെ വേണ്ട പ്രവൃത്തികൾ നടത്താവുന്നതും ആ മാജിസ്ത്രേട്ടു അതിന്മേൽ തനിക്കു യുക്തമെന്നു തോന്നുന്ന ഉത്തരവു കൊടുക്കേണ്ടതും ആകുന്നു.

പുരകളിൽ തിരക്കു കുറപ്പാൻ മുനിസിപ്പാൽ സഭ വഴികൾ എടുക്കാം

(൨) ആ ഉത്തരവിന്റെ തീയതിക്കു ശേഷം ആ തിക്കിത്തിരിക്കൽ അനുവദിക്കുന്ന യാതൊരാളും ആ തീയതിക്കു ശേഷം ആ തിക്കിത്തിരിക്കൽ മാറ്റാതെ നിലനിൎത്തുവാൻ അനുവദിച്ചതായി കുറ്റം സ്ഥാപിച്ച യാതൊരു ദിവസത്തിന്നും ൧൦ ഉറുപ്പികയിൽ കവിയാത്ത ഒരു പിഴക്കു പാത്രമായി വരികയും ചെയ്യും.

മാജിസ്ത്രേട്ടിന്റെ ഉത്തരവു ലംഘിച്ചാൽ ശിക്ഷ

൨൪൦. ആരുടെയും സ്വന്തം മുതൽ അല്ലാത്ത എല്ലാ കിണറുകളും കുളങ്ങളും ചിറകളും മുനിസിപ്പൽ സഭ സ്വാധീനമായി വെച്ചു പരിപാലിക്കേണ്ടതും അവ ശുദ്ധികയൊ വെള്ളം തേകി വറ്റിക്കുകയൊ ചെയ്യുന്നതു ആവശ്യമെന്നു തോന്നുമ്പോൾ അങ്ങിനെ ചെയ്യിക്കാകുന്നതും ആകുന്നു. എന്നാൽ ആ വക കിണറൊ കുളമൊ ചിറയൊ പുര മുതലായതു പൊളിഞ്ഞ മണ്ണു, കല്ലു, മുതലായതുകൊണ്ടൊ നിൎമ്മലമായുള്ള മണ്ണുകൊണ്ടൊ ചരൽ കൊണ്ടൊ മണൽ കൊണ്ടൊ അല്ലാതെ മറ്റൊന്നുകൊണ്ടും തൂൎക്കുന്നതും അല്ല.

ചില കിണറുകളും മറ്റും മുനിസിപ്പാൽ സഭ സ്വാധീനതയിൽ വെച്ചു പരിപാലിക്കേണം.

ക്ലിപ്തം: എന്നാൽ നിൎമ്മലമായുള്ള മണ്ണുകൊണ്ടൊ ചരൽകൊണ്ടൊ മണൽ കൊണ്ടൊ അല്ലാതെ വല്ല കിണറുകളും തൂൎക്കുന്നതു ന്യായമായിരിക്കുന്നതും അല്ല.

൨൪൧. (൧) വല്ല കുളമൊ കിണറൊ പരിശോധിച്ചതിന്റെ ശേഷം ആയതു അപായമായിയൊ വെഹുജനങ്ങളുടെ ദേഹസൌഖ്യത്തിന്നു ദുഷ്ടമായി വരുവാനിടയുള്ളതെന്നു കാണുന്നപക്ഷം ആയതു തോണ്ടിച്ചു വെടിപ്പാക്കുവാനൊ അതിന്നു അടപ്പിട്ടു കെട്ടിക്കാനൊ അല്ലെ കെട്ടിയടക്കാനൊ തൂൎക്കാനൊ മുനിസിപ്പൽ സഭ അതിന്റെ ഉടമസ്ഥനോടു അറിയിപ്പു മൂലം ആവശ്യപ്പെടുകയും ചെയ്യാം.

കുളങ്ങളും കിണറുകളും തോണ്ടിക്കുകയൊ മറ്റും ചെയ്യാം.

(൨) അല്ലെങ്കിൽ, വല്ല നിലത്തൊ വളപ്പിലൊ അതൊട്ടുചെന്ന വല്ല കുളത്തിലൊ കിണറ്റിലൊ കെട്ടിനില്ക്കുന്ന വല്ല ജലവും ദേഹസൌഖ്യത്തിന്നു ദുഷ്ടമായുള്ളതൊ സമീപവാസികൾക്കു അസഹ്യതയായുള്ളതൊ എന്നു സഭക്കു തോന്നുന്നപക്ഷം ആ നിലത്തിൽനിന്നൊ വളപ്പിൽനിന്നൊ കുളത്തിൽനിന്നൊ കിണറ്റിൽനിന്നൊ ആ ജലം വിട്ടുവാറുവാൻ വേണ്ട പ്രകാരം ഏൎപ്പാടു ചെയ്യുവാൻ നിലത്തിന്റെയൊ വളപ്പിന്റെയൊ ഉടമസ്ഥനോടൊ കൈവശക്കാരനോടൊ ആ സഭ അറിയിപ്പുമൂലം ആവശ്യപ്പെടുകയും ചെയ്യാം.

കെട്ടിനില്ക്കുന്ന ജലം വിട്ടുവാറൽ

(൩) അങ്ങിനെ തോണ്ടി വാടിപ്പാക്കുകയും തുക്കുകയും കെട്ടുകയും അൾമറകെട്ടുകയും വെള്ളം വിട്ടുവാറ്റുകയും ചെയ്യുന്നതൊ അല്ലെങ്കിൽ ആ പണികളിൽ ഓരോന്നു ചെയ്യുന്നതൊ ഇന്നവിധത്തിൽ വേണം എന്നും അതിന്റെ ഇന്നഭാഗങ്ങൾ ഇന്ന അവധികളിൽ ചെയ്യണം എന്നും ആ അറിയിപ്പിൽ കാണിക്കുകയും ആവാം.

പണിചെയ്യേണ്ടും പ്രകാരം അറിയിപ്പിൽ കാണിക്കണം.

൨൯൪. (൧) മുനിസിപ്പാലിട്ടിയുടെ അതിരുകൾക്കുള്ളിൽ വല്ലെടത്തും ഏതെങ്കിലും തരം വിളകൃഷി ചെയ്യുന്നതൊ ഏതെങ്കിലും മാതിരി വളം ഉപയോഗിക്കുന്നതൊ ഇന്ന വല്ല വിധത്തിലും നിലത്തു വെള്ളം വിട്ടു നനക്കുന്നതൊ ജനങ്ങളുടെ ദേഹസൌഖ്യത്തിന്നു ദൂഷ്യമായുള്ളതാണെന്നു സാനിട്ടെറി കമ്മിഷണർ റിപ്പോർട്ടുചെയ്യുമ്പോൾ ആ ദൂഷ്യമായുള്ളതാണെന്നു അപ്രകാരം റിപ്പോർട്ടുചെയ്യപ്പെട്ട വിള കൃഷി ചെയ്യുന്നതൊ വളം ഉപയോഗിക്കുന്നതൊ വെള്ളം വിട്ടു നനക്കുന്നതൊ മുനിസിപ്പൽസഭ നമ്മുടെ ഗവർന്മെന്റിന്റെ മുൻകൂട്ടി അനുവാദം വാങ്ങിക്കൊണ്ടു പരസ്യമൂലം വിലക്കുകയൊ അല്ലെങ്കിൽ അതിന്നു ആ ദോഷനിവാരണമായ കല്പന നിശ്ചയങ്ങൾ ആജ്ഞാപിച്ചു അതു ക്രമപ്പെടുത്തുകയൊ ചെയ്യാം.

മുനിസിപ്പൽ അതിരുകൾക്കുള്ളിൽ കൃഷി ചെയ്യുന്നതു സഭ ചില സംഗതികളിൽ വിരോധിക്കാം.

(൨) ആ പരസ്യം സംബന്ധിക്കുന്ന വല്ല നിലത്തും ആ പരസ്യത്തിന്നു മുമ്പത്തെ അഞ്ചു വർഷകാലത്തു സാധാരണ കൃഷിമുറയാൽ ചാടപ്പെടാതെ ഇടവിടാതെ ആ തരം വിള കൃഷിചെയ്യുകയൊ ആ മാതിരി വളം ഉപയോഗിക്കുകയൊ ആ വിധത്തിൽ വെള്ളംവിട്ടു നനച്ചുവരികയൊ ചെയ്തിരിക്കുമ്പോൾ ആ നിലത്തു അവകാശമുള്ള എല്ലാവരേയും മേൽപ്രകാരം വിലക്കുകയൊ ക്രമപ്പെടുത്തുകയൊ ചെയ്യുന്നതിനാൽ അവർക്കു നേരിട്ട വല്ല നഷ്ടത്തിന്നും മുനിസിപ്പൽദ്രവ്യത്തിൽ നിന്നു പ്രതിഫലം കൊടുക്കുകയും വേണം.

ചില സംഗതികളിൽ പ്രതിഫലം കൊടുക്കണം.

൨൯൫. തന്റെ പണി നടത്തുന്നതിൽ ഒരു ഗവർന്മെന്റു ഉദ്യോഗസ്ഥനല്ലാതെയൊ അദ്ധ്യാസനനൊടെങ്കിലും അനുവാദപത്രം നല്കുവാൻ അധികാരമുള്ള വല്ല ഗവർന്മെണ്ടുദ്യോഗസ്ഥനൊടെങ്കിലും ഒരു അനുവാദപത്രം സമ്പാദിക്കാതെയൊ യാതൊരാളും മുനിസിപ്പാലിട്ടികളിൽ (അവരുടെയും സ്വന്തം മുതലല്ലാത്ത) വല്ല നിലത്തൊ നദിയിലൊ അഴിമുഖത്തൊ തോട്ടിലൊ കായലിലൊ നീർവഴിയിലൊ നിന്നു മണ്ണൊ മണലൊ മറ്റു വസ്തുവൊ എടുത്തുകൊണ്ടുപോകയാകട്ടെ ആ സ്ഥലങ്ങളിൽ വല്ലതിലും വല്ല സാധനവും ഇടുകയൊ അല്ലെങ്കിൽ വല്ല ആക്രമമൊ തടസ്ഥമൊ ചെയ്കയൊ അങ്ങിനെ ചെയ്താൽ ആയാൾ ആവക ഓരോ കുറ്റത്തിന്നു ൨൦ ഉറുപ്പികയിൽ കവിയാത്ത ഒരു പിഴക്കു പാത്രമായി വരികയും ചെയ്യും.

പൊതുവായുള്ള നദിയിലും മറ്റും നിന്നു മണ്ണും മറ്റും എടുത്തുകൊണ്ടുപോകുന്ന ആൾ ശിക്ഷക്കുൾപ്പെടും.

൨൯൬. (൧) ഇന്നിന്ന അതിരുകൾക്കുള്ളിൽ ഉഴന്നു നടക്കുന്നതായി കാണുന്ന പന്നികളെയും നായ്ക്കളെയും കൊല്ലും എന്നും മുനിസിപ്പൽസഭ അതാതു സമയം തക്കടിച്ചു അറിയിക്കാവുന്നതും ഡിസ്ത്രിക്ടു മജിസ്ത്രേട്ടു അങ്ങിനെ ആജ്ഞാപിച്ചാൽ അറിയിക്കേണ്ടതും ആകുന്നു.

ഉഴന്നു നടക്കുന്ന പന്നികളും നായ്ക്കളും.

(൨) അങ്ങിനെ അറിയിച്ചതിന്റെശേഷം ആ അതിരുകൾക്കുള്ളിൽ ഉഴന്നു നടക്കുന്നതായി കാണുന്ന പന്നികളെയും നായ്ക്കളെയും വല്ലവരും ഡിസ്ത്രിക്ടു മജിസ്ത്രേട്ടു അതാതുസമയം ആജ്ഞാപിക്കുംപ്രകാരം കൊല്ലുകയും ചെയ്യാം.

കൊല്ലാം.

൨൯൭. ജനോപദ്രവമാകുംവണ്ണം വല്ല മുനിസിപ്പാലിട്ടിയിലും പന്നികളെവെച്ചുകൊണ്ടിരിക്കുന്ന യാതൊരുത്തനും ൫൦ ഉറുപ്പികയിൽ കവിയാത്ത ഒരു പിഴക്കു പാത്രമായിവരികയും ചെയ്യും.

ജനോപദ്രവമാകുംവണ്ണം പന്നികളെ വെച്ചുകൊണ്ടിരുന്നാൽ ശിക്ഷ.

൩൪. പകരുന്ന വ്യാധി വിരോധികൾ.

൨൯൮. (൧) അപായം വരത്തക്കവണ്ണം പകരുന്നതായ വല്ല ദീനവും ഉണ്ടെന്നു [illegible] യുണ്ടെന്നൊ ശങ്കിക്കപ്പെടുന്നതൊ വല്ല പുരയിലൊ [illegible] ആ പുര [illegible] പരിശോധിപ്പാൻ മെഡിക്കൽ അദ്ധ്യാസനനൊ ആയാൾ ഇതിന്നായി ക്രമപ്രകാരം എഴുത്തുമൂലം നിശ്ചയിക്കുന്ന വല്ല ഉദ്യോഗസ്ഥനൊ [illegible] അറിയിപ്പു കൊടുത്തതിന്റെ ശേഷം വല്ല സമയത്തും കടന്നു ചെല്ലുകയും ആവാം.

വ്യാധി പരക്കുന്നതു വിരോധിപ്പാൻ ഭവനങ്ങൾ കടന്നു നോക്കാൻ അധികാരം.

(൨) സൂൎയ്യോദയം മുതൽ സൂൎയ്യാസ്തമനത്തിന്നുള്ളിൽ അല്ലാതെ ആവക യാതൊരു പരിശോധനയും കഴിക്കുകയും അരുതു.

വീടുകളിലും മറ്റും പകൎച്ച നിവാരണം ചെയ്യൽ

(൩) ഒരു പുരയൊ വളപ്പൊ അതിന്റെ ഒരു ഭാഗമൊ ആകട്ടെ അല്ലെങ്കിൽ അതിൽ പകൎച്ച വിഷം വിടാതിരിപ്പാനിടയുള്ള വല്ല സാമാനങ്ങൾ ആകട്ടെ തെച്ചു കഴുകി വെടിപ്പാക്കുകയും പകൎച്ച നിവാരണ ശുദ്ധി വരുത്തുകയും ചെയ്യുന്നതു അപായം വരുത്തുന്ന പകരുന്ന വല്ല വ്യാധിയും പരക്കുന്നതു തടുക്കാനൊ നിൎത്തുവാനൊ ഉതകുമെന്നു അഗ്രാസനന്നു അഭിപ്രായമാകുന്നു എങ്കിൽ ഇന്ന ഒരു അവധിക്കുള്ളിൽ ആയതു തെച്ചുകഴുകി വെടിപ്പാക്കുവാനൊ പകൎച്ച പരിഹാര ശുദ്ധി വരുത്തുവാനൊ അതിന്റെ കൈവശക്കാരനൊടു അയാൾക്ക അറിയിപ്പുമൂലം ആവശ്യപ്പെടുകയും ചെയ്യാം.

എന്നാൽ അഗ്രാസനന്നു ഉടനെ പ്രവൎത്തിക്കേണ്ടതു ആവശ്യം എന്നൊ താൻ ആവശ്യപ്പെട്ടതു സഫലമാകുംവണ്ണം നടത്തുവാൻ ആ കൈവശക്കാരൻ ദാരിദ്ര്യം കൊണ്ടൊ മറ്റൊ അപ്രാപ്തനാണെന്നൊ തോന്നിയാൽ മെല്പടി അഗ്രാസനൻ താൻതന്നെ ആ പുരയൊ വളപ്പൊ സാമാനങ്ങളൊ തെച്ചുകഴുകിച്ചു വെടിപ്പാക്കിക്കുകയും പകൎച്ചപരിഹാരശുദ്ധി വരുത്തുകയും ഈ ആവശ്യത്തിന്നായി ആവക സാമാനങ്ങൾ ആവക പുരയിൽ നിന്നൊ വളപ്പിൽ നിന്നൊ നീക്കം ചെയ്യിക്കുകയും ആവാം. ഈ ഉപവകുപ്പു പ്രകാരം അഗ്രാസനൻ ചെയ്ത ചിലവു മേൽപ്രകാരം ആവശ്യപ്പെട്ടതു സഫലമായി നടത്തുവാൻ മെല്പടി കൈവശക്കാരൻ അപ്രാപ്തനല്ലായിരുന്നു എന്നു കാണപ്പെടുന്ന പക്ഷം അവനൊടു വസൂലാക്കേണ്ടതും ആകുന്നു.

പകൎച്ച വിഷം തട്ടിയ വസ്തു വില്ക്കുന്നതിനും മറ്റും ശിക്ഷ

൨൯൮ അപായം വരുത്തത്തക്കവണ്ണം പകരുന്ന ദീനത്തിന്റെ പകൎച്ച വിഷം തട്ടുവാൻ ഇടയുള്ള പ്രകാരം വെച്ചിരുന്നതാണെന്നു തനിക്കു അറിവുള്ളതൊ വിശ്വസിക്കാൻ കാരണമുള്ളതൊ ആയ വല്ല വസ്തുവും മുൻകൂട്ടി ആയതു പകൎച്ച പരിഹാര ശുദ്ധി വരുത്താതെ കൊടുക്കുകയൊ വായ്പ കൊടുക്കുകയൊ വില്ക്കുകയൊ അടകുവെക്കുകയൊ വേറെ പ്രകാരത്തിൽ കൊടുത്തുകളകയൊ ചെയ്യുന്ന യാതൊരുത്തനും അമ്പതു ഉറുപ്പികയിൽ കവിയാത്ത ഒരു പിഴക്കുപാത്രമായി വരികയും ചെയ്യും.

എന്നാൽ ഈ വകുപ്പിൽ പറഞ്ഞ യാതൊന്നും വല്ല വസ്തുവും പകൎച്ച പരിഹാര ശുദ്ധി വരുത്തുവാൻ വേണ്ടി ആയതു തക്കതായ മുൻകരുതലൊടുകൂടി അയക്കുന്ന ഒരുത്തന്നു സംബന്ധിക്കുന്നതായി വിചാരിക്കേണ്ടതും അല്ല.

വസ്ത്രം മുതലായതു തെച്ചുവാനുള്ള സ്ഥലങ്ങൾ

൨൯൯. (൧) അപായം ഉള്ള വല്ല പകരുന്ന വ്യാധിയിലും നിന്നു വിഷം കയറുവാൻ ഇടയാകത്തക്കവണ്ണം വെച്ചിരുന്ന വസ്ത്രങ്ങളും കിടക്കകളും മറ്റു സാമാനങ്ങളും തെച്ചുകഴുകാവുന്നതൊ പകൎച്ചപരിഹാരശുദ്ധി വരുത്താവുന്നതൊ ആയ സ്ഥലങ്ങൾ ഇന്നിന്നവയാണെന്നു അഗ്രാസനൻ അതാതു സമയം അറിയിക്കേണം.

പകൎച്ചവിഷമുള്ള സാമാനങ്ങൾ നശിപ്പിക്കാം

(൨) അഗ്രാസനൻ ആ വക പകൎച്ചവിഷം വിടാതിരിക്കാനിടയുള്ള കിടക്കകളും വസ്ത്രങ്ങളും മറ്റു സാമാനങ്ങളും നശിപ്പിച്ചുകളവാൻ ആജ്ഞാപിക്കാവുന്നതും നശിപ്പിച്ചുകളഞ്ഞ സാധനങ്ങൾക്കു ചൊദിച്ചാൽ പ്രതിഫലം കൊടുക്കേണ്ടതും ആകുന്നു.

ശിക്ഷ.

(൩) ആ വക വസ്ത്രമൊ കിടക്കയൊ മറ്റു സാമാനങ്ങളൊ ഈ വകുപ്പിലെ (൧)ാം ഉപവകുപ്പുപ്രകാരം അതിന്നായി നീക്കിവെച്ചിരിക്കുന്നതല്ലാത്ത വല്ല സ്ഥലത്തും തെച്ചുകഴുകുന്ന യാതൊരാളും ഇരു ഉറുപ്പികയിൽ കവിയാത്ത ഒരു പിഴക്കു പാത്രമായി വരികയും ചെയ്യും.

അശുചിയായുള്ള കിണറുകളും കുളങ്ങളും ഉപയോഗപ്പെടുത്തുന്നതു സഭ വിരോധിക്കാം

൩൦൦ മുനിസിപ്പാലിറ്റിയുടെ അതിൎത്തികൾക്കുള്ളിൽ ഉള്ള വല്ല കിണററിലെയൊ കുളത്തിലെയൊ മറ്റു സ്ഥലത്തെയൊ ജലം കുടിക്കാൻ ഉപയോഗിച്ചാൽ അതുകൊണ്ടു അപായം വരുത്തത്തക്ക വല്ല ദീനവും ഉണ്ടാകുവാനൊ പരക്കുവാനൊ ഇടയാകുമെന്നു ഡിസ്ത്രിക്ടിലെ പ്രധാന വൈദ്യ ഉദ്യോഗസ്ഥൻ സാക്ഷീകരിച്ചാൽ ആ വെള്ളം ഉത്തരവിൽ പറയുന്ന കാലത്തു കുടിക്കാനൊ ഗൃഹകൃത്യങ്ങൾക്കൊ എടുത്തുകൊണ്ടുപോകയാകട്ടെ ഉപയോഗിക്കുകയാകട്ടെ ചെയ്യുന്നതു മുനിസിപ്പൽ സഭ പരസ്യമായ അറിയിപ്പുമൂലം വിലക്കുകയും ചെയ്യാം.

൨൬. അപായം ഉള്ള വല്ല പകരുന്ന വ്യാധിയും പിടിച്ച ആളുകളെ ചെക്കാൻ വല്ല മുനിസിപ്പാലിട്ടിയുടെയും അതിരുകൾക്കള്ളിൽ ഒരു വൈദ്യശാലയൊ സ്ഥലമൊ ഉണ്ടാക്കിവച്ചിരിക്കുമ്പൊൾ ആ വക ഒരു ദീനക്കാരനായിരിക്കയും സാക്ഷ്യലിഖിതം ഉള്ള ഒരു ചികിത്സകന്റെ അഭിപ്രായത്തിൽ തക്കതായ പാപ്പിടമൊ വാസസ്ഥലമൊ ഇല്ലാതിരിക്കകയൊ കൂട്ട അല്ലെങ്കിൽ ഒന്നിൽ അധികം കുടുംബങ്ങൾ ഉപയോഗിക്കുന്ന ഒരു മുറിയിൽ പാൎക്കുക ആകട്ടെ ചെയ്കയും ചെയ്യുന്ന വല്ല ആളെയും ആ ചികിത്സകൻ ഒപ്പിട്ട ഒരു സാക്ഷ്യലിഖിതത്തിന്മെൽ ആ വൈദ്യശാലയിലെക്കൊ സ്ഥലത്തെക്കൊ കൊണ്ടുപൊകാൻ അഗ്രാസനൻ ഏൎപ്പാടചെയ്കയൊ ആജ്ഞാപിക്കയൊ ആം.

ദീനക്കാരെ വൈദ്യശാലയിലെക്കു കൊണ്ടുപൊകാൻ അഗ്രാസനൻ ആജ്ഞാപിക്കാം.

൨൭. അപായം വരുത്തുക പകരുന്ന വല്ല വ്യാധിയും ഉണ്ടായിരിക്കെ ആ രൊഗം പകരാതിരിക്കാൻ തക്കതായ മുൻകരുതൽ ചെയ്യാതെ പൊതുവായുള്ള ഒരു വണ്ടിയിൽ തന്നെ കയററിക്കൊണ്ടു പൊയിരിക്കുന്ന യാതൊരു ആളും അങ്ങനെകൊണ്ടുപൊകപ്പെടുന്ന രൊഗിയെ നൊക്കി രക്ഷിക്കുകയും അവനൊടുകൂടി പൊകുകയും ചെയ്യുന്ന വല്ല ആളും,

ദീനം ഉള്ളപ്പൊൾ പൊതുവായുള്ള വണ്ടിയിൽ പൊയാൽ ശിക്ഷ.

അപായം വരുത്തുക വല്ല വ്യാധിയും തനിക്കു ഉണ്ടെന്ന അറിഞ്ഞിരിക്കെ ആ ദീനം ഉണ്ടെന്നുള്ള വിവരം പൊതുവായുള്ള ഒരു വണ്ടിയുടെ ഉടമസ്ഥനെയൊ അതു ഓട്ടുന്നവനെയൊ മുൻകൂട്ടി അറിയിക്കാതെ ആ വണ്ടിയിൽ കയറുന്ന യാതൊരു ആളും,

അമ്പതു രൂപായിൽ കവിയാത്ത ഒരു പിഴക്കു പുറമെ ആ വണ്ടി പകച്ചപരിഹാരശുദ്ധിവരുത്തുവാൻ ആ ഉടമസ്ഥന്നൊ ഓട്ടുന്നവന്നൊ നെരിടുന്ന നഷ്ടവും ചെലവുകളും വകയാക്കുവാൻ മാജിസ്ത്രെട്ടിന്നു മതി എന്നു തൊന്നുന്ന ഒരു അധിക പിഴക്കും കൂടി പാത്രമായി വരികയും ചെയ്യും.

മെൽപ്രകാരം വിധിക്കുന്ന വല്ല അധികപ്പിഴയും മാജിസ്ത്രെട്ടു ആ വണ്ടിയുടെ ഉടമസ്ഥന്നൊ അതു ഓട്ടുന്നവന്നൊ കൊടുക്കെണ്ടതും ആകുന്നു. എന്നാൽ ആ പിഴ വിധിച്ചിരിക്കുന്നതു അപ്പീൽ ചെയ്യാവുന്ന ഒരു കാൎയ്യത്തിൽ ആണെങ്കിൽ അപ്പീൽ ചെയ്യാനുള്ള അവധി കഴിയുംമുമ്പെയൊ അപ്പീൽ ബൊധിപ്പിച്ചിരിക്കുന്നപക്ഷം അപ്പീൽ തീൎപ്പിന്നു മുമ്പെയൊ ആ പിഴ അപ്രകാരം കൊടുത്തുപൊകയും അരുതു.

അതെ കാൎയ്യത്തെ സംബന്ധിച്ചു അനന്തരം ബൊധിപ്പിച്ച വല്ല സിവിൽ വ്യവഹാരത്തിലും പ്രതിഫലം വിധിക്കുമ്പൊൾ കൊടുത്തതും വകുപ്പുപ്രകാരം അന്യായക്കാരന്നു കിട്ടിയ വല്ല സംഖ്യയും ആലൊചിക്കുകയും വെണം.

൨൮. പൊതുവായുള്ള വണ്ടികൾക്കു സംബന്ധിക്കുന്നതായി അപ്പൊഴപ്പൊൾ നടപ്പുള്ള വല്ല റെഗുലെഷനിലും വിപരീതമായി എന്തുതന്നെ ഉണ്ടായിരുന്നാലും മെല്പറഞ്ഞ നഷ്ടവും ചെലവുകളും വകയാക്കുവാൻ മതിയായുള്ള ഒരു സംഖ്യ കൊടുക്കുകയൊ കൊടുക്കാൻ കാണിക്കുകയൊ ചെയ്യാതെ പൊതുവായുള്ള ഒരു വണ്ടിയുടെ ഉടമസ്ഥനൊടൊ അതു ഓട്ടുന്നവനൊടൊ മെൽപ്രകാരം ദീനം ഉള്ള വല്ല ആളെയും കയററിക്കൊണ്ടു പൊകുവാൻ ആവശ്യപ്പെട്ടുകൂടുന്നതും അല്ല.

ദീനം ഉള്ളവനെ കയററിക്കൊണ്ടു പൊവാൻ പൊതുവായുള്ള വണ്ടിയുടെ ഉടമസ്ഥനും മററും ബാധ്യസ്ഥരല്ലെന്നു

൨൯. വല്ലവനും അപായകരമായ പകരുന്ന ദീനം പിടിച്ചു കിടന്നിരുന്ന ഒരു വീടൊ മററു പുരയൊ ഒരു വീട്ടിന്റെയൊ മററു പുരയുടെയൊ ഭാഗമൊ അഗ്രാസനന്നു തൃപ്തിയാകുംവണ്ണം ആ വീടൊ മററു പുരയൊ അതിന്റെ ഭാഗമൊ പകച്ചവിഷം പിടിച്ചിരിപ്പാനിടയുള്ളതായി അതിലുള്ള എല്ലാ സാമാനങ്ങൾ സഹിതം പകച്ചപരിഹാരശുദ്ധി വരുത്താതെ അറിഞ്ഞുംകൊണ്ടു കൂലിക്കു വിടുന്ന യാതൊരുത്തനും ഇരുനൂറു രൂപായിൽ കവിയാത്ത ഒരു പിഴെക്കു പാത്രമായി വരികയും ചെയ്യും.

പകച്ചവിഷമുള്ള വീടു കൂലിക്കുവിട്ടാൽ ശിക്ഷ

ഈ വകുപ്പിന്റെ ആവശ്യത്തിന്നായി ഒരു ഹൊട്ടെൽക്കാരനൊ വിടുതിപ്പുരക്കാരനൊ തന്റെ ഹൊട്ടെലിലെക്കൊ വിടുതിപ്പുരയിലെക്കൊ ഒരു വിരുന്നുകാരനായി ചെൎക്കപ്പെട്ട വല്ല ആൾക്കും തന്റെ വീട്ടിന്റെ ഒരു ഭാഗം കൂലിക്കു വിട്ടതായി വിചാരിക്കപ്പെടുകയും ചെയ്യും

(ബി) ശവം മറചെയ്യലൊ ദഹിപ്പിക്കലൊ.

മുനിസിപ്പൽസഭ മറ സ്ഥലങ്ങളും ചുടുകാടുകളും നിശ്ചയിക്കണം

൨൫൩. (൧) മുനിസിപ്പൽസഭ ശവങ്ങൾ മറചെയ്യാനും ദഹിപ്പിക്കാനും വെണ്ടി മുനിസിപ്പാലിട്ടിയുടെ അകത്തൊ പുറത്തൊ, ഉപയുക്തമായും തക്കതായും വെണ്ടടത്തൊളം സ്ഥലങ്ങൾ ഉണ്ടാക്കിവെയ്ക്കണം.

മുനിസിപ്പാലിട്ടിയുടെ പുറത്തുള്ള മറസ്ഥലങ്ങളും മറ്റും ഈ റെഗുലെഷനും പ്രത്യേക ചട്ടങ്ങൾക്കും കീഴ്പ്പെടും

(൨) മുനിസിപ്പൽസഭ ആ വക വല്ല സ്ഥലവും മുനിസിപ്പാലിട്ടിയുടെ പുറത്തുണ്ടാക്കിയിരിക്കുമ്പൊൾ ഒക്കെയും മുനിസിപ്പാലിട്ടിയുടെ അകത്തുള്ള ആ വക സ്ഥലങ്ങളുടെ കൈകാൎയ്യത്തിന്നായി ഈ റെഗുലെഷനിലുള്ള എല്ലാ നിബന്ധനകളും ഈ റെഗുലെഷൻപ്രകാരം ഉണ്ടാക്കിയ എല്ലാ പ്രത്യേക ചട്ടങ്ങളും അതിന്നും സംബന്ധിക്കുകയും ചെയ്യും.

മറസ്ഥലങ്ങളും ചുടുകാടും രജിസ്റ്റർ ചെയ്യണം

൨൫൪. (൧) ഈ റെഗുലെഷൻ നടപ്പായിവരുന്ന തിയ്യതിക്കു ശവം മറചെയ്യുന്നതൊ ദഹിപ്പിക്കുന്നതൊ ആയി ഉപയൊഗിക്കുന്ന വല്ല സ്ഥലത്തിന്റെയും എല്ലാ ഉടമസ്ഥനൊ അതിന്മെൽ അധികാരമുള്ള ആളൊ, ആ സ്ഥലം മുമ്പെതന്നെ രജിസ്റ്റർ ചെയ്തിട്ടില്ലാത്തപക്ഷം, ആയതു രജിസ്റ്റർചെയ്തു കിട്ടുവാൻ മുനിസിപ്പാൽ സഭയൊടു അപെക്ഷിക്കുകയും വെണം.

ഉടമസ്ഥനില്ലാത്തപക്ഷം മുനിസിപ്പൽസഭ രജിസ്റ്റർചെയ്കയൊ അടക്കുകയൊ ചെയ്യാം

(൨) ആ വക വല്ല സ്ഥലത്തിന്റെയും ഉടമസ്ഥനായൊ അതിന്മെൽ അധികാരമുള്ളവനായൊ യാതൊരാളും ഇല്ലെന്നു മുനിസിപ്പാൽ സഭക്കു കാണുന്നപക്ഷം ആ സഭ അതിന്റെ അധികാരം ഏല്ക്കുകയും ആയതു രജിസ്റ്റർചെയ്യാൻ ആജ്ഞാപിക്കുകയും ചെയ്യെണ്ടതും അല്ലെങ്കിൽ ഒരു സഭ കൂടുന്നതിങ്കൽ വച്ചു നമ്മുടെ ഗവൎമ്മെന്റിന്റെ അനുവാദത്തൊടുകൂടി അതു അടപ്പിക്കാവുന്നതും ആകുന്നു.

അനുവാദപത്രം കൂടാതെ യാതൊരു മറസ്ഥലവും ചുടുകാടും ഉണ്ടാക്കരുതു

൨൫൫. ഈ റെഗുലെഷൻ നടപ്പായി വന്നതിന്റെശെഷം ശവം മറചെയ്യാനൊ ദഹിപ്പിക്കാനൊ പൊതുവായിട്ടാകട്ടെ സ്വന്തമായിട്ടാകട്ടെ യാതൊരു പുതിയ സ്ഥലവും മുനിസിപ്പൽസഭ ഒരു സഭ കൂടുന്നതിൽവെച്ചു ഒരു അനുവാദപത്രം കൊടുത്താൽ അല്ലാതെ ഉണ്ടാക്കുകയും ഉപയൊഗിക്കുകയൊ ചെയ്തുകൂടുന്നതും അല്ല.

രജിസ്റ്റർചെയ്ത സ്ഥലങ്ങളുടെ ഒരു പുസ്തകം വെക്കണം

൨൫൬. ൨൫൪ ാം വകുപ്പുപ്രകാരം രജിസ്റ്റർ ചെയ്കയൊ ഇതിന്നുടനെ മുമ്പെത്തെ വകുപ്പുപ്രകാരം അനുവാദപത്രം കൊടുക്കുകയൊ ചെയ്ത സ്ഥലങ്ങളുടെ വിവരം എഴുതുവാനുള്ള ഒരു പുസ്തകം മുനിസിപ്പൽ കച്ചെരിയിൽ വെക്കുകയും വെണം.

വകുപ്പു ലംഘനത്തിനു ശിക്ഷ

൨൫൭. രജിസ്റ്റർ ചെയ്യാത്തതൊ അനുവാദപത്രം ഇല്ലാത്തതൊ ആ പൊതുവായൊ സ്വന്തമായൊ ഉള്ള വല്ല കല്ലറയിലൊ ശവക്കുഴിയിലൊ ആകട്ടെ മറ ചെയ്യാനൊ ദഹിപ്പിക്കാനൊ ഉള്ള സ്ഥലത്തൊ മറ്റൊ ആകട്ടെ വല്ല മുനിസിപ്പാലിട്ടിയിലെയും യാതൊരാളും വല്ല ശവവും മറചെയ്കയൊ ദഹിപ്പിക്കുകയൊ ആകട്ടെ അങ്ങിനെ ചെയ്യിക്കുകയൊ ചെയ്യാൻ അനുവദിക്കുകയൊ ആകട്ടെ ചെയ്താൽ അയാൾ ൧൦൦ രൂപായിൽ കവിയാത്ത ഒരു പിഴക്കു പാത്രമായി വരികയും ചെയ്യും.

മുനിസിപ്പൽസഭക്കു ശവം മറചെയ്യുന്നതിന്റെയും മറ്റും അറിയിപ്പു കൊടുക്കണം

൨൫൮. ശവം മറചെയ്കയൊ ദഹിപ്പിക്കുകയൊ ചെയ്യുന്ന ഒരു സ്ഥലത്തിന്റെ അധികാരമുള്ള ആൾ ആ സ്ഥലത്തു ചെയ്യുന്ന എല്ലാ ശവമടക്കലും ദഹിപ്പിക്കലും മുനിസിപ്പൽസഭ അതിലെക്കായി നിശ്ചയിക്കുന്ന വല്ല ആൾക്കും അറിയിക്കുകയും വെണം.

൨൫൯. (൧) ശവം മറചെയ്യാനൊ ദഹിപ്പിക്കാനൊ ആയി രജിസ്റ്റർ ചെയ്യുകയാകട്ടെ അനുവാദപത്രം കൊടുക്കുകയാകട്ടെ ചെയ്തിരിക്കുന്ന വല്ല സ്ഥലവും അതിന്റെ സമീപസ്ഥന്മാരുടെ ദേഹസൌഖ്യത്തിന്നു അപായമുള്ളതൊ അപായമായി വരുവാനിടയുള്ളതൊ സ്ഥിതിയിലൊ അല്ലെങ്കിൽ ആ വക വല്ല സ്ഥലവും പാട്ടുള്ളതിൽ അധികം ശവക്കുഴിയാൽ നിറഞ്ഞിരിക്കുന്ന സ്ഥിതിയിലൊ ആണെന്നും,

മറചെയ്യുകയൊ ദഹിപ്പിക്കുകയൊ ചെയ്യുന്ന സ്ഥലങ്ങൾ ദേഹസൌഖ്യത്തിന്നു അപായമുള്ളതായിരിക്കുകയും

ശവം മറചെയ്യാനൊ ദഹിപ്പിക്കാനൊ പൊതുവായുള്ള ഒരു സ്ഥലത്തിന്റെ സംഗതിയിൽ ആ വക സ്ഥലം പതിവായി ഉപയോഗിക്കുന്ന ആളുകൾക്കു വെണ്ടി കാൎയ്യത്തിന്റെ അവസ്ഥപോലെ ശവം മറചെയ്യാനൊ ദഹിപ്പിക്കാനൊ ക്രമപ്രകാരം അധികാരപ്പെടുത്തിയ ഉപയുക്തമായ മറെറാരു സ്ഥലം ഉണ്ടാക്കി വെച്ചിട്ടുണ്ടെന്നും,

ഉപയുക്തമായ മറെറാരു സ്ഥലം ഉണ്ടാക്കിയിരിക്കുകയും ചെയ്തിരിക്കുമ്പോൾ

മുനിസിപ്പൽസഭക്കു ബോദ്ധ്യമായാൽ രണ്ടു മാസത്തിൽ കുറയാതെ ആ സഭ നിശ്ചയിക്കുന്ന ഒരു അവധിയുടെശെഷം യാതൊരു ശവവും മെൽ ഒന്നാമതു പറഞ്ഞ ശവമടക്കസ്ഥലത്തൊ ശവദാഹസ്ഥലത്തൊ മറചെയ്യുകയൊ ദഹിപ്പിക്കുകയൊ ചെയ്യുന്നതു ന്യായമായിരിക്കയില്ലെന്നു ആ സഭ നമ്മുടെ ഗവൎമ്മെണ്ടിന്റെ മുമ്പായ അനുവാദത്തോടുകൂടി ഒരു അറിയിപ്പു അയക്കുകയും ചെയ്യാം.

മറചെയ്യുകയും ദഹിപ്പിക്കുകയും ചെയ്യാതിരിപ്പാൻ അറിയിപ്പു

(൨) ആ വക എല്ലാ അറിയിപ്പും ഗവൎമ്മെന്റു ഗസെററിലും മുനിസിപ്പാലിട്ടിയിൽ തമുക്കടിപ്പിച്ചും പ്രസിദ്ധമാക്കുകയും വെണം.

അറിയിപ്പു പ്രസിദ്ധമാക്കണം

(൩) ആ അവധി കഴിഞ്ഞതിന്റെശെഷം ആ അറിയിപ്പിലെ നിശ്ചയങ്ങൾക്കു വിരൊധമായി വല്ല ശവവും മറചെയ്യുകയൊ ദഹിപ്പിക്കുകയൊ ആകട്ടെ അങ്ങിനെ ചെയ്യിക്കുകയൊ ചെയ്യാൻ അനുവദിക്കുകയൊ ആകട്ടെ ചെയ്യുന്ന യാതൊരാളും ൧൦൦ ഉറുപ്പികയിൽ കവിയാത്ത ഒരു പിഴെക്കു പാത്രമായി വരികയും ചെയ്യും.

അറിയിപ്പിന്നു വിരൊധമായി മറചെയ്യുന്നതിന്നു മറവും ശിക്ഷ

൨൬൦

(i) നിലത്തിന്റെ ബഹിർഭാഗത്തുനിന്നു ശവപ്പെട്ടിയുടെ മെൽഭാഗത്തെക്കൊ, ശവപ്പെട്ടി ഉപയോഗിക്കാത്തപക്ഷം ശവത്തിന്റെ മെൽഭാഗത്തെക്കൊ ഉള്ള ആഴം അഞ്ചടിയിൽ കുറഞ്ഞതായി വരുന്നപ്രകാരം കഴിച്ചുണ്ടാക്കിയതൊ കല്ലുകൊണ്ടു കെട്ടിയുണ്ടാക്കിയതൊ മറെറാ ആയ ഒരു ശവക്കുഴിയിൽ വല്ല ശവമൊ ഒരു ശവത്തിന്റെ വല്ല ഭാഗമൊ മറചെയ്കയൊ മറചെയ്യിക്കുകയൊ ആകട്ടെ; അല്ലെങ്കിൽ

ശവക്കുഴിയുടെ ആഴം

(ii) ശവം മറചെയ്യാനുള്ള വല്ല സ്ഥലത്തും തൽക്കാലത്തുള്ള യാതൊരു ശവക്കുഴിയുടെയും വക്കത്തുനിന്നു രണ്ടടിയിൽ കുറഞ്ഞ ഒരു ദൂരത്തു മററു വല്ല ശവക്കുഴിയും ഉണ്ടാക്കുകയൊ കഴിക്കുകയൊ അങ്ങിനെ ചെയ്യിക്കുകയൊ ആകട്ടെ; അല്ലെങ്കിൽ

ശവക്കുഴികൾ തമ്മിലുള്ള ഇട

(iii) മുമ്പെ തന്നെ ശവം വെച്ചിരിക്കുന്ന ഒരു ശവക്കുഴി അഗ്രാസനന്റെ എഴുത്തുമൂലമായ അനുവാദമൊ ഒരു മാജിസ്ത്രെട്ടിന്റെ എഴുത്തുമൂലമായ ഒരു ഉത്തരവൊ കൂടാതെ വീണ്ടും തുറപ്പിക്കുകയാകട്ടെ; അല്ലെങ്കിൽ

ശവക്കുഴികൾ വീണ്ടും തുറപ്പിക്കൽ

(iv) ശവം മറചെയ്വാനൊ ദഹിപ്പിക്കാനൊ ഉള്ള വല്ല സ്ഥലത്തേക്കും ഒരു ശവമൊ അതിന്റെ ഏതാനും ഭാഗമൊ കൊണ്ടുവരികയൊ കൊണ്ടുചെല്ലുകയൊ അങ്ങിനെ ചെയ്യിക്കയൊ ചെയ്യുകയും അതു ശ്മശാനസ്ഥലത്തു എത്തിയതിന്റെശേഷം ആറു മണിക്കൂറുകൾക്കുള്ളിൽ അതു മറചെയ്കയൊ ദഹിപ്പിക്കുകയൊ തുടങ്ങിക്കാതിരിക്കുകയും ചെയ്കയാകട്ടെ; അല്ലെങ്കിൽ

മറചെയ്യലും ചുടലും

(v) ശവദാഹത്തിനുള്ള വല്ല സ്ഥലത്തും ഒരു ശവമൊ ഒരു ശവത്തിന്റെ ഏതാനും ഭാഗമൊ ദഹിപ്പിക്കുകയൊ ദഹിപ്പിക്കാൻ ചെയ്യിക്കുകയൊ ചെയ്യുമ്പോൾ അതൊ അതിന്റെ വല്ല ഭാഗമൊ മുഴുവനും ദഹിച്ചു വെണ്ണീറാകാതെ കിടക്കാൻ അനുവദിക്കുകയാകട്ടെ; അല്ലെങ്കിൽ

ചുടൽ പൂർത്തിയാക്കണം

(vi) ആ ശവദാഹത്തോടു സംബന്ധപ്പെട്ട വസ്ത്രങ്ങളും മററു സാധനങ്ങളും ആ സ്ഥലത്തൊ അതിന്നു സമീപത്തൊ മുഴുവനും കത്തി വെണ്ണീറാകാതെ കിടക്കാൻ അനുവദിക്കുകയാകട്ടെ; അല്ലെങ്കിൽ

വസ്ത്രങ്ങളും മററും ചുടണം

(vii) ഒരു ശവമൊ ഒരു ശവത്തിന്റെ ഏതാനും ഭാഗമൊ വൃത്തിയായി മൂടാതെ വല്ല വീഥിയിലുംകൂടി കൊണ്ടുപോകയാകട്ടെ; അല്ലെങ്കിൽ

ശവം വൃത്തിയായി മൂടണം

(viii) മുനിസിപ്പാലിട്ടിക്കുള്ളിൽ ഒരു ശവമൊ ഒരു ശവത്തിന്റെ ഏതാനും ഭാഗമൊ കൊണ്ടുപോകുമ്പോൾ അയാളു യാതൊരു ആവശ്യത്തിന്നെങ്കിലും വെണ്ടി വല്ല വീഥിയിലൊ അതിന്നു സമീപത്തൊ വെക്കുകയാകട്ടെ; അല്ലെങ്കിൽ

ശവം പെരുവഴിയിൽ ഇടരുത

(ix) കീറിനോക്കിയതൊ കീറിനോക്കാൻ വെച്ചതൊ ആയ വല്ല ശവമൊ ഒരു ശവത്തിന്റെ ഏതാനും ഭാഗമൊ മൂടിയുള്ള ഒരു പാത്രത്തിൽ അല്ലാതെ എടുത്തുകൊണ്ടുപോകുകയാകട്ടെ;

കീറിനോക്കാൻ വെച്ച ശവം കൊണ്ടുപോകൽ

ശിക്ഷ

ചെയ്യുന്ന യാതൊരാളും ഓരൊ കുററത്തിന്നു ൫൦ ക്രൂപ്പായിൽ കവിയാത്ത ഒരു പിഴെക്കു പാത്രമായി വരികയും ചെയ്യും.

൩൬൧. ശവക്കുഴി കഴിക്കുന്നവർ എല്ലാവരും ശവം മറചെയ്വാനൊ ദഹിപ്പിക്കാനൊ പൊതുവായുള്ള ഒരു ശവമടക്കുസ്ഥലത്തെയൊ ശവദാഹസ്ഥലത്തെയൊ മററു പരിചാരകന്മാരും മുനിസിപ്പൽ സഭയിൽനിന്നു അനുവാദപത്രം വാങ്ങണം. ആ അനുവാദപത്രം കൂടാതെ അങ്ങിനെ പ്രവൃത്തിക്കുന്ന വല്ല ആളും ൫ ക്രൂപ്പായിൽ കവിയാത്ത ഒരു പിഴെക്കു പാത്രമായി വരികയും ചെയ്യും. ആ അനുവാദപത്രം മുനിസിപ്പൽ സഭയുടെ യുക്തംപോലെ പിൻവലിക്കുകയൊ ദുർബലമാക്കുകയൊ ചെയ്യാവുന്നതും ആകുന്നു.

ശവക്കുഴി കഴിക്കുന്നവർ അനുവാദപത്രം വാങ്ങണം

൧൩. ജനനമരണങ്ങൾ രജിസ്തർ ചെയ്യൽ,

൩൬൨. മുനിസിപ്പാലിട്ടിയിലുണ്ടാകുന്ന എല്ലാ ജനനമരണങ്ങളുടെയും ഒരു രജിസ്തർ പുസ്തകം മുനിസിപ്പൽസഭ തങ്ങളുടെ കച്ചേരിയിൽ വെക്കുകയും വെണം. ഈ ആവശ്യത്തിന്നായി ആ സഭ മുനിസിപ്പാലിട്ടി തങ്ങൾക്കു യുക്തമെന്നു തൊന്നുന്ന ഖണ്ഡങ്ങളായി ഭാഗിക്കാവുന്നതും മുനിസിപ്പാലിട്ടിക്കുള്ളിൽ ജനനമരണങ്ങളുടെ രജിസ്ത്രാരായി ഒരാളെ നിശ്ചയിക്കുകയാകട്ടെ മുനിസിപ്പാലിട്ടി ഖണ്ഡങ്ങളായി ഭാഗിച്ചിരിക്കുന്നപക്ഷം ആ ഓരൊ ഖണ്ഡത്തിലെക്കു പ്രത്യെകം പ്രത്യെകം ആ ഖണ്ഡത്തിലെ ജനനമരണങ്ങളുടെ രജിസ്ത്രാരായിരിപ്പാൻ ഓരൊ ആളെ നിശ്ചയിക്കുകയാകട്ടെ ചെയ്യെണ്ടതും ആകുന്നു.

മുനിസിപ്പാൽസഭ ജനനമരണങ്ങളുടെ രജിസ്റ്റർ കണക്കു വെക്കയും രജിസ്ത്രാർമാരെ നിശ്ചയിക്കയും ചെയ്യണം

രജിസ്ത്രാർമാർ അവരുടെ ഖണ്ഡങ്ങളിൽ വസിക്കണം

൨൩. (എ) എല്ലാ രജിസ്ത്രാറും താൻ രജിസ്ത്രാറായിരിക്കുന്ന മുനിസിപ്പാലിട്ടിയിലൊ ഖണ്ഡത്തിലൊ വസിക്കേണ്ടതും താൻ വസിക്കുന്ന വീട്ടിന്റെ പുറത്തെ വാതിലിന്മെലൊ സമീപത്തൊ എല്ലാവരും കാണുന്ന വല്ല സ്ഥലത്തും തന്റെ പെരും, തന്നെ ജനനമരണങ്ങളുടെ രജിസ്ത്രാരായി നിശ്ചയിച്ചിരിക്കുന്നതു മുനിസിപ്പാലിട്ടിയിലെക്കൊ ഖണ്ഡത്തിലെക്കൊ എവിടെക്കെന്നു വെച്ചാൽ അവിടത്തെ രജിസ്ത്രാർ എന്ന വിവരവും ഇംഗ്ലീഷിലും നാട്ടുഭാഷയിലും എഴുതി പതിപ്പിക്കുകയും വെണം.

രജിസ്ത്രാർമാരുടെ പട്ടികയും അവരുടെ വാസസ്ഥലവും പ്രസിദ്ധമാക്കണം

(ബി) മുനിസിപ്പാലിട്ടിയിലെ ജനന മരണങ്ങളുടെ ആ ഓരൊ രജിസ്ത്രാരുടെ പെരും വാസസ്ഥലവും അടങ്ങിയ വിവരം ഒരു പട്ടിക മുനിസിപ്പൽ സഭ അച്ചടിപ്പിച്ചു പ്രസിദ്ധമാക്കിക്കുകയും വെണം.

മുനിസിപ്പൽ സഭ രജിസ്റ്റർ പുസ്തകങ്ങളുണ്ടാക്കി അച്ചടിപ്പിക്കണം

൨൪. മുനിസിപ്പാലിട്ടിയിലുണ്ടാകുന്ന ജനന മരണങ്ങളുടെ വിവരങ്ങൾ ചെർക്കുന്നതിനായി വെണ്ടെടത്തൊളം രജിസ്റ്റർ പുസ്തകങ്ങൾ, നമ്മുടെ ഗവൎമ്മെണ്ടു അതാതു സമയം ആജ്ഞാപിക്കുന്ന മാതിരികളും ഉത്തരവുകളും പ്രകാരം മുനിസിപ്പൽ സഭ തയ്യാറാക്കി അച്ചടിപ്പിക്കുകയും വെണം.

രജിസ്ത്രാർ എല്ലാ ജനന മരണങ്ങളും അറിഞ്ഞു രജിസ്റ്റർ ചെയ്യണം

൨൫. എല്ലാ രജിസ്ത്രാരും ഈ റെഗുലെഷൻ നടപ്പായി വന്നതിന്റെ ശെഷം മുനിസിപ്പാലിട്ടിയിലൊ തന്റെ ഖണ്ഡത്തിലൊ ഉണ്ടാകുന്ന എല്ലാ ജനന മരണങ്ങളും സൂക്ഷ്മമായി അറികയും മുമ്പു തന്നെ രജിസ്തരാക്കീട്ടില്ലാത്ത ജനനത്തെയൊ മരണത്തെയൊ ഏതെന്നു വെച്ചാൽ അതിനെക്കുറിച്ചു രജിസ്തർ ചെയ്വാൻ ആവശ്യമുള്ള വിവരങ്ങൾ ആയതു ഉണ്ടായതിന്റെ ശെഷം പാട്ടുള്ളെടത്തൊളം വെഗത്തിൽ അറിഞ്ഞു മെല്പറഞ്ഞപൊലെ വിധിച്ചിരിക്കുന്ന മാതിരികൾ പ്രകാരം രജിസ്തരിൽ കൂലിയൊ സമ്മാനമൊ വാങ്ങാതെ ചെൎക്കുകയും വെണം.

അങ്ങിനെ ചെൎക്കുന്നതു സകലവും ആ പുസ്തകത്തിന്റെ ആദ്യം മുതൽ അവസാനംവരെ യഥാക്രമമായി ചെൎക്കുകയും വെണം.

ജനിച്ചവിവരം ഒരു ആഴ്ചയ്ക്കുള്ളിൽ അറിവു കൊടുക്കണം

൨൬. (എ) മുനിസിപ്പാലിട്ടിയിൽ ജനിക്കുന്ന എല്ലാ കുട്ടിയുടെയും അച്ഛനെങ്കിലും അമ്മയെങ്കിലും, അല്ലെങ്കിൽ അച്ഛനൊ അമ്മയൊ മരിച്ചുപൊകയാകട്ടെ ദീനത്തിലായിരിക്കകയാകട്ടെ ഹാജരില്ലാതിരിക്കുക ആകട്ടെ ശക്തിയില്ലാതിരിക്കുക ആകട്ടെ ചെയ്യുന്ന പക്ഷം, കുട്ടി ജനിക്കുമ്പോൾ ഹാജരുണ്ടാകയൊ കൂടിനില്ക്കയൊ ചെയ്ത വല്ല ആളെങ്കിലും; ആ ഓരൊ ജനനം തീൎന്നതിന്റെ ശെഷം ഒരു ആഴ്ചവട്ടത്തിനുള്ളിൽ, ആ കുട്ടിയുടെ ജനനത്തെപ്പറ്റി അറിവാനും രജിസ്തരാക്കുവാനും ആവശ്യപ്പെടുന്ന സകല വിവരങ്ങളും തന്റെ അറിവിലും വിശ്വാസത്തിലും പെട്ടെടത്തൊളം രജിസ്ത്രാൎക്കു കൊടുക്കുകയൊ കൊടുപ്പിക്കുകയൊ വെണം.

മരണവിവരം അറിവു കൊടുക്കണം

(ബി) മുനിസിപ്പാലിട്ടിയിൽ മരിക്കുന്ന യാതൊരു ആളുടെയും മരണസമയത്തു ഹാജരുണ്ടായിരിക്കയാകട്ടെ ആയാളുടെ അവസാന ദീനസമയത്തുകൂടി ഉണ്ടായിരിക്കയാകട്ടെ ചെയ്ത ആളുകളിൽ ആരെങ്കിലും, അല്ലെങ്കിൽ, ആവക എല്ലാ ആളുകളും മരിച്ചു പൊകയൊ ദീനത്തിലാകയൊ അശക്തരാകയൊ അവ്വക ആളുകൾ ഇല്ലാതിരിക്കയൊ ചെയ്യുന്ന പക്ഷം ആ പുര കൈവശക്കാരനെങ്കിലും, മരിച്ചതു ആ കൈവശക്കാരനാകുന്നു എങ്കിൽ, ആ മരണം ഉണ്ടായ പുരയിൽ പാൎക്കുന്ന വല്ല ആളെങ്കിലും ൨൪ മണിക്കൂറിനുള്ളിൽ ആ മരണത്തെപ്പറ്റി അറിവാനൊ രജിസ്തർ ചെയ്വാനൊ ആവശ്യപ്പെടുന്ന സകല വിവരങ്ങളും തന്റെ അറിവിലും വിശ്വാസത്തിലും പെട്ടെടത്തൊളം രജിസ്ത്രാൎക്കു അറിവു കൊടുക്കുകയും വെണം.

ആശുപത്രിയിൽ ആളുകൾ ജനിക്കുകയൊ മരിക്കുകയൊ ചെയ്താൽ ആയതു വഹിച്ചിരിക്കുന്ന വൈദ്യ ഉദ്യോഗസ്ഥൻ രജിസ്ത്രാൎക്കു അറിയിപ്പു കൊടുക്കണം

൨൭. (എ) വല്ല വൈദ്യശാലയിലും ജനിക്കുകയൊ മരിക്കുകയൊ ചെയ്യുന്ന ആളുകളുടെ കാൎയ്യത്തിൽ, തന്റെ ആശുപത്രിയിൽ ഉണ്ടായ വല്ല ജനനത്തിന്റെയുമൊ മരണത്തിന്റെയുമൊ വിവരത്തിനു രജിസ്ത്രാൎക്കു ഉടനെ ഒരു അറിയിപ്പു അയക്കേണ്ടതു ആ ആശുപത്രി വഹിച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ പ്രവൃത്തിയായിരിക്കുകയും ചെയ്യും.

ശേഷക്രിയ ചെയ്യുന്ന ആളുകൾ അറിവുകൊടുക്കണം.

(൨) മുനിസിപ്പാലിറ്റിയിൽ മരിച്ച വല്ല ആളുകളുടെയും ശേഷക്രിയകൾ ചെയ്യുകയോ ചെയ്യിക്കുകയോ ചെയ്യുന്ന എല്ലാ ആളും മേല്പറഞ്ഞ എല്ലാ വിവരങ്ങളെയും പറ്റി തനിക്കുള്ള അറിവു ആവശ്യപ്പെടുന്ന സമയം രജിസ്ത്രാർക്കു കൊടുക്കുകയും വേണം.

ശിശുവിന്റെ ജനനം രജിസ്തരാക്കൽ

൨൨൭. ഒരു ശിശു ജനിച്ചശേഷം ഒരു കൊല്ലത്തിനുള്ളിൽ എപ്പോഴെങ്കിലും ആ ശിശുവിന്റെ സംബന്ധിയായ പ്രായം തികഞ്ഞ വല്ല ആളും ജനന രജിസ്തരിൽ ആ ശിശുവിന്റെ പേർ ചേർപ്പാൻ രജിസ്ത്രാരോടു ആവശ്യപ്പെടാം.

അറിവു കൊടുക്കുന്ന ആൾ രജിസ്തരിൽ ഒപ്പിടുകയോ അടയാളം വെക്കുകയോ വേണം

൨൨൮. (൧) ഈ റെഗുലേഷൻ പ്രകാരം ജനന മരണങ്ങളുടെ വല്ല രജിസ്തരിലും അടങ്ങിയിരിക്കുന്ന അറിവു കൊടുത്ത എല്ലാവരും ആ രജിസ്തരിൽ തന്റെ പേരും വിവരവും വാസസ്ഥലവും എഴുതി ഒപ്പിടേണ്ടതും, അല്ലെങ്കിൽ തനിക്കു എഴുതുവാൻ കഴിയാത്ത പക്ഷം, തന്റെ പേരും വിവരവും വാസസ്ഥലവും ആ രജിസ്തരിൽ എഴുതിയിരിക്കുന്നേടത്തു തന്റെ അടയാളം വെക്കേണ്ടതും അപ്രകാരം ഒപ്പിടുവാനൊ അടയാളം വെപ്പാനൊ കൂട്ടാക്കാതിരിക്കുകയാകട്ടെ വിഴ്ചയാക്കുകയാകട്ടെ ചെയ്യുന്ന യാതൊരുത്തനും ൫ രൂപായിൽ കവിയാത്ത ഒരു പിഴക്കു പാത്രമാകുന്നതും ആകുന്നു.

രജിസ്ത്രാർ പകർപ്പുകൊടുക്കണം

(൨) ഒരു കുട്ടിയുടെ ജനനത്തെ പറ്റി അറിവു കൊടുക്കുന്ന ആൾക്കു ആ രജിസ്തർ പുസ്തകത്തിൽ ആ ജനനത്തെ പറ്റി ചേർത്ത വിവരത്തിന്റെ താൻ ഒപ്പിട്ട ഒരു പകർപ്പു രജിസ്ത്രാർ യാതൊരു കൂലിയും വാങ്ങാതെ ഉടനെ കൊടുക്കുകയും വേണം.

എന്നാൽ വൈദ്യശാലയിൽ ജനിക്കുകയോ മരിക്കുകയോ ചെയ്യുന്ന ആളുടെ കാര്യത്തിൽ വൈദ്യ ഉദ്യോഗസ്ഥന്റെ അറിയിപ്പു കിട്ടിയാൽ രജിസ്തർ ചെയ്യൽ പൂർത്തിയാകും

(൩) വല്ല ആശുപത്രിയിലും ജനിക്കുകയോ മരിക്കുകയോ ചെയ്യുന്ന ഒരാളുടെ കാര്യത്തിൽ, ആ ശാല വഹിച്ചിരിക്കുന്ന വൈദ്യ ഉദ്യോഗസ്ഥൻ അയച്ച ൨൨൨-ാം വകുപ്പിൽ ആജ്ഞാപിച്ച എഴുത്തുമൂലമായ ഒരു അറിയിപ്പു രജിസ്തർ പുസ്തകത്തിൽ അതു ചേർത്തിരിക്കുന്നേടത്തു ആ ഉദ്യോഗസ്ഥന്റെ ഒപ്പു കൂടാതെ ചേർക്കുന്നതിനാൽ ആ ജനനത്തിന്റെയോ മരണത്തിന്റെയൊ രജിസ്തർ ചെയ്യൽ പൂർത്തി ആയിരിക്കുന്നതായി വിചാരിക്കയും ചെയ്യും.

ജനന മരണങ്ങളുടെ രജിസ്തർ പുസ്തകങ്ങൾ ചെന്നു നോക്കൽ

(൪) ഓരോ പ്രാവശ്യം ചെല്ലുന്നതിനുള്ള ൨ അണാ കൂലി അടച്ചാൽ യാതൊരു ആളും ന്യായമായ എല്ലാ സമയത്തും രജിസ്ത്രാരുടെ മുമ്പാകെ ജനന മരണങ്ങളുടെ വല്ല രജിസ്തർ പുസ്തകവും നോക്കുകയും പിന്നെയും എട്ടണാ കൂലി അടച്ചാൽ ആ പുസ്തകത്തിൽ രജിസ്തർ ചെയ്തിരിക്കുന്ന വല്ല ജനനത്തെയോ മരണത്തെയോ പറ്റി അതിൽ ചേർത്തിരിക്കുന്ന വിവരത്തിന്റെ രജിസ്ത്രാർ ഒപ്പിട്ട ഒരു പകർപ്പു തനിക്കു തരുവാൻ രജിസ്ത്രാരോടു ആവശ്യപ്പെടുകയും ചെയ്യാം.

ജനന മരണ രജിസ്തർകൾ വെക്കുക

൨൨൯. രജിസ്ത്രാർ തന്നെ നിശ്ചയിക്കപ്പെട്ട മുനിസിപ്പാലിറ്റിയിലെയോ അതിലെ ഡിസ്ത്രിക്ടിലെയോ ജനന മരണ രജിസ്തർകൾ തന്റെ അധീനത്തിൽ വെക്കേണ്ടതും ഈ വകുപ്പു പ്രകാരം അതിൽ നിന്നു എടുത്തു കൊടുക്കുന്ന എല്ലാ പകർപ്പുകളും ആ പകർപ്പുകൾ ഏതു വിവരങ്ങളുടെ പകർപ്പുകളായി ഉദ്ദേശിക്കുന്നുവൊ ആ വിവരങ്ങൾ തെളിയിക്കാൻ ഹാജരാക്കാകുന്നതും ആകുന്നു.

൯-ാം അദ്ധ്യായം.

പലവക.

ഫാറങ്ങൾ നിശ്ചയിപ്പാനും ചട്ടങ്ങൾ ഉണ്ടാക്കുവാനും ഗവൎമ്മെണ്ടിനു അധികാരം

൨൩൦. (൧) ഒരു മുനിസിപ്പൽ സഭയുടെ ഏതെങ്കിലും പ്രവൃത്തി നടത്തലിനു ഒരു ഫാറം ഉണ്ടായിരിക്കേണമെന്നു നമ്മുടെ ഗവൎമ്മെണ്ടു വിചാരിക്കുന്നുവൊ ആ വല്ല പ്രവൃത്തി നടത്തലിനു ഗവൎമ്മെണ്ടു അതാതു സമയം മാതിരികൾ നിശ്ചയിക്കുകയും താഴെ പറയുന്നവയെ പറ്റി ഈ റെഗുലേഷനു യോജിപ്പുകേടല്ലാത്ത ചട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യാം:—

(a) മുനിസിപ്പൽ സഭക്കാരെ തിരിഞ്ഞെടുത്തു നിശ്ചയിക്കുന്ന കാൎയ്യത്തിൽ താഴെ പറയുന്ന സംഗതികളെ പററിയും:—

(i) തിരിഞ്ഞെടുക്കുന്നവരുടെയും തിരിഞ്ഞെടുപ്പിനാൽ സഭക്കാരായി നിശ്ചയിക്കപ്പെടുവാനുള്ള അപേക്ഷക്കാരുടെയും യോഗ്യതകളെയും മുനിസിപ്പൽ സഭക്കാരെയൊ ആവക അപേക്ഷക്കാരെയൊ നീക്കലിനെയും അവരുടെ അയോഗ്യത കെടിനെയും,

(ii) മുനിസിപ്പാലിട്ടിയെ അതിന്റെ ഒരു ഭാഗമൊ മുറികളായി വിഭാഗിക്കലിനെയും ഓരോ മുറിയിലെക്കു വെണ്ടതക്ക മുനിസിപ്പൽ സഭക്കാരുടെ എണ്ണത്തെയും,

(iii) ജനസംഘത്തിലെ വല്ല പരിഷകളുടെയും കാൎയ്യം പറയാൻ പ്രത്യേകം ആളെ നിശ്ചയിക്കാൻ നിയമം വല്ലതും ചെയ്യേണ്ടതുണ്ടെങ്കിൽ അതിനെയും,

(iv) തിരിഞ്ഞെടുക്കുന്നവരെ രജിസ്തർ പുസ്തകത്തിൽ ചെൎത്തു വെക്കലിനെയും,

(v) അപേക്ഷക്കാരെ നിശ്ചയിക്കലിനെയും തിരിഞ്ഞെടുക്കെണ്ടുന്ന സമയത്തെയും സമ്മതവാക്കു എഴുതി വെക്കെണ്ടുന്ന വിധത്തെയും,

(vi) തിരിഞ്ഞെടുപ്പുകളെ സംബന്ധിച്ചു വിചാരണ നടത്തലിനെയും,

(vii) പ്രതിനിധികളെ ആക്കലിന്റെയും തിരിഞ്ഞെടുക്കലിന്റെയും സമ്പ്രദായം സംബന്ധിച്ചു നിയമം ഉണ്ടാക്കുന്നതു യുക്തമെന്നു തോന്നുന്ന മററു വല്ല കാൎയ്യങ്ങളെയും,

(b) അഗ്രാസനനെ തിരിഞ്ഞെടുത്തു നിശ്ചയിക്കുന്നതിനെ പററിയും;

(c) മുനിസിപ്പൽ സഭയുടെ ഉദ്യോഗസ്ഥന്മാൎക്കു വെണ്ടുന്നയോഗ്യതകളെയും അവരെ നിശ്ചയിക്കുന്നതിനെയും അവൎക്കു പിഴ വിധിക്കുന്നതിനെയും അവരെ സസ്പെണ്ടു ചെയ്യുന്നതിനെയും താഴ്ത്തുന്നതിനെയും നീക്കുന്നതിനെയും പററിയും;

(d) ആ വക ഉദ്യോഗസ്ഥന്മാൎക്കു കൊടുക്കെണ്ടുന്ന അടുത്തൂണുകളെയും സമ്മാനപണങ്ങളെയും ദയാന്യായ പണങ്ങളെയും പററിയും;

(e) ൧൮൦, ൧൮൧, ൧൮൨ ഈ വകുപ്പുകളിൽ പറഞ്ഞിരിക്കുന്ന കാൎയ്യങ്ങളെ പററിയും;

(f) വിദ്യാഭിവൃദ്ധിക്കും വൈദ്യസഹായത്തിനുംവെണ്ടി മുനിസിപ്പൽ ദ്രവ്യത്തിൽ നിന്നു സഹായദായകങ്ങളും ചെയ്യെണ്ടും നിശ്ചയങ്ങളെ പററിയും,

(g) മുനിസിപ്പൽ സഭയിലെക്കു സിദ്ധിച്ചിരിക്കുന്ന മുതലുകൾ വിററിട്ടൊ പാട്ടത്തിനു വച്ചിട്ടൊ ചാൎത്തി കൊടുത്തിട്ടൊ പകരത്തിന്നു പകരമായി മാററീട്ടൊ മററൊ കൈമാറാവുന്ന നിശ്ചയങ്ങളെ പററിയും;

(h) മുനിസിപ്പൽ സഭയും നമ്മുടെ ഗവൎമ്മെണ്ടൊ ഗവൎമ്മെണ്ടുദ്യോഗസ്ഥന്മാരൊ ഇവരും തമ്മിലുള്ള എഴുത്തുകുത്തുകൾ അയക്കാൻ മദ്ധ്യസ്ഥമായ വല്ല കച്ചെരിയൊ കച്ചെരികളൊ ഉണ്ടെങ്കിൽ അതിനെ പററിയും;

(i) മുനിസിപ്പൽ സഭയുടെ ഏതാനുമൊ മുഴുവനുമൊ ചിലവിന്മെൽ ചെയ്യെണ്ടുന്ന പണികളുടെ പടങ്ങളും ചിലവു മതിപ്പു കണക്കുകളും തയ്യാറാക്കുന്നതിനെ പററിയും;

(j) മുനിസിപ്പൽ സഭ വെക്കെണ്ടുന്ന കണക്കുകളെ പററിയും ആ കണക്കുകൾ പരിശോധിക്കയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യെണ്ടുന്ന വിധത്തെ പററിയും;

(k) മുനിസിപ്പൽ സഭ അയക്കെണ്ടുന്ന വരവു ചിലവുകളുടെ മതിപ്പു കണക്കുകളെയും മററു കണക്കുകളെയും പട്ടികകളെയും റിപ്പോൎട്ടുകളെയും പററിയും;

(l) ഈ റെഗുലെഷനിലെ ആവശ്യങ്ങൾ നടത്തിക്കുന്നതിൽ ഗവൎമ്മെണ്ടുദ്യോഗസ്ഥന്മാർ മുനിസിപ്പൽ സഭകൾക്കു ഉണൎത്തിക്കയും സഹായിക്കകയും ചെയ്യെണ്ടുന്ന വിധത്തെ പററിയും;

(iii) മുനിസിപ്പൽ സഭക്കാർ അഗ്രാസനനൊട്ട തടസ്ഥം ചൊല്ലും ചെയ്യുന്നതിനെപ്പറ്റിയും;

(iv) പിന്നെ സാധാരണമായിട്ട ഈ റെഗ്ഗുലെഷൻ നടത്തിക്കുന്നതു സംബന്ധിച്ചു എല്ലാ കാൎയ്യങ്ങളിലും മുനിസിപ്പൽ സഭകളുടെയും സൎക്കാരുദ്യോഗസ്ഥന്മാരുടെയും നടപടിക്കും.

തിരിഞ്ഞെടുപ്പു വിചാരണകൾക്കു സാക്ഷികൾക്കു സമൻ അയപ്പാൻ അധികാരം.

(൨) സാക്ഷികൾക്കു സമൻസ് അയക്കുന്ന ആധാരങ്ങൾ ഹാജരാക്കുവാൻ കല്പനയും മറ്റും ൭ ാം റെഗ്ഗുലെഷനാൽ വെവ്വേറ ഉദ്യോഗസ്ഥന്മാൎക്കു കൊടുത്തിരിക്കുന്ന അധികാരങ്ങൾ തന്നെ തിരിഞ്ഞെടുപ്പുകൾക്കു സംബന്ധിക്കുന്ന വിചാരണകൾ നടത്തുവാൻ (൧) ാം ഉപവകുപ്പുപ്രകാരം നമ്മുടെ ഗവൎമ്മെന്റു അധികാരം കൊടുത്തിരിക്കുന്ന എല്ലാ ആളുകൾക്കും സാക്ഷികൾ ഹാജരാവാനും ആധാരങ്ങൾ ഹാജരാക്കുവാനും സമൻസ് അയക്കുന്ന കാൎയ്യത്തിൽ ആ വക വിചാരണകളുടെ ആവശ്യങ്ങൾക്കായി ഉണ്ടായിരിക്കുന്നതും ആ റെഗ്ഗുലെഷനിലെ ൧, ൨, ൩, ൪, വകുപ്പുകളിലെ നിയമങ്ങൾ ഈ വകുപ്പിനാൽ നല്കപ്പെട്ട അധികാരങ്ങൾ മൂലം അയച്ച സമൻസിനും സമൻസ് അയക്കപ്പെട്ട ആളുകൾക്കും സംബന്ധിക്കുന്നതും മെല്പടി അധികാരങ്ങൾ മൂലം സമൻ അയക്കപ്പെട്ട എല്ലാ ആളുകളും ആ സമൻസ് അനുസരിക്കാൻ നിബന്ധനപ്രകാരം ബാദ്ധ്യസ്ഥന്മാരായിരിക്കുന്നതും ആകുന്നു.

ചട്ടങ്ങൾക്കും മറ്റും നിബന്ധന പ്രാബല്യം.

(൩) ഈ വകുപ്പുപ്രകാരം നമ്മുടെ ഗവൎമ്മെന്റു ഉണ്ടാക്കുന്ന ചട്ടങ്ങൾക്കും നിൎമ്മിക്കുന്ന മാതിരികൾക്കും നിബന്ധന പ്രാബല്യം ഉണ്ടായിരിക്കുകയും ചെയ്യും.

നികുതി പുസ്തകങ്ങളും കണക്കു പുസ്തകങ്ങളും ചെന്നു നോക്കാമെന്നു.

൨൯. (൧) നികുതി അടക്കുന്ന ആരെങ്കിലും അതല്ലെങ്കിൽ അവന്റെ അധികാരപ്പെടുത്തിയ കാൎയ്യസ്ഥനും മുനിസിപ്പാലിട്ടിയിലെ നികുതി പുസ്തകങ്ങൾ യാതൊരു ചിലവും കൂടാതെ ന്യായമായ എല്ലാ സമയത്തും ചെന്നു നോക്കത്തക്കതാകുന്നു.

(൨) നികുതി അടക്കുന്ന വല്ലവനും മുൻസിപ്പാലിട്ടിയിലെ കണക്കു പുസ്തകങ്ങൾ മാസത്തിൽ മുൻസിപ്പൽ സഭ നിശ്ചയിക്കുന്ന ഒരു ദിവസത്തിലൊ ദിവസങ്ങളിലൊ യാതൊരു ചിലവും കൂടാതെ ചെന്നു നോക്കത്തക്കതാകുന്നു.

കൊല്ലന്തോറും ചിലവിന്റെ മതിപ്പു കണക്കു ഗവൎമ്മെണ്ടിലെക്കു അയക്കേണം.

൩൦. (൧) ഉടനെ പിന്നെ വരുന്ന ഫിനാൻഷ്യൽ കൊല്ലത്തിൽ തങ്ങൾക്കുണ്ടാവാനിടയുള്ള വരവുകളും ആ കൊല്ലത്തിൽ തങ്ങൾ ചെയ്യാൻ വിചാരിച്ചിരിക്കുന്ന ചിലവുകളും ആ ചിലവുകൾ ചെയ്യാൻ വിചാരിച്ചിരിക്കുന്ന വക വിവരങ്ങളും കാണിക്കുന്ന ഒരു വിവരമൊ മതിപ്പു കണക്കൊ മുനിസിപ്പൽ സഭ നമ്മുടെ ഗവൎമ്മെണ്ടിന്റെ അനുവാദത്തിന്നായി അയക്കേണ്ടതും അപ്പോൾ നടക്കുന്ന ഫിനാൻഷ്യൽ കൊല്ലത്തിൽ ഈ റെഗ്ഗുലെഷനിലെ ആവശ്യങ്ങൾക്കു വെണ്ടി പിരിക്കുകയും ചിലവു ചെയ്യുകയും ചെയ്യേണ്ടുന്ന തുക അംശിച്ചു കൊടുക്കുന്നതിൽ ചെയ്യുന്നതു യുക്തമെന്നു തങ്ങൾ വിചാരിക്കുന്ന വല്ല ഭേദങ്ങൾക്കും ചെയ്തിട്ടു അനന്തരം ന്യൂനത തീൎത്തു ഒരു മതിപ്പു കണക്കുകൂടി ആ സഭ അയക്കാവുന്നതും ആകുന്നു.

ഗവൎമ്മെണ്ടു മതിപ്പു കണക്കുകളിന്മെൽ ഉത്തരവുകൾ കൊടുക്കാം.

(൨) ആദിയിൽ തന്നെയൊ അനന്തരം ന്യൂനത തീൎത്തൊ തനിക്കു അങ്ങിനെ അയക്കപ്പെടുന്ന മതിപ്പു കണക്കിന്മെൽ നമ്മുടെ ഗവൎമ്മെണ്ടു തനിക്കു യുക്തമായി തൊന്നുന്ന ആജ്ഞകൾ ആജ്ഞാപിക്കാവുന്നതും ആ ആജ്ഞകൾ മുനിസിപ്പൽ സഭയുടെ മെൽ ബാധകമായിരിക്കുന്നതും തങ്ങളുടെ അധീനത്തിലുള്ള കൊപ്പുകൾ അനുവദിക്കുന്നെടത്തൊളം ആ സഭ ആ ആജ്ഞകളെ നടത്തിക്കേണ്ടതും ആകുന്നു.

ചെയ്ത കാൎയ്യങ്ങളുടെ കൊല്ലംതോറും വൎഷന്തോറും റിപ്പോൎട്ട അയക്കേണം.

൩൧. മുനിസിപ്പൽ സഭ നമ്മുടെ ഗവൎമ്മെണ്ടിലെക്കു കൊല്ലന്തൊറും തങ്ങൾ നടത്തിയിരിക്കുന്ന കാൎയ്യങ്ങളെപ്പറ്റി ഒരു റിപ്പോൎട്ടും മുനിസിപ്പൽ ഫണ്ടിന്മെൽ ചിലവിന്മെൽ തങ്ങൾ ചെയ്യിച്ച എല്ലാ പണികളുടെയും തങ്ങൾ കയ്യായി വന്നെയും ചിലവായെയും എല്ലാ സംഖ്യകളുടെയും വിവരമായ കണക്കുകളും അയക്കുകയും വെണം. അങ്ങിനെ കൊല്ലന്തൊറും അയക്കുന്ന റിപ്പോൎട്ട ഗവൎമ്മെന്റു ഗസെററിൽ പ്രസിദ്ധമാക്കേണ്ടതും ആകുന്നു.

൫൭. മുനിസിപ്പൽ സഭ നടത്തി വരുന്ന എല്ലാ പാഠകശാലകളും വിദ്യാഭ്യാസ സംബന്ധമായ മററു സ്ഥലങ്ങളും എല്ലാ വൈദ്യശാലകളും ഔഷധ പുരകളും ഗോവസൂരി കീറിവെപ്പു സ്ഥലങ്ങളും സത്രങ്ങളും ധർമ്മാർത്ഥമായ മററു സ്ഥലങ്ങളും അവ സംബന്ധമായ എല്ലാ രജിസ്തരുകളും പുസ്തകങ്ങളും കണക്കുകളും മററു രേഖകളും നമ്മുടെ ഗവർന്മെന്റു അതാതു സമയം നിശ്ചയിക്കുന്ന ഉദ്യോഗസ്ഥന്മാർ എല്ലായ്പോഴും ചെന്നു നോക്കുവാനുള്ളവയായിരിക്കും.

പാഠകശാലകളും മററും ഗവർന്മെണ്ടുദ്യോഗസ്ഥന്മാർ ചെന്നു പരിശോധിക്കൽ.

൫൮. ഈ റെഗുലെഷൻപ്രകാരം സ്ഥാപിച്ചിരിക്കുന്ന മുനിസിപ്പാലിട്ടികളിലൊ അല്ലെങ്കിൽ വല്ല പ്രത്യേക മുനിസിപ്പാലിട്ടിയിലൊ മുനിസിപ്പാലിട്ടികളിലൊ നടത്തുന്ന പ്രവൃത്തികൾ പരിശോധിക്കാനും മേലന്വെഷണം ചെയ്വാനും ആവശ്യമായ ഉദ്യോഗസ്ഥന്മാരെയും ഈ റെഗുലെഷനാൽ തനിക്കു സിദ്ധിച്ചിരിക്കുന്ന അധികാരങ്ങളും തന്റെമേൽ ചുമത്തിയിരിക്കുന്ന പ്രവൃത്തികളും നടത്തുവാൻ ആവശ്യമായ സെക്രിട്ടരികളെയും എഴുത്തുപണിക്കാരെയും മററു ഉദ്യോഗസ്ഥന്മാരെയും നമ്മുടെ ഗവർന്മെന്റു അതാതു സമയം നിശ്ചയിക്കുകയും ആ വക ഉദ്യോഗസ്ഥന്മാർക്കു തനിക്കു ന്യായമായി തോന്നുന്ന ശമ്പളങ്ങൾ (വല്ലതും ഉണ്ടെങ്കിൽ) വിധിച്ചു കൊടുക്കുകയും ചെയ്യാം. അങ്ങിനെ ഉദ്യോഗസ്ഥന്മാരെ നിശ്ചയിക്കുന്നതിനാലുണ്ടാകുന്ന ചിലവു ഈ റെഗുലെഷൻപ്രകാരം സ്ഥാപിച്ചിരിക്കുന്ന എല്ലാ മുനിസിപ്പാലിട്ടികളിലെയും ഫണ്ടുകളിൽ നിന്നൊ അല്ലെങ്കിൽ അതാതു പ്രത്യേക മുനിസിപ്പാലിട്ടിയിലെയൊ മുനിസിപ്പാലിട്ടികളിലെയൊ ഫണ്ടുകളിൽ നിന്നൊ വീതപ്രകാരം കൊടുത്തുതീർക്കേണ്ടതുമാകുന്നു.

മുനിസിപ്പാലിട്ടികളിലെ പ്രവൃത്തികൾ മേലന്വെഷണം ചെയ്വാൻ ഉദ്യോഗസ്ഥന്മാരെ നിശ്ചയിക്കൽ.

൫൯. മുനിസിപ്പൽ സഭ—

മുനിസിപ്പൽ സഭ പ്രത്യേക ചട്ടങ്ങൾ ഉണ്ടാക്കാം.

(i) ഈ റെഗുലെഷനിൽ പറഞ്ഞിരിക്കുന്ന ചുങ്കങ്ങളും നികുതികളും പിരിക്കേണ്ടുന്ന സമയവും വിധവും ക്രമപ്പെടുത്തുവാനും;

(ii) തങ്ങൾ പണിക്കു ആക്കപ്പെട്ടിരിക്കുന്ന ആളുകളുടെ നടപ്പു ക്രമപ്പെടുത്തുവാനും;

(iii) ചന്തകളുടെയും കശാപ്പുപുരകളുടെയും ശവം അടക്കുന്ന സ്ഥലങ്ങളുടെയും ചുടുകാടുകളുടെയും ദുർഗ്ഗന്ധം ഉള്ള വ്യാപാരങ്ങളുടെയും വിചാരിപ്പു നടത്തുവാനും വൃക്ഷങ്ങൾ വെക്കുന്നതു ക്രമപ്പെടുത്തുകയൊ വിലക്കുകയൊ ചെയ്വാനും സാധാരണമായി വെടിപ്പും ശുചിയും സംബന്ധമായ സകല കാര്യങ്ങളുടെയും വിചാരിപ്പു നടത്തുവാനും

(iv) വീഥികളിൽ വെടിപ്പും രക്ഷയും അച്ചടക്കവും ഭദ്രപ്പെടുത്തുവാനും;

(v) ഈ റെഗുലെഷനിലെ ആവശ്യങ്ങൾ സകലവും നടത്തിക്കാനും;

(vi) സാധാരണമായിട്ടു മുനിസിപ്പാലിട്ടിയിലെ സൗഭരണവും ക്ഷേമവും ഭദ്രപ്പെടുവാനും;

ഒരു സഭ കൂടുന്നതിങ്കൽവച്ചു അതാതു സമയം പ്രത്യേക ചട്ടങ്ങൾ ഉണ്ടാക്കുകയും അവ ഭേദപ്പെടുത്തുകയൊ ദുർബലപ്പെടുത്തുകയൊ ചെയ്കയും, ആ ചട്ടങ്ങൾ ലംഘിക്കുന്നതിന്നു പിഴകളും പ്രായശ്ചിത്തങ്ങളും നിശ്ചയിക്കുകയും ചെയ്യാം.

(൨) നടപ്പുള്ള വല്ല നിബന്ധനകൾക്കും യാതൊരു പ്രത്യേക ചട്ടവും വിരോധമായിരിക്കരുതു. ഒരു പ്രത്യേക ചട്ടത്തിന്റെ ഏതെങ്കിലും ഒരു ലംഘനത്തിനുള്ള യാതൊരു പിഴയും ൫൦ രൂപായിൽ കവിയുകയും അരുതു. ഒരു പ്രത്യേകചട്ടം ലംഘിച്ചുകൊണ്ടുതന്നെ ഇരിക്കുന്ന കാര്യത്തിൽ മുനിസിപ്പൽ സഭയിൽ നിന്നു ആ ലംഘനത്തെപ്പററി അറിയിപ്പു കൊടുത്തതിന്റെ ശേഷം മാറാതിരിക്കുന്ന ഓരൊ ദിവസത്തിന്നു വിധിക്കുന്ന യാതൊരു പിഴയും ൫ രൂപായിൽ കവിഞ്ഞു പോകയും അരുതു.

(൧൭൪ ലാ) പ്രത്യേക ചട്ടലംഘനം

(ബി) യാതൊരു പ്രത്യേക ചട്ടം ആകട്ടെ ഒരു പ്രത്യേക ചട്ടം ദുർബലപ്പെടുത്തലൊ ഭേദപ്പെടുത്തലൊ ആകട്ടെ നമ്മുടെ ഗവൎമ്മെണ്ട് അംഗീകരിക്കുകയും സ്ഥിരപ്പെടുത്തുകയും ചെയ്യുന്നതുവരെക്കും ആയതിന്ന ഫലം ഉണ്ടായിരിക്കുകയും ഇല്ല.

പ്രത്യേക ചട്ടങ്ങൾ സ്ഥിരപ്പെടുത്തൽ.

(സി) എല്ലാ പ്രത്യേക ചട്ടങ്ങളും ക്രമപ്രകാരം സ്ഥിരപ്പെടുത്തിയാൽ അവയ്ക്കു നിബന്ധനപ്രാബല്യം ഉണ്ടായിരിക്കുകയും ചെയ്യും.

പ്രത്യേക ചട്ടങ്ങൾ ദുർബലപ്പെടുത്തുകയൊ ഭേദപ്പെടുത്തുകയൊ ചെയ്യുന്നതുവരെക്കും അവയ്ക്കു നിബന്ധന പ്രാബല്യം ഉണ്ട്.

൧൭൩. (എ) ൧൭൦-ാമത്തെയൊ ൧൭൧-ാമത്തെയൊ വകുപ്പുപ്രകാരം വല്ല ചട്ടങ്ങൾ എങ്കിലും പ്രത്യേക ചട്ടങ്ങൾ എങ്കിലും ഉണ്ടാക്കുക ആകട്ടെ ഭേദപ്പെടുത്തുക ആകട്ടെ ചെയ്യുന്നതിന്ന മുമ്പെ ആ ആലൊചിച്ചിരിക്കുന്ന ചട്ടങ്ങളൊ പ്രത്യേക ചട്ടങ്ങളൊ ഇവയുടെയും ആ ആലൊചിച്ചിരിക്കുന്ന ഭേദങ്ങളുടെയും ഒരു നക്കൽ നമ്മുടെ ഗവൎമ്മെണ്ടായിട്ട മുനിസിപ്പൽ സഭ ആകട്ടെ പ്രസിദ്ധപ്പെടുത്തണം. ആ നക്കൽ ഇന്ന ഒരു തീയതിയൊ തീയതിക്കു ശെഷമൊ ആലൊചനയ്ക്കു എടുക്കും എന്നു അറിയിക്കുന്ന ഒരു അറിയിപ്പു അതൊടുകൂടിത്തന്നെ പ്രസിദ്ധം ആക്കുകയും വെണം. ആ ചട്ടങ്ങൾ എങ്കിലും പ്രത്യേക ചട്ടങ്ങൾ എങ്കിലും ഉണ്ടാക്കുക ആകട്ടെ ഭേദപ്പെടുത്തുക ആകട്ടെ ചെയ്യുന്നതിന്ന മുമ്പെ നമ്മുടെ ഗവൎമ്മെണ്ടൊ മുനിസിപ്പൽ സഭയൊ ആ നക്കലിനെപ്പറ്റി അതു ബാധകം ആയിരിക്കുന്ന വല്ല ആളും മെൽപറഞ്ഞ അറിയിപ്പിൽ പറയുന്ന തീയതിക്കു മുമ്പെ ചെയ്യുന്ന യാതൊരു ആക്ഷെപമൊ ഗുണദൊഷസൂചകമൊ വാങ്ങി അതിനെപ്പറ്റി ആലൊചിക്കുകയും വെണം.

ചട്ടങ്ങളും പ്രത്യേക ചട്ടങ്ങളും പ്രസിദ്ധമാക്കൽ.

(ബി) ൧൭൦-ാമത്തെയൊ ൧൭൧-ാമത്തെയൊ വകുപ്പുപ്രകാരം നമ്മുടെ ഗവൎമ്മെണ്ടാകട്ടെ മുനിസിപ്പൽ സഭയാകട്ടെ ഉണ്ടാക്കുന്ന ചട്ടങ്ങളൊ പ്രത്യേക ചട്ടങ്ങളൊ ഇവയും ഇവയിൽ ചെയ്യുന്ന ഭേദങ്ങളും ഗവൎമ്മെണ്ടു ഗസെറ്റിൽ ഇംഗ്ലീഷിലും നാട്ടുഭാഷയിലും പ്രസിദ്ധപ്പെടുത്തെണ്ടതും. അവ നമ്മുടെ ഗവൎമ്മെണ്ടു വല്ല സംഗതിയിലും വെറെപ്രകാരം ആജ്ഞാപിക്കാത്തപക്ഷം പ്രസിദ്ധപ്പെടുത്തിയതിന്റെ ശെഷം മൂന്നു മാസം കഴിയുന്നതുവരെക്കും നടപ്പായിവരാത്തതും ആകുന്നു.

മൂന്നുമാസം കഴിയുന്നതുവരെക്കും ചട്ടങ്ങൾക്കു ഫലം ഇല്ല.

൧൭൪. ഇംഗ്ലീഷിലും മലയാളത്തിലും.

റെഗുലെഷന്റെയും ചട്ടങ്ങളുടെയും പ്രത്യേക ചട്ടങ്ങളുടെയും പകൎപ്പുകൾ അതിന്ന ചിലവായ സംഖ്യക്കു മുനിസിപ്പൽ കച്ചെരിയിൽ വില്ക്കണം.

(i) ഈ റെഗുലെഷന്റെയും,

(ii) ൧൭൦-ാം വകുപ്പിലെ (എ)-ാം ഉപവകുപ്പു (എ) (ബി) ഖണ്ഡങ്ങൾപ്രകാരം നമ്മുടെ ഗവൎമ്മെണ്ടു ഉണ്ടാക്കിയതും തൽക്കാലം പ്രബലപ്പെട്ടിരിക്കുന്നതും ആയ സകല ചട്ടങ്ങളുടെയും,

(iii) തൽക്കാലം പ്രബലപ്പെട്ടിരിക്കുന്ന സകല പ്രത്യേക ചട്ടങ്ങളുടെയും

പൂൎണ്ണമായ പകൎപ്പുകൾ മുനിസിപ്പൽ കച്ചെരിയിൽ വെക്കുകയും അതിന്ന ചിലവായിരിക്കുന്ന വിലയ്ക്കു ജനങ്ങൾക്കു വില്ക്കുകയും വെണം.

൧൭൫. ഒരു മുനിസിപ്പൽ സഭയുടെയൊ വല്ല സംഘത്തിന്റെയുമൊ അഗ്രാസനൻ ആയിട്ടെങ്കിലും ഒരു മുനിസിപ്പൽ സഭക്കാരനായിട്ടെങ്കിലും പ്രവൎത്തിക്കുന്ന വല്ല ആളുടെയുമൊ യാതൊരു ക്രിയയും ആ മുനിസിപ്പാലിട്ടി സ്ഥാപിച്ചതിൽ എങ്കിലും അഗ്രാസനനെയൊ മുനിസിപ്പൽ സഭക്കാരനെയൊ നിശ്ചയിച്ചതിൽ എങ്കിലും വന്ന വല്ല ന്യൂനതയാൽ മാത്രം ആകട്ടെ അല്ലെങ്കിൽ അവരൊ അവരിൽ ആരെങ്കിലുമൊ ആ ഉദ്യൊഗത്തിന്ന അയൊഗ്യരായിരുന്നു എന്ന കാരണത്തിന്മെൽ ആകട്ടെ അല്ലെങ്കിൽ ആ ക്രിയ നടന്നപ്പൊൾ മുനിസിപ്പൽ സഭയിൽ വല്ല സ്ഥാനവും ഒഴിവായിരിക്കുമ്പൊൾ ആണെന്ന ഹെതുവാൽ ആകട്ടെ അസാധു ആകുന്നതായി വിചാരിച്ചുകൂടുന്നതും അല്ല.

മുനിസിപ്പാൽ സഭയുടെ പ്രവൃത്തികൾ സമ്പ്രദായക്കെടിനാൽ അസാധുവാകയില്ല.

൨൭൦. മുനിസിപ്പൽ സഭ വക വല്ല പണത്തിന്റെയും അതുകൂടെ മറ്റു വല്ല മുതലിന്റെയും അതുകളുടെ നഷ്ടമൊ ദുർവ്യയമൊ അവിഹിതമായി പ്രയോഗിക്കലൊ വല്ല മുനിസിപ്പൽ സഭക്കാരന്റെയും ഉപെക്ഷയുടെ എങ്കിലും ദുഷ്പ്രവൃത്തിയുടെ എങ്കിലും നെരിട്ടുള്ള ഒരു ഭവിഷ്യത്താകുന്നു എങ്കിൽ ആ എല്ലാ സഭക്കാരനും ആ നഷ്ടത്തിന്നൊ ദുർവ്യയത്തിന്നൊ അവിഹിതമായി പ്രയോഗിക്കലിന്നൊ ഉത്തരവാദിയായിരിക്കും: പ്രതിഫലത്തിന്നുള്ള ഒരു വ്യവഹാരം അവരുടെ മെൽ മുനിസിപ്പൽ സഭയെങ്കിലും നമ്മുടെ ഗവർന്മെന്റു എങ്കിലും കൊടുക്കാവുന്നതും ആകുന്നു.

നഷ്ടത്തിന്നൊ ദുർവ്യയത്തിന്നൊ അവിഹിതമായി പ്രയോഗിക്കലിന്നൊ സഭക്കാരുടെ ബാധ്യത.

൨൭൧. മുനിസിപ്പൽ സഭയുമായി ചെയ്യുന്ന യാതൊരു കരാറിലും ഡിവിഷൻ പെഷ്കാരുടെ രെഖാമൂലമായ അനുവാദത്തൊടുകൂടി അല്ലാതെ ഒരു മുനിസിപ്പൽ സഭയിലെ വല്ല സഭക്കാരനെങ്കിലും ഉദ്യോഗസ്ഥനെങ്കിലും നെരിട്ടൊ പരോക്ഷമായിട്ടൊ ആദായപ്പെട്ടിരിക്കുന്നു എങ്കിൽ അയാൾ തിരുവിതാംകൊട്ടു ശിക്ഷാനിയമത്തിന്റെ ൧൬൮-ാം വകുപ്പുപ്രകാരം ഉള്ള ഒരു കുറ്റം ചെയ്തതായി വിചാരിക്കപ്പെടുകയും ചെയ്യും.

മുനിസിപ്പാൽസഭയുമായി ചെയ്യുന്ന കരാറിൽ ആദായപ്പെട്ടിരിക്കുന്ന മുനിസിപ്പാൽ സഭക്കാരന്നൊ ഉദ്യോഗസ്ഥന്നൊ ശിക്ഷ.

എന്നാൽ വല്ല സംഘത്തിലെയും ഒരു പങ്കുടമസ്ഥനൊ കൂട്ടുകാരനൊ ആയിരിക്കുന്ന ഹെതുവാൽ യാതൊരു ആളും താൻ ആ സംഘത്തിലെ ഡൈരക്ടർ അല്ലാത്തപക്ഷം ആ സംഘവും മുനിസിപ്പൽ സഭയും തമ്മിൽ ചെയ്യുന്ന വല്ല കരാറിലും ആദായപ്പെട്ടിരിക്കുന്നതായി വിചാരിക്കപ്പെടുന്നതും അല്ല.

൨൭൨. (൧) ഈ റെഗുലെഷൻപ്രകാരം എങ്കിലും ഈ റെഗുലെഷൻ നടത്തിയതിലൊ നടത്തുവാൻ നിശ്ചയിച്ചതിലൊ എങ്കിലും ചെയ്തതൊ ചെയ്തതായി ഉദ്ദെശിക്കുന്നതൊ ആയ വല്ല പ്രവൃത്തി ഹെതുവായിട്ടാകട്ടെ അല്ലെങ്കിൽ ഈ റെഗുലെഷൻ നടത്തിയതിൽ ഉണ്ടായതായി പറയുന്ന വല്ല ഉപെക്ഷയൊ വീഴ്ചയൊ വിഷയമായിട്ടാകട്ടെ മുനിസിപ്പൽ സഭയുടെ മെലൊ വല്ല മുനിസിപ്പൽ സഭക്കാരന്റെ എങ്കിലും മുനിസിപ്പൽ ഉദ്യോഗസ്ഥന്റെ എങ്കിലും മെലൊ മുനിസിപ്പൽ സഭയുടെ എങ്കിലും ഒരു മുനിസിപ്പൽ സഭക്കാരന്റെയൊ മുനിസിപ്പൽ ഉദ്യോഗസ്ഥന്റെയൊ എങ്കിലും ആജ്ഞകൾപ്രകാരം പ്രവൎത്തിക്കുന്ന വല്ല ആളുടെയും മെലൊ യാതൊരു വ്യവഹാരവും ആ വ്യവഹാരകാരണവും അവശ്യപ്പെടുന്ന നിവൃത്തിയുടെ സ്വഭാവവും ചൊദിക്കുന്ന പ്രതിഫലസംഖ്യയും ആ വ്യവഹാരത്തിന്ന പുറപ്പെടുന്ന അന്യായക്കാരന്റെ പെരും വാസസ്ഥലവും സ്പഷ്ടമായി പറയുന്ന എഴുത്തുമൂലമായ അറിയിപ്പു മുൻകൂട്ടി മുനിസിപ്പൽ സഭയുടെ ആഫീസിലൊ മെല്പടി മുനിസിപ്പൽ സഭക്കാരന്റെയൊ ഉദ്യോഗസ്ഥന്റെയൊ വാസസ്ഥലത്തൊ മെല്പടി ആളുടെ വാസസ്ഥലത്തൊ എല്പിച്ചുകൊടുക്കുകയെങ്കിലും ഇട്ടുപൊരുകയെങ്കിലും ചെയ്യാതെയും അതിൽ പിന്നെ ഒരു മാസം കഴിയാതെയും ബൊധിപ്പിച്ചുകൂടുന്നതും അല്ല. ആ അറിയിപ്പു അപ്രകാരം എല്പിച്ചുകൊടുക്കുകയൊ ഇട്ടുപൊരികയൊ ചെയ്തിരിക്കുന്നു എന്നു തെളിയാത്തപക്ഷം കൊടതി പ്രതിക്കാരന്നു അനുകൂലമായി വിധിക്കണം.

ഒരു മാസത്തെ അറിയിപ്പുകൂടാതെ മുനിസിപ്പൽസഭയുടെയും മറ്റും മെൽ യാതൊരു വ്യവഹാരവും കൊണ്ടുവരുന്നതല്ല.

(൨) (൧)-ാം ഉപവകുപ്പിൽ നിയമിച്ചപ്രകാരം കൊടുത്ത അറിയിപ്പു കിട്ടിയ മുനിസിപ്പൽ സഭയൊ മുനിസിപ്പൽ സഭക്കാരനൊ മുനിസിപ്പൽ ഉദ്യോഗസ്ഥനൊ മറ്റു ആളൊ വ്യവഹാരം ആരംഭിക്കുന്നതിന്നു മുമ്പെ അന്യായക്കാരന്നു മതിയായ പ്രതിഫലം വെച്ചുകാട്ടിയിരിക്കുന്നു എങ്കിൽ അങ്ങിനെ കാണിച്ച സംഖ്യയിൽ അധികം ആ അന്യായക്കാരന്നു കിട്ടുവാൻ പാടില്ലാത്തതും അതിന്നു പുറമെ അങ്ങിനെ കിട്ടിയതിന്റെ ശെഷം പ്രതിക്കു സംഭവിച്ച എല്ലാ നഷ്ടങ്ങളും ആ അന്യായക്കാരൻ കൊടുക്കെണ്ടതും ആകുന്നു.

പ്രതിഫലംവെച്ചുകാട്ടിയിരുന്നാൽ വിധിയിൽ കയിയരുതെന്നു.

(൩) (൧)-ാം ഉപവകുപ്പിൽ വിവരിക്കപ്പെട്ടപ്രകാരം ഉള്ള യാതൊരു വ്യവഹാരവും അതു ഇളകാത്ത മുതൽ കൈവശം കിട്ടുവാനൊ അതിന്നുള്ള അവകാശം സ്ഥാപിച്ചുകിട്ടുവാനൊ ഉള്ള ഒരു വ്യവഹാരം അല്ലാത്തപക്ഷം വ്യവഹാരകാരണം ഉത്ഭവിച്ച ശെഷം ഉടനെ വരുന്ന ആറു മാസത്തിന്നുള്ളിൽ അല്ലാതെ പിന്നെ ആരംഭിച്ചുകൂടുന്നതും അല്ല.

വ്യവഹാരങ്ങൾ ആറു മാസത്തിന്നുള്ളിൽ ആരംഭിക്കണം.

(൪) ഈ റെഗുലെഷൻപ്രകാരം എങ്കിലും ഈ റെഗുലെഷൻ നടത്തിയതിലൊ നടത്തുവാൻ നിശ്ചയിച്ചതിലൊ എങ്കിലും ചെയ്തതായ വല്ല പ്രവൃത്തി ഹെതുവായിട്ടാകട്ടെ ഈ റെഗുലെഷൻ നടത്തിയതിൽ അഗ്രാസനന്റെ ഭാഗത്തു ഉണ്ടായതായി പറയുന്ന വല്ല വീഴ്ചവിഷയമായിട്ടാകട്ടെ യാതൊരു വ്യവഹാരവും ആ പ്രവൃത്തി ചെയ്തതൊ ആ വീഴ്ച ഉണ്ടായതൊ ഉത്തമവിശ്വാസ്യമായിട്ടായിരുന്നു എങ്കിൽ അഗ്രാസനന്റെ മെൽ കൊണ്ടുവന്നുകൂടുന്നതും അല്ല. എന്നാൽ അഗ്രാസനൻ താൻതന്നെ ചെയ്ത വല്ല കാൎയ്യവും ഹെതുവായി വ്യവഹാരം ൧൪൩-ാം വകുപ്പുപ്രകാരം മുനിസിപ്പൽ സഭയൊ നമ്മുടെ ഗവൎമ്മെണ്ടൊ കൊണ്ടുവരുന്നതൊഴികെ അല്ലാതെ മറ്റ സംഗതികളിൽ ആ വക എല്ലാ വ്യവഹാരങ്ങളും ഒരു കൊട്ടിൽ നടത്താവുന്നിടത്തൊളം മുനിസിപ്പൽ സഭയുടെ മെൽ കൊണ്ടുവരെണ്ടതും ആകുന്നു.

വ്യവഹാരം അഗ്രാസനന്റെ മെൽ കൊണ്ടുവരുന്നതല്ല.

൧൪൬. (1) ഈ റെഗുലെഷനിലെ നിയമങ്ങൾ സാരത്തിലും ഫലത്തിലും അനുസരിച്ചു നടന്നിരിക്കുന്ന പക്ഷം ഈ റെഗുലെഷന്റെ അധികാരപ്രകാരം വല്ല സംഖ്യയും കെട്ടിയതൊ ചൊദിച്ചതൊ ചുമത്തിയതൊ (a) വല്ല ആളുടെയും പെരൊ പാൎപ്പിടമൊ പണിസ്ഥലമൊ തൊഴിലൊ ആകട്ടെ (b) വല്ല മുതലിന്റെയൊ വസ്തുവിന്റെയൊ വിവരമാകട്ടെ (c) കെട്ടിയതൊ ചൊദിച്ചതൊ ചുമത്തിയതൊ ആയ സംഖ്യയാകട്ടെ എഴുതി തയ്യാറാക്കിയതിൽ വന്ന വല്ല അബദ്ധവും ഹെതുവാലെങ്കിലും വല്ല പ്രകാരത്തിലും തൊറ്റിപ്പൊയ ഹെതുവാലെങ്കിലും ആക്ഷെപിക്കപ്പെടുവാനൊ ദുഷ്യമാക്കപ്പെടുവാനൊ പാടുള്ളതല്ല. ഈ റെഗുലെഷൻപ്രകാരം നടത്തുന്ന യാതൊരു പ്രവൃത്തിയും സമ്പ്രദായ ദൂഷ്യത്താൽ യാതൊരു നീതിന്യായ കൊട്ടിലും ദുൎബ്ബലമാക്കുകയൊ മാറ്റുകയൊ ചെയ്തുകൂടുന്നതും അല്ല.

നികുതി കെട്ടിയതും മറ്റും ആക്ഷെപിച്ചുകൂടുന്നതല്ല

(2) ഈ റെഗുലെഷനിലെ നിയമങ്ങൾ സാരത്തിലും ഫലത്തിലും അനുസരിച്ചു പ്രവൃത്തിച്ചിരിക്കുന്നപക്ഷം ഈ റെഗുലെഷന്റെ അധികാരപ്രകാരം പിരിച്ച വല്ല പണവും മടക്കിക്കിട്ടുവാനാകട്ടെ ടി അധികാരപ്രകാരം വല്ല സംഖ്യയും കെട്ടുകയൊ പണം പിരിക്കുകയൊ ചെയ്ത ഹെതുവാൽ നഷ്ടം വല്ലതും കിട്ടുവാനാകട്ടെ യാതൊരു വ്യവഹാരവും യാതൊരു കൊട്ടിലും കൊണ്ടുവന്നുകൂടുന്നതും അല്ലാ.

പിരിച്ചപണം വസൂലാക്കുവാൻ വ്യവഹാരം കൊണ്ടുവന്നുകൂടുന്നതല്ലാ

(3) ബില്ലിലൊ അറിയിപ്പിലൊ പട്ടികയിലൊ മാതിരിയിലൊ സമൻസിലൊ അടങ്ങുവാനാവശ്യപ്പെടുന്ന അറിയിപ്പിലൊ കണ്ടുകെട്ട ഉത്തരവിലൊ മുതൽ വിവരം പട്ടികയിലൊ അതു സംബന്ധമായ മറ്റു പ്രവൃത്തിയിലൊ വല്ല അബദ്ധമൊ കുറവൊ സമ്പ്രദായക്കെടൊ നിമിത്തം ഈ റെഗുലെഷൻപ്രകാരം ചെയ്ത യാതൊരു കണ്ടുകെട്ടലാകട്ടെ വിക്രയമാകട്ടെ ന്യായ രഹിതമായി വിചാരിക്കപ്പെടുകയൊ ആയതു നടത്തുന്ന വല്ലയാളും ഒരു കയ്യെറ്റക്കാരനായി വിചാരിക്കപ്പെടുകയൊ ചെയ്യുന്നതല്ലാ. ആ ആൾ അനന്തരം കാണിക്കുന്ന വല്ല ക്രമക്കെടു നിമിത്തം ആയാളെ ആദ്യം മുതൽക്കെ ഒരു കയ്യെറ്റക്കാരനായി വിചാരിക്കുന്നതും അല്ല

സമ്പ്രദായക്കെടിനാൽ കണ്ടുകെട്ടൽ ന്യായ രഹിതമല്ലാ.

എന്നാൽ ആ ക്രമക്കെടിനാൽ സങ്കടമുള്ള എല്ലാ ആളും തനിക്കു സംഭവിച്ചിരിക്കുന്ന വല്ല പ്രത്യെക നഷ്ടത്തിന്നും വ്യവഹാരപ്പെട്ട പ്രതിഫലം വസൂലാക്കുകയും ആവാം.

പ്രത്യെകനഷ്ടത്തിന്നു വ്യവഹാരപ്പെടാം

൧൪൭ പൊതുവയുള്ളതാകട്ടെ ആരുടെയെങ്കിലും സ്വന്തമായുള്ളതാകട്ടെ ഇളകുന്നതൊ ഇളകാത്തതൊ ആയ വല്ല മുതലിന്റെയും വിഷയത്തിൽ വല്ലതും പ്രവൎത്തിക്കുന്നതിന്നു ഈ റെഗുലെഷൻപ്രകാരം അഗ്രാസനന്റെയൊ മുനിസിപ്പൽ സഭയുടെയൊ അനുവാദപത്രമെങ്കിലും എഴുത്തുമൂലമായ സമ്മതമെങ്കിലും ആവശ്യമായിരിക്കുകയും (a) ആ അനുവാദപത്രമെങ്കിലും സമ്മതമെങ്കിലും കൂടാതെയൊ (b) ആ അനുവാദപത്രത്തിലെയെങ്കിലും സമ്മതപത്രത്തിലെയെങ്കിലും നിശ്ചയങ്ങൾക്കു യൊജിപ്പുകെടായുള്ള ഒരു വിധത്തിലൊ ആ പ്രവൃത്തി ചെയ്കയും ചെയ്യുന്നു എങ്കിൽ,

അനുവാദപത്രം മെടിക്കാതിരിക്കയൊ ലംഘിക്കുകയൊ ചെയ്താൽ ശിക്ഷ

(i) അറിയിപ്പിൽ കാണിക്കുന്ന ഒരു അവധിക്കുള്ളിൽ ആ മുതൽ മുഴുവനുമെങ്കിലും ഏതാനുമെങ്കിലും ഭെദപ്പെടുത്തുവാനൊ നീക്കം ചെയ്യുവാനൊ ആകട്ടെ പാടുള്ളിടത്തൊളം യഥാസ്ഥിതിയിൽ ആക്കുവാനാകട്ടെ മുനിസിപ്പൽസഭ അപ്രകാരം ആ പ്രവൃത്തി ചെയ്യുന്നവനൊടു അറിയിപ്പുമൂലം ആവശ്യപ്പെടാം അതിന്നു പുറമെ,

(ii) അപ്രകാരം ആ പ്രവൃത്തി ചെയ്യുന്നതിന്നു ഒരു റെഗുലേഷനിൽ പ്രത്യേകമായ യാതൊരു ശിക്ഷയും നിയമിച്ചിട്ടില്ലെങ്കിൽ അപ്രകാരം ആ പ്രവൃത്തി ചെയ്യുന്ന ആൾ ഒരു മാജിസ്ട്രേട്ടു മുമ്പാകെ കുറ്റം സ്ഥാപനമായാൽ ആ ഓരോ കുറ്റത്തിന്നു അമ്പതു രൂപായിൽ കവിയാത്ത ഒരു പിഴക്ക പാത്രമായി വരികയും ചെയ്യും

അറിയിപ്പു പ്രകാരം നടക്കാതിരുന്നാൽ.

൧൪൯. (൧) അറിയിപ്പിൽ കാണിച്ച ഒരു അവധിക്കുള്ളിൽ പൊതുവായുള്ളതാകട്ടെ ആരുടെയെങ്കിലും സ്വന്തമായുള്ളതാകട്ടെ ഇരുന്നതോ ഇരുകാത്തതോ ആയ വല്ല മുതലും സംബന്ധമായി വല്ല പണിയും നടത്തുവാനാകട്ടെ വല്ലതും ഉണ്ടാക്കിക്കൊടുക്കാനോ ചെയ്യാനോ ചെയ്യാതിരിക്കാനോ ആകട്ടെ ഒരുത്തനോടു ആവശ്യപ്പെടുന്നതായ ഒരു അറിയിപ്പു ഒരു റെഗുലേഷനിലെ പ്രവൃത്തികൾ പ്രകാരം അവന്നു കൊടുത്തിരിക്കുകയും ആ അറിയിപ്പിന്നനുസരിച്ചു നടപ്പാൻ അവൻ വീഴ്ച വരുത്തുകയും ചെയ്യുന്നു എങ്കിൽ [illegible] ഒരു വകുപ്പുകളിലെ നിയമങ്ങൾക്കനുസരിച്ചു,

(i) മുനിസിപ്പൽസഭ ആ പണിചെയ്യിക്കുകയാകട്ടെ ആ വല്ലതും ഉണ്ടാക്കിക്കയോ ചെയ്യിക്കുകയോ ആകട്ടെ ചെയ്യാകുന്നതും അതുനിമിത്തം [illegible] ച്ച ന്യായമായ എല്ലാ ചിലവുകളും അയാളോടു വസൂലാക്കുകയും ആകുന്നു. അതിന്നു പുറമെ

